# ഹിറ്റ്ലറും നെപ്പോളിയനും

K R BROS

ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ

25

K VASU

# ഭാഷയും ഗവേഷണവും

NATIONAL BOOK STALL KOTTAYAM

# ഭാഷയും ഗവേഷണവും

ഗ്രന്ഥകർത്താ:

ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ.

പ്രകാശകന്മാർ:

കെ. ആർ. ബ്രദേർസ്,

കോഴിക്കോട്.

ഒന്നാപതിപ്പ്.                                    കോപ്പി 1000.

* 10—2—58. *

വില 1ക. 50നയാപൈസ.

അച്ചടി:

കെ. ആർ. ബ്രദേർസ് അച്ചുക്കൂടം,

കോഴിക്കോട്.

# BASHAYUM GAVESHANAVUM

BY

ULLATTIL GOVINDANKUTTY NAIR

Publishers

K. R. BROTHERS.

KOZHIKODE.

FIRST IMPRESSION
Thousand Copies.
10—2—58.

Price Re 1 50nP.

Printed at:-
K. R BROTHERS PRINTING WORKS,
Kozhikode.

# ഉള്ളടക്കം


1. ഭാഷയും ഗവേഷണവും
2. പലതരം മലയാളങ്ങൾ
3. ആദിദ്രവിഡരുടെ സംഖ്യാപരിചയം
4. പദങ്ങളുടെ പിന്നാലെ
5. ആദിമരേഖകൾ
6. പഞ്ചതന്ത്രം
7. ഇല്ലത്തുനിന്നു വിട്ടു; അമ്മാത്തെത്തിയതുമില്ല
8. ലിപികാര്യം
9. നാണയവ്യവസ്ഥയുടെ പ്രാചീനത
10. പദനിഷ്പത്തി
11. ഈജിപ്തും കേരളവും
12. താലവ്യകവർഗ്ഗം

# ഭാഷയും ഗവേഷണവും.

സാംസ്കാരികമേഖലയിൽ ഗവേഷണത്തിന്നും ഗണ്യമായ ഒരു സ്ഥാനമുണ്ട്. ഗവേഷണം സാഹിത്യത്തിൻെറ പരിധിയിലാണുൾപ്പെടുന്നതെങ്കിലും അതിന്നു ശാസ്ത്രത്തോടും ചരിത്രത്തോടുമാണ് അധികം ബന്ധം. ശാസ്ത്രസംബന്ധിയായ ഗവേഷണത്തെക്കുറിച്ചുള്ള പരാമർശത്തിന്ന് ഈ പ്രസംഗത്തിൽ പ്രസക്തിയില്ല. അതിൻെറ ചരിത്രപരമായ ബന്ധമാണ് ഇവിടത്തെ പ്രമേയം. ചരിത്രത്തിൽതന്നെ ദേശചരിത്രം, ഭാഷാചരിത്രം, സാഹിത്യചരിത്രം തുടങ്ങിയ ശാഖകളെല്ലാമുൾപ്പെടുന്നു. ഇവയിൽ പ്രാധാന്യം ഭാഷാചരിത്രത്തിന്നാണ്. ഒരു ജനതയുടെ സംസ്കാരപരിഷ്കാരങ്ങളുടെ സമഗ്രചരിത്രം അവരുടെ ഭാഷയിൽ ഏറെക്കുറെ ലീനമായിക്കിടക്കുന്നുണ്ട്. ഒരു വിദഗ്ദ്ധനായ ഭാഷാശാസ്ത്രജ്ഞന്ന് വെറും ഭാഷയുടെ സഹായത്തോടുകൂടി അത് സംസാരിക്കുന്ന ജനതയുടെ ഭൂതകാലചരിത്രത്തിലേയ്ക്ക് സുദൂരം തുരന്നു ചെല്ലാൻ കഴിയും.

ഗവേഷണം ആധുനികവിജ്ഞാനീയങ്ങളിൽ തുലോം നവീനമായ ഒന്നാണ്. പതിനേഴാം ശതകത്തിൻെറ ഉത്തരാർദ്ധം മുതല്ക്കാണ് നാം ഇന്നറിയുന്നതരത്തിലുള്ള ശാസ്ത്രീയ

ഗവേഷണസമ്പ്രദായം ആകൃതിയെടുത്തത്. ഒന്നുരണ്ടു നൂറ്റാണ്ടിന്നിടയിൽ പ്രസ്തുത വിജ്ഞാനീയത്തിന് അത്ഭുതാവഹമായ അഭിവൃദ്ധിയുണ്ടായി; പത്തൊമ്പതാം ശതകമാണ് ഗവേഷണചരിത്രത്തിലെ സുവർണ്ണകാലം. യൂറോപ്യൻ പണ്ഡിതന്മാരത്രെ ഗവേഷണപ്രസ്ഥാനത്തിന്ന് സുസ്ഥിരമായ ഒരടിത്തറ പണിതത്. ചുരുക്കം ചില അമേരിക്കൻ പണ്ഡിതന്മാരും ഈ പ്രസ്ഥാനത്തിലൂടെ പ്രയാണം ചെയ്യാതിരുന്നില്ല. അവരെ അനുകരിച്ച് ഭൂതകാലത്തിന്റെ ഇരുളടഞ്ഞു കിടക്കുന്ന പല കോണുകളിലും ഭദ്രദീപം കൊളുത്തിയ ഭാരതീയ മഹാന്മാരും ചുരുക്കമല്ല. രാജേന്ദ്രലാൽമിത്രൻ, ഭണ്ഡാർക്കർ, ഇന്ദ്രജി തുടങ്ങിയ ഭാരതീയഗവേഷകന്മാർ അഖിലലോകപ്രശസ്തി ആർജ്ജിച്ചവരാണ്.

ഇരുപതാംനൂററാണ്ട് ഗവേഷണത്തിന്റെ വളർച്ചയ്ക്കു പററിയ വളപ്പുറമുള്ളതായിട്ടല്ല അനുഭവപ്പെടുന്നത്. കഴിഞ്ഞ ഒന്നുരണ്ടു നൂററാണ്ടുകളിലെ അഭിവൃദ്ധി നോക്കുമ്പോൾ പ്രസ്തുത വിജ്ഞാനീയം ഇന്നു ഏററക്കുറെ വളർച്ചമുട്ടി മുരടിച്ചിട്ടുണ്ടോ എന്നുകൂടി തോന്നിപ്പോകും. ഈ മുരടിച്ചയ്ക്കു പല കാരണങ്ങളുമുണ്ട്. ഒന്നാമത് ജീവിതത്തെസ്സംബന്ധിച്ച വീക്ഷണത്തിൽ ഇന്നു സാർവ്വത്രികമായിത്തീർന്നിട്ടുള്ള വ്യത്യസ്തത; ഗവേഷകന്റെ ലക്ഷ്യം ഭൂതകാലമാണ്. അയാൾ വർത്തമാനകാലത്തിലെ വായുവും വെളിച്ചവും ആസ്വദിച്ചു ഭൂതകാലത്തിൽ ജീവിയ്ക്കുന്ന ഒരു സവിശേഷജീവിയാണ്. പരോക്ഷമായി അയാൾക്കു ഒരു പ്രത്യേകതകൂടിയുണ്ട്; അതായതു ലോകത്തിന്റെ ശ്രദ്ധയെ അതീതകാലത്തേയ്ക്കു ആകർഷിയ്ക്കുന്ന സ്വഭാവം. ആധുനികന്മാർ ഈ പിൻതി

രിപ്പൻ മനോഭാവത്തോടു അത്ര യോജിയ്ക്കുന്നവരല്ല. ഇന്ന ലെ എന്തുണ്ടായിരുന്നുവെന്നതിലല്ല, നാളെ എന്തുണ്ടാകണ മെന്നതിലാണ് സംസ്കാരപ്രേമികളുടെ ശ്രദ്ധ ഇന്നു കേന്ദ്രീക രിച്ചിരിയ്ക്കുന്നത്. അവർ ഭാവിയിലേയ്ക്കു നോക്കുകയും അ ന്യരെയും അങ്ങിനെ നോക്കാൻ പ്രേരിപ്പിയ്ക്കുകയും ചെയ്യുന്നു. ഈ നിലയിൽ ഗവേഷകന്ന് സംസ്കാരത്തിൻെറ മററു തുറ കളിൽ പ്രവത്തിയ്ക്കുന്നവരോളം പ്രോത്സാഹനമോ ജനസ മ്മതിയോ സിദ്ധിയ്ക്കുന്നില്ല. എന്നുമാത്രമല്ല, അവൻ പുരോ ഗമനവാദികളുടെ കല്ലേറുകൾ ഏല്ക്കേണ്ടതായും വരുന്നു. അങ്ങിനെ ഇരുപതാംനൂററാണ്ടിൽ ഗവേഷകൻ മിക്കവാ റും ഒരു സമുദായദ്രോഹിയായിത്തീന്നിരിയ്ക്കുകയാണ്.

പ്രതിദിനം പ്രവൃദ്ധമായിക്കൊണ്ടിരിയ്ക്കുന്ന ജീവിതസ മരത്തിൻെറ രൂക്ഷതയും ഗവേഷണപ്രസ്ഥാനത്തിൻെറ വി കാസത്തിന്നു വിഘാതമുണ്ടാക്കീട്ടുണ്ട്. പ്രായോഗികവിജ്ഞാ നീയങ്ങൾക്കാണ് ഇക്കാലത്തു പ്രശസ്തിയും പ്രാധാന്യവുമുള്ള ത്. ജീവിതത്തിലെ ദൈനന്ദിനാവശ്യങ്ങൾക്ക അകമ്പടി സേവിയ്ക്കാത്ത വിജ്ഞാനത്തിന്ന് ഇക്കാലത്തു വിലയില്ല. ഏ തു കാൎയ്യത്തിലും പ്രയോജനമൊന്നുമാത്രമാണ് പുതിയ നൂ ററാണ്ടിൻെറ മുദ്രാവാക്യം. നാം ഇന്നു ശാസ്ത്രത്തെ മാനിയ്ക്കു ന്നുണ്ടെങ്കിൽ, അത് ശാസ്ത്രം നമ്മുടെ ഭൗതികജീവിതത്തെ സു കരവും സുഖകരവുമാക്കുന്നതുകൊണ്ടാണ്. ഭൗതികജീവിത ത്തോടു വലിയ പൊരുത്തമില്ലാതായിപ്പോയതുകൊണ്ട് ത ത്വശാസ്ത്രത്തിന്നുപോലും ആധുനികകാലത്ത് വിലയിടിവു തട്ടിപ്പോയി. ഭാഷ, മതം, ചരിത്രം, തത്വശാസ്ത്രം മുതലായ പ്രാചീന വിജ്ഞാനങ്ങളുടെ പൗൎവ്വാപൎയ്യക്രമമോ, ജന്യജന

കബന്ധമോ അറിഞ്ഞതുകൊണ്ട് വൎത്തമാനജീവിതത്തെ രൂക്ഷരൂക്ഷമാക്കുന്ന വിവിധപ്രശ്നങ്ങളെ ധീരതയോടുകൂടി അഭിമുഖീകരിപ്പാൻ കഴിയുന്നതെങ്ങിനെ? ഈ നിലയിൽ ജീവിതത്തോട് സവിശേഷം ബന്ധപ്പെട്ട പ്രായോഗിക ശാസ്ത്രങ്ങളോടൊപ്പം ഗവേഷണപ്രസ്ഥാനം വളൎന്നുവരാത്തതിൽ അതിശയിപ്പാനില്ലല്ലോ.

മൂന്നാമത്തെ കാരണം കാലം കഴിയുംതോറും മനുഷ്യൻ ക്ലേശം സഹിയ്ക്കുന്നതിൽ അസമൎത്ഥനായിത്തീൎന്നുകൊണ്ടിരിയ്ക്കുന്നുവെന്നതാണ്. ഗവേഷകൻെറ ചിന്താചക്രവാളത്തിന്നു വിശാലത വളരെയധികമുണ്ടായേ കഴിയൂ. ആയാളുടെ ലക്ഷ്യം ഒരു പ്രത്യേക കാലഘട്ടമോ, സംഭവമോ മാത്രമല്ല. അതീതകാലം മുഴുവനും ആയാൾ കരതലാമലകംപോലെ കണ്ടിരിയ്ക്കണം. ഭിന്നവൎഗ്ഗക്കാരും ഭിന്നകാലക്കാരും ആയ ജനങ്ങളുടെ മാനസികവ്യാപാരങ്ങളാണ് ആയാളുടെ അന്വേഷണവിഷയം. ഓരോന്നിൻെറയും പരസ്പരബന്ധമറിയുവാൻ അന്യങ്ങളെക്കുറിച്ചു സമഗ്രമായ ജ്ഞാനം കൂടിയേകഴിയൂ. ഒരു ചെറിയ ഉദാഹരണം ചൂണ്ടിക്കാണിയ്ക്കാം: കേരളത്തെപ്പററി ഗവേഷണം നടത്തുന്നതിന്നു ഈ നാട്ടിൻെറ പൂൎവ്വചരിത്രം മാത്രമറിഞ്ഞതുകൊണ്ടായില്ല; ഈജിപ്ത്, ബാബിലോണിയ മുതലായ പുരാതനപരിഷ്കാര കേന്ദ്രങ്ങളെപ്പററിയുള്ള സൂക്ഷ്മജ്ഞാനംകൂടി ഉണ്ടാകേണ്ടിയിരിയ്ക്കുന്നു. കാരണം പുരാതന കേരളീയർ ആ രാജ്യക്കാരുമായി ബന്ധപ്പെട്ടുപോന്നിട്ടുണ്ടെന്നുള്ളതിലേയ്ക്കു അനിഷേദ്ധ്യമായ തെളിവുകളുണ്ട്. ആ ബന്ധം ഭാഷയിലും വിശ്വാസത്തിലും എത്രത്തോളം സ്വാധീനത ചെലുത്തീട്ടുണ്ടെന്നു സൂക്ഷ്മമായറിയണ

മെങ്കിൽ ഒരു താരതമ്യപഠനം കൂടിയേ കഴിയൂ. മൂവ്വായിരം കൊല്ലം മുമ്പുള്ള ഈജിപ്തിൻെറ ചരിത്രം വായിയ്ക്കുന്ന ഒരു കേരളീയന്നു ഈ രണ്ടു രാജ്യങ്ങൾക്കും തമ്മിലുള്ള സാംസ്കാരികബന്ധം വ്യക്തമായി മനസ്സിലാക്കാൻ സാധിയ്ക്കും. ആയാളൊരു നരവംശശാസ്ത്രജ്ഞൻകൂടിയാണെങ്കിൽ ആ സാംസ്കാരികബന്ധം ആയാളെ അത്ഭുതപ്പെടുത്തുകതന്നെ ചെയ്യും. പഴയ ലോകത്തിൻെറ ഭൂമിശാസ്ത്രമറിവാൻ ആയാൾ ആ ഘട്ടത്തിൽ ഉത്സുകനാകാതിരിയ്ക്കില്ല. ആയാളുടെ ശ്രദ്ധ ഉടനെ ക്രീററ്, മെസപ്പൊട്ടോമിയ മുതലായ പുരാതന പരിഷ്കാരകേന്ദ്രങ്ങളിലേയ്ക്കു തിരിയുന്നു. അവിടെനിന്നു അതു മോഹൻജോദാരോവിലേയ്ക്കും ഹരപ്പയിലേയ്ക്കും പ്രവേശിയ്ക്കുകയായി. ആതിച്ചനല്ലൂരിൽനിന്നു കണ്ടെടുത്ത പ്രാക്തനാവശിഷ്ടങ്ങളെ മുൻപറഞ്ഞ സ്ഥലങ്ങളിലെ പരിഷ്കാരത്തിൻെറ വെളിച്ചത്തിൽ പരിശോധിപ്പാൻ ആയാൾ വെമ്പിപ്പോയും. അതീതകാലത്തെ ജീവിതവികാസത്തിൻെറ വിവിധവശങ്ങളെക്കുറിച്ചും നിഷ്കൃഷ്ടമായ പരിജ്ഞാനമുണ്ടെങ്കിൽ മാത്രമേ ഏതാദൃശമായ വിചാരസംക്രമണത്തിൽ ഒരു ഗവേഷകന്നു വിജയിയാവാൻ കഴിയൂ. അത്രയും ക്ലേശസഹിഷ്ണുത ആർജ്ജിപ്പാൻ എത്രപേരുണ്ടാകും? സംസ്കാരഗവേഷണത്തിൽ മാക്സ്മുള്ളർ, ബ്യൂലർ, വെബ്ബർ തുടങ്ങിയ യൈരോപ്യപണ്ഡിതന്മാർ നേടിയ അഖിലലോക പ്രശസ്തിയുടെ അടിസ്ഥാനം അവരുടെ അസാമാന്യമായ ക്ലേശസഹിഷ്ണുതയത്രെ. പുലിത്തോലുടുത്ത കഴുതയെപ്പററി നാം പ്ലേറേറാവിൻെറ ഗ്രന്ഥത്തിലും വിഷ്ണുശർമ്മയുടെ ഹിതോപദേശകഥയിലും വായിയ്ക്കുന്നുണ്ട്. രണ്ടു സ്ത്രീകളുടെ അവകാശവാദം നി

മിത്തം ഒരു കുഞ്ഞിനെ രണ്ടായിപ്പിളരാൻ സോളമൻ ഉദ്യമിച്ച വസ്തുതയോടു സർവ്വഥാ സാദൃശ്യം വഹിയ്ക്കുന്ന ഒരു പ്രസ്താവം ജാതകകഥകളിലും കാണാം. ഇത്തരം ആശയവിനിമയങ്ങളുടെ ഉപപത്തിയും ധൈഷണികമായ ജന്യജനകബന്ധവും കണ്ടുപിടിയ്ക്കുന്നതിന്നു ഒരു ഗവേഷകൻ എത്രയധികം ക്ലേശമനുഭവിയ്ക്കണം?

ഗവേഷണപ്രസ്ഥാനം വളർച്ചയററു വെറുങ്ങലിച്ചതിന്നു മറെറാരു കാരണംകൂടിയുണ്ട്. അതു ഗവേഷണം ജനതയെ സങ്കുചിതമായ ദേശീയ മനോഭാവത്തിനാടിമപ്പെടുത്തുന്നുവെന്നതാണ്. ഇന്നു ദേശീയ മനോഭാവത്തിന്നു പരിഷ്കൃതാശയരുടെ ഇടയിൽ വലിയ സ്ഥാനമില്ല. സാർവ്വദേശീയത്വമാണ് അവരുടെ ഉന്നം. മനുഷ്യചരിത്രത്തിൽ അടുത്തകാലത്തുണ്ടായ ചില സംഭവങ്ങൾ വർഗ്ഗീയത്വംപോലെ ദേശീയത്വവും ആപൽക്കരമാണെന്നു തെളിയിച്ചിരിയ്ക്കുന്നു. ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിന്നു വിത്തുപാകുന്ന വിഷയത്തിൽ ജർമ്മനിയുടെ സങ്കുചിതമായ ദേശീയത്വത്തിന്നു വിസ്മരിപ്പാൻ വയ്യാത്ത പങ്കുണ്ട്. ലോകചരിത്രസംഗ്രഹം എഴുതിയ നെഹ്റുവേക്കാൾ കൂടുതൽ ദേശീയമനോഭാവമുണ്ട്, 'ദി ഡിസ്കവറി ഓഫ് ഇൻഡ്ധ്യ' എഴുതിയ നെഹ്റുവിന്നു. ഇന്ത്യയുടെ പ്രാക്തനചരിത്രത്തിൽ നടത്തിയ ഗവേഷണമാകണം അദ്ദേഹത്തിൻെറ മാനസികമണ്ഡലത്തിൽ ദേശീയത്വത്തിൻെറ വേരുകൾ പൂർവ്വാധികം കട്ടിയിൽ ഇഴുകിപ്പിടിപ്പിച്ചതെന്ന ഊഹം അസംഗതമല്ല.

## ഉപക്രമഘട്ടം

പതിനാറാംശതകത്തിന്റെ അന്ത്യപാദത്തോടുകൂടി യൂറോപ്യന്മാർ കച്ചവടത്തിന്നും മററുമായി പൌരസ്ത്യലോകത്തിന്റെ പല ഭാഗങ്ങളിലും എത്തിച്ചേർന്നു. ഇതിന്റെ ഫലമായി വ്യത്യസ്തജനതകളുമായി അടുത്തു ഇടപെടാൻ അവക്കു സാധിച്ചു. ഈ സമ്പക്കം ഭാഷാപഠനത്തിന്നിടയാക്കി. ഭാഷയാണല്ലോ സംസ്കാരത്തിന്റെ അടിസ്ഥാനം. ഭാഷാപഠനം സംസ്കാരപഠനത്തിന്നു പ്രോത്സാഹനം നൽകി. പിന്നീടുള്ള ശ്രമം ഓരോ ജനതയുടേയും ഭാഷ, സംസ്കാരം ഇവയെക്കുറിച്ചു താരതമ്യപഠനം നടത്താനായിരുന്നു. ഭാഷാപരമായ ചിന്തകൾ ഭാഷാശാസ്ത്രം ഭാഷാതാരതമ്യശാസ്ത്രം, എന്നിങ്ങനെ രണ്ടു നൂതനവിജ്ഞാനീയങ്ങൾക്കു അടിത്തറയിട്ടു. അനസ്യൂതമായ അന്വേഷണത്തിന്റെ ഫലമായി ഈ വിജ്ഞാനീയങ്ങളും അനുദിനം അഭിവൃദ്ധി പ്രാപിച്ചുതന്നെ വന്നു. ആദ്യകാലത്തു വ്യക്തികൾ വെറും കൌതുകം കൊണ്ടുമാത്രം നടത്തിപ്പോന്ന ഭാഷാഗവേഷണമാണ് പിൽക്കാലത്തു സംഘടിതവും ശാസ്ത്രീയവുമായ നിലയിൽ ആകൃതിപ്പെട്ടത്. ആരംഭഘട്ടത്തിൽ ഗ്രാസ് മേൻ, ബോപ്, ഡാക്ടർ ക്ലി മുതലായവർ തുടങ്ങിവെച്ച പ്രയത്നം പിന്നീടു മാക്സ്മുള്ളറെപ്പോലുള്ള ഭാഷാശാസ്ത്രമഹാരഥന്മാരെ സൃഷ്ടിച്ചു. ബോപ് (1791—1867) സംസ്കൃതം, സെൻഡ്, ഗ്രീക്ക്, ലാററിൻ, ഗോത്തിക് എന്നീ ഭാഷകളുടെ താരതമ്യ വ്യാകരണഗ്രന്ഥം ആദ്യം പ്രസിദ്ധപ്പെടുത്തിയപ്പോൾ, അക്കാലത്തെ പണ്ഡിതന്മാരിൽ പലരും ആ ഭാഷകളുടെ അന്യോന്യബന്ധം കണ്ടു

അമ്പരക്കുകയുണ്ടായി. കുട്ടിക്കാലത്തു താൻ ലീപ്സിഗിൽ പഠി ച്ചിരുന്നപ്പോൾ, അവിടുത്തെ അദ്ധ്യാപകന്മാരിലൊരാളായ ഡാക്ടർ ക്ലീ, ഗ്രീക്, ലാററിൻ, റഷ്യൻ, ജമ്മൻ എന്നീ ഭാഷ കളോടു ആത്യന്തികസാദൃശ്യമുള്ള ഒരു ഭാഷ, ഇന്ത്യയിലുണ്ടെ ന്നു പറഞ്ഞ അവസരത്തിൽ അതു വെറും തമാശയായിരി യ്ക്കുമെന്നു കരുതി താനും കൂട്ടുകാരും കൂടി പൊട്ടിച്ചിരിച്ചതാ യി മാക്സ്മുള്ളർ തന്റെ ബാല്യസ്മരണകളിൽ ഒരിടത്തു രേഖ പ്പെടുത്തീട്ടുണ്ട്. പിൽക്കാലത്തു ബർണൂവ് (1801—1852) ആഡൽബർട്ട്കൻ (1812—1881) തുടങ്ങിയ ഭാഷാശാസ്ത്ര പടുക്കളുടെ ഗവേഷണബുദ്ധിയെ ഉത്തേജിപ്പിച്ചതുകൊണ്ട്, ആദ്യകാലത്തെ ഗവേഷകന്മാർ ഇൻഡോ യൂറോപ്യൻ സം സ്കാരത്തെ വീണ്ടും തുടച്ചുമിനുക്കി പ്രകാശിപ്പിയ്ക്കുന്ന വിഷ യത്തിൽ ചെയ്ത സാഹായ്യം കുറച്ചൊന്നുമല്ല.

ഗവേഷണംകൊണ്ടു ഇൻഡോ യൂറോപ്യൻ ഭാഷാഗോ ത്രത്തിന്നുണ്ടായേടത്തോളം അഭിവൃദ്ധി അന്യഗോത്രങ്ങൾക്കു ണ്ടായിട്ടില്ലെന്ന യാഥാർത്ഥ്യം ഇവിടെ ചൂണ്ടിക്കാണിക്കേണ്ട തായിട്ടുണ്ട്. സെമിററിക്, മംഗോളിയൻ, തുറേനിയൻ എ ന്നീ ഗോത്രങ്ങളെസ്സംബന്ധിച്ചു നേടിയ വിജ്ഞാനം അത്ര വിപുലമല്ല. ഇതിന്റെ കാരണം, ഗവേഷകന്മാരിൽ ഭൂരി ഭാഗവും ഇൻഡോ യൂറോപ്യൻവർഗ്ഗക്കാരായതും അവരുടെ ശ്രദ്ധ കാര്യമായി പ്രസ്തുത ഭാഷാഗോത്രത്തിന്നഭിമുഖമായി പ്രവഹിച്ചതുമാണ്. സെമിററിക് ഭാഷകളിൽ പലതും അ പരിഷ്കൃതങ്ങളാണ്. അതിനാൽ താരതമ്യപഠനത്തിന്നു ഹിബ്രു, അറബിക് തുടങ്ങിയ പരിഷ്കൃതഭാഷകളിൽ ചില വ മാത്രമേ കാര്യമായി വിഷയീഭവിച്ചിട്ടുള്ളു. മംഗോളിയൻ

ഗോത്രത്തിൽപ്പെട്ട ഭാഷകൾ അന്യങ്ങളെ അപേക്ഷിച്ച അധികം ദുൎഗ്ഗമങ്ങളാണ്. അതിനാൽ ചൈനീസ് ഭാഷയിൽ പതിഞ്ഞേടത്തോളം വെളിച്ചം ആ ഗോത്രത്തിലെ ഇതരഭാഷകളിൽ പതിയുവാനിടയായില്ല. തുറേനിയൻ ഗോത്രത്തിൽപ്പെട്ട ഭാഷകൾ പലേടങ്ങളിലുമായി ചിന്നിച്ചിതറിയാണ് കിടക്കുന്നത്. അവ പല സാങ്കൎയ്യത്തിന്നും പാത്രീഭവിച്ചിട്ടുമുണ്ട്. ഇപ്പറഞ്ഞ ഗോത്രങ്ങളിൽ ഇനിയും ഗവേഷണത്തിന്നുള്ള കവാടങ്ങൾ തുറന്നു തന്നെ കിടക്കുന്നു.

അന്യവൎഗ്ഗക്കാരുമായുള്ള സമ്പൎക്കം അവരുടെ ഭാഷയേയും സംസ്കാരത്തേയും കുറിച്ചു പഠിപ്പാൻ മാത്രമല്ല യൂറോപ്യന്മാരെ പ്രേരിപ്പിച്ചുള്ളു. ഓരോ വൎഗ്ഗത്തിൻെറയും ആകൃതിയിൽക്കാണുന്ന വ്യത്യസ്തതകളും വിചാര വിഷയമാകാതിരുന്നില്ല. ഇതിൻെറ ഫലമായി ഭാഷയിലെന്നപോലെ ജനങ്ങളുടെ ആകൃതിയിലും ഗോത്രഭേദത്തെ വെളിപ്പെടുത്തുന്ന ചില സവിശേഷധൎമ്മങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞു. അത്തരം ഉപജ്ഞാനങ്ങളെ മുൻനിൎത്തിയാണ് നരവൎഗ്ഗശാസ്ത്രം (Anthropology) നരശാഖാശാസ്ത്രം (Ethnology) കപാലലക്ഷണശാസ്ത്രം (Frenology) തുടങ്ങിയ നൂതനവിജ്ഞാനീയങ്ങൾ രൂപവൽക്കരിക്കപ്പെട്ടത്. വെയ്റ്റ്സ് (ജൎമ്മൻ) ഈ. ബി. ടെയിലർ, ജോൺ ലബ്ബോക് (ഇംഗ്ലീഷുകാർ) എന്നീ ഗവേഷകന്മാർ, നരവിജ്ഞാനീയപരമായി വെളിപ്പെടുത്തിയ സിദ്ധാന്തങ്ങൾ മനുഷ്യവൎഗ്ഗത്തിൻെറ ഇരുളടഞ്ഞു കിടന്ന ഭൂതകാലചരിത്രത്തിൽ വളരെയധികം വെളിച്ചം വീശുകയുണ്ടായി; എന്നു മാത്രമല്ല അവ ഭാഷാശാസ്ത്രകാരന്മാരുടെ സഞ്ചാരപഥത്തെ പൂൎവ്വാധികം സുഗമമാക്കുകയും ചെയ്തു.

വ്യത്യസ്തകാലങ്ങളിൽ ഉദിച്ചുയൎന്ന് അസ്തമിച്ച പരിഷ്കാരങ്ങളുടെ പൌൎവ്വാപൎയ്യം ഗ്രഹിയ്ക്കുന്നതിന്നും നരവിജ്ഞാനീയം ഒട്ടേറെ സഹായിച്ചു. അതോടുകൂടി ഗവേഷണത്തിന്റെ പരിധി കൂടുതൽ വിശാലമാവുകയും ശാസ്ത്രീയതയ്ക്കു ദാൎഢ്യം വൎദ്ധിയ്ക്കുകയും ചെയ്തു.

## ഗവേഷണാമണ്ഡലം

ഗവേഷണത്തിന്റെ ചിന്താമണ്ഡലത്തെ ചരിത്രപരം, സംസ്കാരപരം എന്നിങ്ങനെ രണ്ടായി വിഭജിയ്ക്കാം. ചരിത്രപരമായ ഗവേഷണം ഉൽഖനനം (Excavation) നാണയവിജ്ഞാനീയം (Numismatics) ശിലാലേഖം (Epigraphy) എന്നീ ശാഖകളെ ഉപജീവിച്ചാണ് പുരോഗമിയ്ക്കുന്നത്. സാംസ്കാരികഗവേഷണം ഏറിയകൂറും ഭാഷയെയും സാഹിത്യത്തെയും ആശ്രയിച്ചിരിയ്ക്കുന്നു. ഗവേഷണത്തിന്നിറങ്ങുന്നവൎക്ക് ഇപ്പറഞ്ഞ ശാഖകളെല്ലാം തന്നെ പ്രത്യേകം പഠനാൎഹങ്ങളാണ്. കാരണം, ഇവയോരോന്നും പരസ്പരം ബന്ധപ്പെട്ട വിഷയങ്ങളത്രെ. ലിപിവിജ്ഞാനീയമടക്കമുള്ള ഭാഷാശാസ്ത്രത്തിന്റെ സഹായത്തോടുകൂടിയല്ലാതെ ഇപ്പറഞ്ഞ തുറകളിലൊന്നിലൂടെയും സുഗമമായി സഞ്ചരിയ്ക്കുക സാദ്ധ്യമല്ല ലിപിവിജ്ഞാനീയം അഭിവൃദ്ധിപ്പെട്ടതോടുകൂടി ചരിത്രഗവേഷണത്തിന്നുണ്ടായിട്ടുള്ള വികാസം വിസ്മയാവഹമത്രെ മെസപ്പൊട്ടാമിയയുടെയും ഈജിപ്തിന്റെയും പ്രാക്തനചരിത്രത്തെക്കുറിച്ചു നമുക്കിന്നുള്ള ജ്ഞാനം മിക്കവാറും ലിപിവിജ്ഞാനീയത്തോട് കടപ്പെട്ടതാണ്. ഹിരോഗ്ലിഫിക്ക് ലിപികൾ വായിപ്പാൻ പഠിച്ചതോടുകൂടി അയ്യായിരം

കൊല്ലം മുമ്പുണ്ടായിരുന്ന ഈജിപ്റ്റുകാരുടെ ഗാർഹികജീവിതവും പൊതുജീവിതവും ഏതുതരത്തിലുള്ളതാണെന്നു നമുക്കറിവാൻ സാധിച്ചു. അമേരിയ്ക്കയിലെ 'മയപരിഷ്കാര'ത്തെപ്പററി ആധുനികലോകത്തിനു ഇനിയും വേണ്ടത്ര അറിവു സിദ്ധിച്ചിട്ടില്ലെങ്കിൽ, അതിന്റെ കാരണം പുരാതനമിശ്രദേശക്കാരുടെ പെപ്പിറസ് ചുരുളുകളെപ്പോലെ മയപരിഷ്കാരത്തിന്റെ അവകാശികൾ തോലിലെഴുതിവെച്ചിട്ടുള്ള എഴുത്തുകൾ വ്യക്തമായി വായിപ്പാൻ സാധിയ്ക്കാത്തതാണ്.

## ഉൽഖനനം

ബാബിലോണിയൻ പരിഷ്കാരത്തെയും സൈന്ധവപരിഷ്കാരത്തെയും കുറിച്ച് നമുക്കു കിട്ടീട്ടുള്ള അറിവത്രയും ഉൽഖനനത്തിൽ നിന്നാണ്. ഭിന്നദേശങ്ങളിൽ തഴച്ചുവളർന്ന ഈ രണ്ടു പരിഷ്കാരങ്ങൾക്കും തമ്മിൽ ആത്യന്തികമായ സാദൃശ്യം സംഭവിച്ചതെങ്ങനെ? നരവംശശാസ്ത്ര പ്രകാരം നോക്കുമ്പോൾ ഈ പരിഷ്കാരങ്ങളുടെ അവകാശികൾ ഭിന്നവർഗ്ഗീയരാണ്. ക്രൈസ്തവവൈദികകഥകളിൽ പ്രസ്താവിച്ചു കാണുന്ന മഹാപ്രളയത്തിന്റെ ഫലമായിട്ടാണ് പണ്ടത്തെ പരിഷ്കാരകേന്ദ്രമായ ബാബിലോണിയ മണ്ണിനടിയിൽ പെട്ടുപോയതെന്നു വിശ്വസിച്ചു വരുന്നു. ഇതേ പ്രളയം തന്നെയാണോ സിന്ധുനദീതീരത്തും ഹരപ്പയിലുമുണ്ടായിരുന്ന പുരാതനനഗരങ്ങളെയും പൂഴിക്കടിയിൽ പൂഴ്ത്തിക്കളഞ്ഞത് എന്നറിഞ്ഞുകൂടാ. ഭാരതീയേതിഹാസങ്ങളിലും പ്രളയത്തെക്കുറിച്ചുള്ള പ്രസ്താവങ്ങൾ നാം വായിക്കുന്നുണ്ട്: ലോകത്തിലെ ഏറെക്കുറെ എല്ലാവർഗ്ഗക്കാരുടെ ഇടയിലുമുണ്ട് പ്രളയസംബന്ധിയായ ഐതിഹ്യങ്ങൾ. ഇവയിൽ ചിലതു നര

വംശങ്ങൾ അങ്ങിങ്ങു ചിന്നിച്ചിതറുന്നതിന്നുമുമ്പ്, ഒരേ മൂലകുടുംബത്തിൽ പാർത്തിരുന്ന കാലത്ത്, സംഭവിച്ച ഭയങ്കരമായ ഒരു വെള്ളപ്പൊക്കത്തിന്റെ സുരക്ഷിതമായ സ്മരണകളായിക്കൂടായ്കയില്ല. ചരിത്രാതീതകാലത്തും പിന്നീടും ഭൂമിയുടെ ഉപരിതലത്തിന്നു ഗണ്യമായ രൂപഭേദമുളവാക്കിത്തീർത്ത പല പ്രളയങ്ങളുമുണ്ടായതായി ഭൂഗർഭശാസ്ത്രം സമർത്ഥിയ്ക്കുന്നുണ്ട്. ഇന്ത്യയുടെ ദക്ഷിണഭാഗം മുതൽ ആഫ്രിക്കവരെ നീണ്ടുകിടന്നിരുന്ന ലിമൂരിയാഭൂഖണ്ഡം കടലിലാണ്ടുപോയതും സഹാറാമരുഭൂമി കടലൊഴിഞ്ഞു കരയായിത്തീർന്നതും ആഫ്രിക്കയ്ക്കും അമേരിക്കയ്ക്കും മദ്ധ്യത്തിൽക്കിടന്നിരുന്ന അതലാന്തിസ് ഭൂഭാഗം ആഴിയിലാണ്ടുപോയതുമൊക്കെ മനുഷ്യരാശി ശൈശവദശയിൽ വർത്തിച്ചിരുന്ന കാലത്തു സംഭവിച്ച അത്യാഹിതങ്ങളാണ്. അവയുടെ വാടാത്ത സ്മരണകൾ വളരെക്കാലം സൂക്ഷിച്ചു പോന്നശേഷം നാം ഇന്നു കാണുന്നതുപോലെ കഥകളിലേയ്ക്കു കടന്നുകൂടിയതാകാം.

ഏതായാലും ബാബിലോണിയയിലെ പുരാതന നാഗരികതയെ ഭൂഗർഭത്തിൽനിന്നു കുഴിച്ചെടുത്തു ലോകസമക്ഷം പ്രദർശിപ്പിച്ച 'ബോത്ത'യ്ക്കും 'ഹെൻറി ലയാർഡി'ന്നും നമുക്കു നന്ദിപറയുക. മോഹൻജോദാരോവിനെയും ഹറപ്പയെയും സംബന്ധിച്ചേടത്തോളം അവരുടെ സ്ഥാനം വഹിച്ച ജോൺമാർഷലിനോടും 'ബാനാർജ്ജി'യോടും നാം അത്രതന്നെ കൃതജ്ഞതയുള്ളവരായിരിയ്ക്കേണ്ടതാണ്. ഇന്ത്യയിൽ ഉൽഖനനാർഹങ്ങളായ സ്ഥലങ്ങൾ ഇനിയും എത്രയോ അധികമുണ്ട്. ദക്ഷിണേന്ത്യയിലെ നദീതടങ്ങളിൽ പലതും ഗവേഷകന്മാരുടെ ഗാഢശ്രദ്ധയർഹിക്കുന്നവയാണ്. ദ്രാവിഡപരിഷ്കാ

രത്തിൻെറ അവശിഷ്ടങ്ങൾ മോഹൻജോദാരോവിലെന്ന പോലെ ദക്ഷിണേന്ത്യയിലും ഉണ്ടായിക്കൂടായ്കയില്ല. പ്രോട്ടോദ്രാവിഡിയൻ വർഗ്ഗക്കാരുടെ അവശിഷ്ടങ്ങളിൽ പലതും നമുക്കു ദക്ഷിണേന്ത്യയിൽനിന്നു കണ്ടുകിട്ടീട്ടുണ്ട്.

ഉൽഖനനത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ കേരളത്തിൻെറ കാര്യം വിസ്മരിപ്പാൻ നിവൃത്തിയില്ല. സിന്ധുനദീതീരവാസികളെപ്പോലെത്തന്നെ കേരളീയരും പുരാതനകാലത്തു വിദൂരരാജ്യങ്ങളുമായി ബന്ധപ്പെട്ടുപോന്നതിന്നു ധാരാളം തെളിവുകളുണ്ട്. ദക്ഷിണേന്ത്യയുടെ ചരിത്രത്തിൽ ഇത്രയും പഴക്കമുള്ള പ്രസ്താവങ്ങൾ മറെറങ്ങും നാം കാണുന്നില്ല. പഴയ നിയമത്തിൽ പ്രസ്താവിച്ചു കാണുന്ന 'തൎശിശ്' കേരളക്കരയിലുള്ള ഒരു തുറമുഖമായിരുന്നുവെന്നുള്ളതു നിൎവ്വിവാദമാണ്. ഈ തർശിശ് തിരുവഞ്ചി (കുളം) ആയിരിയ്ക്കണമെന്ന ഊഹം യുക്തിവികലമല്ല. കേരളത്തിൻെറ പ്രാദേശിക ചരിത്രത്തിൽതന്നെ തിരുവഞ്ചിക്കുളത്തിന്നു അന്യാദൃശമായ പഴക്കവും പ്രശസ്തിയുമുണ്ട്. എന്നാൽ ഇന്നാകട്ടെ അതു കേരളത്തിലെ പരശ്ശതം ഗ്രാമങ്ങളുടെ കൂട്ടത്തിൽ ഒട്ടും തലയെടുപ്പില്ലാത്ത ഒരു വെറും സാധാരണ ഗ്രാമം മാത്രമാണ്. അവിടെ ഖനനം നടത്തുന്നതുകൊണ്ടു കേരളചരിത്രത്തിൽ ചില പുതിയ ഏടുകൾകൂടി എഴുതിച്ചേൎക്കാൻ പൎയ്യാപ്തമായ പല വിവരങ്ങളും കിട്ടാനിടയുണ്ട്. ഇതുപോലെത്തന്നെ കൊച്ചിയിലെ ചേമാൻ പറമ്പും തിരുവിതാംകൂറിലെ തൃക്കാക്കരയും കിളച്ചു നോക്കേണ്ടതക്ക പ്രാധാന്യമുള്ളവയാണ്. ഇപ്പറഞ്ഞ രണ്ടു സ്ഥലങ്ങളും അധികൃതന്മാർ ഉൽഖനനം ചെയ്യാൻ ഭാവമുണ്ടെന്നു കുറെകാലം മുമ്പു

പറഞ്ഞു കേട്ടിരുന്നുവെങ്കിലും, ആ വിഷയത്തിൽ ഇതു വരേയും കാര്യക്ഷമമായി എന്തെങ്കിലും പ്രവർത്തിച്ചതായറിയുന്നില്ല. കേരളചരിത്രത്തിൽ ഇവയെപ്പോലെ പ്രാമാണ്യം വഹിയ്ക്കുന്ന വേറെയും രണ്ടു സ്ഥലങ്ങളുണ്ട് അവയാണ് കൊടുങ്ങല്ലൂരും തിരുനാവായയും. വാത്മീകിയുടെ കാലത്തുതന്നെ കൊടുങ്ങല്ലൂർ (മുരചി) ഉത്തര ഭാരതത്തിൽ പോലും പ്രശസ്തിയാർജ്ജിച്ചിരുന്നു. ഇതിന്നു കാരണം വാണിജ്യവൈപുല്യമാവാം. തിരുനാവായ് വിദേശങ്ങളിലോ ഇന്ത്യയുടെ ഇതരഭാഗങ്ങളിലോ അത്ര പ്രസിദ്ധമായിരുന്നില്ലെന്നുള്ളതു ശരിതന്നെ. എന്നാൽ പഴക്കംകൊണ്ടു നോക്കുമ്പോൾ കേരളത്തിലെ മറേറതു നഗരത്തേയും അധഃകരിയ്ക്കത്തക്ക ചരിത്രപ്രാധാന്യം ഇതിന്നുണ്ട്. കേരളത്തിന്റെ ചരിത്രം ആരംഭിയ്ക്കുന്നതുതന്നെ തിരുനാവായയുടെ ചരിത്രത്തോടുകൂടിയാണ്. ഇത്തരം സ്ഥലങ്ങളിൽ ഭൂഗർഭപരമായി ഗവേഷണം നടത്തുന്നതുകൊണ്ട് ചരിത്രപ്രാധാന്യമുള്ള നാണയങ്ങൾ, ആയുധങ്ങൾ, പാത്രങ്ങൾ മുതലായി പലതും കണ്ടുകിട്ടാനിടയുണ്ട്.

## ശിലാലേഖങ്ങൾ

ചരിത്രരൂപവൽക്കരണ വിഷയത്തിൽ ശിലാലേഖ ഗവേഷണത്തിന്നു അതിപ്രധാനമായ ഒരു സ്ഥാനമാണുള്ളത്. "റോസെററാലിഖിത"മാണല്ലോ ആധുനിക ജനതയുടെ മുമ്പിൽ നിശ്ശേഷം അടച്ചിടപ്പെട്ട ഈജിപ്തിലെ ഹിറോഗ്ലിഫിക്കുകളുടെ കവാടങ്ങളെ തുറന്നുകാണിച്ചത്. സർ ഹെൻറി റോവിൽസൺ ക്യൂണിഫോറം ലിപികളിലെഴുതപ്പെട്ട ശിലാ

ശാസനം കണ്ടുപിടിച്ചിരുന്നില്ലെങ്കിൽ സുമേറിയൻ പരിഷ്കാരത്തെപ്പററി നമുക്കിന്നു സിദ്ധിച്ചിട്ടുള്ള ജ്ഞാനം എത്രയോ പരിമിതമാകുമായിരുന്നു. ശിലാലേഖനത്തെ തുടൎന്നു നടത്തിയ ഗവേഷണത്തിൻെറ ഫലമായി ബാബിലോണിയയിലെ കളിമൺ പലകകളിൽ അന്നത്തെ ജനത എഴുതിവെച്ചിട്ടുള്ള എത്രയോ ലിഖിതങ്ങൾ ആധുനികന്മാൎക്കു വായിപ്പാൻ കഴിഞ്ഞു. പഴയ സുമേരിയൻ ഭാഷയുടെ സ്വരൂപവും അതുവഴിയായി ഗവേഷകലോകത്തിന്നറിവാനിടയായി. ഇന്ത്യയിൽത്തന്നെ അശോകനെ നാം അത്രയും ഉന്നതമായ സ്ഥാനത്തിരുത്തി ആരാധിച്ചുപോരാൻ കാരണം അദ്ദേഹത്തിൻെറ ശിലാലിഖിതങ്ങൾ കണ്ടുപിടിയ്ക്കപ്പെട്ടതാണ്.

ശിലാലേഖഗവേഷണത്തിൽ ഇന്ത്യ ഒരുവിധം പുരോഗമിച്ചിട്ടുണ്ടെന്നുതന്നെ പറയാം. ഈ വിഷയത്തിൽ ചാറൽസ് വിൽക്കിൻസ്, കോൾബ്രൂക്ക്, ബൂലർ എന്നീ വൈദേശിക ഗവേഷകന്മാരെയും ഭാവുദാജി, ഭഗവൻലാൽ ഇന്ദ്രജി എന്നീ ഭാരതീയ ഗവേഷകന്മാരെയും വിസ്മരിപ്പാനാവില്ല. വെറും രണ്ടോ മൂന്നോ പുരാതന ലിഖിതങ്ങൾ മാത്രമേ കണ്ടുപിടിപ്പാൻ (1781) കഴിഞ്ഞുള്ളുവെങ്കിലും വിൽക്കിസിന്നു ഈ തുറയിലേക്കു ഉത്സാഹശീലന്മാരായ പലരുടെയും ശ്രദ്ധയെ ആകൎഷിപ്പാൻ സാധിച്ചു. അദ്ദേഹം തുടങ്ങിവെച്ച പ്രവൃത്തി ഉത്തരേന്ത്യയെ സംബന്ധിച്ചേടത്തോളം പൂൎത്തിയാക്കിയതു് ഇന്ദ്രജിയാണെന്നു പറയാം. ഇന്ദ്രജി ബോംബെ സംസ്ഥാനം, രജപുത്താന, സി. പി, യു. പി, അതിൎത്തിസംസ്ഥാനം, നേപ്പാൾ, ബീഹാർ, ഒറീസ്സ, ആന്ധ്ര എന്നീ പ്രദേശങ്ങളിൽ സഞ്ചരിച്ചു നൂറുകണക്കിൽ ശിലാ

ലേഖങ്ങൾ കണ്ടുപിടിച്ചു. അതിന്നുവേണ്ടി അദ്ദേഹം അനുഭവിച്ച ക്ലേശങ്ങൾക്കു കണക്കില്ല. ഇന്ദ്രജിയുടെ അനുസ്യൂതമായ അദ്ധ്വാനത്തിന്റെ ഫലമായി അതുവരേയ്ക്കും അജ്ഞാതമായിരുന്ന പല രാജാക്കന്മാരുടേയും രാജവംശങ്ങളുടേയും ചരിത്രം വെളിക്കുവന്നു. ചരിത്രകാരന്മാർ കാലനിർണ്ണയവിഷയത്തിൽ പററിപ്പോയിരുന്ന പല പ്രമാദങ്ങളും തിരുത്തപ്പെട്ടു.

ദക്ഷിണേന്ത്യയെസ്സംബന്ധിച്ചേടത്തോളം പ്രാചീനലിഖിതങ്ങളുടെ ഗവേഷണത്തിൽ നാം രണ്ടു പാശ്ചാത്യപണ്ഡിതന്മാരോടു സവിശേഷം കടപ്പെട്ടിരിക്കുന്നു. ഈ പണ്ഡിതന്മാർ ഡാക്ടർ ബർണ്ണലും ജോൺ ഫെയ്ത്ത്ഫുൾ ഫ്ളീററുമാണ്. ബർണ്ണലിന്റെ Elements of south Indian paleography ഈ വിഷയത്തിൽ ഇന്നും സമുന്നതസ്ഥാനമലങ്കരിക്കുന്ന ഒരു പ്രാമാണിക ഗ്രന്ഥം തന്നെയാണ്. ഫ്ളീററിന്റെ ശ്രദ്ധ കാര്യമായി പതിഞ്ഞത് കർണ്ണാടകത്തിലേയും മഹാരാഷ്ട്രത്തിലേയും ശിലാലേഖങ്ങൾ തേടിപ്പിടിക്കുന്നതിലും വ്യാഖ്യാനിയ്ക്കുന്നതിലുമാണ്. ഇന്ദ്രജിയെപ്പോലെ ഇദ്ദേഹവും നൂറുകണക്കിലുള്ള കല്ലെഴുത്തുകൾ കണ്ടുപിടിയ്ക്കുകയുണ്ടായി. സർ റിച്ചാർഡ് ടെമ്പിളിന്റെ വാക്കുകളെ ശരിവെയ്ക്കുന്നപക്ഷം, ശാസ്ത്രീയമായ ശിലാലേഖഗവേഷണം ഇന്ത്യയിൽ ഫ്ളീററിനോടുകൂടി അവസാനിച്ചുവെന്നു പറയാം. കേരളത്തിൽ കൊച്ചിയിലേയും തിരുവിതാംകൂറിലേയും പുരാണവസ്തുഗവേഷണവകുപ്പുകാർ, ശിലാലേഖങ്ങളേയും താമ്രലിഖിതങ്ങളേയും തേടിപ്പിടിയ്ക്കുന്ന കാര്യത്തിൽ തികഞ്ഞ ആത്മാർത്ഥതയോടുകൂടി ആവുന്നതൊക്കെ ചെയ്തിട്ടുണ്ട്.

മലബാറിൽ ഇനിയും എത്രയോ ലിഖിതങ്ങൾ അന്വേഷിച്ചു പിടിക്കേണ്ടതായിട്ടാണിരിക്കുന്നതു്. കണ്ടെടുത്തവയെ അപേക്ഷിച്ചു കാണാത്തവ ഒട്ടും കുറവല്ല. അവയധികവും ക്ഷേത്രസംബന്ധികളാണുതാനും. ലേഖനം ചെയ്യപ്പെട്ട ശിലകൾ മണ്ണിൽ കുഴിച്ചുമൂടിയിടുന്ന പതിവു് കേരളത്തിലെ പല ക്ഷേത്രങ്ങളിലും കാണുന്നുണ്ട്. ചിലപ്പോൾ അവയുടെ പുറഭാഗം കണ്ടെന്നും കണ്ടില്ലെന്നും വരാം. കാണുന്നുവെങ്കിൽതന്നെ അത്തരം കല്ലുകൾ സാധാരണ നിലയിൽ ഒരു ഗവേഷകന്റെ ശ്രദ്ധയെ ആകർഷിച്ചെന്നു വരില്ല. മണ്ണിനടിയിൽ കുഴിച്ചു മൂടുന്നതു കല്ലിലടങ്ങിയ ആശയസാം ശം വായുവിലുള്ള വാതകവിശേഷത്തിന്റെ നിരന്തര സമ്പർക്കത്താൽ ദുർബലമായിത്തീർന്ന് കാലാന്തരത്തിൽ എഴുത്തുകൾക്കു സ്ഫുടത പോരാതെ വരരുതെന്നു കരുതിയോ, അന്യർ ഏതെങ്കിലും വിധത്തിൽ അലങ്കോലപ്പെടുത്താൻ ഇടയാകരുതെന്നു ഉദ്ദേശിച്ചോ ആയിരിക്കാം. ഇത്തരം ശിലാലേഖനങ്ങൾക്കു ഒരുപക്ഷെ പ്രാദേശിക പ്രാധാന്യം മാത്രമേ ഉണ്ടായിരിക്കൂ. എന്നാൽ ലിപിവിജ്ഞാനീയത്തിലേക്കും ഭാഷാശാസ്ത്രത്തിലേക്കുതന്നെയും അവയിൽനിന്നു നേട്ടങ്ങളുണ്ടായിക്കൂടായ്കയില്ല. ചെപ്പേടുകളുടെ കാര്യവും ഇങ്ങനെതന്നെയാണ്. ക്ഷേത്രങ്ങളോടെന്നപോലെ നാടുവാഴി കുടുംബങ്ങളോടു സംബന്ധിച്ചും ഈ വിഷയത്തിൽ ഗവേഷണം നടത്തുന്നതു നിഷ്പ്രയോജനമാവാനിടയില്ല.

## നാണയവിജ്ഞാനീയം.

ചരിത്രനിർമ്മിതിയിൽ ശിലാലേഖങ്ങളെപ്പോലെത്തന്നെ പ്രാമാണികങ്ങളാണു് പഴയ നാണയങ്ങളും. പഴയ ലോ

കത്തിൻെറ നാണയങ്ങളിൽ ഒട്ടുമിക്കവാറും അന്വേഷിച്ചു കണ്ടുപിടിക്കുവാൻ ഗവേഷകന്മാർക്കു കഴിഞ്ഞിട്ടുണ്ട്. റോമൻ നാണയങ്ങളെപ്പററി വർവിക്റോത്തും ഗ്രീക്കുനാണയങ്ങളെപ്പററി ജെ. എഫ്. ഹില്ലും പേഴ്സ്യൻ നാണയങ്ങളെപ്പററി ആർ. എസ്. പൂളും നടത്തിയ ഗവേഷണങ്ങൾ തികച്ചും വിജയകരമായിട്ടുണ്ടെന്നുതന്നെ പറയാം. ഇന്ത്യൻ നാണയങ്ങളെപ്പററി ഗവേഷണം നടത്തുന്നവർ "ഇൻറർനാഷണൽ ന്യൂമിസ്മിത ഓറിയൻറലിയ" എന്ന ഗ്രന്ഥപരമ്പരയും—ഇതിലെ പത്താമത്തെ (ഒടുക്കത്തെ) സഞ്ചിക ദക്ഷിണേന്ത്യൻ നാണയങ്ങളെക്കുറിച്ചുള്ളതാണ്—ബ്രിട്ടീഷ് മ്യൂസിയത്തിൽനിന്നു പ്രസിദ്ധീകരിച്ചിട്ടുള്ള "ഓറിയൻറൽ കോയൻസ്" എന്ന ഗ്രന്ഥപരമ്പരയും അവശ്യം വായിച്ചിരിക്കേണ്ടതാണ്. ഹെയ്മെൻ വിത്സൻെറ (1786—1860) ഇദ്ദേഹം ഇന്ത്യയിൽ വളരെക്കാലം താമസിച്ച് ഗവേഷണം നടത്തിയിട്ടുള്ള ഒരു മഹാനാണ്—"ആര്യാനാ ആൻറിക്വാ" എന്ന കൃതി അഫ്ഘാൻ നാണയങ്ങളെപ്പററി ഇതലാം വിശദമായ വിവരം നല്കുന്നു.

നാണയങ്ങളുടെ നാളിതുവരെയുള്ള ചരിത്രത്തിൽ ദക്ഷിണേന്ത്യക്ക് ഒരു സവിശേഷമായ അദ്ധ്യായം വിരചിപ്പാൻ കഴിഞ്ഞിട്ടുണ്ട്. നാണയങ്ങളുടെ പെരുപ്പത്തെ മുൻനിത്തി നോക്കുമ്പോൾ ദക്ഷിണേന്ത്യ ലോകത്തിലെ മറെറല്ലാ രാജ്യങ്ങളെയും അധഃകരിയ്ക്കുന്നു. ജേക്സനും ടഫ്നലുമാണ് തെക്കേഇന്ത്യയിലെ നാണയങ്ങളെപ്പററി ഏററവുമധികം ഗവേഷണം നടത്തിയിട്ടുള്ളത്. ജേക്സൻ നമ്മുടെ നാണയങ്ങളുടെ കലാപരമായ മൂല്യത്തെക്കൂടി വിചാരവിഷയമാക്കിട്ടു

ണ്ട്. നാണയങ്ങളിൽ ചിത്രണം ചെയ്യപ്പെട്ടിട്ടുള്ള ചിഹ്നങ്ങൾക്കു കലാപരമായിട്ടല്ലാതെ സാംസ്കാരികമായും പ്രാധാന്യമായ ഒരു വശമുണ്ട്. അവ വാസ്തവത്തിൽ വെറും ചിത്രങ്ങളല്ല; പിന്നെയോ? ചിഹ്നങ്ങൾ (സിംബലുകൾ) ആണ്. മോഹൻജോദാരോവിലെ കളിമൺ സീലുകളിൽ നാം കാളയുടെ ചിത്രം സാധാരണമായി കാണുന്നു. ആ പുരാതന ജനത കാളയെ ഐശ്വര്യത്തിന്റെയും അഭിവൃദ്ധിയുടെയും "സിംബൽ" ആയിട്ടാണ് കണക്കാക്കിയിരുന്നത്.

നാണയഗവേഷണം കേരളത്തിൽ ചരിത്രപരമായ പല യാഥാർത്ഥ്യങ്ങളെയും വെളിപ്പെടുത്താനിരിക്കുന്നതേയുള്ളു. ഇവിടത്തെ രാജവംശങ്ങൾ പ്രചരിപ്പിച്ച നാണയങ്ങളെപ്പറ്റിയല്ല നാം കൂടുതൽ ജിജ്ഞാസ പ്രദർശിപ്പിക്കേണ്ടത്. അവയിൽ ഏറിയകൂറും നമുക്കു കിട്ടിക്കഴിഞ്ഞിരിക്കുന്നു. വൈദേശിക നാണയങ്ങളാകണം നമ്മുടെ ലക്ഷ്യം. കേരളത്തിൽ പല സ്ഥലത്തുനിന്നും റോമൻ നാണയങ്ങളും ഗ്രീക്കുനാണയങ്ങളും കണ്ടുകിട്ടീട്ടുണ്ട്. ഈ രാജ്യം ചരിത്രാതീതകാലം മുതല്ക്കു വാണിജ്യപരമായി ലോകത്തിലെ മററു പല ജനതയുമായി ബന്ധപ്പെട്ടുപോന്നിരുന്നുവെന്ന വസ്തുത നാം പ്രത്യേകം ഓർക്കണം. പുരാതനകാലത്തു സാധനവിനിമയമാണ് സാധാരണമായിരുന്നതെങ്കിലും നാണയവ്യവസ്ഥയുള്ള നാടുകളുമായി നാണയം മുഖേനതന്നെ വ്യാപാരം നടന്നുപോന്നിരിക്കാനാണ് അധികം ന്യായം. ചീനയും ബാബിലോണിയയും ചരിത്രകാലത്തിന്റെ ആരംഭദശയിൽ തന്നെ നാണയവ്യവസ്ഥ നടപ്പിലാക്കിയിരുന്നതായി നമുക്കറിയാം. ബാബിലോണിയയിലെ കളിമൺപലകകളിൽനിന്നു

അവിടെ അക്കാലത്തു ചീനയിലെന്നപോലെ പ്രോനോട്ടുകൾ—വാഗ്ദത്തപത്രങ്ങൾ—പോലും പ്രചരിച്ചിരുന്നതായി തെളിയുന്നുണ്ട്. കേരളത്തിന്റെ ആദ്യകാലവാണിജ്യമത്രയും സെമിററിക് വർഗ്ഗക്കാരുമായിട്ടായിരുന്നു. അതിനാൽ ആദ്യകാലത്തെ സെമിററിക് നാണയങ്ങൾ ധാരാളം ഈ നാട്ടിൽനിന്നു കണ്ടുകിട്ടുന്നതിന്നുള്ള സാദ്ധ്യതകളുണ്ട്. ജനങ്ങൾ പ്രായേണ നാണയങ്ങളുടെ ലോഹവിലയിൽ ഭ്രമിയ്ക്കുന്നതുകൊണ്ടു ചരിത്രപ്രാധാന്യമുള്ള പ്രാക്തന നാണയങ്ങൾ പലപ്പോഴും ആഭരണങ്ങളായും മററും രൂപാന്തരപ്പെടുത്തുന്നു.

## ഭാഷാശാസ്ത്രം

ആര്യഭാഷകളുടെ മാതൃസ്ഥാനം വഹിയ്ക്കുന്ന "ഇൻഡോയൂറോപ്യൻ മൂലഭാഷ"യെപ്പററി ഗവേഷകന്മാർക്കു കാര്യമായി പലതും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നു മുമ്പു പറഞ്ഞുവല്ലോ. എന്നാൽ മൂലദ്രാവിഡഭാഷ ഇന്നും നമ്മുടെ സങ്കല്പത്തിലിരിയ്ക്കുന്നതേയുള്ളു. കാൾഡ്വലിന്നുശേഷം ഈ വിഷയത്തിൽ പറയത്തക്ക യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ദ്രാവിഡഭാഷ തുറേനിയൻ ഗോത്രത്തിൽപെട്ടതാണെന്നു തീർമാനിച്ചതോടുകൂടി ആ വിഷയത്തിലുള്ള ഗവേഷണം മിക്കവാറും അവസാനിപ്പിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ പറയത്തക്ക എന്തെങ്കിലും പുരോഗതിയുണ്ടാകണമെങ്കിൽ, തുറേനിയൻ ഗോത്രത്തിലെ പ്രധാന ശാഖകളായ തുർക്കി, താത്താറി, ദ്രാവിഡം എന്നീ മൂന്നിനെയും കുറിച്ചു നിഷ്കൃഷ്ടമായ താരതമ്യപഠനം നടത്തേണ്ടിയിരിയ്ക്കുന്നു. എന്നാൽ ദ്രാവിഡഭാഷകളെത്തന്നെ സമഗ്ര

മായ താരതമ്യചിന്തയോടുകൂടി പഠിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്ന പരമാൎത്ഥമോൎക്കുമ്പോൾ, ശാഖാന്തരങ്ങളുമായുള്ള തരതമതാ പരീക്ഷ അടുത്തകാലത്തെങ്ങാനും സംഗതി വരുമോ എന്ന കാൎയ്യം സംശയമാണു്.

"ദ്രാവിഡ"ശബ്ദത്തിന്റെ നിരുക്തിതന്നെ എന്താണ്? നിലവിലുള്ള അഭിപ്രായപ്രകാരം അത് "തമിഴ്" എന്ന പദത്തിൽനിന്നുണ്ടായതത്രെ. തമിൾ എന്ന ശബ്ദം ദമിള, ദമിഡ, ദ്രമിഡ, ദ്രാവിഡ ഇങ്ങനെ രൂപാന്തരപ്പെട്ടുവെന്നാണ് ഈ സിദ്ധാന്തക്കാരുടെ അഭിപ്രായം. തമിഴരാവട്ടെ, പ്രസ്തുത പദത്തെ സംസ്കൃതത്തിന്റെ സാഹായ്യമവലംബിക്കാതെ തന്നെ സ്വതന്ത്രമായി (തിരു + ഇടം = തിരുവിടം, തിഃവിടം) നിഷ്പാദിപ്പിയ്ക്കുന്നു. പതിനെട്ടോളം നിരുക്തങ്ങൾ പ്രസ്തുത പദത്തിന്നു ഇന്നു നിലവിലുണ്ട്. ഇനിയും അവയെ വൎദ്ധിപ്പിയ്ക്കുന്നതു ഒരു വിധത്തിലും ആശാസ്യമായിട്ടുള്ളതല്ല. എങ്കിലും ഒരു പുതിയ നിരുക്തംകൂടി നിങ്ങളുടെ മുമ്പാകെ വെക്കാൻ ഞാനാഗ്രഹിയ്ക്കുന്നു. ദ്രാവിഡഭാഷകൾ തുറേനിയൻ ഗോത്രത്തിൽപ്പെട്ട ഒരു ശാഖയാണെന്ന കാൎയ്യത്തിൽ ആൎക്കും അഭിപ്രായഭേദമില്ല. ഇനി അവയെ ഒരു സ്വതന്ത്രഗോത്രമായി പരിഗണിയ്ക്കുന്നവർപോലും തുറേനിയൻ ഭാഷകളോടു അവയ്ക്കുള്ള സാമ്യത്തെ വിസംവദിയ്ക്കുകയില്ല. പ്രകൃതിയ്ക്കുശേഷം ലിംഗവചനപ്രത്യയങ്ങൾ അനുക്രമമായി ചേൎത്തു പദനിഷ്പാദനം ചെയ്യുക എന്നതാണ് ദ്രാവിഡഭാഷകളുടെ ഗോത്രധൎമ്മം. മരങ്ങളുടെ എന്ന പദത്തിൽ മര എന്ന പ്രകൃതിക്കുശേഷം അം എന്ന നപുംസകപ്രത്യയവും കൾ എന്ന ബഹുവചന പ്രത്യയവും ഉടെ എന്ന സംബന്ധികാ

പ്രത്യയവും അനുക്രമമായി വന്നിരിയ്ക്കുന്നതു നോക്കുക. ഈ ധർമ്മം തുർക്കി തുടങ്ങിയ മററു തുറേനിയൻഭാഷകളിലും കാണുന്നുണ്ട്. അതുപോലെത്തന്നെ ഈ ഭാഷകളിലെല്ലാം "സ്വരാനുസംവാദനയം" — അടുത്ത സ്വരത്തോടു മുമ്പിലോ പിമ്പിലോ ഉള്ള സ്വരം സാവർണ്ണ്യം നേടുക. ഉം: ഇഷ്ടക, ഇഷ്ടിക; കമ്പനി, കമ്പിനി — എന്ന സവിശേഷധർമ്മവും കാണുന്നുണ്ട്. ഈ നിലയിൽ ദ്രാവിഡഭാഷകളെ സ്വതന്ത്രഗോത്രമായി പരിഗണിച്ചാലും ഇല്ലെങ്കിലും അവയ്ക്കു തുറേനിയൻ ഗോത്രത്തോടു രക്തബന്ധമുണ്ടെന്നുള്ള വസ്തുത സമ്മതിച്ചേ തീരൂ.

"തുറാൻ" എന്ന വാക്കിന് അജപാലൻ എന്നാണർത്ഥം. മൂലകുടുംബത്തിൽനിന്നു വിട്ടുപിരിഞ്ഞു വേറൊരിടത്തു പാർപ്പുറപ്പിച്ചശേഷം അവർ തങ്ങളുടെ വാസസ്ഥാനത്തിനു "തുറാനിടം" എന്നു നാമകരണം ചെയ്തിരിയ്ക്കാം. ആര്യവർഗ്ഗക്കാർ തങ്ങളുടെ പാർപ്പിടങ്ങൾ പലതാക്കിയപ്പോൾ ആ സ്ഥലങ്ങളെ നിർദ്ദേശിപ്പാൻ ആര്യശബ്ദത്തിന്റെ അംശംകൂടി ഉപയോഗിച്ചുവെന്നു ഇൻഡോയൂറോപ്യൻ ഭാഷാശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അങ്ങനെയാണ് ജർമ്മനി, ഫ്രാൻസ്, സേർവിയ, ആർമീനിയ തുടങ്ങിയ യൂറോപ്യൻ ദേശവാചിശബ്ദങ്ങളിലെല്ലാം അർ, ആർ, ര എന്നീ ശബ്ദാംശം കടന്നുകൂടിയതെന്നു അവർ വാദിക്കുന്നു. തുറാൻ + ഇടം എന്നതു തുറാമിടം എന്നാവാൻ പഴയ പ്രക്രിയയിൽ യാതൊരു പ്രയാസവുമില്ല. പദാന്ത്യനകാരം മകാരമായിട്ടാണല്ലോ കടൻ; ഫലൻ എന്നിവ കടം, ഫലം എന്നെല്ലാമായത്. വകാരമകാരങ്ങളുടെ സർവ്വസാധാരണമായ വിനിമയംകൊണ്ടു തുറാമിടം തുറാവിടമാകാനെളുപ്പമുണ്ട്. ഇമ്മിണി, ഉമ്മിണി;

ഇണ്ണൂലി, ഉണ്ണൂലി എന്നീ പദങ്ങളിൽ ഇകാരത്തിന്നും ഉകാരത്തിന്നും തമ്മിൽ വിനിമയം വന്നിരിയ്ക്കുന്നതു നോക്കുക. ഈ നിലയിൽ ത്രുറാവിടം, തിറാവിടമാകാൻ പ്രയാസമേതുമില്ല. ഇനി റകാരം രേഫമായി മാറിയ കാര്യമാണ്. ഉച്ചാരണ സൌകര്യംകൊണ്ടെന്നോ അതിന്നു സമാധാനം പറവാനുള്ളു. ഇങ്ങനെയുണ്ടായ തിറാവിടത്തെ ആര്യവർഗ്ഗക്കാർ ദ്രാവിഡമാക്കിയെന്നു വിചാരിയ്ക്കുന്നതിൽ യാതൊരു യുക്തിവൈകല്യവുമില്ല

പശ്ചിമോത്തരപ്രാന്തങ്ങളിൽ അരവിടർ എന്നൊരു വർഗ്ഗക്കാരുണ്ട്. അരവിടം എന്ന വാക്കിന്നു അരവരുടെ ഇടം എന്നാണർത്ഥം അരവരെന്നതിന്നു നാഗാരാധകർ (അരവം=നാഗം) എന്ന അർത്ഥം അസംഗതമല്ല. ദ്രാവിഡർ നാഗാരാധകന്മാരായിരുന്നുവെന്നു നമുക്കറിയാം. ബലൂചിസ്ഥാനോടു ചേർന്ന ചില കാട്ടുപ്രദേശങ്ങളിൽ ദ്രാവിഡഭാഷ–ബ്രാഹൂയി—സംസാരിയ്ക്കുന്ന വർഗ്ഗങ്ങളുണ്ട്. ദ്രാവിഡഭാഷയ്ക്കു് അവിടെ പ്രചാരം സിദ്ധിച്ചതെങ്ങനെ? അരവിടരും തിരാവിടരും തമ്മിൽ വല്ല ബന്ധവുമുണ്ടോ? ദ്രാവിഡത്തിലെ ചുവന്നവൻ എന്ന അർത്ഥത്തിലുള്ള ചിവനെ, ആര്യന്മാർ ശിവൻ എന്നാക്കി സംസ്കൃതീകരിച്ചതുപോലെ അരവൻ(പന്നഗഭൂഷണൻ) എന്ന പദത്തെ തത്ഭവമാക്കിയതാണോ 'ഹരൻ' എന്ന പദം? ശിവൻ ദ്രാവിഡരുടെ ദേവതയാണെന്നു പ്രസ്തുത ദേവതയുടെ സ്വരൂപം, സ്വഭാവം ഇവയിൽനിന്നും ആര്യന്മാരുടെ ആദിമരേഖകളായ വേദങ്ങളിൽ ശിവൻെറ പേർ—വൈദികദേവതകളിൽ രുദ്രൻ മാത്രമാണ് ശിവനോടു സാദൃശ്യമുള്ളതു—കാണാത്തതിൽനിന്നും ഊഹിയ്ക്കാം. ഏ

തായാലും ഇത്തരം സംഗതികളിൽ ഗവേഷണത്തിന്നു ധാരാളം വകയുണ്ട്.

ഭാഷാപരമായ ഗവേഷണത്തിൻെറ പരിധി നാം വിചാരിക്കുന്നതിലധികം വിശാലമാണ്. ദ്രാവിഡഭാഷകളിൽ മാത്രം ഗവേഷണം നടത്തുന്നതുകൊണ്ടു ഉദ്ദേശ്യം മുഴവനും സാധിച്ചെന്നുവരില്ല. അറബിക്, സുമേറിയൻ, മിസ്രയിം, ഗ്രീക്, റോമൻ, (ലാററിൻ) ഹിബ്രു ഇത്രയും ഭാഷകളിൽ ഗവേഷണം നടത്തുന്നതുകൊണ്ടു കേരളത്തെയും കേരളീയരെയും സംബന്ധിച്ച വസ്തുതകൾ പലതും കണ്ടുകിട്ടിയേയ്ക്കാം. പുരാതന ഭാഷകളിൽ നടത്തുന്ന ഗവേഷണത്തിൻെറ ആവശ്യകത വ്യക്തമാക്കാൻമാത്രം ഒരു ഉദാഹരണം ഇവിടെ ചൂണ്ടിക്കാണിയ്ക്കട്ടെ. പഴയ മിസ്രയിംഭാഷയിൽ വാനരവാചി ശബ്ദം കഫുഎന്നും ഹിബ്രുഭാഷയിൽ കോ.ാഫ് എന്നും ആണെന്നു പ്രസിദ്ധ ഗവേഷകനായ വെബർ പറയുന്നു. ഈ രണ്ടു ശബ്ദങ്ങളും കപിശബ്ദത്തിൻെറ തത്ഭവങ്ങളാണെന്നുള്ളതു നിർവ്വിവാദമാണ്. ഹിബ്രുരാജ്യത്തേയ്ക്കു കപികളെ കയററിയയച്ചിരുന്നത് കേരളത്തിൽനിന്നാണെന്നും അതിനാൽ പ്രസ്തുത ശബ്ദം അവക്കു പരിചയപ്പെട്ടതു കേരളീയരിൽ നിന്നാകണമെന്നുമുള്ളതു സർവ്വസമ്മതമാണ്.

ഇതു ചരിത്രപരമായ ചില അഭ്യൂഹങ്ങൾക്കു വഴി തുറന്നിടുന്നു. കപിശബ്ദം സംസ്കൃതഭാഷയുടെ സമ്പത്താണ്. കേരളത്തിൽ ആര്യവർഗ്ഗീയരായ നമ്പൂരിമാർ മുഖേന മാത്രമേ പ്രസ്തുത ശബ്ദം പ്രചരിപ്പാൻ വഴിയുള്ളു. മലയാളത്തിലെ വാനരവാചിശബ്ദം കുരങ്ങ് എന്നാണല്ലോ. അനാര്യവർഗ്ഗക്കാരാണ് സെമിററിക്ക് ജനതയുമായി വ്യാപാരം നടത്തിയി

രുന്നതെങ്കിൽ കപിയുടെ സ്ഥാനത്തു കുരങ്ങ് എന്ന പദം പ്ര ചാരത്തിൽ വരാനേ വഴിയുള്ളു. ഇതിൽനിന്നു സംസ്കൃതഭാഷ സംസാരിച്ചിരുന്ന വർഗ്ഗക്കാരാണ് സോളമൻെറ വണിക്കുകളുമായി വ്യാപാരം നടത്തിയിരുന്നതെന്നാണല്ലോ ഊഹിയ്ക്കേണ്ടതു. നമ്പൂതിരിമാർ കേരളത്തിൽ വരികയും മലയാളം മാതൃഭാഷയായി സ്വീകരിക്കാതിരിയ്ക്കയും ചെയ്തിരുന്ന ആ ഇടക്കാലത്താകണം ഈ വ്യാപാരം നടന്നതെന്ന ഊഹം യുക്തിവിരുദ്ധമല്ല. നമ്പൂതിരിമാർ വല്ലപ്പോഴും വാണിജ്യത്തിലേർപ്പെട്ടിട്ടുണ്ടോ എന്നതാണ് ഇനി ചിന്താവിഷയം. അവർ വന്ന് അധികകാലം കഴിയുന്നതിന്നു മുമ്പുതന്നെ ആയോധനചാതുര്യം നേടിയിരുന്നുവെന്നും ഭരണകാര്യങ്ങളിൽ മുന്നും കയ്യും വഹിച്ചിരുന്നുവെന്നും നാം ചരിത്രങ്ങളിൽനിന്നറിയുന്നുണ്ട്. യുദ്ധത്തിലും ഭരണതന്ത്രത്തിലും വ്യാപരിച്ചുപോന്ന ഒരു ജനവിഭാഗം വാണിജ്യത്തിൽമാത്രം വിമുഖമായിരുന്നുവെന്നു വിചാരിപ്പാൻ വയ്യാ. അപ്പോൾ ഇതിൽനിന്നു ഏതെങ്കിലും തീരുമാനിയ്ക്കേണ്ടതുണ്ടെങ്കിൽ അതു കേരളത്തിൽ നമ്പൂതിരിമാർ പ്രവേശിച്ചത് സോളമൻെറ കാലത്തിന്നും മുമ്പാണെന്നുള്ള വസ്തുതയാണ്. ഭാഷാശാസ്ത്രപരമായി സെമിററിക്ക് ഭാഷകളിലും ഹിറോഗ്ലിഫിക്കിലും മററും നടത്തുന്ന ഗവേഷണങ്ങളെക്കൊണ്ട് കേരളചരിത്രത്തിലേയ്ക്കു കാര്യമായ നേട്ടങ്ങളുണ്ടാകുമെന്നുള്ളതു നിസ്സംശയമാണ്. പക്ഷെ ഒന്നുണ്ട്: ഗവേഷകൻെറ സഞ്ചാരപദ്ധതി ഒട്ടും സുഗമമല്ല. ആയാൾ അല്ലേതരമായ ക്ലേശമനുഭവിയ്ക്കണം. വളരെ കാലത്തോളം പഴയ ലോകത്തിൻെറ പശ്ചാത്തലത്തിൽ പാർക്കണം. സംസ്കാരത്തിൻെറയും ദേശസ്നേഹത്തിൻെറയും പേരിൽ അതി

ന്ന സന്നദ്ധതയുള്ള കേരളീയർ എത്രപേരുണ്ടാകും? അവരെ പ്രോത്സാഹിപ്പിയ്ക്കുവാൻ മുന്നോട്ടു വരുന്ന സ്ഥാപനങ്ങളോ സംഘടനകളോ എത്രയുണ്ടാകും?

അക്ഷരസമാമ്നായത്തെ ആകൃതിപ്പെടുത്തിയെന്നതാണ് ലിപിവിജ്ഞാനീയത്തിൽ ഫിനീഷ്യൎക്കുള്ള പ്രാധാന്യം. ലേഖനവിദ്യയുടെ ഉപജ്ഞാതാക്കൾ ഈജിപ്തുകാരോ സുമേറിയൻ വൎഗ്ഗക്കാരോ ആകാം. ഈ രണ്ടു വൎഗ്ഗക്കാരിലും നാം വ്യത്യസ്തമായ ആകൃതിയോടുകൂടിയ ഒരുതരം എഴുത്തുകൾ പ്രചരിച്ചുപോന്നതായി കാണുന്നുണ്ട്. ഫിനീഷ്യർ ഏതു വൎഗ്ഗക്കാരെ അനുകരിച്ചാണ് അക്ഷരമാലയും ലിപിസംഘാതവും ഏൎപ്പെടുത്തിയതെന്നു ഖണ്ഡിച്ചു പറവാൻ വിഷമമാണ് എങ്കിലും ലിപികളുടെ ആകൃതിമാത്രം നോക്കുമ്പോൾ, അതു സുമേറിയൻ വൎഗ്ഗക്കാരുടെ ക്യൂണിഫോറം ലിപികൾ പരിഷ്കരിച്ചുണ്ടാക്കിയതാകാനാണ് അധികം ന്യായം. ആൎയ്യവൎഗ്ഗക്കാർ ലേഖനവിദ്യയഭ്യസിച്ചത് ഫിനീഷ്യരിൽനിന്നാകണമെന്ന പഴയവാദം ഇനിയും സമ്പൂൎണ്ണമായി ഖണ്ഡിച്ചു കഴിഞ്ഞിട്ടില്ല.

ദ്രമിഡലിപികൾ ക്യൂണിഫോറം ലിപികളോടോ അതിന്റെ പരിഷ്കൃതരൂപമായ ഫിനീഷ്യൻ ലിപികളോടോ ഒരു വിധത്തിലും ബന്ധപ്പെട്ടവയല്ലെന്നും തികച്ചും വ്യത്യസ്തമായ മറെറാരു പരമ്പരയിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും പ്രത്യക്ഷത്തിൽ തന്നെ ആരും സമ്മതിയ്ക്കുന്ന ഒരു പരമാൎത്ഥമാണ്. വട്ടെഴുത്തും കോലെഴുത്തുമാണ് ദ്രമിഡഭാഷാലിപികൾക്കു മാതൃസ്ഥാനം വഹിച്ചിട്ടുള്ളത്. ഈ ലിപികൾ ഏററവും പ്രാചീനങ്ങളാണ്. പാശ്ചാത്യഗവേഷകന്മാരിൽ

ചിലർ ഇവയുടെ ഉല്പത്തി അറാമിക് ലിപികളിൽ നിന്നാകണമെന്ന് ഊഹിയ്ക്കുന്നുണ്ട്. ആദ്യം ചൂണ്ടിക്കാണിച്ച രണ്ടു തരം പ്രാചീനലേഖനസമ്പ്രദായങ്ങളിൽ ഈജിപ്തിലെ ഹിറോഗ്ലിഫിക്കുകളിൽ കാണുന്ന ചിത്രലേഖങ്ങളോടാണ് ഇവയ്ക്കു മൌലികമായ അടുപ്പം കാണുന്നത്. ചിത്രലേഖ സമ്പ്രദായത്തിൽ കാലാന്തരത്തിൽ വന്നുചേൎന്ന പല പരിവൎത്തനങ്ങളും സ്വതന്ത്രമായ ഒരു ലിപിസമ്പ്രദായത്തിന്നു മാൎഗ്ഗദൎശനം ചെയ്യുതായി കൂടായ്കയില്ല

ഏതായാലും ദ്രമിഡലിപികൾ ഗവേഷണാൎഹങ്ങളാണെന്നുള്ളതിന്നു സംശയമില്ല. അവ സ്വതന്ത്രങ്ങളാണെന്നു സമ്മതിക്കുന്നപക്ഷം അവയുടെ ഉല്പത്തികാലത്തെ വളരെയധികം പിന്നാക്കം തള്ളിക്കൊണ്ടു പോകേണ്ടതായി വന്നേയ്ക്കും. സ്ഥൂലമായ അൎത്ഥത്തിൽ ലിപി എന്നതു ശബ്ദങ്ങളുടെ ചിത്രങ്ങളാണല്ലൊ. മററെല്ലാ കലകളുമെന്നപോലെ ചിത്രകലയും മനോമണ്ഡലത്തോടു വളരെയേറെ ബന്ധപ്പെട്ടതാണ്. എഴുത്തിൽക്കൂടി തൽകൎത്താവിൻെറ മാനസികസ്വഭാവങ്ങളും ചിത്രങ്ങളിൽക്കൂടി സൗന്ദൎയ്യബോധവും അനുമിയ്ക്കാറുണ്ടല്ലൊ. ദ്രമിഡലിപികളുടെ വക്രതയും സവിശേഷതകളും ഒരു വനചരവൎഗ്ഗത്തിൻെറ മനോമണ്ഡലത്തിൻെറ പ്രതിച്ഛായകളാണ് അവ എന്നു ഊഹിപ്പാൻ വഴി നൽകുന്നുണ്ട്. വനങ്ങളിൽ വിഹരിയ്ക്കുന്ന ഒരു വൎഗ്ഗത്തിൻെറ മനസ്സിൽ വളഞ്ഞുപിരിഞ്ഞ വള്ളികളും ചുരുണ്ടുപുളഞ്ഞ പാമ്പുകളും മായാത്ത സ്മരണകളായിരിയ്ക്കുമെന്നുള്ളതു തീൎച്ചയാണ്. ലിപികൾ ആകൃതിപ്പെടുത്തുന്ന വിഷയത്തിൽ ഈ സ്മരണകളുടെ അവ്യക്തസ്മരണങ്ങൾക്കുകൂടി പങ്കുണ്ടാ

യിക്കൂടായ്കയില്ല. അല്ലാത്തപക്ഷം വനത്തിൽ സർവ്വസാധാരണങ്ങളായ മററു ദൃശ്യങ്ങൾ—വളഞ്ഞുപുളഞ്ഞൊഴുകുന്ന അരുവികൾ, വെള്ളം കെട്ടി നിൽക്കുന്ന ചോലകൾ മുതലായവ—ശബ്ദങ്ങൾക്ക രൂപം നൽകുന്ന വിഷയത്തിൽ മുൻകൈയ്യെടുത്തിട്ടുണ്ടാകാം. ഈജിപ്ത്കാരുടെയും ഫിനീഷ്യരുടെയും ആദിമലിപികളുടെ ചരിത്രവും ആകൃതിയും ഇത്തരം അഭ്യൂഹങ്ങൾക്ക ധാരാളം ഇടം നൽകുന്നുണ്ട്. പിൽക്കാലത്തു പല പരിണാമങ്ങൾക്കും പരിഷ്കരണങ്ങൾക്കും വിധേയമായിട്ടാകാം ദ്രമിഡലിപികൾ ഇന്നത്തെ ആകൃതിയിലെത്തിച്ചേൎന്നത്. ആദ്യകാലത്തു പാതിരിമാർ അച്ചടിച്ച ചില പുസ്തകങ്ങളിൽ മലയാള ലിപികളെ പാശ്ചാത്യലിപികളുടെ മാതൃകയിൽ ചതുരാകാരങ്ങളാക്കാൻ കല്പിച്ചുകൂട്ടി ഒരു ശ്രമം നടത്തിയതായി മലയാളത്തിൽ ആദ്യം അച്ചടിച്ച ക്രൈസ്തവവേദപുസ്തകവും മററും കണ്ടിട്ടുള്ളവർ ഓൎക്കുന്നുണ്ടാകും.

ലിപികളെപ്പററി ഗവേഷണം നടത്തണമെന്നു ഇവിടെ പറഞ്ഞതു അതിൻെറ ചരിത്രപരമായ വാസ്തവം അറിയുന്നതിന്നു വേണ്ടി മാത്രമല്ല. മലയാളത്തിൽ ഇന്നു ഒരു ലിപിപരിഷ്കരണം അത്യാവശ്യമായിത്തീൎന്നിരിയ്ക്കുന്നു. ഇതിലേയ്ക്ക പലരും പല മാൎഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അവ ഇനിയും പ്രായോഗികമായിട്ടില്ല; ലിപിപരിഷ്കരണസംരംഭത്തെ നാം തികച്ചും വിട്ടുകളഞ്ഞിട്ടുമില്ല. ലിപികളുടെ എണ്ണം ചുരുക്കുകയാണ് ഇന്നത്തെ പ്രധാനമായ ആവശ്യം. മലയാളത്തിൽ ഒരു കാലത്തു ഇന്നത്തെപ്പോലെ ഇത്രയധികം ലിപികളുണ്ടായിരുന്നില്ല. പഴയ ലിപികളെ പ

രിഷ്കരിയ്ക്കുകയോ വർദ്ധിപ്പിയ്ക്കുകയോ ചെയ്തതു് എഴുത്തച്ഛനോ മററാരെങ്കിലുമോ ആകട്ടെ. പഴയ വ്യവസ്ഥയിൽ നിന്നു ഇന്നു നമുക്കു വല്ലതും സ്വീകരിപ്പാനുണ്ടോ എന്നാണു് കാര്യമായി നോക്കാനുള്ളത്. ഇതിന്നു ഭാഷാലിപികളെപ്പററി ഗവേഷണം നടത്തുകയും ഓരോ ഘട്ടത്തിലെയും ലിപികളുടെ എണ്ണം അവ ഉപയോഗിച്ചുപോന്ന ക്രമം ഇത്യാദി കാര്യങ്ങളെങ്കിലും അറിയുകയും ചെയ്യേ കഴിയൂ. ഭാഷാലിപികളെപ്പററി പണ്ഡിതവരേണ്യനും ഗവേഷണനിപുണനുമായ ആററൂർ കൃഷ്ണപിഷാരോടി ശാസ്ത്രീയവും ഗവേഷണപരവുമായി കുറെയൊക്കെ ചിന്തിച്ചിട്ടുണ്ട്. എന്നാൽ ഭാഷാശാസ്ത്രത്തിലെന്നപോലെ ഈ വിഷയത്തിൽ വളരെ ദൂരം പിന്നിലേയ്ക്കു പോകാൻ അദ്ദേഹം ശ്രമിച്ചിട്ടില്ല. അതിനാൽ ഈ മാർഗ്ഗം ഇന്നും കണ്ണെത്താതെയും പാദസ്പർശമേല്ക്കാതെയും കിടക്കുന്നതേയുള്ളുവെന്നു പറയാം.

## പ്രതിമകളും ചുമർച്ചിത്രങ്ങളും

പ്രതിമാനിർമ്മാണത്തിൽ കേരളം പണ്ടേയ്ക്കുപണ്ടേ പ്രസിദ്ധമാണ്; പോരാ, പ്രഗത്ഭംകൂടിയാണ്. പ്രതിമാശില്പങ്ങളുടെ നിർമ്മിതിയെസ്സംബന്ധിച്ച ചില പ്രകരണഗ്രന്ഥങ്ങൾതന്നെ, തച്ചുശാസ്ത്രത്തിൻെറ ഒരവാന്തരശാഖ എന്ന നിലയിൽ, കേരളീയ പണ്ഡിതന്മാർ രചിച്ചിട്ടുണ്ട്. പ്രതിമാനിർമ്മാണത്തിൽ ഇന്ത്യയുടെ ഇതരഭാഗങ്ങളിലില്ലാത്ത ഒരു പ്രത്യേകത കേരളത്തിൽ കാണാം. പുരാണപ്രസിദ്ധങ്ങളായ മിക്ക ദേവതകൾക്കും ഇന്നാട്ടുകാർ ശിലകളിൽ രൂപം കൊടുത്തിട്ടുണ്ട്. ജ്യേഷ്ഠ, ഹരികന്യക, ഗരുഡൻ മുത

ലായവയുടെ പ്രതിമകൾ കേരളത്തിന്നു പുറത്തെങ്ങാനുമുണ്ടോ എന്നു സംശയമാണ്. ബുദ്ധപ്രതിമകൾ ദക്ഷിണകേരളത്തിലെ പല ഭാഗങ്ങളിലും ധാരാളം കാണ്മാനുണ്ട്. കേരളത്തിലെ പ്രതിമാശില്പങ്ങളെപ്പററി ഇതുവരെയ്ക്കും കാര്യമായി ഒരു ഗവേഷണവും ചെയ്തതായി അറിയുന്നില്ല. ഉത്തരേന്ത്യൻ ശില്പങ്ങളുമായും വിജയനഗരശില്പങ്ങളുമായും കേരളത്തിലെ പ്രതിമകൾക്കു വല്ല ബന്ധവുമുണ്ടോ? ഉണ്ടെങ്കിൽ, അതെങ്ങനെ സംഭവിച്ചു? പ്രതിമാനിൎമ്മാണപരമായ വിനിമയങ്ങൾ ഏതേതു കാലത്താണ് സംഭവിച്ചത്? ഇങ്ങനെ ഈ വിഷയത്തിൽ പലതും ഗവേഷണം നടത്താനുണ്ട്. ഇതുകൂടാതെ പ്രതിമകൾ തന്നെ ഇനിയും പലതും കണ്ടുപിടിയ്ക്കേണ്ടതായിട്ടുമുണ്ട്. പടയോട്ടക്കാലത്തു ടിപ്പുവിന്റെ ഭടന്മാർ എത്രയോ പ്രതിമകളെയും ക്ഷേത്രങ്ങളെയും നശിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, ആരാധകന്മാർ തന്നെ വളരെ പ്രതിമകൾ, കുളം, കിണർ മുതലായവയിൽ പടയോട്ടക്കാലത്തു എറിഞ്ഞു കളഞ്ഞിരിയ്ക്കാനും ഇടയുണ്ട്. ഹൈന്ദവക്ഷേത്രങ്ങളിലെ കല്ലുകളും പ്രതിമകളുമെടുത്തു കോട്ടകളും പള്ളികളും പണിയിക്കുകയും മോപ്ലക്കലാപകാലത്തു പതിവായിരുന്നു. കല്ലുകളിൽ കൊത്തിയുണ്ടാക്കിയവ മാത്രമല്ല, ഓട്ടുകൊണ്ടു വാൎത്തുണ്ടാക്കിയവയും സുന്ദരങ്ങളുമായ പ്രതിമകളും ഒരുകാലത്തു ഇല്ലങ്ങളിലും മററും സാധാരണമായി ആരാധിയ്ക്കപ്പെട്ടുപോന്നിരുന്നു. പ്രാണരക്ഷാൎത്ഥം പായുമ്പോൾ ഇത്തരം പ്രതിമകളും പരിത്യജിക്കപ്പെട്ടിരിയ്ക്കാം.

ഫർഗ്ഗുസന്നുശേഷം ഇന്ത്യയിലെ പഴയകെട്ടിടങ്ങളെയും ക്ഷേത്രങ്ങളെയും പററി ഗവേഷണം നടത്തുന്നതിന്നു വ

ളെയാരും മുന്നോട്ടു വരികയുണ്ടായില്ല. അദ്ദേഹത്തിൻെറ 'ഇൻഡ്യൻ ആർക്കിറെറക്ചർ' ഈ വിഷയത്തിൽ ഒരു പ്രാമാണികഗ്രന്ഥമാണെന്നു തന്നെ പറയാം. എന്നാൽ, ഏറെക്കുറെ രൂപരേഖകളെക്കൊണ്ടു മാത്രം സംതൃപ്തിപ്പെടുകയാണ് അദ്ദേഹം അതിൽ ചെയ്തത്. അതിനാൽ ഈ പദ്ധതിയിലൂടെ ഇനിയും കുറെക്കൂടി സഞ്ചരിയ്ക്കേണ്ടിയിരിയ്ക്കുന്നു. കേരളത്തിൽ ഏററവും പഴക്കമുള്ള പല ക്ഷേത്രങ്ങളുമുണ്ട്. ഒരുപക്ഷെ അവയിൽ ചിലതു ഇന്ത്യയിൽ വിഗ്രഹാരാധന ആരംഭിച്ച കാലത്തോളം തന്നെ പഴക്കമുള്ളതാണ്. പൂജയുടെയും വിഗ്രഹാരാധനയുടെയും ആഗമത്തെപ്പററി നമുക്കു പലതും ഗവേഷണം ചെയ്തു സമർത്ഥിയ്ക്കേണ്ടതായിട്ടുണ്ട്. പൂജാസമ്പ്രദായം ദ്രമിഡരിൽ നിന്നു ആര്യ്യവർഗ്ഗക്കാർ സ്വീകരിച്ചു ഹിന്ദുമതത്തിൽ സാർവ്വത്രികമാക്കിത്തീർത്തതാണെന്നൊരു സിദ്ധാന്തമുണ്ട്. 'പൂചെയ്' (പൂ വിതറുക) എന്ന ദ്രമിഡപദങ്ങളിൽ നിന്നാണ് 'പൂജ' എന്ന സംസ്കൃതവാക്കുണ്ടായതെന്നു ഒരുകൂട്ടർ അഭിപ്രായപ്പെടുന്നു. ഈ വാദത്തിൽ കുറെ യുക്തിയില്ലായ്കയില്ല. ആദ്യത്തെ വിഗ്രഹങ്ങൾ ബുദ്ധൻെറതായിരുന്നുവെന്നു ഒരു അഭിപ്രായമുണ്ട്. വടക്കെ ഇന്ത്യയിൽ വിഗ്രഹങ്ങളെ 'ബുത്ത്' എന്നു പറയുന്നു. ഈ വാക്കു 'ബുദ്ധൻ' എന്നതിൽ നിന്നുണ്ടായതാണെന്നു ജവഹർലാൽ നെഹറു തൻെറ The Discovery of India എന്ന പ്രൗഢനിബന്ധത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ശിവലിംഗങ്ങൾക്കു സൈന്ധവപരിഷ്കാരത്തോളമെങ്കിലും പഴക്കമുണ്ടെന്നു മോഹൻജോദാരോവിലെ അവശിഷ്ടങ്ങൾ വെളിപ്പെടുത്തുന്നു. ശിവലിംഗങ്ങൾ പ്രത്യേകം

ആകൃതി കൊത്തപ്പെട്ടവയോ കലാപരമായി മെച്ചപ്പെട്ടവയോ അല്ലെന്നുള്ളതു ശരിതന്നെ.

കേരളത്തിലെ പല ക്ഷേത്രഭിത്തികളിലും പുരാണകഥകൾ ചിത്രണം ചെയ്തു കാണുന്നുണ്ട്. ഇവയിൽ മിക്കതും മദ്ധ്യകാലത്തു നിർമ്മിക്കപ്പെട്ടവയാണ്. ചായങ്ങളെക്കൊണ്ടു വരഞ്ഞുണ്ടാക്കിയവയെന്നപോലെ കല്ലിലും മണ്ണിലും കൊത്തിയുണ്ടാക്കിയ ചിത്രങ്ങളും കാണാം. കാലപ്രവർത്തനം കൊണ്ടു നിറം മാറിയും അംഗഭംഗം വന്നും ഈ ചിത്രങ്ങൾ അനുദിനം നാശഗർത്തത്തിലേയ്ക്കു നിപതിച്ചുകൊണ്ടിരിയ്ക്കുകയാണ്. ഇവയെ സംരക്ഷിയ്ക്കുകയും വ്യക്തമായ പ്രതിച്ഛായ (ഫോട്ടോ) എടുത്തു സൂക്ഷിയ്ക്കുകയും വേണ്ടിയിരിയ്ക്കുന്നു. പ്രതിമാശില്പത്തെയും ചിത്രകലയെയുംപററി താരതമ്യനിരൂപണം നടത്താൻ ഇവ പ്രയോജനപ്പെടും. പെരുമാക്കന്മാരുടെ ആധിപത്യം ഇന്നാട്ടിൽ വളരെക്കാലത്തോളം നിലനിന്നിരുന്നുവല്ലൊ. അക്കാലങ്ങളിൽ ചേരം, ചോളം, പാണ്ടി, കേരളം എന്നീ നാലു ദേശങ്ങളിലെയും കലകൾക്കു തമ്മിൽ പല വിനിമയങ്ങളും സംഭവിച്ചിരിയ്ക്കാനിടയുണ്ട്.

ക്ഷേത്രങ്ങളിലെ ചുമർച്ചിത്രങ്ങളധികവും ആ ക്ഷേത്രത്തിലെ പ്രധാനദേവതയുടെ അപദാനങ്ങളെ പ്രകീർത്തിയ്ക്കുന്നവയായിരിയ്ക്കും. അമേരിയ്ക്കയിലെ റെഡ്ഇന്ത്യന്മാരുടെ ഇടയിൽ ഒരു സമ്പ്രദായമുണ്ട്. ഒരാൾ പ്രമാണിയാണെങ്കിൽ സംശയിപ്പാനില്ല, തന്റെ കൂടാരഭിത്തികളിൽ സ്വപരാക്രമങ്ങളെ ചിത്രണം ചെയ്തിരിയ്ക്കും. ഈ സമ്പ്രദായവും കേരളീയക്ഷേത്രങ്ങളിലെ രീതിയും തമ്മിൽ വല്ല ബന്ധവുമ

ണ്ടോ? ഒരു കൂട്ടർ മറെറക്കൂട്ടരിൽനിന്ന് അനുകരിച്ചതായി രിയ്ക്കുന്നമെന്നൂഹിപ്പാൻ പ്രത്യക്ഷത്തിൽ യാതൊരു തെളിവുമില്ല.

## ഗ്രന്ഥഗവേഷണം.

ഇനിയും വളരെയധികം പ്രയത്നശക്തിയെ ആകർഷിയ്ക്കുന്ന ഒരു രംഗമാണിത്. പുരാതന കേരളത്തിലെ സാഹിത്യവ്യവസായികളുടെ എണ്ണവും നമുക്കു കിട്ടിക്കഴിഞ്ഞ ഗ്രന്ഥങ്ങളുടെ എണ്ണവും തമ്മിൽ ഇന്നും പൊരുത്തമില്ലാതെയാണിരിയ്ക്കുന്നത്. സംസ്കൃതത്തിലും മലയാളത്തിലുമായി ഉണ്ടായിട്ടുള്ള എത്രയോ ഗ്രന്ഥങ്ങൾ ഇനിയും തേടിപ്പിടിയ്ക്കേണ്ടതായിട്ടുണ്ട്. സാഹിത്യകൃതികൾ മാത്രമല്ല, ശാസ്ത്രീയ ഗ്രന്ഥങ്ങളും ഇവയുടെ കൂട്ടത്തിൽ പെടും. ലീലാതിലകത്തിലെ ഉദാഹരണപദ്യങ്ങളിൽ മിയ്ക്കതും സ്വതന്ത്രകൃതികളിൽ നിന്നെടുത്തവയാണ്. പക്ഷെ ആ കൃതികളെപ്പററി നമുക്കിന്നും യാതൊരെത്തുംപിടിയുമുണ്ടായിട്ടില്ല. "ആലത്തൂർ മാദിമണിപ്രവാളങ്ങ"ളും പയ്യന്നൂർ പാട്ടുകളുമൊക്കെ ചിതലിന്നിരയായിക്കഴിഞ്ഞുവോ അതോ വല്ല തട്ടിൻപുറങ്ങളിലും സൂര്യപ്രകാശമേല്ക്കാതെ കിടക്കുന്നുണ്ടോ ആവോ! കേരളത്തിലെങ്ങും പ്രചാരമുള്ള "കളംപാട്ടുകൾ" തനിയ്ക്കാദ്യമായി കാണാനിടവന്നതു ലണ്ടനിൽവെച്ചായിരുന്നുവെന്നു പ്രസിദ്ധഗവേഷകനായ ഡോക്ടർ ചേലനാട്ട് അച്യുതമേനോൻ ഒരവസരത്തിൽ പ്രാസംഗികമായി പ്രസ്താവിയ്ക്കുകയുണ്ടായി.

രണ്ടായിരവും രണ്ടായിരത്തഞ്ഞൂറും സംസ്കൃതഗ്രന്ഥങ്ങൾ തേടിപ്പിടിച്ചു പ്രസിദ്ധീകരണത്തിന്നു നല്കിയ കോടം

ഞ്ഞിനെയോ വിത്സനെയോപോലുള്ള, അല്ലെങ്കിൽ വേണ്ട, അതിൽ നാലിലൊന്നെങ്കിലും സംസ്കാരപ്രേമവും സഹിഷ്ണുതയുമുള്ള, ഒരൊററ ഗവേഷകനെങ്കിലും നമ്മുടെ ഇടയിലുണ്ടായിരുന്നെങ്കിൽ—! ചിതലിനോടും പാററയോടും പടവെട്ടി കൈരളിയുടെ അംഗങ്ങളെ സംരക്ഷിപ്പാൻ മുതിരുന്ന ആ ഭാഷാസ്നേഹിയെ എത്ര അകംനിറഞ്ഞ ആദരത്തോടെയായിരിക്കും ഭാവിയിലെ ഭാഷാഭിമാനികൾ അനുസ്മരിക്കുക!

ഗ്രന്ഥഗവേഷണത്തെക്കുറിച്ചുള്ള ഈ പ്രസ്താവത്തിൽ തന്നെ അപ്രധാനമല്ലാത്ത മറെറാരു സംഗതികൂടി ചൂണ്ടിക്കാണിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ പഴയ മുദ്രിതഗ്രന്ഥങ്ങളിൽ പലതിലും നിസ്സാരമല്ലാത്ത എത്രയോ പ്രമാദങ്ങളും പാഠഭേദങ്ങളുമുണ്ട്. ഇവയിൽ ചിലതു ഗ്രന്ഥമെഴുത്തുകാരുടെയും ചിലതു മുദ്രണാലയക്കാരുടെയും അശ്രദ്ധകൊണ്ടുണ്ടായതാണ്. വടക്കൻപാട്ടുകളെപ്പോലുള്ള ചില കൃതികളിൽ കടന്നുകൂടിട്ടുള്ള പ്രമാദങ്ങൾക്കും പാഠഭേദങ്ങൾക്കും അറുതിയില്ല. കൃഷ്ണഗാഥ, ജ്ഞാനപ്പാന തുടങ്ങി സാഹിത്യമൂല്യവും പ്രചാരപ്രാചുര്യവുമുള്ള ചില കൃതികളിൽപോലും വരികൾ വിട്ടുപോയതായും, പദങ്ങൾ രൂപാന്തരപ്പെട്ടതായും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ആദർശഗ്രന്ഥങ്ങൾ പരിശോധിച്ച മുദ്രിതപുസ്തകങ്ങളെ കൂററൻ ശുദ്ധീകരിക്കുന്നത് അപപാഠങ്ങളകററുന്നതിനുപുറമെ അവയുടെ കർത്താക്കളോടു നീതി പ്രവർത്തിപ്പാനും സഹായകമായിരിക്കും.

## സ്ഥലനാമഗവേഷണം.

സ്ഥലനാമങ്ങൾ നമ്മുടെ ശ്രദ്ധയെ വളരെയൊന്നും ആകർഷിച്ചിട്ടില്ല. എന്നാൽ ഗവേഷണത്തിനു ധാരാളം വക

യുള്ളതുമായ ഒരു വിഷയമാണ്. കേരളത്തിലെ പല സ്ഥലങ്ങളും സംസ്കൃതത്തിൽ മാത്രമല്ല, പാശ്ചാത്യഭാഷകളിൽ പോലും പ്രശസ്തി സിദ്ധിച്ചവയാണ്. വാല്മീകിരാമായണത്തിൽ പ്രസ്താവിച്ചുകാണുന്ന മുരചീപത്തനം കൊടുങ്ങല്ലൂരാണെന്നും ഗ്രീക്കുകാർ മുസ്സിരിസ് എന്നു പറഞ്ഞു പോന്നതു പ്രസ്തുത സ്ഥലത്തെത്തന്നെയാണെന്നും നാമെന്നു മിക്കവാറും സമ്മതിച്ചു കഴിഞ്ഞിരിയ്ക്കുന്നു. എന്നാൽ വാൽമീകി പറയുന്ന ജടാപുരമേതാണ്? പുരാതനകാലത്ത് അതിൻെറ പ്രശസ്തിയ്ക്കു കാരണമെന്തായിരുന്നു? തിരുവഞ്ചിക്കുളത്തെപ്പററി നാം നാലഞ്ചുകൊല്ലം മുമ്പു കുറെ വാദപ്രതിവാദം നടത്തുകയുണ്ടായി. ചരിത്രപ്രസിദ്ധമായ കൊടുങ്ങല്ലൂരിനെ തമിഴനാട്ടിലെ 'കരൂരാ'ക്കിമാററാൻ തമിഴരുടെ ദേശാഭിമാനം ഒരു ഗൂഢപരിശ്രമം നടത്തിനോക്കിയെങ്കിലും അതിൽ നമുക്കുതന്നെ ഒരു വിധം വിജയം നേടാൻ കഴിഞ്ഞു. ചേരത്തെ കേരളത്തിൽനിന്നു പുറമെക്കൊണ്ടുപോകാനാണ് അവരുടെ ശ്രമം.

അതിരിക്കട്ടെ. കേരളത്തിൽ എത്രയോ സന്ദേശകാവ്യങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു പക്ഷെ സംസ്കൃതസാഹിത്യത്തിൽ ഒട്ടാകെ ഉള്ള സന്ദേശകാവ്യങ്ങളിൽ ഭൂരിഭാഗവും കേരളത്തിൽ ഉണ്ടായിട്ടുള്ളവയാണെന്നുകൂടി പറയാം. സന്ദേശകൃതികളിൽ സ്ഥലനിർദ്ദേശം ഒഴിച്ചുകൂടാത്ത ഒന്നാണല്ലോ. നമ്മുടെ നാട്ടിലെ ഗ്രാമങ്ങളുടെ മലയാളപ്പേരുകൾ പലതും ഈ കവികൾ സ്വകൃതികളിൽ സംസ്കൃതീകരിച്ചു പ്രയോഗിച്ചിട്ടുണ്ട്. അവയിൽ പലതും ഇന്നവയാണെന്നറിവാൻ സാധിച്ചിട്ടില്ല. സ്ഥലനാമഗവേഷണംകൊണ്ടു

നമ്മുടെ പഴയ വിശ്വാസങ്ങളിൽ പലതും പുതുക്കാൻ സാധിച്ചേയ്ക്കും. സംസ്കൃതവിദ്യാർത്ഥികൾക്കു സുപരിചിതനും മല്ലിനാഥന്റെ പ്രതിദ്വന്ദ്വിയുമായ അരുണഗിരി (അണ്ണാമല) ഒരു തമിഴനായിരുന്നുവെന്നാണല്ലോ പരമ്പരാപ്രാപ്തമായ വിശ്വാസം. എന്നാൽ 'അരുണഗിരി' എന്നത് തിരുവിതാംകൂറിലെ ചെങ്ങന്നൂർ ആണെന്നും സുപ്രസിദ്ധനായ ആ വ്യാഖ്യാതാവ് തദ്ദേശീയനായ ഒരു ശൈവപ്പിള്ളയാണെന്നും ഒരു സന്ദർഭത്തിൽ ശ്രീ. ആററൂർ കൃഷ്ണപ്പിഷാരടി പറഞ്ഞതായി ഓർക്കുന്നു. നാരായണീയകർത്താവായ ഭട്ടപാദരുടെ ഇല്ലപ്പേര് 'മേപ്പത്തൂർ' എന്നാണെന്നാണ് സാധാരണ വെപ്പ്. എന്നാൽ സംസ്കൃതത്തിൽ പ്രസ്തുത ഇല്ലത്തെ 'ഉപരിനവഗ്രാമം' എന്നു നിർദ്ദേശിച്ചു കാണുന്നതിനാൽ ശരിയായ മലയാളപ്പേർ മേൽപ്പുത്തൂർ എന്നാണെന്ന് അടുത്തകാലത്തു മാത്രമേ നമുക്കു മനസ്സിലാക്കാൻ കഴിഞ്ഞുള്ളു.

സ്ഥലപ്പേരുകളെക്കുറിച്ചുള്ള ഈ പ്രസ്താവത്തിൽ അപ്രധാനമല്ലാത്ത, ചരിത്രപരമായി ധാരാളം പ്രാധാന്യമുള്ള ഒരു സംഗതികൂടി ചൂണ്ടിക്കാണിക്കട്ടെ: അത് ഉത്തരകേരളത്തിലെയും ദക്ഷിണകേരളത്തിലെയും സ്ഥലങ്ങളുടെ പേരുകൾക്കു തമ്മിൽ കാണുന്ന ആത്യന്തിക സാദൃശ്യമാണ്. തെക്കെ മലബാറിലുള്ള മിക്ക സ്ഥലനാമങ്ങളും വടക്കെ മലബാറിലുമുണ്ട്. ഇതു കേവലം യദൃച്ഛയാ സംഭവിച്ചതല്ല. ഈ സാദൃശ്യം ആദ്യത്തെ നാഗരികജനത മലബാറിൽ തെക്കുനിന്നു വടക്കോട്ടാണ് കുടിയേറിപ്പാർത്തു തുടങ്ങിയതെന്ന നിഗമനത്തിലാണ് നമ്മെ എത്തിയ്ക്കുന്നതു്. ആര്യവർഗ്ഗത്തിൽപ്പെട്ട നമ്പൂതിരിമാരാകട്ടെ വടക്കുനിന്നു തെക്കോട്ടു വ്യാപിച്ചു

പോന്നു എന്ന ഐതിഹ്യം ഇതുകൊണ്ട് അവിശ്വസനീയമായിത്തീരുന്നില്ലതാനും. യവനചരിത്രകാരന്മാരും മററും കേരളത്തിലെ പല പുരാതന പട്ടണങ്ങളെക്കുറിച്ചും പ്രസ്താവിച്ചിട്ടുണ്ട്. കച്ചവടപ്രാധാന്യമുള്ള ആ സ്ഥലങ്ങളെപ്പററിയും കൂടുതൽ അറിയേണ്ടതുണ്ട്.

## ഗ്രന്ഥകർതൃഗവേഷണം.

ഗ്രന്ഥങ്ങളില്ലാത്ത ഗ്രന്ഥകർത്താക്കളും ഗ്രന്ഥകർത്താക്കളില്ലാത്ത ഗ്രന്ഥങ്ങളും നമ്മുടെ ഭാഷയിൽ സുലഭമാണ്. ഈ അനാശാസ്യസ്ഥിതിയെ ആദ്യകാലങ്ങളിൽ തരണംചെയ്തുപോന്നത് പുസ്തകങ്ങളെ കവികളുടെ പേരിൽ കണ്ടമാനം പതിച്ചുകൊടുത്തിട്ടായിരുന്നു. പച്ചശൃംഗാരം മുഴുത്ത പദ്യങ്ങളും കൃതികളുമൊക്കെ ചേലപ്പറമ്പന്, ആദ്ധ്യാത്മികഗ്രന്ഥങ്ങളെല്ലാം എഴുത്തച്ഛന്, രാസിക്യം തുളുമ്പുന്നവ കുഞ്ചന്, രചനാസൗഷ്ഠവം തികഞ്ഞ ചമ്പൂപ്രബന്ധങ്ങൾ മഴമംഗലത്തിന്നു, പാണ്ഡിത്യത്തിന്റെ പരിമളം കലർന്നവ ഉണ്ണായി പ്രവൃത്തികൾക്കു; ഇങ്ങനെ ഒരു നയമാണ് ആദ്യകാലത്തെ സാഹിത്യചരിത്രകാരന്മാർ കൈക്കൊണ്ടുപോന്നത്. ഇതിന്റെ ഫലമായി, തീർത്താൽ തീരാത്ത വാദപ്രതിവാദങ്ങളും തെററിദ്ധാരണകളും ഉണ്ടായിത്തീർന്നു. നിരണം പണിക്കന്മാർ മുതൽക്കിങ്ങോട്ടുള്ള മിക്കവരെക്കുറിച്ചുമുണ്ട് വാദങ്ങൾ! പണിക്കന്മാർ മൂന്നുപേരെ ഉള്ളുവെന്നും അതല്ല നാലുപേരുണ്ടെന്നും അങ്ങനെ ഒരു വാദം. കുഞ്ചൻനമ്പ്യാരും രാമപാണിവാദനും ഒരാളാണെന്നും അല്ലെന്നുമുള്ള വാദമൊന്നങ്ങനെ. ചെറുശ്ശേരിയും പുനവും തമ്മിലുള്ള കുഴപ്പം വേറൊരുവിധം. ഈ കുഴപ്പങ്ങളെല്ലാം പരിഹരിക്കുന്നതിന്നു

നാം ഇനിയും എത്രയോ വിചാരശക്തി വിനിയോഗിക്കേണ്ടതായിട്ടുണ്ട്. ഇതുപോലെ ഗ്രന്ഥകൎത്താക്കളുടേയും ഗ്രന്ഥങ്ങളുടേയും കാലത്തെക്കുറിച്ചുമുണ്ട് വേണ്ടതിലധികം കെട്ടിമറിച്ചലുകൾ.

## ഗവേഷണം വികസിപ്പിക്കാൻ.

ഗവേഷണത്തിന്റെ തുറകളെ വേർതിരിച്ചുകാണിപ്പാൻ പൎയ്യാപ്തമായ വിധം അവയ്ക്കു ചില രൂപരേഖകൾ കൊടുപ്പാൻ മാത്രമാണ് ഈ പ്രസംഗത്തിൽ ഇതുവരെ ഉദ്യമിച്ചത്. ഓരോ തുറകളിലും ഇനിയും വളരെയധികം പരിശ്രമിക്കേണ്ടതായിട്ടുണ്ട്. ഈ പരിശ്രമം തികച്ചും ഫലപ്രദമാകണമെങ്കിൽ, വിശാലമായ ഈ മണ്ഡലത്തിൽ കഴിഞ്ഞ ഒന്നരണ്ടു ശതകങ്ങൾക്കിടയിൽ പാശ്ചാത്യരും പൌരസ്ത്യരുമായ ഗവേഷകന്മാർ എന്തെല്ലാം പ്രവൎത്തിച്ചിട്ടുണ്ടെന്നറിയുന്നത് അത്യാവശ്യമാണ്. ഇതിന്നു ഇംഗ്ലീഷിനെ ആശ്രയിക്കുകയല്ലാതെ യാതൊരു നിവൃത്തിയുമില്ല. മലയാളം മാത്രം പഠിച്ചിട്ടുള്ള ഒരാൾക്കു ഗവേഷണത്തിന്നു വേണ്ട പൂൎവ്വജ്ഞാനം സമ്പാദിപ്പാൻ ഇന്നു വഴിയൊന്നുമില്ല; ഈ സ്ഥിതി മലയാളികൾക്കൊട്ടുംതന്നെ അഭിമാനകരമല്ല എന്നുമാത്രമല്ല, നാമിതിനെ കഴിയുന്നവേഗം പരിഹരിക്കുകയും വേണ്ടിയിരിക്കുന്നു. ഇതിലേയ്ക്കുള്ള ഏകമാൎഗ്ഗം പാശ്ചാത്യഗവേഷകന്മാർ പല തുറകളിലും നടത്തിയ ഗവേഷണങ്ങളുടെ സാരാംശമെങ്കിലുമടങ്ങിയ ഗ്രന്ഥങ്ങൾ മലയാളത്തിൽ രചിക്കുകയാകുന്നു. നരവംശശാസ്ത്രം, ഭാഷാശാസ്ത്രം, നാണയവിജ്ഞാനീയം, ലിപിശാസ്ത്രം, കപാലലക്ഷണശാസ്ത്രം ഇവയെക്കുറിച്ചു ഭാഷയിൽ ഇന്നു എത്ര ഗ്രന്ഥങ്ങളാ

ണമല്ലത്? ഇംഗ്ലീഷിനെത്തന്നെ ഇനിയും ആശ്രയിച്ചുകൂടേ എന്നാണ് ചോദിക്കുന്നതെങ്കിൽ, ഇംഗ്ലീഷിൻെറ പ്രാധാന്യം കാലക്രമേണ നാമാവശേഷമായിപ്പോകുമെന്നുള്ള കാര്യത്തിൽ സംശയത്തിന്നവകാശമില്ല. അതിനാൽ ഗവേഷണവിദ്യാർത്ഥിയ്ക്കു വേണ്ട പുസ്തകങ്ങളൊന്നം ഭാഷയിൽക്കൂടിത്തന്നെ ലഭിയ്ക്കുമാറാകേണ്ടിയിരിയ്ക്കുന്നു.

കേരളത്തെയും കൈരളിയെയും സംബന്ധിച്ചേടത്തോളം ഗവേഷണത്തിന്നു പ്രാധാന്യം കല്പിച്ചുകൊണ്ടുള്ള ഒരു മാസികയുടേയോ മറ്റെതെങ്കിലും തരത്തിലുള്ള ആനുകാലികപ്രസിദ്ധീകരണത്തിൻെറയോ ആവശ്യം ഇന്നും അവശേഷിയ്ക്കുന്നതേയുള്ളു. സാഹിത്യപരിഷത്തിൻെറ മുഖപത്രം ഈ വിഷയത്തിൽ കുറെക്കൂടി ശ്രദ്ധിയ്ക്കണമെന്നു പലർക്കും അഭിപ്രായമുണ്ട്. പഴയകാലത്ത് ഗവേഷണപരമായി പ്രസ്തുത പ്രസിദ്ധീകരണം മഹാകവി ഉള്ളൂരിൻെറ ആഭിമുഖ്യത്തിൽ ചെയ്ത സേവനങ്ങളെ നമുക്കു വിസ്മരിച്ചുകൂടാ.

കേരളത്തിന്നവകാശപ്പെട്ട, കേരളത്തിൻെറ ചരിത്രപരവും സാഹിത്യപരവുമായ വശങ്ങളെക്കുറിച്ചു ഗവേഷണം നടത്താൻ സഹായിയ്ക്കുന്ന, പല പ്രാക്തന വസ്തുക്കളും ഇന്ത്യാഹൌസിലും ലണ്ടൻ കൌതുകാഗാരത്തിലുമുണ്ട്. ഇന്ത്യയും ഇംഗ്ലണ്ടുമായുള്ള ഭരണബന്ധം അററു കഴിഞ്ഞ സ്ഥിതിക്കു അതൊക്കെ നമുക്കുതന്നെ തിരികെ കിട്ടേണ്ടിയിരിയ്ക്കുന്നു. പുരാതന വസ്തുക്കൾ എന്തുതന്നെയായാലും ഗവേഷകന്നു ഏററവും വിലപിടിച്ച സമ്പത്തുക്കളാണ്. യൂറോപ്പിലെ മററു പല കൌതുകാഗാരങ്ങളിലും ഇത്തരം പുരാതനവസ്തുക്കൾ ഉണ്ടായേക്കാനിടയുണ്ട്. കാരണം മതപ്രചാ

രണത്തിന്നും മററാവശ്യങ്ങൾക്കുമായി കേരളവുമായി പല യൂറോപ്യൻ രാജ്യക്കാരും കഴിഞ്ഞ ഏതാനും ശതകങ്ങളിൽ ബന്ധം പുലർത്തിയിരുന്നുവല്ലോ. ഈ വഴിയ്ക്കും അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്.

ഗവേഷണപ്രസ്ഥാനം വീണ്ടും വികസിപ്പിയ്ക്കുകയാണെങ്കിൽ അതിപ്രധാനമായ ഒരു സംഗതിയിൽ നാം പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടിയിരിയ്ക്കുന്നു. ഗവേഷണത്തിന്റെ ലക്ഷ്യം സത്യാവിഷ്കരണമാണ്. സങ്കുചിതമായ പ്രാദേശികമനോഭാവത്തിന്നോ വർഗ്ഗീയാഭിമാനത്തിന്നോ അതിൽ പ്രസക്തിയില്ല. അതീതകാലം അഭിമാനാർഹമല്ലെങ്കിൽക്കൂടി നാം അതിനെ യഥാവിധം തന്നെ പ്രകാശിപ്പിച്ചേ കഴിയൂ. ഭാവിയിലേയ്ക്കുള്ള നമ്മുടെ പ്രയാണത്തെ അത് ഒരു വിധത്തിലും വിളംബിപ്പിയ്ക്കരുത്. എന്നു വെച്ചാൽ പുരോഗമനോന്മുഖമായ ഒരു വീക്ഷണകോണത്തെ മുൻനിർത്തിയാകണം എല്ലാ തുറകളിലേയും ഗവേഷണമെന്നർത്ഥം. മാക്സ്മുള്ളറെയും അനുയായികളെയും ദേശീയമനോഭാവത്തിന്നും അന്തർമ്മുഖതയ്ക്കും വഴി തുറന്നിട്ടു എന്ന കാരണം പറഞ്ഞു കററപ്പെടുത്തുന്ന ചില ഗവേഷകന്മാരുണ്ട്; അവരുടെ വാദങ്ങളെ ഖണ്ഡനരൂപത്തിലോ മണ്ഡനരൂപത്തിലോ നേരിടാൻ ഈ പ്രകൃതം ഞാൻ വിനിയോഗിയ്ക്കുന്നില്ല.

# പലതരം മലയാളങ്ങൾ

മാപ്പിളമലയാളം, പാതിരിമലയാളം, കൊങ്ങേൻമലയാളം, ഗവൎമ്മെണ്ടുമലയാളം, തെരുവുമലയാളം, അധഃകൃതമലയാളം ഇതൊക്കെയാണ് നമ്മുടെ ഭാഷയുടെ രൂപവൈകൃതങ്ങൾ. ഇവയിലോരോന്നിന്റെയും സ്വഭാവത്തെക്കുറിച്ചു് ചിന്തിക്കുന്നതു് ഭാഷാശാസ്ത്രവിദ്യാൎത്ഥികൾക്കു മാത്രമല്ല സാധാരണന്മാൎക്കും രസാവഹമായിരിക്കും. ആദ്യം മാപ്പിളമലയാളത്തിന്റെ സ്വരൂപവും സ്വഭാവവുമെന്തെന്നു് പരിശോധിക്കാം. എന്നാൽ അതിന്നു മുമ്പായി ഭാഷാശാസ്ത്രപരമായ, പ്രത്യേകിച്ചും ഉച്ചാരണപ്രകരണത്തെസ്സംബന്ധിച്ച ഒരു സംഗതി ഇവിടെ ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

ദേശഭേദമോ ജനതയുടെ സാംസ്കാരികമായ ഉച്ചനീചത്വമോ അനുസരിച്ച് ഏതു ജീവൽഭാഷയ്ക്കും ഒന്നിലധികം 'പ്രാകൃതരൂപ'ങ്ങളുണ്ടായിരിക്കും. സംസ്കൃതത്തിന്നു തന്നെ പിൽക്കാലത്തു എത്രയെത്ര പ്രാകൃതങ്ങളാണുണ്ടായതു്! ഓരോ പ്രാകൃതരൂപവും വ്യക്തിത്വത്തോടുകൂടി വികസിച്ചു് പിന്നീട് സ്വതന്ത്രഭാഷകളായിത്തീരുന്നതു് സാധാരണമാണ്. ഭാഷാതാരതമ്യശാസ്ത്രത്തിന്റെ സഹായത്തോടുകൂടി ഭാഷാപ്രപഞ്ചത്തിലെ 'നാനാത്വ'ത്തിൽ 'ഏകത്വം' ദർശി

പ്പാൻ ഗവേഷകന്മാർക്ക് കഴിയും. ഈ വിഷയത്തിൽ ആധുനിക പണ്ഡിതന്മാർ സദ്ധരം മുന്നോട്ട് പോയിട്ടുണ്ട്.

മലയാളത്തിന്നുമുണ്ട് വ്യക്തിത്വം പ്രാപിച്ച കഴിഞ്ഞിട്ടില്ലാത്ത പല തരം ഉപഭാഷകൾ. വടക്കൻ മലയാളം, തെക്കൻ മലയാളം, പഴയ മലയാളം, പുതിയ മലയാളം എന്നീ ഉപഭാഷകൾ പണ്ടേ അംഗീകരിക്കപ്പെട്ടുകഴിഞ്ഞതാണ്. വരമൊഴിയിൽ ഇവയുടെ വിഭാജകരേഖ—വടക്കൻ മലയാളത്തിന്റെയും തെക്കൻ മലയാളത്തിന്റെയും—മിക്കവാറും മാച്ചപ്പെട്ടുകഴിഞ്ഞിട്ടുണ്ടെങ്കിലും, വാമൊഴിയിൽ അതു് ഇന്നും നിലനിന്നുപോരുന്നുണ്ട്. മാത്താണ്ഡത്തിലെ മാത്തുപ്പിള്ളയും പൊന്നാനിയിലെ പോക്കറും തമ്മിൽ നാട്ടുവത്തമാനം പറവാൻ തുടങ്ങിയാൽ ഒരു ദ്വിഭാഷിയുടെ സഹായമുണ്ടെങ്കിലേ അവർക്ക് അന്യോന്യം ഹൃദയം മനസ്സിലാക്കാൻ കഴിയൂ. അത്രയുണ്ട് ഇരുകൂട്ടരുടെയും വാമൊഴികൾ തമ്മിലുള്ള അന്തരം. വിദ്യാഭ്യാസവും സാഹിത്യപരിചയവും സാർവ്വജനീനമാകുന്നതുവരെയും ഇതു് അടച്ചുപ്പെടാൻ കഴിയാത്ത ഒരു വിടവായിത്തന്നെ അവശേഷിക്കും.

ഒരു ഭാഷയുടെ ഉച്ചാരണരീതിക്കും അതു് സംസാരിക്കുന്ന ജനതയുടെ സ്വഭാവത്തിനും തമ്മിൽ മാത്സ്യാന്യോന്യപരമായ ഒരു ബന്ധമുണ്ട്. ക്ലേശസഹിഷ്ണുതയും കർമ്മോന്മുഖതയും മാനസികമായ അച്ചടക്കവുമുള്ള ഒരു ജനതയുടെ ഉച്ചാരണരീതിയ്ക്കു സ്ഫുടതയും വ്യക്തിത്വവും നിഷ്കൃഷ്ടയും കൂടിയിരിക്കും. സംസ്കൃതഭാഷ ഈ വിഷയത്തിൽ സാമാന്യം മുന്നണിയിലാണ് വത്തിക്കുന്നതു്. സംസ്കൃതത്തോടുള്ള സമ്പർക്കം ശുദ്ധ മലയാളത്തെയും ഏറെക്കുറെ ഈ നിലയിലെ

തിച്ചിട്ടുണ്ടു്. ജ്യേഷ്ഠൻ, കനിഷ്ഠൻ, ഗ്രാമം, നഖം, മുഖം മുതലായ നിത്യപ്രയോഗപദങ്ങൾപോലും സംസ്കൃതത്തിൽ എത്രയധികം ക്ലേശത്തോടുകൂടിയാണ് ഉച്ചരിക്കേണ്ടതെന്ന് നോക്കുക. ജ്യേഷ്ഠനെ ചേട്ടനും ഏട്ടനും ആക്കി മാററിയതിൽ ആര്യാംഗ്ലന്മാരെ അപേക്ഷിച്ച് ശുദ്ധ മലയാളക്കാരന്റെ പ്രയത്നവൈമുഖ്യം മുഴച്ചുകാണാം.

മാപ്പിളമാരുടെ ജീവിതവീക്ഷണത്തെസ്സംബന്ധിച്ചിടത്തോളം മർമ്മപ്രധാനമായ ഒരു സംഗതി അവർ ജീവിതത്തിന്നു നൽകുന്ന പ്രായോഗികപ്രാധാന്യമത്രെ. ഊണിലും ഉടുപ്പിലും ആചാരത്തിലും എന്നുവേണ്ട എല്ലാററിലും കാണാം പ്രായോഗികതയ്ക്കു കല്പിച്ച പ്രാധാന്യം. ഈ സ്വഭാവം ഭാഷകൊണ്ടു കൈകാര്യം ചെയ്യുന്നതിലും അവർ പ്രദർശിപ്പിക്കാതിരിക്കുന്നില്ല. ഏതു പദത്തിന്നും ഏററവും എളുപ്പമായ ഉച്ചാരണരീതിയേതോ അതു് അവർ വാമൊഴിയിൽ സ്വീകരിക്കുന്നു. വാഴപ്പഴത്തെ വായപ്പയവും മേഷവിഷുവെ മേസവിസുവുമാക്കുമ്പോൾ ഉച്ചാരണം എത്ര സുകരമായിത്തീരുന്നുണ്ടെന്നു നോക്കുക. ക്ലേശിച്ചുച്ചരിക്കേണ്ട പദങ്ങളുടെ സ്ഥാനത്തു സുപരിചിതമായ അറബിഭാഷാപദങ്ങളുപയോഗിക്കുന്നതിലും നൂതനപദങ്ങൾ വാർത്തെടുക്കുന്നതിലും അവർ പ്രദർശിപ്പിക്കുന്ന താല്പര്യം പലപ്പോഴും പ്രശംസനീയമാകാറുണ്ടു്. നവീനവിദ്യാഭ്യാസവുമായി അത്രയേറെ ഇടപഴകാത്ത ഉൾനാടന്മാരുടെ സംഭാഷണത്തിൽ മാപ്പിളമലയാളത്തിന്റെ ഏററവും നല്ല മാതൃക നമുക്കു കാണാം. അഭ്യസ്തവിദ്യർ തന്നെയും സാഹിത്യഭാഷയിൽ സംസാരിക്കുമ്പോൾ,

സംവൃതവിവൃതസ്വരങ്ങളുടെ ഉച്ചാരണത്തിൽ ധാരാളം കുഴപ്പമുണ്ടാക്കിത്തീക്കാറുണ്ട്.

മാപ്പിളമലയാളത്തിന്നു് ഉരുത്തിരിഞ്ഞുവരുന്ന ഒരു സാഹിത്യസമ്പത്തുണ്ട്. മുന്നൂറുനാനൂറു കൊല്ലമായി അല്പാല്പമായിട്ടാണെങ്കിലും അതിലേക്കു മുതൽ കൂട്ടിക്കൊണ്ടുവരികയാണ്. മലയാളചരിത്രത്തിൽ മായ്ക്കാൻവയ്യാത്ത പല അദ്ധ്യായങ്ങളും എഴുതിച്ചേർത്തവരാണ് മാപ്പിളവീരന്മാർ എന്ന വസ്തുത വിസ്മരിച്ചുകൂടാ. സജീവങ്ങളും സംഘട്ടനപ്രധാനങ്ങളുമായ അത്തരം ജീവിതങ്ങൾ സമുത്തേജകമായ സാഹിത്യസൃഷ്ടികൾക്കു പ്രചോദനം നൽകിയില്ലെങ്കിൽ മാത്രമേ അത്ഭുതപ്പെടുവാനുള്ളു. ഭാഗ്യവശാൽ ഭാവഭംഗിയും കലാസൌന്ദര്യവും കലന്ന എത്രയോ നല്ല ഗാനങ്ങൾ—ഗീതകപ്രായത്തിലുള്ള പ്രണയഗാനങ്ങൾ മുതൽ മഹാകാവ്യങ്ങൾ വരെ—മാപ്പിളമലയാളത്തിലുണ്ടായിട്ടുണ്ട്. സാംസ്കാരികമായ വ്യത്യസ്തതയെക്കാളേറെ, ഭാഷാപരമായ വിജാതീയതയാണ് മാണ്ണുന്ന മാപ്പിളപ്പാട്ടുകളെ മററു മലയാളികളിൽനിന്നു് അകററിനിർത്തുന്നതു്. ഗാനങ്ങളിലെ മാപ്പിളമലയാളത്തിന്നു് ഏതാണ്ടൊരു 'അവിയൽ ഭാഷ'യുടെ മട്ടുണ്ട്. അർത്ഥക്ലിഷ്ടിയും വ്യാകരണശുദ്ധിയും മതിയാവാത്ത സംസ്കൃതപദങ്ങൾക്കു പുറമേ തമിഴ്, അറബിക്, പേർഷ്യൻ, ഉറുദു എന്നീ ഭാഷകളിലെ പദങ്ങളും ഗാനങ്ങളിൽ സുലഭമായി കാണാം. ചുരുക്കത്തിൽ മാപ്പിളമലയാളത്തിൽ അലിഞ്ഞുചേരാത്ത അന്യഭാഷാപദങ്ങൾ വേറെ കാണുമോ എന്നു സംശയമാണ്.

മാപ്പിളപ്പാട്ടുകൾ മലയാളികൾ പരക്കെ പാരായണം ചെയ്യപ്പെടേണ്ടവയാണ്. വിശേഷോത്തരമായ പ്രേമഗാന

ങ്ങൾക്കു വിളിപ്പെടാറ അറബിസാഹിത്യവുമായുള്ള ആത്യന്തിക സമ്പർക്കം മാപ്പിളമലയാളത്തിൽ മനോഹരമായ പല പ്രണയഗാനങ്ങളും ഉളവാകാൻ ഇടയാക്കീട്ടുണ്ട്. കലാപ്രേമികളായ മാപ്പിളപണ്ഡിതന്മാർ തന്നെവേണം അത്തരം ഗാനങ്ങളെ സമാഹരിച്ച് സമസ്തകേരളീയജനതയുടെ കൈകളിൽ സമർപ്പിക്കുവാൻ. മാപ്പിളപ്പാട്ടു രീതികൾ ഇന്ന് അല്ലാല്ലമായി മററു കവികളും സ്വീകരിച്ചുവരുന്നതായി കാണുന്നുണ്ട്. ഇതു് ബഹുധാ ആശാവഹമായിട്ടുള്ളതത്രെ. കേകയും കാകളിയും ഓമനക്കുട്ടനും മററും കേട്ടുമടുത്തുകഴിഞ്ഞ മലയാളികൾക്കു എന്തുകൊണ്ട് മധുരശ്രാവങ്ങളായ കുറെ 'മാപ്പിളപ്പാട്ടു വൃത്തങ്ങൾ'കൂടി സ്വീകരിച്ചുകൂടാ?

പാതിരിമാർ നമ്മുടെ നാട്ടിന്നും ഭാഷയ്ക്കും ചെയ്തിട്ടുള്ള നന്മകളെ ആദരപുരസ്സരം സ്മരിച്ചുകൊണ്ടുതന്നെയാണ് ഇവിടെ പാതിരിമലയാളത്തെക്കുറിച്ച് ചിലതെല്ലാം പറവാൻ പോകുന്നതു്. പ്രസ്തുതമലയാളത്തിന്നു കുറച്ചുകാലത്തോളം കേരളത്തിലെങ്ങും അമിതമായ പ്രചാരം സിദ്ധിക്കുകയുണ്ടായി ഇതിന്നു പല കാരണങ്ങളുമുണ്ട്. ഒന്നാമതു് ഇന്നാട്ടിൽ നവീനവിദ്യാഭ്യാസം പ്രചരിപ്പിച്ചതു് അവരാണ്. അതിലേക്കുവേണ്ട പാഠപുസ്തകങ്ങൾ രചിച്ചതും അവരത്രെ. വ്യവസായശാലകളും മററും പലേടത്തും സ്ഥാപിച്ചതുകൊണ്ടു സാധാരണന്മാരുമായി അടുത്തിടപെടാനും അവർക്കു കഴിഞ്ഞു. ഇങ്ങനെ പഠിച്ചവരുടെയും പഠിക്കാത്തവരുടെയും ഇടയിൽ—ചുരുങ്ങിയതു് തങ്ങൾ പാർപ്പുറപ്പിച്ച പട്ടണപ്രദേശങ്ങളിലെങ്കിലും—ഭാഷാപരമായി ഒരു വ്യതിയാനമുണ്ടായി. ബൈബിൾ തർജ്ജിമചെയ്തതോടെ കൃസ്ത്യാനികളുടെ ഇടയിൽ അരിപ്പല 'പാതിരിമലയാളം' രൂഢമൂലമായിത്തീർന്നു.

എന്താണ് ഈ സവിശേഷമലയാളത്തിന്റെ സ്വഭാവം? പാതിരിമാർ വിദേശീയരായിരുന്നുവല്ലോ. അവർ സാധാരണ മറുനാട്ടുകാരെപ്പോലെ ഇവിടത്തുകാരുമായി സഹവസിച്ചു സംഭാഷണം ചെയ്തുമല്ല മലയാളം പഠിച്ചതു്. ഭരണാധികാരികളുടെ വർഗ്ഗക്കാരും പരിഷ്കൃതരുമാണെന്ന വിചാരം സാധാരണക്കാരുമായി നേരിട്ടു ഇടപെടുന്നതിൽനിന്നും അവരെ വിലക്കിനിർത്തി. പഴയ ഗ്രന്ഥങ്ങൾ പരിശോധിച്ച് ശാസ്ത്രീയമായ രീതിയിലാണ് അവർ മലയാളം പഠിച്ചതു്. ലോകത്തിന്റെ ഇതരഭാഗങ്ങളിൽ എത്തിച്ചേർന്ന പാതിരിമാരടക്കമുള്ള മററു യൂറോപ്യന്മാരും തദ്ദേശങ്ങളിലെ ഭാഷകൾ അഭ്യസിച്ചതു് ഈ വിധത്തിൽത്തന്നെയായിരുന്നു. സാംസ്കാരികമായ ഒരു നവോത്ഥാനഘട്ടത്തിലാണ് അന്യരാജ്യങ്ങളിലെന്നപോലെ ഇവിടെയും യൂറോപ്യന്മാർ എത്തിച്ചേർന്നതു്. ഗവേഷണപരമായ ഭാഷാശാസ്ത്രവും ഭാഷാതാരതമ്യശാസ്ത്രവും അന്നു വികസിച്ചുവരികയായിരുന്നു. ഇതിന്നു് സഹായകമാകണമെന്ന വിചാരത്തോടുകൂടിയാണ് ഇവിടെയും പാതിരിമാർ ഭാഷാപഠനത്തിന്നുത്സുകരായതു്. അതത്രെ ഗുണ്ടർട്ട്, കെററിൽ, കാൾഡ്വെൽ, ബർണ്ണൽ തുടങ്ങി ദക്ഷിണേന്ത്യൻ ഭാഷകളിൽ പ്രത്യേകം പാടവം നേടിയ പല പണ്ഡിതന്മാരെയും നമുക്ക് ലഭിപ്പാൻ ഇടയാക്കിയതു്.

പാതിരിമലയാളത്തിന്റെ ഒരു പ്രത്യേകത അതിന്റെ വിദേശീയച്ചുവയാണ്. പ്രാചീനഗ്രന്ഥങ്ങളിലെ പ്രയോഗരീതികളിൽ പലതിനെയും, സംഭാഷണഭാഷയിൽ അവ ലുപ്തപ്രചാരങ്ങളായെങ്കിലും, പാതിരിമാർ ശാസ്ത്രീയമാടനഥാന

ത്തിൽ വീണ്ടും പ്രചരിപ്പിക്കുവാൻ തുടങ്ങി. 'എന്നാറെ അവൻ പറഞ്ഞതാവിതു്: നീയല്ലൊ മററ ഭാഗ്യവാൻ. നീ നിമിത്തം നിന്റെ പ്രജകൾ അഭിവൃദ്ധിയുള്ളവരായാരല്ലൊ.' ഇങ്ങനെയുള്ള പ്രയോഗങ്ങളെ ആധുനികന്മാർ അവജ്ഞയോടുകൂടി വീക്ഷിക്കുന്നപക്ഷം അതിന്നാവരെ കുററംപറഞ്ഞിട്ടു ഫലമില്ല. പാശ്ചാത്യഭാഷകളിലെ പ്രയോഗരീതികളിൽ ചിലവയെ തങ്ങളുടെ 'ശാസ്ത്രീയമലയാള'ത്തിൽ വെച്ചുകെട്ടാൻകൂടി തുടങ്ങിയപ്പോൾ, പാതിരിമലയാളം പരിഹാസാർഹമാകത്തക്കവിധം വിരൂപമായിത്തീൎന്നു.

കേരളത്തിൽ ദേശീയബോധം ഉണൎന്നുവശായതോടെ പാതിരിമലയാളത്തിന്റെ പ്രചാരം കുറവാൻ തുടങ്ങി. പഴയ പദ്യപുസ്തകങ്ങളുടെ സ്ഥാനത്തു് ശുദ്ധമലയാളികൾ എഴുതിയ പുസ്തകങ്ങൾ കടന്നുകൂടി; വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുക്കളും കേരളീയർതന്നെ നിൎമ്മിപ്പാൻ തുടങ്ങി. ഗദ്യസാഹിത്യത്തിലും പുരോഗമനോന്മുഖമായ ചില ചലനങ്ങൾ പ്രത്യക്ഷപ്പെട്ടു. ഇതോടുകൂടി പാതിരിമലയാളത്തിന്നു പിന്മാറാതെ നിവൃത്തിയില്ലെന്നായിത്തീൎന്നു. പ്രസ്തുതമലയാളം ഇന്നു എങ്ങാനും അവശേഷിക്കുന്നുണ്ടെങ്കിൽ അതു് ബാസൽമിഷ്യൻകാരുടെ ബൈബിളിലും തർജ്ജമയിലും അതു നിത്യപാരായണം ചെയ്യുന്നവരിലും മാത്രമാണ്.

മാപ്പിളമലയാളത്തെപ്പോലെ പാതിരിമലയാളവും ചില വിദേശീയഗാനവൃത്തങ്ങളെ ഭാഷയ്ക്കു സമ്മാനിക്കുകയുണ്ടായി. എന്നാൽ അവയ്ക്കു ഒട്ടും പ്രചാരം ലഭിക്കുകയുണ്ടായില്ല. ക്രിസ്തുദേവനെസ്സംബന്ധിച്ച ചില ഗാനങ്ങളും ഈശ്വരപ്രാൎത്ഥനകളും ആ വൃത്തങ്ങളിൽ എഴുതപ്പെട്ടിട്ടുണ്ട്. ഇ

ങ്ങട്ടതന്നെയും ചില ഗാനങ്ങൾ അത്തരം വൃത്തങ്ങളിൽ എഴുതിയതായി കാണുന്നു. പക്ഷെ അതൊന്നും പള്ളിയുടെ പരിസരങ്ങളിൽ നിന്നു മറുനാട്ടു പോരുകയുണ്ടായില്ല.

വെറും ഉച്ചാരണരീതികൊണ്ടു തന്നെ വേർതിരിച്ചറിയാവുന്നതാണ് കൊങ്ങൻമലയാളം അല്ലെങ്കിൽ പട്ടരുമലയാളം. ശുദ്ധ മലയാളക്കാരൻെറ അനുനാസിക നകാരങ്ങളെല്ലാം പട്ടരുമലയാളത്തിൽ വർത്സ്യങ്ങളായിരിക്കും. രണ്ടിനെ രെണ്ടെന്നു പറഞ്ഞാലെ അവർക്കു തൃപ്തിയാവൂ. അശ്രുതപൂർവ്വങ്ങളായ സംസ്കൃതപദങ്ങളും തമിഴുപദങ്ങളും സംഭാഷണത്തിൽ സുലഭമായി കാണും. ഭാഷയുടെ അലങ്കാരഭംഗിയേക്കാൾ ആശയവൈശദ്യത്തെയാണ് കൊങ്ങൻമലയാളം കൂടുതൽ മാനിക്കുന്നതു്. അതുതന്നെയാണ് ഇംഗ്ലീഷുപദങ്ങൾ ഇടകലർത്തി സംസാരിക്കുന്നതിൽ കൊങ്ങൻമലയാളക്കാർ അധികം അഭിരുചി പ്രദർശിപ്പിക്കുന്നതു്. നല്ല രീതിയിൽ പറയുകയല്ല, പറഞ്ഞതിനെ നല്ലപോലെ നിങ്ങളെ ധരിപ്പിക്കയാണ് അവരുടെ ഉന്നം.

ഇംഗിതം അന്യരെ അറിയിക്കുകയാണ് ഭാഷയുടെ ഉദ്ദേശ്യം. ഏതു ഭാഷയും, അതു എത്രതന്നെ അപരിഷ്കൃതമാകട്ടെ, ആ ഉദ്ദേശ്യം ഏറെക്കുറെ നിർവ്വഹിക്കുന്നുമുണ്ടു്. എന്നാൽ ഗവർമ്മേണ്ടുമലയാളത്തിൻെറ സ്ഥിതി നേരെ മറിച്ചാണ്. ഭാഷയ്ക്കു അങ്ങനെ ഒരു ലക്ഷ്യംതന്നെയില്ലെന്നുതോന്നും ഗവർമ്മേണ്ടുമലയാളം വായിച്ചാൽ. ഭാവത്തിന്നും രൂപത്തിന്നും തമ്മിൽ ഇത്രയും പൊരുത്തമില്ലാത്ത ഒരു സൃഷ്ടിക്കു വിശ്വാമിത്രൻപോലും സമർത്ഥനാകുമോ എന്നാണ് സംശയം. ഗവർമ്മേണ്ടിൻെറ അതാതു കാലത്തെ അറിയിപ്പുകൾ മേല-

ധികാരിമാർ കീഴിലുള്ളവക്കു നൽകുന്ന കല്പനകൾ, പട്ടികകളുടെയും മററും തലക്കുറിപ്പുകൾ ഇവയുടെയൊക്കെ സാരം വ്യക്തമായി മനസ്സിലാകണമെങ്കിൽ ദേവഭാഷയോ മാനുഷഭാഷയോ തിര്യക്ഭാഷയോ എന്തെല്ലാമാണ് പഠിക്കേണ്ടതെന്നു ഈശ്വരനു മാത്രമേ അറിഞ്ഞുകൂടു. ആശയവുമായി ഒരു അടുപ്പവുമില്ലാത്ത പദങ്ങൾ; അന്വയിക്കാത്ത വാക്യങ്ങൾ; ചുരുക്കത്തിൽ തുടക്കവും ഒടുക്കവുമില്ലാതെ പരബ്രഹ്മം പോലെ തികച്ചും അജ്ഞേയമായ ഒരു പദസഞ്ചയം. മലയാളത്തിന്നു മാത്രമല്ല മിക്ക ഇന്ത്യൻഭാഷകൾക്കുമുണ്ട് ഇത്തരം ഗവമ്മേണ്ടു മാതൃകകൾ. ഭരണകൂടം പ്രാദേശിക ഭാഷകളെ അവഗണിച്ചതിൻെറ ദാരുണഫലമാണ് ഈ വികൃതസൃഷ്ടികൾ. ഇംഗ്ലീഷുഭാഷയുടെ ഏററവും അഭിജാതമായ രൂപത്തെ ആംഗലേയർ 'കിങ്ങ്സ് ഇംഗ്ലീഷ്' എന്നു വിളിക്കുന്നു. രാജകീയ ഭാഷയോട്—ഗവമ്മേണ്ടു ഭാഷയോട്—അന്നാട്ടുകാർക്കുള്ള ആദരം അത്ര അധികമാണ്. എന്നാൽ നമ്മുടെ ഗവമ്മേണ്ടുമലയാളത്തിൻെറ സ്ഥിതിയോ?

പലതരക്കാരും പല ഭാഷക്കാരും അനവരതം വന്നും പോയും കൊണ്ടിരിക്കുന്നുവെന്നതു് പട്ടണങ്ങളുടെ ഒരു പ്രത്യേകതയാണല്ലൊ. സാംസ്കാരികമായ ഉച്ചനീചത്വങ്ങൾ അത്രയേറെ പ്രത്യക്ഷപ്പെട്ടു കാണുന്ന സ്ഥലവും വേറെയില്ല. ഇതിൻെറയെല്ലാം ഫലമായി പട്ടണങ്ങളിലെ-തെരുവിലെ-ഭാഷയ്ക്കു ചില വൈചിത്ര്യങ്ങൾ സഹജമായുണ്ടു്. ശരിയ്ക്കും അതൊരു അവിയൽഭാഷയാണ്. പലതരം സാംസ്കാരങ്ങളുടെയും പ്രാതിനിധ്യം വഹിക്കുന്ന പദങ്ങളും പ്രയോഗരീതി

കളും പട്ടണമലയാളത്തിൽ കാണാം. അതു അനുദിനമെന്നപോലെ വളൎന്നുകൊണ്ടിരിക്കുന്നു; ആശയപ്രകാശനത്തിന്നു പുതിയതരം സാങ്കേതിക രീതികൾ കൈക്കൊള്ളുന്നു. അതിയാഥാൎത്ഥ്യപ്രസ്ഥാനക്കാരായ പുരോഗമനസാഹിത്യക്കാൎക്കു തെരുവുമലയാളത്തോടു വലിയ പ്രേമമാണു്.

ഇനിയത്തെ വിഭാഗം അധഃകൃതമലയാളമാണു്. മലയരുടെയും കാടന്മാരുടെയും ഭാഷ. ബഹുധാ ഗവേഷണാൎഹമായ ഒന്നാണു് ഇതു്. ഭാഷാശാസ്ത്രപരമായ പല തത്വങ്ങളും ഇതിനെക്കുറിച്ചു ഗവേഷണം നടത്തുന്നതുകൊണ്ടു ഗ്രഹിപ്പാൻ കഴിയും. ചരിത്രവസ്തുതകളിലും നരവംശശാസ്ത്രപരമായ സംഗതികളിലും കുറെയൊക്കെ പ്രകാശം പൊഴിച്ചുകൂടായ്കയില്ല. മൂലദ്രാവിഡഭാഷയുടെ സ്വഭാവം ആരാഞ്ഞറിഞ്ഞു മലയാളത്തിന്നു് അതിനോടുള്ള അടുപ്പം ഏതു തരത്തിലുള്ളതാണെന്നു് നിൎണ്ണയിക്കുന്നതിന്നു ദക്ഷിണേന്ത്യയിലെ എല്ലാ അപരിഷ്കൃതഭാഷകളിലെയും നിത്യോപയോഗപദങ്ങൾ ശേഖരിക്കുന്നതും മററു കാട്ടുഭാഷകളുമായി ഒരു താരതമ്യപഠനം നടത്തുന്നതും നന്നായിരിക്കും. എന്നാൽ ശ്രമാവഹമായ ഇത്തരം കാൎയ്യങ്ങളിലേക്കു ശ്രദ്ധ തിരിപ്പാൻ ഒരുക്കമുള്ളവർ എത്ര പേരുണ്ടാകും?

# ആദിദ്രമിഡരുടെ സംസ്കാരപരിചയം

ഒരുകാലത്തു് നമ്മുടെ ധാരണ ദ്രാവിഡഭാഷ സംസാരിക്കുന്നവരെല്ലാം ദ്രാവിഡരാണെന്നായിരുന്നു. ഭാഷാശാസ്ത്രകാരന്മാരാണു് ഇങ്ങനെ ഒരു അഭിപ്രായം ആദ്യമായി ആവിഷ്കരിച്ചതു്. ഉപരിഗവേഷണങ്ങൾ ഈ അഭിപ്രായം അബദ്ധമാണെന്നു തെളിയിച്ചു. വാസ്തവത്തിൽ മനുഷ്യരെ വർഗ്ഗീയമായി തരംതിരിപ്പാനുള്ള അധികാരം ഭാഷാശാസ്ത്രത്തിന്റേതല്ല. പിന്നെയോ? നരവംശശാസ്ത്രത്തിന്റേതാണു്. ഭാഷാശാസ്ത്രം നരവംശശാസ്ത്രത്തിന്റെ അവകാശത്തെ അവഗണിക്കുകയാണു് അന്നുണ്ടായതു്. നരവംശവിജ്ഞാനീയം വികസിച്ചതോടുകൂടി ഭാഷാപരമായ സാദൃശ്യത്താൽ ഏകവർഗ്ഗമായി ഗണിക്കപ്പെട്ടുപോന്നവർ ഭിന്നവർഗ്ഗീയരാണെന്നു തെളിഞ്ഞു.

ഭാഷയേയും സംസ്കാരത്തേയും അടിസ്ഥാനപ്പെടുത്തി തമിഴ്നാട്ടിലെ 'കഴകക്കാർ', തങ്ങളാണു് ശരിയായ ദ്രാവിഡർ എന്നു് ഇന്നു് അഭിമാനിക്കുന്നുണ്ടു്. പ്രാമാണികന്മാരായ ചില നരവംശശാസ്ത്രജ്ഞന്മാർ തമിഴരുടെ ഈ വാദത്തിനെതിരാണു്. റേഷ്യൽ ബയോളജി തുടങ്ങിയ പലവിജ്ഞാനീയപ്രകരണങ്ങളുടെയും നിഗമനങ്ങളെ നിഷേധിച്ചു

വേണം തമിഴരെ തനി ദ്രാവിഡരായി പരിഗണിക്കുവാൻ. അതിരിക്കട്ടെ. ദ്രാവിഡർ ആരെല്ലാമാണെന്നു വ്യവഛേദിക്കുകയല്ലല്ലൊ നമ്മുടെ പ്രകൃതം. ഇന്നത്തെ ദ്രമിഡരുടെ പൂർവ്വികരായി ഒരു മൂലവർഗ്ഗക്കാരുണ്ടായിരുന്നുവെന്നുമാത്രമേ ഇവിടെ ഊന്നിപ്പറവാനുള്ളു.

വർഗ്ഗീയമായിട്ടെന്നപോലെ ഭാഷാപരമായും ഒരുകാലത്ത് നാം പല അബദ്ധാഭിപ്രായങ്ങളും പുലത്തിപ്പോന്നിരുന്നു. ഇക്കൂട്ടത്തിൽ പെട്ട ഒന്നാണ് ഇന്നത്തെ ദ്രമിഡഭാഷകൾക്കു മാതൃത്വം വഹിക്കുന്നതു് തമിഴാണെന്നുള്ള അഭിപ്രായം. തമിഴർ ഇന്നും മലയാളത്തെ തമിഴിൻെറ മകളായേ കാണുന്നുള്ളു. മലയാളികളായ ചില ഭാഷാശാസ്ത്രചിന്തകന്മാർപോലും ഇതു വാസ്തവമാണെന്നു വിശ്വസിച്ചിരുന്നു. ഉപരിഗവേഷണങ്ങൾ ഈ വാദത്തിൻേറയും യുക്തിവികലത വിശദമാക്കി. അത്രയേറെ പഴക്കമുള്ള തമിഴിൻെറതന്നെ ജ്യേഷ്ഠ സഹോദരിയാണ് മലയാളം എന്ന സിദ്ധാന്തത്തിലാണ് ആധുനികഭാഷാശാസ്ത്രകാരന്മാർ എത്തിച്ചേൎന്നിട്ടുള്ളതു്. അതിനാൽ, മൂലദ്രാവിഡഭാഷയോടു തമിഴിനുള്ളതിലുമധികം അടുപ്പം മലയാളത്തിനുണ്ടെന്നുവേണം കരുതാൻ. ഈ കാരണം കൊണ്ടുതന്നെ, ആദിദ്രാവിഡരുടെ ആശയ സമ്പത്തുകളാരായാനാഗ്രഹിക്കുന്നവൎക്ക് മലയാളം ഒരു മനോഹരമായ മാൎഗ്ഗദീപമാണെന്നുവേണം പറയുക. മലയാണ്മയിലെ ചില പഴയ പദങ്ങളിലൂടെ നമുക്കു ദ്രമിഡവൎഗ്ഗക്കാരുടെ പ്രാക്തനചരിത്രത്തിലേയ്ക്കു് വളരെ ദൂരത്തോളം തുരന്നുചെല്ലാൻ സാധിക്കും.

ലോകത്തിലെ മററു പല നരവൎഗ്ഗങ്ങൾക്കുമെന്നപോലെ ആദ്യകാലത്ത് ദ്രാവിഡൎക്കും സംഖ്യാപരമായ പരിചയം

വളരെ പരിമിതമായിരുന്നു. ഒന്നുമുതൽ എട്ടുവരെയുള്ള അക്കങ്ങൾമാത്രമേ അവക്ക് അന്ന് അറിഞ്ഞിരുന്നുള്ളൂ. ആര്യവർഗ്ഗക്കാരിൽനിന്നാണ് അവർ എട്ടിന്നുശേഷമുള്ള സംഖ്യകൾ പഠിച്ചത്. ഒന്നുമുതൽ എട്ടുവരെയുള്ള സംഖ്യയുടെ പേരുകൾ ശുദ്ധദ്രമിഡങ്ങളാണ്. ഒമ്പതും പത്തും അക്കൂട്ടത്തിൽ പെട്ടതല്ല. അവയുടെ രൂപംതന്നെ അവ കടം വാങ്ങപ്പെട്ടവയാണെന്ന് വിളിച്ചുപറയുന്നുണ്ട്. കൈയ്യിലുള്ളപ്പോൾ ആരും കടംവാങ്ങാൻ മിനക്കെടാറില്ലല്ലൊ.

ദ്രമിഡത്തിലെ 'പത്ത്' എന്ന പദം സംസ്കൃതത്തിലെ 'പംക്തി' എന്നതിൻെറ തത്ഭവമാണ്. പംക്തിക്കു സംസ്കൃതത്തിലെ സുപ്രസിദ്ധമായ അത്ഥം പത്ത് എന്നാണ്. എന്നാൽ, പത്തിന്നു സംസ്കൃതത്തിൽ പ്രചാരപ്രാചുര്യമുള്ള പദം ദശമെന്നാണുതാനും. ആര്യപുരാതനന്മാർ ആദിമവാസസ്ഥാനത്തുനിന്ന് ചിന്നിച്ചിതറുന്നതിന്നുമുമ്പുതന്നെ ദശശബ്ദം പ്രചാരത്തിലുണ്ടായിരുന്നു. ലാററിനിലും ഗ്രീക്കിലും നാം ദശശബ്ദത്തോട് സാദൃശ്യമുള്ള പദങ്ങൾ കാണുന്നുണ്ട്. അതുകൊണ്ട് 'ഇൻഡോ-യൂറോപ്യൻ ഭാഷ'യുടെ മൂലസമ്പത്താണ് പ്രസ്തുതപദമെന്നു കരുതാം. പത്തിനെ നിർദ്ദേശിപ്പാൻ അത്രയും പ്രചാരവും പ്രാചീനതയുമുള്ള ഒരു പദം ഉണ്ടായിരിക്കെ, പ്രസ്തുതഭാഷയിൽ ദശവാചിയായി വീണ്ടും പംക്തി എന്ന ഒരു പദം കടന്നുകൂടാനെന്താണ് കാരണം!

പംക്തിപദത്തെ പത്ത് എന്ന അത്ഥത്തിൽ ആദ്യമായി പ്രതിഷ്ഠിച്ചുകാണുന്നത് ഛന്ദശ്ശാസ്ത്രത്തിലാണെന്നു തോന്നുന്നു. പത്തക്ഷരമുള്ള വൃത്തങ്ങളെയാണല്ലോ ഛാന്ദസികന്മാർ പംക്തി എന്നു പറയുന്നത്. ഛന്ദസ്സുകളിൽ

മുഴുവനുമില്ലെങ്കിൽ മിക്കതിന്റെയും, വിഭജനം വൈദികകാലത്തുതന്നെ സംഭവിച്ചുകഴിഞ്ഞിരിക്കണം. ശരദ്ശബ്ദത്തിന്റെ രൂപാന്തരമാണു് 'സെൻഡ്' അവസ്റ്റയിലെ 'സെൻഡ്' എന്ന പദം. ഇതിൽനിന്നു് വല്ലതും അനുമിപ്പാൻ വഴിയുണ്ടെങ്കിൽ അതു്, ആര്യന്മാർ മൂലകുടുംബത്തിൽനിന്നു് പിരിഞ്ഞു് ഇന്ത്യയിൽ എത്തിച്ചേരുന്നതിനു മുമ്പു്, അതായതു് ഇറാനിലോ പരിസരങ്ങളിലോ പാർക്കുന്ന കാലത്തു്, അവർക്കു ശരദ്ശബ്ദം പരിചിതമായിരുന്നുവെന്നാണല്ലോ. അതിപ്രധാനങ്ങളായ ചില ശരദ്സ്സുകളുടെ നാമകരണവും അക്കാലത്തു കഴിഞ്ഞിരിക്കണം. ഏതായാലും മൂലകുടുംബത്തിൽനിന്നു വിട്ടു പഞ്ചനദീപ്രദേശങ്ങളിലെത്തിച്ചേരുന്നതിനിടയിൽതന്നെ പങ്ക്തി എന്ന പദം പത്തു് എന്ന അർത്ഥത്തിൽ ആര്യന്മാരുടെ ഇടയിൽ പ്രചരിച്ചുകഴിഞ്ഞിരിക്കണമെന്നു് കരുതുന്നതിൽ അസാംഗത്യമൊന്നുമില്ല.

പങ്ക്തിയെ ആദ്യം ദ്രമിഡത്തിലേയ്ക്കു് എടുത്തതു് 'പത്' എന്ന രൂപത്തിലാണു്. തകാരത്തിനു് ദ്വിത്വം ചെയ്ത രൂപം (പത്തു്) പ്രചാരത്തിൽ വന്നതു് പിന്നീടാണു്. ഇരുപതു്, മുപ്പതു് മുതലായ പദങ്ങളിൽ പത്തിന്റെ പഴയ രൂപം ഇന്നും കാണാം. പതിന്മടങ്ങു്, പതിററി, പതിനൊന്നു് മുതലായവയിൽ കാണുന്നതും ആ രൂപംതന്നെയാണു്. ഏതായാലും, ഇതിൽനിന്നു തീർച്ചപ്പെടുത്താം, മൂലദ്രമിഡത്തിൽ പത്തു് എന്ന സംഖ്യ ഉണ്ടായിരുന്നില്ല എന്നു്; ദ്രമിഡപൂർവ്വികന്മാർക്കു പത്തു് എന്ന അക്കം പരിചിതമായിരുന്നില്ല എന്നു്. ഇവിടെ ഒരു കാര്യം പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ടു്. ദ്രമിഡർ മാത്രമല്ല, പ്രാചീനനരവർഗ്ഗങ്ങളിൽ

പ്പെട്ട പലൎക്കും ഒമ്പതിന്നു മേൽ പത്തു് എന്ന ഒരു സംഖ്യ എഴുതാനോ കണക്കാക്കാനോ കഴിവുണ്ടായിരുന്നില്ല. സംഖ്യാപ്രപഞ്ചത്തെ ഒമ്പതിൽ വെച്ചു് അവസാനിപ്പിക്കുകയാണു് അവരൊക്കെ ചെയ്തിരുന്നതു്. പിന്നീടു് പരിഷ്കൃതവൎഗ്ഗങ്ങളുമായി ആശയവിനിമയത്തിന്നിടവന്നപ്പോൾ മാത്രമേ ആ അപൂൎണ്ണാവസ്ഥയെ തരണംചെയ്വാൻ കഴിഞ്ഞുള്ളൂ.

ആദിദ്രമിഡൎക്കു് പത്തു് മാത്രമല്ല, ഒമ്പതും ആദ്യകാലത്തു് അപരിചിതമായിരുന്നു. 'ഒമ്പതി'ന്നു് അതിന്നു മുമ്പുള്ള സംഖ്യകളോടു് ഏതെങ്കിലും വിധത്തിൽ പൊരുത്തമോ, അവയെപ്പോലെ സ്വതന്ത്രമായ ഒരു വ്യക്തിത്വമോ ഇല്ല. പത്തിനോടാണു് അതിന്നു അധികം അടുപ്പം. ഒമ്പതിന്റെ നിരുക്തിതന്നെ നോക്കുക: ഒരു് + പതു് എന്നതു് ഒമ്പതായിത്തീൎന്നതു. അതിന്റെ അൎത്ഥം പത്തിനോടു് ഒട്ടയലു് എന്നാണു്. കൂട്ടത്തിൽ പറയട്ടെ, ഇന്നു പ്രചാരത്തിലുള്ള ഒമ്പതു് എന്ന രൂപം തുലോം നവീനമാണു്. 'തൊൺപതു്' എന്നതാണു് ആദ്യത്തെ രൂപം. തൊണ്ണൂറിലും (തൊൾ + നൂറു് = നൂറിനോടു് തൊട്ടതു്) തൊള്ളായിരത്തിലും (തൊൾ*(ള്) + ആയിരം = ആയിരത്തോടു് തൊട്ടതു്) നാം പൂൎവ്വരൂപം വ്യക്തമായി ദൎശിക്കുന്നുണ്ടു്. തൊള്ളായിരത്തെക്കാളും തൊണ്ണൂറിനെക്കാളും നിത്യോപയോഗത്തിലുള്ളതാണല്ലോ തൊൺപതു് (ഒമ്പതു്). ഉപയോഗാധിക്യംകൊണ്ടു് അതിലെ പൂൎവ്വാവ്യഞ്ജനം തേഞ്ഞു് 'തൊട്ടു്' വെറും 'ഒട്ടു്' ആയി മാറി. ഇതാ, ഇങ്ങനെയാണു് പണ്ടത്തെ തൊൺപതു് പരിണാമത്തു

* സംസ്കൃതത്തിലെന്നപോലെ മലയാളത്തിലും ട, ള ഇവയ്ക്കു വിനിമയം സംഭവിക്കുന്നതു് സാധാരണമാണു്. ഉദാ: വരളു്; വരട്ടു്. ഇരുളു്; ഇരുട്ടു്.

വിൽക്കൂടി കടന്നുപോന്നതു്: തൊട്ട് + പതു് = തൊൺപതു്, ഒൻപതു്, ഒമ്പതു്.

ആദിദ്രാവിഡർ 'പത്തു്' മററുള്ളവരോട്ട് കടം വാങ്ങിയതാണെന്നു സമ്മതിച്ചാൽ, ഒമ്പതും അങ്ങനെത്തന്നെയാണെന്നു സമ്മതിക്കേണ്ടിവരും. കാരണം പത്തില്ലെങ്കിൽ ഒമ്പതുമില്ലാത്തതുതന്നെ. പത്തു് ആദ്യം ഉണ്ടായിട്ടുവേണം പിന്നെ ഒമ്പതുണ്ടാവാനെന്നു അവയുടെ രൂപബന്ധം വെളിപ്പെടുത്തുന്നു. അപ്പോൾ കടം വാങ്ങിയതോ കണ്ടുപിടിച്ചതോ കഴിച്ചാൽ, മൂലദ്രാവിഡഭാഷയിലെ സംഖ്യാപ്രപഞ്ചം എട്ടോടുകൂടി അവസാനിച്ചിരുന്നു എന്നു സിദ്ധമായി.

ഇനി നമുക്ക് എട്ടിൻെറ രൂപവിധാനരീതി പരിശോധിക്കാം: കണക്കാക്കുക, വിചാരിക്കുക എന്നീ അൎത്ഥത്തിലുള്ള 'എൺ' എന്ന ഒരു ധാതുവിൽനിന്നാണ് അതിൻെറ ഉല്പത്തി. ഒമ്പതിൻേറതെന്നപോലെ എട്ടിൻേറയും ആദിമരൂപം ഇന്നു പ്രചാരത്തിലില്ല. എൺ + തു്§ എന്നു ചേൎക്കുമ്പോൾ ഭാഷാശാസ്ത്രനിയമപ്രകാരം സിദ്ധിക്കേണ്ട രൂപം 'എണ്ടു്' എന്നാണ്. ഈ രൂപം എപ്പോഴെങ്കിലും നടപ്പിലുണ്ടായിരുന്നുവോ എന്ന് നമുക്കറിഞ്ഞുകൂടാ. അനുനാസികാലോപംകൊണ്ട് ചെമ്പുകുടം ചെപ്പുകുടവും ആണ്ടുപിറന്നാൾ ആട്ടപ്പിറന്നാളുമാകുന്നതുപോലെ ആദ്യത്തെ എണ്ടു് പിന്നീട് എട്ടായി മാറിയതാകണമെന്ന് കരുതാനേ വഴിയുള്ളൂ.

---

§ഇവിടെ കാണുന്ന "തു്" എന്നതു് അതു്, ഇതു് ഇവയിലെ അന്ത്യത്തിൽ ഉള്ള "തു്" എന്നതുതന്നെയാണ്. ഒൻ + തു് = ഒന്നു്. ഇര് + തു് = രണ്ടു്, മൂൻ + തു് = മൂന്നു്, ഐ + തു് = അഞ്ചു് ഇങ്ങനെ എല്ലാ സംഖ്യാവാചിശബ്ദങ്ങളോടും "തു്" ചേൎന്നു കാണാം.

എട്ടിൻെറ ധാത്വത്ഥം എണ്ണുന്നതു് (കണക്കാക്കുന്നതു്) എന്നാണ്. ഒന്നു മുതൽ ഏഴുവരേയുള്ള സംഖ്യകളും എണ്ണുന്നവ തന്നെയാണല്ലൊ. ഈ നിലയിൽ എട്ടിൽ മാത്രം ആ ധൎമ്മം ആരോപിച്ചു് അങ്ങനെയൊരു സംജ്ഞ നൽകാൻ എന്താണ് കാരണം? ഇതിന്നു് ഉത്തരം പറയുക വളരെ എളുപ്പമാണ്. എട്ടോടുകൂടി ആദിദ്രമിഡരുടെ എണ്ണങ്ങൾ അവസാനിച്ചു. അതിനാൽ അവസാനത്തെ സംഖ്യക്കു് എട്ടു് എന്നു് പേരും കൊടുത്തു.

'എട്ടും പൊട്ടും അറിയാത്തവൻ' അപഹാസ്യനാണ്. ഇതിലെ എട്ടുകൊണ്ടു് സംഖ്യാപ്രപഞ്ചത്തേയും 'പൊട്ട' കൊണ്ടു് ഭിന്നിതങ്ങളേയുമാണ് വിവക്ഷിച്ചിട്ടുള്ളതു്. അര, കാൽ എന്നീ ഭിന്നിതങ്ങൾ ആദിദ്രമിഡർ അറിഞ്ഞിരുന്നു വെന്നു് കരുതുന്നതിൽ യുക്തിഭംഗമൊന്നുമില്ല. ദിവസത്തിൻെറ രണ്ടു് അർദ്ധങ്ങളാണല്ലൊ രാവും പകലും. പകൽ എന്ന വാക്കിൻെറ അത്ഥം പകുത്തതു് എന്നാണ്. ദിവസത്തെ രണ്ടായി ഭാഗിച്ചതിലെ ആദ്യത്തെ ഭാഗത്തെ പകൽ എന്നു പറഞ്ഞുപോന്നു. രണ്ടാമത്തെ ഭാഗത്തെ 'ഇരാ' (ഇരാവ്, രാവ്, ഇരവ്) എന്നും വിളിച്ചു. ഇരാ എന്നതിൻെറ അത്ഥം രണ്ടാമത്തേതു് (ഇര്=രണ്ടു്) എന്നാണ്.

കൈകാലുകളിലെ കാല് എന്ന പദവും പ്രാചീന ദ്രമിഡരുടെ ഭിന്നിതപരിജ്ഞാനത്തെ കാണിക്കുന്നു. കൈയ്യിൻെറ അത്ഥം ചെയ്യുന്നതു് എന്നാണ്. അരയും കാലുമാകട്ടെ അളവിനെയാണ് കാണിക്കുന്നതു്. കാല് ശരീരത്തിൻെറ കാൽഭാഗം കൂടിയാണല്ലൊ. ഇനിയും സംശയമു

ണ്ടെങ്കിൽ അരയ്ക്കാലിന്റെ (⅛) നിഷ്പത്തികൂടി പരിശോധിക്കുക. കാലിന്റെ അരയാണു അരയ്ക്കാൽ! അരയിലെ രേഫത്തിൽ താലവ്യ അകാരമടങ്ങിയതുകൊണ്ടാണ് അരയ്ക്കാലിൽ യകാരം (യ്ക്കാ) കടന്നുകൂടിയതു്.

ദ്രമിഡത്തിലെ സംഖ്യാവാചിശബ്ദമായ 'എണ്ണ്'ത്തിന്റെ നിരുക്തിയും ചിന്തനീയമാണ്. എട്ടിന്റേതെന്നപോലെ എൺ ധാതുവിൽനിന്നാണ് അതിന്റെ ഉല്പത്തിയും. എൺ (ട്) + തം, എണ്ണ് എണ്ണമായിത്തീർന്നത്. എണ്ണത്തിന്റെ ധാത്വർത്ഥം 'എട്ടുവരെയുള്ള അവസ്ഥ' എന്നത്രെ. ഇതിൽനിന്നും അനുമാനിക്കേണ്ടതു് ദ്രമിഡപൂർവ്വികന്മാരുടെ സംഖ്യാപരിചയത്തിന് എട്ടുവരെ മാത്രമേ വ്യാപ്തിയുണ്ടായിരുന്നുള്ളുവെന്നാണല്ലോ.

# എഴുത്തും വായനയും.

എഴുതുന്നതുപോലെത്തന്നെ വായിക്കുക, അല്ലെങ്കിൽ വായിക്കുന്നതുപോലെത്തന്നെ എഴുതുക എന്ന പതിവിന്നു മിക്ക ഭാഷകളിലും ഏറെക്കുറെ ശൈഥില്യമുള്ളതായിക്കാണാം. എഴുത്തു (ലിപി) ഭാഷയുടെ ചില മൌലികതത്വങ്ങളെയും വായന (ഉച്ചാരണം) ആ ഭാഷ സംസാരിക്കുന്ന ജനതയുടെ ചില സാമാന്യസമ്പ്രദായങ്ങളെയും ആലംബിച്ചാണിരിക്കുന്നതു്. ഈ പൊരുത്തമില്ലായ്മ അത്ര എളുപ്പത്തിൽ പരിഹരിക്കപ്പെടാവുന്ന ഒന്നല്ല. വൈയാകരണന്നു് ലിപികാര്യത്തിലുള്ള അധികാരം ഉച്ചാരണകാര്യത്തിലില്ല; ഉച്ചാരണത്തെപ്പററി ചില സാമാന്യനിയമങ്ങൾ നിർദ്ദേശിക്കാമെന്നല്ലാതെ അതിനെ തികച്ചു നിയന്ത്രിപ്പാൻ പ്രയാസമാണു്. വ്യാകരണശാസ്ത്രം സമഗ്രമായി പഠിച്ചിട്ടുള്ള ഒരു ഉത്തരകേരളീയൻെറയും ദക്ഷിണകേരളീയൻെറയും എഴുത്തിൽക്കാണുന്ന ഐകരൂപ്യം ഉച്ചാരണത്തിൽ കാണുകയില്ല. ഈ അനൈകരൂപ്യത്തിന്നു കാരണം ഭാഷാകാര്യങ്ങളല്ലെന്നുള്ളതു് വ്യക്തമാണല്ലോ.

എഴുത്തിനും വായനയ്ക്കും തമ്മിലുള്ള പൊരുത്തമില്ലായ്മ അധികദൂരം അനുവദിക്കപ്പെടാൻ പാടുള്ളതല്ല. ഒന്നു

കിൽ എഴുത്തിന്നനുസരിച്ചു ഉച്ചാരണം നിയന്ത്രിക്കണം, അ ല്ലാത്തപക്ഷം ഉച്ചാരണത്തിന്നനുസരിച്ച് ലിപികളിൽ വേ ണ്ടത്ര പരിഷ്കാരം വരുത്തണം. അല്ലെങ്കിൽ ഭാഷാപഠനം ദുഷ്കരമായിത്തീരും. മലയാളത്തിൽ ഒന്നുരണ്ടു ദശാബ്ദങ്ങ ൾക്കുള്ളിൽ ലിപികാര്യത്തിൽ സാമാന്യമായ ചില പരിഷ്കാ രങ്ങളുണ്ടായിട്ടുണ്ട്; എന്നാൽ അതുകൊണ്ടു തികച്ചും തൃപ്തി പ്പെടാറായിട്ടുണ്ടെന്നു പറഞ്ഞുകൂടാ. സൂക്ഷിച്ചു നോക്കി യാൽ ആ പരിഷ്കാരങ്ങൾ വളരെക്കാലമായി തുടൻപോന്നി രുന്ന ചില അബദ്ധങ്ങളെ തിരുത്തുന്നതിന്നുമാത്രമേ പര്യാ പ്തമായിട്ടുള്ളു വെന്നും വാസ്തവമായ പരിഷ്കരണം ഇനിയും ആരംഭിക്കേണ്ടതായിട്ടാണിരിക്കുന്നതെന്നും കാണാവുന്നതാ ണ്. ഭാഷാപരമായ ഇന്നത്തെ വിഷമപ്രശ്നങ്ങളിൽ ഏററ വും പ്രധാനമായ ഒന്നാണ് ഇതു്. ഇതിന്നു എളുപ്പത്തിൽ ഒരു ഉത്തരം കണ്ടുപിടിക്കയെന്നതു ദുസ്സാധമാണ്.

കേവലം അനവധാനതകൊണ്ടുമാത്രം എഴുത്തും വായ നയും അന്തരിതങ്ങളായിപ്പോകുന്നതിനെക്കുറിച്ചാണ് ഇവി ടെ ചിലതു് പ്രസ്താവിപ്പാൻ വിചാരിക്കുന്നതു്. ഭാഷയിൽ എഴുത്തിനെ സംബന്ധിച്ചേടത്തോളം അന്നും ഇന്നും ഒരു പോലെ കുഴപ്പങ്ങളുണ്ടാക്കിത്തീൎക്കുന്നതു് സ്വരങ്ങളാണ്. ഭാഷാശാസ്ത്ര ദൃഷ്ട്യാ സ്വരങ്ങൾക്കു വ്യഞ്ജനങ്ങളെക്കാൾ പ്രാധാന്യം കൂടും. തമിഴ്‌വൈയാകരണന്മാർ സ്വരത്തെ ഉ യിരായും വ്യഞ്ജനത്തെ മെയ്യായും സങ്കല്പിക്കുന്നതു സമുചിത മായിട്ടുണ്ട്. മലയാളത്തിൽ വ്യാകരണശാസ്ത്രത്തിന്നാകട്ടെ ഛന്ദശ്ശാസ്ത്രത്തിന്നാകട്ടെ സ്വരങ്ങളെ തങ്ങളുടെ കൈപ്പിടി യിലൊതുക്കാൻ കഴിഞ്ഞിട്ടില്ല. ഛന്ദശ്ശാസ്ത്രം ഹ്രസ്വങ്ങ

ളെ പാടി നീട്ടി ദീർഘങ്ങളാക്കുന്നതിന്നും പാദാന്തസ്ഥസ്വര ത്തെ ഇഷ്ടംപോലെ ഗുരുവോ ലഘുവോ ആയി ഗണിക്കുന്ന തിന്നും അനുവദിക്കുന്നു. വ്യാകരണമാകട്ടെ,

'പോകട്ടേ യതുഭ്രതപിണ്ഡമനലൻ'
'പോകട്ടെ ഞാൻ വിട്ടു; വിടില്ല'
'വേണ്ടാ ഖേദമെടോ സുതേ'
'വേണ്ട വേറെയൊരു'
'വന്നൂശരത്സമയം'
'വന്നുചേർന്നുവരവർണ്ണിനി'.—

എന്നിങ്ങനെ ഒരേപദത്തിന്നുതന്നെ കാണുന്നരണ്ടുരൂപങ്ങ ളേയും

'ഹ്രസ്വം നീട്ടാം ബലത്തിന്നായ്
തള്ളാം പ്രാധാന്യഹാനിയാൽ'.

(കേരളപാണിനീയം)

എന്ന വിധികൊണ്ടു സാധൂകരിച്ചിരിക്കുന്നു. ഈ ഹ്രസ്വദീ ർഘഭേദത്തിന്നു നിയാമകമായിരിക്കുന്നതു് വൈയാകാരണൻ അനുശാസിക്കുന്ന 'ബല'മോ 'പ്രാധാന്യഹാനി'യോ അല്ലെ ന്നും കവികളുടെ വെറും 'ആവശ്യം' മാത്രമാണെന്നുമുള്ള പ രമാത്ഥമറിയുമ്പോഴാണ് സ്വരവിഷയകമായി ഭാഷ കൈ ക്കൊണ്ടിട്ടുള്ള സ്വാതന്ത്ര്യം എത്ര നിരങ്കുശമായിട്ടുള്ളതാ ണെന്നു വ്യക്തമാകുന്നതു്. പദ്യങ്ങളിലാകുമ്പോൾ ഈ സ്വാതന്ത്ര്യത്തിൻെറ ഫലം എഴുത്തിലും പ്രതിബിംബിക്കാ റുണ്ടു്; എന്നാൽ ഗദ്യത്തിൽ ഈ ഹ്രസ്വദീർഘഭേദം പരിഗ ണിക്കാറില്ല. 'പ്രാധാന്യഹാനി'യുള്ളപ്പോഴും ഇല്ലാത്തപ്പോ ഴും ഒരുപോലെ ഹ്രസ്വസ്വരമാക്കിയാണ് എഴുതാറുള്ളതു്.

ഇതിൽനിന്നുതന്നെ ഈ വിധിയുടെ വൈകല്യം വിശദമാകുന്നു.

സ്വരങ്ങളിൽത്തന്നെ നിപാതസ്വരങ്ങളെഴുതുമ്പോഴാണ് അനവധാനത അധികം പ്രവർത്തിച്ചുകാണുന്നതു്. വിതർക്കനിപാതം, ചോദ്യനിപാതം, വ്യവച്ഛേദകനിപാതം ഇതു മൂന്നുമാണല്ലോ സ്വരമാത്രങ്ങളായ നിപാതങ്ങൾ. ഏകമാത്രകങ്ങളായ പദങ്ങൾ ഭാഷയിലില്ലെന്ന നിയമത്തിനനുസരിച്ച് ഇവയെല്ലാം ദീർഘസ്വരങ്ങളായിരിക്കേണ്ടതാണ്. അതിനാൽ

രാമനൊ കൃഷ്ണനൊ വന്നു (വിതർക്കനിപാതം)
രാമൻ വന്നുവൊ? (ചോദ്യനിപാതം)

രാമൻ വന്നെ കൃഷ്ണൻ പോകൂ (വ്യവച്ഛേദകനിപാതം)

എന്നിങ്ങനെ പ്രസ്തുതനിപാതങ്ങളെ ഹ്രസ്വങ്ങളാക്കിയെഴുതുന്നതു് തെറ്റാണെന്നും, ശരിക്ക്,

രാമനോ കൃഷ്ണനോ വന്നു (ഓ)
രാമൻ വന്നുവോ? (ഓ)
രാമൻ വന്നേ കൃഷ്ണൻ പോകൂ (ഏ)

എന്നിങ്ങനെ ദീർഘങ്ങളാക്കി എഴുതേണ്ടതാണെന്നും സിദ്ധിക്കുന്നു. ഇതുപോലെത്തന്നെ വ്യവച്ഛേദകനിപാതം ചേർന്ന 'മാത്രമേ', (മാത്രം + ഏ) ഐതിഹ്യവാചിയായ 'അത്രേ, (അവിടെ മഴയില്ലത്രേ) ഇവയും ദീർഘാന്തങ്ങളാക്കേണ്ടതാണ്. തൻവിനയെച്ചങ്ങളെ (ഉം: വരവേ, പോകവേ) ഹ്രസ്വാന്തങ്ങളാക്കിയെഴുതുന്നതും അബദ്ധമാണെന്നു പറയേണ്ടിയിരിക്കുന്നു. കവികൾ പ്രായേണ രണ്ടുരൂപവും പ്രയോഗിച്ചുകാണാറുണ്ട്. ഗദ്യത്തിൽ (വാമൊഴിയിലും വരമൊഴി

യില്ലാ) ദീർഘാന്തമാക്കിയാണുച്ചരിക്കാറുള്ളതു്. എഴുത്തിലും ഇതു അംഗീകരിക്കപ്പെട്ടിരിക്കുന്നു.

നിഷേധാർത്ഥകങ്ങളായ വേണ്ടാ, കൂടാ എന്നീ ശബ്ദങ്ങളെ വേണ്ട, കൂട എന്നിങ്ങനെ ഹ്രസ്വാന്തങ്ങളാക്കിയെഴുതുന്നതു് ഇപ്പോൾ സാർവ്വത്രികമായിത്തീർന്നിരിക്കുന്നു. ഇതു് അബദ്ധമാണെന്നു തന്നെ വേണം പറയാൻ പദ്യത്തിൽ.

'വേണ്ടാ ഖേദമെടോ സുതേ'!
'മിണ്ടേണ്ടാകഥ'

എന്നീ രീതിയിൽ ദീർഘസ്വരത്തോടുകൂടിയ പദം തന്നെയാണു് നടപ്പുള്ളതു്. ഇവിടെ നിഷേധാർത്ഥകപ്രത്യയം 'ആ' എന്നാണല്ലോ. ഇതരരൂപങ്ങളിൽ (പോകാ, വരാ, ഇരിക്ക ) സ്വരദൈർഘ്യം സ്വീകരിക്കാത്ത പക്ഷം അവ നടുവിനയെച്ചങ്ങളായി മാറിപ്പോകും. പ്രാചീനന്മാർ ഈല, ഒല (ഇല്ല, ഒല്ല) എന്നീ നിഷേധാർത്ഥകപദങ്ങളെപ്പോലും

'വന്നീലാ കവനെന്തുമകളേ'
'കണ്ടുനാണീടൊലാ കണ്ടതെല്ലാമഹം'

എന്നിങ്ങനെ ദീർഘാന്തങ്ങളാക്കിയാണു് എഴുതിപ്പോന്നിരുന്നതു്. ആധുനികന്മാരാകട്ടെ അത്ര സാരമാക്കുന്നില്ല. ഉ:—

പാറീലപോരയിതു കാണുവതെൻറയല്ല'
'പോകൊല ഭൂപാനിന്നൊന്നു'

ഈ രണ്ടു രൂപത്തിന്നും ഗദ്യത്തിൽ പ്രചാരമില്ലെന്നു സമാധാനിക്കാം. എന്നാൽ 'വേണ്ടാ,' 'കൂടാ' ഇവയുടെ നില അങ്ങനെയല്ല. അവ വാമൊഴിയിലും വരമൊഴിയിലും ഒരുപോലെ പ്രചാരമുള്ളവയാണു്. ഉച്ചരിക്കുമ്പോൾ വ്യാകര

ണകാര്യത്തെ അവഗണിക്കുന്നുമില്ല. പിന്നെ എഴുതുമ്പോൾ മാത്രം എന്തിന്നു അബദ്ധം പ്രവർത്തിക്കണം?

വായനക്കു വിപരീതമായി എഴുതുന്നതിന്നുള്ള ഒന്നുരണ്ടുദാഹരണമാണ് മുകളിൽ കാണിച്ചതു്. ഇതുപോലെത്തന്നെ എഴുതുന്നതിന്നു വ്യത്യസ്തമായി വായിക്കുന്നതിന്നുള്ള ഉദാഹരണങ്ങളും അപൂർവ്വമല്ല. ഇതിനെ ഒരബദ്ധമായി വിചാരിക്കയാണെങ്കിൽത്തന്നെ വൈയാകരണന്നു് അതിൽ യാതൊരു നിയന്ത്രണാധികാരവുമില്ല. അതിന്നു കാരണം ഉച്ചാരണകാര്യം മിക്കവാറും വൈയാകരണന്റെ അധികാരപരിധിയിൽനിന്നു അകന്നു നിൽക്കുന്നതാണ്. ആദ്യത്തെ ഉദാഹരണങ്ങളിലെന്നപോലെ ഇവയിലും സ്വരങ്ങളാണ് കുഴപ്പങ്ങളുണ്ടാക്കുന്നതു്. ആ ഉദാഹരണങ്ങളിൽ ദീർഘാന്തപദങ്ങൾ ഹ്രസ്വാന്തങ്ങളായി മാറിപ്പോകുന്നതായിരുന്നുവല്ലോ കുഴപ്പത്തിന്നു കാരണം. എന്നാൽ ഇവിടെയാകട്ടെ അതിന്നു തീരെ വിപരീതമാണ് സംഭവിച്ചു കാണുന്നതു്. ഒന്നുരണ്ടുദാഹരണംകൊണ്ടു അതു വ്യക്തമാക്കാം.

'എ' എന്ന പ്രതിഗ്രാഹികാപ്രത്യയവും 'ഉടെ' (ടെ) എന്ന സംബന്ധികാപ്രത്യയവും സ്വതവേ ഹ്രസ്വാന്തങ്ങളാണ്. പദം ഈ പ്രത്യയങ്ങളിലവസാനിക്കുമ്പോൾ എഴുത്തിലും വായനയിലും അപാകടമൊന്നുമില്ലതാനും. എന്നാൽ ഇവയോടു മററുപദങ്ങൾ ചേരുമ്പോൾ ഉച്ചാരണത്തിൽ വിഭക്തി പ്രത്യയത്തിന്നു ദൈർഘ്യം വരുന്നു. താഴെ കാണിച്ച ഉദാഹരണങ്ങൾ നോക്കുക.

| എഴുത്ത് | വായന |
|---|---|
| രാമനെയും | രാമനേയും |
| രാമനെപ്പററി | രാമനേപ്പററി |
| രാമനെക്കാഠം | രാമനേക്കാഠം |
| കല്യയുടെയും | കല്യയുടേയും |
| കല്യയുടെനേരെ | കല്യയുടേനേരേ |

ഇവയിൽ എഴുത്തിൽ കാണുന്ന രൂപങ്ങളാണ് വ്യാകരണ പ്രകാരം ശരിയായിട്ടുള്ളവ. രണ്ടാം സ്തംഭത്തിൽ കാണിച്ച രൂപങ്ങഠം കേവലം ഉച്ചാരണവൈകല്യങ്ങളാണെന്നു വേണം പറയുവാൻ. 'ഞാൻ രാമനേ കണ്ടു; 'ഇതു ഗോവിന്ദൻേറ പുസ്തകമാണ്'. എന്നിങ്ങനെ പ്രതിഗ്രാഹികയെയോ സംബന്ധികയെയോ ദീർഘത്തിലവസാനിപ്പിച്ചാൽ ഏതൊരു വൈയാകരണനും ശുണ്ഠിയെടുക്കുക തന്നെ ചെയ്യും. എന്നാൽ,

'രാമനേയുമഥമാധവനേയും'

എന്ന പ്രയോഗത്തെ ആരും അവഹേളിക്കുന്നില്ലതാനും. ഇതുപോലെതന്നെ 'അവൻേറതു്' 'സീതയുടേതു്' തുടങ്ങിയ പ്രയോഗങ്ങളും സാധുവായി ഗണിക്കപ്പെട്ടു വരുന്നു.

സ്വരങ്ങളുടെ കാൎയ്യത്തിൽ ആധുനികന്മാരെക്കാളധികം പ്രാചീനന്മാരാണ് സ്വാതന്ത്ര്യം പ്രകടിപ്പിച്ചു കാണുന്നതു്. ബന്ധദാർഢ്യമുള്ള സംസ്കൃതവൃത്തങ്ങളിൽ മാത്രമല്ല ശിഥിലബന്ധങ്ങളായ 'പാട്ടു'കളിലും ഈദൃശസ്വാതന്ത്ര്യം നടമാടുന്നു.

'ആർകലിമീതേ താവിമതിന്നു ലങ്കപുക്കന്നു ചെന്താ-
താർമകളെൻറുംമെന്നാടയാളേയമ്പൊടു കണ്ടുമീൾവാൻ
'ദുഃഖമൊഴിഞ്ഞ് വിടേവാൾവായോ'
'എന്നവളോടേ ജാനകി ചൊന്നാൾ'

(കണ്ണശ്ശരാമായണം)

മുതലായ പ്രയോഗങ്ങൾ നോക്കുക. നിരന്നം കവികൾക്കു 'ഏകാരം' പ്രയോഗിക്കുന്നതിൽ ഒരു പ്രത്യേകവാസന തന്നെ ഉള്ളതുപോലെ തോന്നുന്നു. സ്ഥാനത്തും അസ്ഥാനത്തുമായി ഓരോ പദ്യത്തിലും ഒന്നുരണ്ടു ഏകാരത്തെയെങ്കിലും കുത്തിച്ചെലുത്താഞ്ഞാൽ അവൎക്കു സുഖമാവില്ല. ഈ ഏകാരം വ്യവച്ഛേദകനിപാതമല്ല; കേവലനിപാതം എന്ന പേരുകൊണ്ടു അറിയപ്പെടുന്നതാണ്. ഇതു വാസ്തവത്തിൽ ഹ്രസ്വമോ ദീർഘമോ എന്നു തീർച്ചപ്പെടുത്താൻ വിഷമമായിരിക്കുന്നു. അവിടെ, ഉടനെ, കാട്ടിലെ (ആധാരികാഭാസം) എന്നീ പദങ്ങളുടെ അവസാനത്തിൽ കാണുന്ന ഏകാരം ഈ കേവലനിപാതമാണ്. പ്രകൃത്യാ ഹ്രസ്വമാണെങ്കിൽ കൂടിയും കവികൾ,

'എവിടേയ്ക്കുഗമിപ്പൂതള്ള'
'ഉടനേയിരുളാണ്ടു ലോകം'

എന്നിങ്ങനെ ദീർഘാന്തമാക്കിയും പ്രയോഗിക്കാറുണ്ട്. ഗദ്യത്തിൽ, 'ഉടനെവന്നു' എന്ന ഹ്രസ്വരൂപമാണ് എഴുതാറുള്ളതെങ്കിലും വായിക്കുമ്പോൾ ദീർഘമാകുന്നു. ഇങ്ങനെ എഴുത്തിന്നും വായനയ്ക്കും തമ്മിലുള്ള അന്തരം മറ്റുപല പദങ്ങളിലും ക്രമാധികം പ്രവർത്തിക്കുന്നതായിക്കാണാം. ദീർഘാന്തങ്ങളായ പദങ്ങൾ മലയാളത്തിലില്ലെന്നുള്ളതു് ഒരു ഔത്സർ

ഗ്ഗികവിധി മാത്രമാണ്. ആ വിധിയെ പ്രമാണമാക്കി എല്ലാപദങ്ങളേയും ഹ്രസ്വാന്തങ്ങളാക്കി എഴുതാൻ പുറപ്പെട്ടാൽ അതു് വ്യാകരണശാസ്ത്രവിരുദ്ധമായിരിക്കും. ലിപികളെ ഉച്ചാരണത്തിന്നനുയോജിപ്പിച്ചുകൊണ്ടു പോകാത്തപക്ഷം കാലക്രമേണ രണ്ടും രണ്ടുവഴിക്കു അകന്നുപോവാനിടയുണ്ടു്. അതിനാൽ ഭാഷാതത്വങ്ങളെ വിവേചിച്ചറിഞ്ഞ് എഴുത്തിനും വായനക്കും (ഉച്ചാരണത്തിനും) തമ്മിൽ കൂടുതൽ പൊരുത്തം ഉണ്ടാകേണ്ടിയിരിക്കുന്നു.

# പദങ്ങളുടെ പിന്നാലെ.

നിരുക്തിയന്വേഷിച്ചു പദങ്ങളുടെ പിന്നാലെ പോകുന്നതു ബുദ്ധിപരമായ ഒരു നല്ല വ്യായാമമാണ്. ബുദ്ധിയെ വിശ്വസിക്കരുതെന്നു മഹാകവി ടാഗോറും ബുദ്ധിയെ (ആലോചനാശീലത്തെ) വിശ്വസിക്കുക, അതു നിങ്ങളെ ഒരിക്കലും വഞ്ചിക്കയില്ല എന്നു വിഖ്യാതതത്വചിന്തകനായ ജോൺ ലോക്കും ഓരോ അവസരത്തിൽ പറഞ്ഞിട്ടുണ്ട്. ഇതിലേതാണ് ശരിയെന്നു ചോദിച്ചാൽ രണ്ടും ഓരോ അർത്ഥത്തിൽ ശരിയാണെന്നേ പറവാനാവൂ. കലാകാരന്റെ ദൃഷ്ടിയിൽ ബുദ്ധി ഒരു ശാപമാണ്. കാരണം ആയാളുടെ പ്രവർത്തനമണ്ഡലം വികാരങ്ങളുടേതും സങ്കല്പങ്ങളുടേതും മാത്രമായതാണ്. ശാസ്ത്രകാരന്റെ വിഹാരരംഗം ഇതിന്നു വിപരീതമാണ്. വികാരങ്ങളുടെയും സങ്കല്പങ്ങളുടെയും മേഖലകളിൽനിന്ന് അകന്നുനിന്നു അയാൾ വിചാരത്തിന്റെയും സത്യത്തിന്റെയും മണ്ഡലങ്ങളിൽ മാത്രം വിഹരിക്കുന്നു.

പദങ്ങളുടെ പിന്നാലെയുള്ള പ്രയാണത്തിൽ നാം പല പുതിയ, അല്ല പഴയ, ദൃശ്യങ്ങളുമായി പരിചയപ്പെടുന്നു. ചരിത്രത്തിന്റെയും സാമൂഹ്യജീവിതത്തിന്റെയും മനുഷ്യന്റെ ഗ്രഹണശക്തിയുടെ തന്നേയും ഉള്ളറകളിലേയ്ക്ക് എ

ത്തിനോക്കാൻ സൌകര്യപ്പെടുന്നു. ഇങ്ങനെ എത്തിനോക്കു മ്പോഴം നമുക്ക് അനുഭവപ്പെടുന്ന ജ്ഞാനം തികച്ചും വസ്തു നിഷ്ഠമായിത്തന്നെ ഇരുന്നുകൊള്ളണമെന്നില്ല. ചിലപ്പോഴം ആ ജ്ഞാനത്തെ ആകൃതിപ്പെടുത്തുന്നതിന്ന് ആത്മനിഷ്ഠമാ യ രുചിഭേദങ്ങളും പക്ഷപാതങ്ങളും കാരണമായെന്നുവരാം. അതിനാൽ ആ ജ്ഞാനം പലപ്പോഴം കേവലസത്യമാകുന്ന തിന്നുപകരം 'സത്യാഭാസം' (സത്യം പോലെ തോന്നിക്കുന്ന തു്) ആയിക്കൂടായ്കയുമില്ല. സ്ഥിരമൂല്യം ഇല്ലാത്തതുകൊണ്ടു് ഇവയെ സത്യമെന്നല്ല 'സിദ്ധാന്ത'മെന്നാണു് ശാസ്ത്രങ്ങളിൽ വ്യവഹരിക്കുക. ഇനി നമുക്കു ചില പദങ്ങളുടെ അന്തർമ്മ ണ്ഡലത്തിലേയ്ക്കു കടന്നു ചെല്ലാൻ ശ്രമിക്കാം:

1. ഞാറു്

കർഷകകേരളത്തിന്നു സുപരിചിതമായ ഒരു പഴഞ്ചൊ ല്ലാണു് 'ഞാററിൽ പിഴച്ചാൽ ചോററിൽ പിഴക്കും' എന്ന തു്. കൃഷിക്കാരന്റെ ദൃഷ്ടിയിൽ അത്ര പ്രധാനമാണു് ഞാറു്. ഭാഷാശാസ്ത്രജ്ഞന്റെ ദൃഷ്ടിയിലും അതിന്നു കുറെയൊക്കെ പ്രാധാന്യമുണ്ടു്. നാടകക്കാരനെപ്പോലെ സ്വന്തം രൂപം മാറ്റിവെച്ചു കൃത്രിമമായ വേഷവിധാനത്തോടുകൂടിയാണു് അയാൾ—ഞാറു്—അരങ്ങത്തു പെരുമാറുന്നതു്. നല്ല വേ ഷപ്പകർച്ചയുള്ളതുകൊണ്ടു യഥാർത്ഥത്തിലുള്ള ആളെ മനസ്സി ലാക്കാൻ ആരും ത്സ്വല്പം വിഷമിക്കും.

ഞാറിന്നു മൂപ്പെത്താത്തതു്, ഇളയതു്, എന്നാണു് ശ രിക്കുള്ള അർത്ഥം. 'ഞാറുപ്രായം' എന്ന വാക്കിൽ ആ അർത്ഥം സ്പഷ്ടമായി കാണാം. 'നിഖിലഭുവനം ഞാറു ചെയ്താ ന്മയോനിം' എന്നിങ്ങനെയുള്ള ഉണ്ണുനീലിസന്ദേശത്തിലെ

(പൂർവ്വസന്ദേശം, ശ്ലോകം 37) പ്രയോഗത്തിൽ ഞാറു ചെയ്യുക എന്നതിന്നു സൃഷ്ടിക്കുക, ബീജാവാപം ചെയ്യുക എന്ന അർത്ഥം കല്പിച്ചുകാണുന്നു. എന്നാൽ ഭാഷാശാസ്ത്രദൃഷ്ട്യാ ആദ്യം പറഞ്ഞ—മൂപ്പെത്താത്തതു്, ഇളയതു്—അർത്ഥം തന്നെയാണു് യോജിച്ചിരിക്കുന്നതു്. പക്ഷേ ആ അർത്ഥത്തിൻെറ സമീചീനത ഗ്രഹിക്കണമെങ്കിൽ പ്രസ്തുതപദത്തിൻെറ പ്രാഗ്രൂപമായ 'നാറ്' എന്ന ശബ്ദത്തെത്തന്നെ പരിശോധിക്കണം. നാറാണു് ഞാറായിത്തീർന്നതു്. നകാരഞകാരങ്ങൾക്കു തമ്മിൽ വിനിമയം—ശരിക്കു പറഞ്ഞാൽ നകാരം ഞകാരമാകുന്നതു-മലയാളത്തിൽ സാധാരണമാണു്. പ്രത്യേകിച്ചും പഴയ മലയാളത്തിൽ.

നാൻ—ഞാൻ

നണ്ട്—ഞണ്ടു്

നാങ്ങണ—ഞാങ്ങണ

നൊടി—ഞൊടി

എന്നീ ഉദാഹരണങ്ങൾ നോക്കുക.

നറ് എന്ന ഒരു പഴയ ധാതുവിൽ നിന്നാണു് നാറിൻെറ ആഗമം. നറുതായിട്ടുള്ളതു നാറു എന്നാണു് നിരുക്തി. നറുധാതുവിൽനിന്നുണ്ടായ ഒരു ശുദ്ധഭേദകമത്രെ ഇന്നു അപൂർവ്വമായിട്ടെങ്കിലും പ്രചാരത്തിലിരിക്കുന്ന 'നറും' എന്ന പദം. നറുംനിലാവു്, നറുംപാൽ എന്നീ പദങ്ങളിൽ പ്രസ്തുതാർത്ഥത്തിൽ—ഇളയതു എന്ന അർത്ഥത്തിൽ—ആ ഭേദകം ചേർന്നു നില്ക്കുന്നതു കാണാം. അവസാനത്തിലുള്ള അനുസ്വാരം ലോപിച്ചു നറു എന്നു മാത്രമായും (ഉം:നറുനിലാവ്, നറുനീണ്ടിക്കിഴങ്ങ്) പ്രയോഗത്തിലില്ലായ്കയില്ല.

കൂട്ടത്തിൽ പറയട്ടെ, അവസാനത്തിലുള്ള അനുസ്വാരം മററു പല ശബ്ദഭേദകങ്ങളിലും ഇതുപോലെ ലോപിച്ചു പോകാറുണ്ട്. താഴെ കാണിച്ച ഉദാഹരണങ്ങൾ നോക്കുക:

നെടുംകയറ്—നെടുമരം, നെടുമംഗല്യം

ഇളംനിലാവ്—ഇളമാൻ, ഇളവെയിൽ

കൊടുംകൊല—കൊടുമധുരം

കൊടുമുന്തിരിയിലെ കൊടു ഇത്തരത്തിലുണ്ടായതല്ല. അതു കുടകിലെ മുന്തിരി എന്നതിൻെറ (കുടക്, കൊടക്, കൊട്ക്, കൊട്, കൊടു) സങ്കുചിതരൂപമാകുന്നു.

അങ്ങനെ നറു ധാതുവിൽ നിന്നുണ്ടായ മറെറാരു പദമാണ് നറുക്ക്. ചെറിയതു് എന്ന അർത്ഥത്തിൽ 'നറുക്കില'യിൽ ഈ രൂപം കാണുന്നു. നറുവിലെ ഉകാരം നകാരത്തിലേയ്ക്കു വലിഞ്ഞു കയറി—ദ്രമിഡ ഭാഷകളിൽ ഇതു സാധാരണമാണ്—നുറുക്ക എന്ന രൂപവും പ്രചാരത്തിലുണ്ട്.

2. ഞാററുവേല

'ഞാററുവേലയറിയാത്തവൻ കൃഷി ചെയ്യേണ്ട' എന്നാണ് പഴമക്കാരുടെ അഭിപ്രായം. കൃഷിക്കും ഞാററുവേലയ്ക്കും തമ്മിലുള്ള ബന്ധം അത്ര അഭേദ്യമായതാണ്. എന്താണ് ഞാററുവേലയെന്നാൽ? ഇതിനുമുമ്പു നാം കണ്ട ഞാറുമായി ഞാററുവേലയ്ക്കു യാതൊരു ബന്ധവുമില്ല. ഇനി ഉണ്ടെങ്കിൽതന്നെ അതു കടലിനും കടലാടിക്കും തമ്മിലുള്ളതിനേക്കാൾ ഒട്ടും മെച്ചപ്പെട്ടതല്ലതാനും.

ഞാററുവേലയെന്നല്ല ഞായററുവേല എന്നാണ് ശരിക്കു പറയേണ്ടതു്. ഉച്ചാരണത്തിൽ ഞായററിലെ മദ്ധ്യമവ

ണ്ണമായ യകാരം എങ്ങനെയോ തേഞ്ഞു മാഞ്ഞുപോയിയെ ന്നേയുള്ളു. ഞായറാഴ്ചവേല എന്നതിന്നു ഞായറിൻെറ—സൂര്യൻെറ—വേല എന്നാണത്ഥം. രണ്ടും തമിഴ്പദങ്ങളാണ്. വേലയ്ക്കു തമിഴിൽ കടൽക്കരെ, സമയം, കടൽ, സഞ്ചാരകാലം ഇങ്ങനെ പല അത്ഥങ്ങളുമുണ്ട്. ഇവിടെ സഞ്ചാരകാലമെന്നാണത്ഥം. അപ്പോൾ സൂര്യൻെറ സഞ്ചാരകാലത്തെ, അതായത് ഒരു നക്ഷത്രത്തിൽ നിന്നു മറെറാരു നക്ഷത്രത്തിലേയ്ക്കുള്ള സഞ്ചാരകാലത്തെ, ആണ് ഞാററുവേല എന്ന പദം നിർദ്ദേശിക്കുന്നതെന്നു സിദ്ധമായി.

ഞായർ എന്നോ ഞായിർ എന്നോ ശരിയായ പദം? തമിഴിൽ ഞായിർ എന്നാണ്. മലയാളത്തിൽ ഇകാരം ലോപിപ്പാനോ തമിഴിൽ അതു കൂട്ടതലായി കാണുമാനോ എന്താണ് കാരണം? ശരിക്കുള്ള രൂപം ഞായറെന്നുതന്നെ ആയിരിക്കാനാണ് അധികം യുക്തി. തമിഴിലെ ഇകാരം അധികപ്പററാണെന്നു തോന്നുന്നു. എന്തുകൊണ്ട്? ഞകാരം താലവ്യമാണ്. അടുത്തു വരുന്ന യകാരവും അങ്ങനെതന്നെ. യകാരത്തിലടങ്ങിയ അകാരം ഉച്ചരിപ്പാൻ അല്പം വിഷമമുണ്ട്. അതാണല്ലോ സാധാരണന്മാർ യശോദയെ യെശോദയും യജമാനനെ യെജമാനനുമാക്കി ഉച്ചരിക്കുന്നത്. അതിനാൽ ഉച്ചാരണസൌകര്യത്തിന്നുവേണ്ടി പൂർവ്വവർണ്ണത്തിലടങ്ങിയ താലവ്യത്തിൻെറ സംസ്കാരത്തെ അടുത്ത വർണ്ണത്തിലേയ്ക്കും സംക്രമിപ്പിച്ചതായിരിക്കണം. ഇകാരം താലവ്യസ്വരമാണല്ലോ. അല്ലെങ്കിലുമുണ്ട് യകാരത്തെ താലവ്യസ്വരം ചേർത്ത് ഉച്ചരിപ്പാനുള്ള ഒരു വാസന.

കോയ്മ—കോയിമ

ഊരായ്മ—ഊരായിമ

ഇല്ലായ്ക—ഇല്ലായിക

മുതലായ ഉദാഹരണങ്ങൾ നോക്കുക. ഇല്ലായ്മയെ ഇല്ലായി കകൊണ്ടും തൃപ്തിപ്പെടാതെ ഇല്ലാഴികവരെ വലിച്ചിട്ടു നീട്ടിക്കൊണ്ടുപോകുന്നതായും കണ്ടിട്ടുണ്ട്. ഞായറാഴ്ചവേലയിൽ മാത്രമല്ല യകാരം ലോപിക്കുന്നുള്ളു. കൈച്ചിട്ട് (കച്ചിട്ട്) പേയ്ക്കിനാവ് (പേക്കിനാവ്) പടിഞ്ഞായർ (പടിഞ്ഞാറ) മുതലായ പദങ്ങളും പരിശോധിച്ചു നോക്കുക.

3. പർജ്ജന്യൻ

മേഘത്തിൻെറ അഥവാ മഴയുടെ അധിഷ്ഠാനദേവതയാണ് പർജ്ജന്യൻ. ലൌകികസംസ്കൃതത്തിൽ പർജ്ജന്യശബ്ദത്തിന്നു മേഘമെന്നേ അർത്ഥമുള്ളു. പർജ്ജന്യനെപ്പററി ഋഗ്വേദത്തിൽ ധാരാളം സൂക്തങ്ങളുണ്ട്. ആര്യവർഗ്ഗത്തിൻെറ ആദിമദേവതകളിലൊന്നാണ് പർജ്ജന്യൻ. മൂലകുടുംബത്തിൽ നിന്നു ചിന്നിച്ചിതറിയ മിക്ക ആര്യവർഗ്ഗക്കാർക്കിടയിലും ഈ ദേവതയെക്കുറിച്ചുള്ള പ്രസ്താവം കാണുന്നുണ്ട്. പ്രസിദ്ധഭാഷാശാസ്ത്രജ്ഞനായ ഗ്രിം ആണ് ആര്യവർഗ്ഗീയഭാഷകളിൽ പർജ്ജന്യപരമായ സംസ്കാരത്തിന്ന് എത്രത്തോളം വ്യാപ്തിയുണ്ടെന്ന് ആദ്യമായി ഗവേഷണം ചെയ്തു കണ്ടുപിടിച്ചത്.

ലിത്വാനിയൻഭാഷയിൽ—ഭാഷാശാസ്ത്രപരമായി മററു യൂറോപ്യൻ ഭാഷകളെക്കാൾ സംസ്കൃതത്തോട് ഏററവും അടുപ്പമുള്ളത് ഇതിന്നാണ്—പെർക്കൂണസ് എന്ന പേരിലാണ് ഈ ദേവത അറിയപ്പെട്ടിരുന്നത്. പ്രസ്തുതഭാഷയിൽ ഇടിയെക്കുറിക്കുന്നതു് ഇന്നും ഈ ശബ്ദമാകുന്നു. പഴയസ്ലാവോണിക്കിൽ പെറൺ എന്നും ബൊഹിമിയനിൽ പെറൌൺ എന്നും പോളിഷിൽ പൈറൺ എന്നും പർജ്ജന്യൻ

രൂപാന്തരപ്പെട്ടിരിക്കുന്നു. ലെററീഷ്ഭാഷയിൽ ഈ ദേവത കടന്നു കൂടിയിരിക്കുന്നതു് പെഹ്ര്ക്കോൺസ് എന്നും പഴയ പ്രശ്യനിൽ പെർക്കുണോസ് എന്നും ഉള്ള രൂപങ്ങളിലാണ്. മൊർഡ്വിനിയനിൽ പെർഗൈനി എന്നായി പർജ്ജന്യൻെറ രൂപം. അനാര്യഭാഷകൾ സംസാരിക്കുന്നവർക്കിടയിലും പർജ്ജന്യപരമായ സംസ്കാരം കാണുന്നുണ്ടെന്നു മാക്സ്മുള്ളർ ചൂണ്ടിക്കാണിക്കുന്നു. എസ്തോണിയൻ ഭാഷയിൽ—അതു് അനാര്യമാണ്—മഴയുടേയുംഇടിയുടേയും ദേവതയെ പിക്കർ എന്നോ പിക്കേൽ എന്നോ ആണ് പറയുന്നതു്. ഇതിന്നുമുമ്പു ചൂണ്ടിക്കാണിച്ച പദങ്ങൾക്കെന്നപോലെ ഇവയ്ക്കും മൂലപദത്തോടു കുറെ രക്തബന്ധമുണ്ടെന്നു വ്യക്തമാണല്ലോ. വ്യത്യസ്തവിഭാഗത്തിൽ പെട്ട നരവർഗ്ഗങ്ങൾ തമ്മിൽ കൂടിക്കലരുമ്പോൾ വിശ്വാസങ്ങൾക്കും സംസ്കാരത്തിന്നും വിനിമയം സംഭവിക്കുന്നതു സ്വാഭാവികമാണ്. കേരളത്തിൽ തന്നെയും ആര്യവർഗ്ഗീയരായ നമ്പൂതിരിമാരുടെയും ദ്രമിഡവർഗ്ഗീയരായ നായന്മാരുടെയും വിശ്വാസങ്ങളും സംസ്കാരങ്ങളും തമ്മിൽ എത്ര അഭേദ്യമാംവിധം കൂടിക്കലർന്നിരിക്കുന്നു!

അങ്ങനെയെല്ലാമാണെങ്കിലും, വേദത്തിലെ പല ദേവതകളും ആദ്യമേ സ്ഥാനം പിടിച്ച ലാററിനിലും ഗ്രീക്കിലും കെൽട്ടിക് ഭാഷകളിൽ തന്നെയും പർജ്ജന്യപദത്തിൻെറ സംസ്കാരം കാണുന്നില്ലെന്നുള്ളതു പല ഗവേഷകന്മാരെയും അത്ഭുതപ്പെടുത്തുന്നു. ആര്യഗോത്രത്തിൽപ്പെട്ട എല്ലാ വിഭാഗക്കാരും ഒരേ കാലത്തല്ല മൂലകുടുംബത്തിൽ നിന്നു ചിന്നിച്ചിതറിയതെന്ന നിഗമനത്തിലാണ് ഇതു നമ്മെ എത്തിക്കുന്നതു്.

4. ഞങ്ങൾ

ഏൻ എന്ന ആദിമപദമാണല്ലോ ഏൻ, യാൻ, നാൻ എന്നീ രൂപാന്തരങ്ങളെ പിന്നിട്ട് അവസാനം ഞാൻ എന്നായിത്തീർന്നത്. നിർദ്ദേശികയൊഴിച്ചു മററു വിഭക്തികളിൽ എൻ എന്ന ആദിമരൂപം തന്നെയാണ് പ്രകൃതിയായി (ഉം: എന്നെ, എന്നോട്, എനിക്ക്) വർത്തിക്കുന്നത്. ദ്വിതീയവിപരിണാമം (ഏൻ) കർതൃവാചിപ്രത്യയമായി ആഖ്യാതങ്ങളിൽ വളരെക്കാലത്തോളം അവശേഷിച്ചിരുന്നു ഇന്നും അപൂർവ്വമായി പ്രചാരത്തിൽ (ഉം. വന്നേൻ. പോയേൻ) ഇല്ലായ്കയുമില്ല. മററു രണ്ടു രൂപങ്ങൾ (യാൻ, നാൻ) മലയാളത്തിൽ ഇപ്പോൾ തീരെ നടപ്പില്ല. എന്നാൽ ഒരു കാലത്തു തമിഴിലെന്നപോലെ മലയാളത്തിലും നാൻ എന്ന രൂപം പ്രചാരത്തിലുണ്ടായിരുന്നുവെന്നു കരുതുന്നതിൽ യുക്തിഭംഗമില്ല.

ഞാൻ എന്നതിന്റെ ബഹുവചനരൂപമാണ് എങ്ങളും ഞങ്ങളും. എങ്ങൾ എന്നതു് ഇന്ന് അപൂർവ്വമായേ പ്രയോഗിച്ചു പോരുന്നുള്ളു. പഴയ മലയാളത്തിൽ ധാരാളം നടപ്പുണ്ടായിരുന്നുതാനും. എൻ+കൾ (ബഹുവചനപ്രത്യയം) = എങ്ങൾ എന്ന നിഷ്പാദനത്തിൽ ആക്ഷേപം ആവലാതിയൊന്നുമില്ല. എന്നാൽ ഞങ്ങൾ എന്നതിന്റെ സ്ഥിതിയിതല്ല. ഞാൻ+കൾ എന്നു ചേരുമ്പോൾ ഞാങ്കൾ, ഞാങ്ങൾ എന്നല്ലേ വരേണ്ടതു്? പൂർവ്വപദത്തിലെ ദീർഘസ്വരം എങ്ങനെ ഹ്രസ്വമായി? താൻ+കൾ എന്നതു താങ്കൾ എന്നല്ലാതെ തങ്കൾ എന്നായില്ലല്ലോ.

ശരിയാണതു്. സ്വാഭാവികമായി ഉണ്ടാകുന്നതാണു് ഈ സംശയം. മലയാളത്തിൽ ഇന്നത്തെ ഞങ്ങളുടെ സ്ഥാ

നത്തു ഞാങ്ങൾ എന്നിങ്ങനെ ദീർഘസ്വരത്തോടുകൂടി ശരിയായ രൂപത്തിൽതന്നെ ഒരു പദം പണ്ടു പ്രചാരത്തിലുണ്ടായിരുന്നു. മണിപ്രവാളകാലത്തുപോലും ആ രൂപം (ഞാങ്ങൾ) പ്രയോഗത്തിലിരുന്നുവന്നതിന്നു തെളിവുണ്ടു്. എന്തു കാരണത്താലോ ആ പദം പിന്നീടു ലുപ്തപ്രചാരമായി. അതിന്റെ സ്ഥാനത്തു ഹ്രസ്വസ്വരത്തോടുകൂടിയ ഞങ്ങൾ പ്രതിഷ്ഠിതമാവുകയും ചെയ്തു.

ഞങ്ങളും ഞാങ്ങളുമാകുമ്പോൾ പഴയ രൂപമേതാണു്? പ്രചാരത്തിലിരുന്നു നശിച്ചുപോയ ഞാങ്ങൾതന്നെയാകണം പഴയ പദമെന്നാണു് പ്രഥമ വീക്ഷണത്തിൽ ആർക്കും തോന്നുക. എന്നാൽ വാസ്തവമതല്ല. ഞാങ്ങളെക്കാളും എത്രയോ പഴക്കമുള്ള രൂപമാണു ഞങ്ങളെന്നതു്. ഒരുപക്ഷേ ഞാൻ എന്ന രൂപം പ്രചാരത്തിൽ വരുന്നതിന്നുമുമ്പുതന്നെ ഞങ്ങൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. ഞാൻ വിപരിണമിച്ചുണ്ടായതിന്നുശേഷമേ ഞാങ്ങൾ പ്രയോഗത്തിൽ വന്നുള്ളു.

ഞാൻ എന്നതിൽനിന്നല്ല ഞങ്ങളുടെ ഉല്പത്തി. പിന്നെയോ? എൻ എന്ന അതിപ്രാചീന രൂപത്തിൽ നിന്നുതന്നെയാണു്. എൻ + കൾ ആണു് ഞങ്ങളായിത്തീർന്നതു്. അനുനാസികാതിപ്രസരംകൊണ്ടു് എൻകൾ ആദ്യം എങ്ങളായി. അടുത്ത മാററം യങ്ങളിലേയ്ക്കാണു്. പിന്നെ യഥാക്രമം നങ്ങളിലേയ്ക്കും ഞങ്ങളിലേയ്ക്കും. പദാദ്യത്തിൽ സ്വരം വ്യഞ്ജനമായി മാറുന്നതു വളരെ ചുരുക്കമായേ മലയാളത്തിൽ കണ്ടിട്ടുള്ളു. മറിച്ചു വ്യഞ്ജനം സ്വരമായിത്തീരുന്നതാണെങ്കിൽ ധാരാളമുണ്ടുതാനും.

ചേർനാട്—ഏർനാട്

കേററം—ഏററം

വെര—എര

ഹാരം—ആരം

ഹരൻ—അരൻ

മുതലായി ഇതിന്ന് എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിപ്പാൻ കഴിയും. ഉച്ചാരണസ്പഷ്ടതയുള്ള നമ്പൂതിരിമാരുടെ സമ്പർക്കത്തോടുകൂടി ശിഥിലോച്ചാരണപ്രധാനമായ മലയാളത്തിലും ചില മാററങ്ങൾ സംഭവിച്ചുവെന്നും അങ്ങിനെ സ്വരാദ്യമായ എങ്ങൾ മദ്ധ്യമാദ്യമായ—യ, ര, ല, വ ഇവ സ്വരങ്ങൾക്കും വ്യഞ്ജനങ്ങൾക്കും മദ്ധ്യത്തിലുള്ളവയാണല്ലോ—യങ്ങളും പിന്നെ നങ്ങളും ഞങ്ങളുമായി മാറി എന്നും വേണം കരുതുക. യങ്ങളും നങ്ങളും ഏതെങ്കിലും കാലത്തു ലിഖിതഭാഷയിൽ പ്രചരിച്ചിരുന്നുവോ എന്ന സംഗതി തീർത്തു പറവാൻ നിർവ്വാഹമില്ല.

5. യമുന

പുരാണങ്ങളിലെന്നപോലെ വേദങ്ങളിലും പ്രസിദ്ധിയാർന്നതാണ് യമുനാനദി. യമനും യമുനയും സൂര്യസന്തതികളാണെന്ന പ്രസ്താവംതന്നെ പ്രസ്തുതനദിയുടെ മാഹാത്മ്യത്തെ വെളിപ്പെടുത്തുന്നു. സൂര്യപാരമ്പര്യം ആഭിജാത്യത്തിന്റെ പരമപ്രതീകമായാണ് പുരാതനലോകം കണക്കാക്കിയിരുന്നതു്. ഭാരതീയരാജവംശങ്ങളിൽ ചന്ദ്രവംശത്തെക്കാൾ സൂര്യവംശത്തിന്നു കുലീനത കൂടുമെന്നാണല്ലോ പൌരാണികമതം. ലോകത്തിലെ പല പ്രാക്തനനരവർഗ്ഗങ്ങളും തങ്ങൾ സൂര്യവംശീയരാണെന്നു വിശ്വസിച്ച് അഭിമാനിച്ചിരു

ന്നു. ശ്രീകൃഷ്ണനുമായുള്ള സമ്പർക്കമാണ് പുരാണങ്ങളിൽ യമുനയുടെ പ്രശസ്തി വർദ്ധിപ്പിച്ചത്.

ഇംഗ്ലീഷുകാരുടെ 'ജമ്ന' സാക്ഷാൽ യമുനയിൽ നിന്നുതന്നെ ഉണ്ടായതാണ്. യകാരത്തെ ജകാരമാക്കുന്നതിൽ ബങ്കാളികൾക്ക് ഒരു പ്രത്യേകവാസന തന്നെയുണ്ട്. യതീന്ദ്രനാഥനെ ജതീന്ദ്രനാഥനും ശ്രീയുക്തനെ ശ്രീജുത്തുമാക്കിയാലേ അവർ സംതൃപ്തിയാവൂ. ഹിന്ദിയുടേയും ബങ്കാളിയുടേയും ഉച്ചാരണപരമായ സംസ്കാരം കൂടിച്ചേർന്നപ്പോൾ ഇംഗ്ലീഷുകാരന്റെ നാവിൽ നമ്മുടെ യമുന, ജമ്നയായി മാറി.

പാശ്ചാത്യർ പുരാതനകാലത്തുതന്നെ ഇന്ത്യയിലെ മററു പല നദികളെപ്പോലെ യമുനയും പരിചിതമായിരുന്നു. ക്രിസ്ത്വബ്ദം ഒന്നാംശതകത്തിൽ ജീവിച്ചിരുന്ന പ്ലിനിയാണ് പ്രസ്തുതനദിയെപ്പററി ഒന്നാമതായി പ്രസ്താവിച്ചുകാണുന്ന യൂറോപ്യൻ. അദ്ദേഹം അതിനെ റോമൻഭാഷയിൽ ജോമനെസ് (Jomanes) ആക്കി മാററി. രണ്ടാംനൂററാണ്ടിൽ ജീവിച്ചിരുന്ന പ്രസിദ്ധഭൂമിശാസ്ത്രജ്ഞനും ജ്യോതിശ്ശാസ്ത്രജ്ഞനുമായിരുന്ന ടോളമി യമുനയെ 'ഡ്യമൌന' എന്ന പേരിലാണ് ഗ്രീക്കുകാർക്ക് പരിചയപ്പെടുത്തിയത്. അതേ നൂററാണ്ടിൽ അതേ നാട്ടിൽ ജീവിച്ചിരുന്ന ഏറിയൻ പ്രസ്തുതപദത്തെ കൂടുതൽ അലങ്കാലപ്പെടുത്തിയാണ് ഗ്രീക്കുകാർക്ക് പരിചയപ്പെടുത്തിയത്. അദ്ദേഹം അതിനെ 'ജോബറസ്' എന്നാക്കിക്കളഞ്ഞു. യമുനയ്ക്കും ജോബറസ്സിനും തമ്മിലുള്ള ജന്യജനകബന്ധം ഭാഷാശാസ്ത്രജ്ഞന്മാർക്കുപോലും വിവേചിച്ചറിവാൻ വിഷമമായാണിരിക്കുന്നത്.

ഇങ്ങനെ വിദേശീയഭാഷകളിൽ സ്ഥലനാമങ്ങൾക്കും നദീപർവ്വതാദികളുടെ നാമങ്ങൾക്കും വന്ന രൂപപരിണാമം

ചൂണ്ടിക്കാണിക്കുകയെന്നുവെച്ചാൽ കുറെ അധികമുണ്ട്. കേരളക്കരയിലെ പല സ്ഥലങ്ങളെക്കുറിച്ചും പണ്ടത്തെ വിദേശീയചരിത്രകാരന്മാരും സഞ്ചാരികളും രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. എന്നാൽ അവ ഇന്നിന്ന സ്ഥലങ്ങളാണെന്നു വിവേചിച്ചറിവാൻ വളരെയധികം വിഷമമുണ്ട്. ഏലിയും ഓഫിറും തർശീശും യഥാക്രമം ഏഴിമലയും ബേപ്പൂരും തിരുവഞ്ചിയുമാണെന്നു ഭാഷാശാസ്ത്രകാരൻ വളരെ പ്രയാസപ്പെട്ടു സമർത്ഥിച്ചാലും അവയ്ക്കു സർവ്വസമ്മതി സിദ്ധിപ്പാൻ ഞെരുക്കമാണ്. ഇങ്ങനെയുള്ള പദങ്ങൾ ഇനിയുമുണ്ട് നൂറുകണക്കിൽ.

### 6 ഇയപ്പം

പഴയ തച്ചുശാസ്ത്രഗ്രന്ഥങ്ങളിൽ സാധാരണ പ്രയോഗിച്ചു കാണുന്ന ഒരു പദമാണ് ഇയപ്പമെന്നത്. ഇന്ന് ഇതു വ്യവഹാരത്തിലില്ല. അതിന്റെ സ്ഥാനത്ത് 'ഏപ്പ്' എന്നാണ് പറയുക. ഇയപ്പത്തിന്റെയും ഏപ്പിന്റെയും അർത്ഥം ഒന്നുതന്നെ. 'ഏപ്പിൽ കൊത്തുക' (ബലക്ഷയമുള്ളേടത്തു ശക്തി പ്രയോഗിക്കുക) എന്ന ശൈലി പലേടത്തും പ്രസിദ്ധമാണ്. 'ഏച്ചുകൂട്ടിയാൽ മുഴച്ചിരിക്കും' എന്ന പഴഞ്ചൊല്ലിലെ ഏച്ചുവിന് ഏപ്പിനോടാണ് ബന്ധം. ഏച്ചത് (യോജിപ്പിച്ചത്) ആണ് ഏപ്പ്.

ഇയൽധാതുവിൽനിന്നാണ് ഇയപ്പത്തിന്റെ ഉല്പത്തി. ഇയലുക എന്നതിന്നു സ്ഥിതിചെയ്യുക എന്നാണർത്ഥം. ഗുണമിയലുന്ന, കാന്തിയിയലുന്ന മുതലായ പ്രയോഗങ്ങൾ നോക്കുക. ഇയലുന്ന അവസ്ഥയെയാണ് ഇയപ്പമെന്നോ ഇയർപ്പമെന്നോ പറയുന്നത്. ഇയൽപ്പമെന്നോ ഇയർപ്പമെ

ന്നോ ആയിരുന്ന ആദിമരൂപം പിന്നെ ഇയപ്പമെന്നായി. മുറിഞ്ഞ കഷണത്തിന്മേൽ മററൊന്നു ചേൎക്കുമ്പോൾ അതു ഇയപ്പം (ഉള്ളതു്, സ്ഥിതിചെയ്യുന്നതു്) ആയിത്തീരുന്നു.

ഇയലുക എന്ന പദമാണു് ഏലുക എന്നിങ്ങനെ സങ്കോചിച്ചു കാണുന്നതു്. രണ്ടിന്നും അൎത്ഥം ഒന്നുതന്നെ. ഗുണമേലുന്ന, കാന്തിയേലുന്ന എന്നീ പദങ്ങൾക്കു ഗുണമിയലുന്ന, കാന്തിയിയലുന്ന ഇവയുടെ അൎത്ഥംതന്നെയാണു്. ഇയലുക, ഇയപ്പം ഇവയിലെ മദ്ധ്യത്തിലുള്ള യകാരവ്യഞ്ജനം ലോപിച്ചു സ്വരാംശംമാത്രം ശേഷിക്കുകയും ഉച്ചാരണസൌകൎയ്യത്തിന്നുവേണ്ടി രണ്ടും (ഇ + അ) യോജിച്ചു് ഏകാരമായിത്തീരുകയും ചെയ്തതാണു് ഏലുക, ഏപ്പം (ഏപ്പു്) എന്നീ രൂപങ്ങൾ ഉണ്ടായതു്.

7. മുററവും പിററവും

മുൻ, പിൻ എന്നീ വാക്കുകളിൽ നിന്നുണ്ടായതാണു് മുററവും പിററവും. മുററത്തിന്നു മുമ്പിലുള്ളതു് എന്നും പിററത്തിന്നു പിന്നിലുള്ളതു് എന്നുമാണു് അൎത്ഥം. വീട്ടിന്റെ മുൻവശത്തു വൃത്തിയാക്കിവെച്ചിട്ടുള്ള സ്ഥലമാണല്ലോ മുററം. എന്നാൽ മുററത്തെപ്പോലെ അത്ര പ്രചാരത്തിലുള്ള പദമല്ല പിററം. ഏതെങ്കിലുമൊരുകാലത്തു മലയാളത്തിൽ അതു പ്രയോഗത്തിലുണ്ടായിരുന്നുവോ എന്നും അറിഞ്ഞുകൂടാ. പ്രാകൃതമലയാളം സംസാരിക്കുന്ന ദ്രമിഡജാതീയരായ ചില മലവൎഗ്ഗക്കാൎക്കിടയിൽ പിററമെന്ന പദം ഉപയോഗത്തിലുള്ളതായി—ഏതാണ്ടു് ഈ അൎത്ഥത്തിൽതന്നെ—കേട്ടിട്ടുണ്ടു്. വീട്ടിന്റെ മുൻഭാഗത്തോളംതന്നെ പിൻഭാഗത്തിന്നു പ്രാധാന്യമില്ലാത്തതുകൊണ്ടാകാം പിററത്തിന്നു മുററത്തെപ്പോലെ പ്രചാരം ലഭിക്കാതെ പോയതു്.

പിറേറക്കാലം, പിറേറക്കൊല്ലം, പിറേറന്നാൾ തുടങ്ങിയ പദങ്ങളിൽ കാണുന്ന 'പിറേറ' എന്നതു മുററത്തിന്റെ വിപരീതമായ പിററത്തിന്റെ ഭേദക രൂപമാകുന്നു. മറേറക്കാര്യം, പറേറച്ചെന്നു, കാണേണ്ടപ്പോയി ഇവയിലേതുപോലെ വ്യവച്ഛേദകനിപാതം തന്നെയാണ് പിറേറക്കാലത്തിൽക്കാണുന്ന ഏകാരവും. ഇതിൽനിന്നു പിററമെന്ന ഒരു നാമപദം പിന്നിലുള്ളതു് എന്ന അർത്ഥത്തിൽ മലയാളത്തിന്റെ ഈട്ടുവെപ്പിൽ ഒരു കാലത്തു് ഉണ്ടായിരുന്നുവെന്നും കാലക്രമത്തിൽ അതെങ്ങനെയോ നശിച്ചുപോയി ഭേദകരൂപത്തിൽ അവശേഷിച്ചുവെന്നുമാണല്ലോ വിചാരിക്കേണ്ടതു്. നശിച്ചുപോകാനുള്ള കാരണം വിശേഷവാചിയായ മുററം വീട്ടിന്റെ പിൻഭാഗത്തിന്റെ പ്രാധാന്യം കുറഞ്ഞതോടുകൂടി സാമാന്യവാചിയായിത്തീർന്നതാകാനേ വഴിയുള്ളൂ.

8. അററക്കിഴായ

അറ് ധാതുവിൽനിന്നാണ് അററമെന്ന പദത്തിന്റെ ആഗമം. അറ് ധാതുവിന്നു് അവസാനിക്കുന്നതു് എന്നാണർത്ഥം. അററക്കണ്ടു്, അററകൈയ്യു് എന്നീ പദങ്ങൾ പ്രസ്തുതാർത്ഥത്തെ ഈഷൽഭേദത്തോടുകൂടി കാണിക്കുന്നു. അററകൈയ്യിന്നു മുറിഞ്ഞ കൈയ്യെന്നാണർത്ഥം. മുറിവു് ഒരുതരം അവസാനമാണല്ലോ.

വയലിൽ ഓരോ കണ്ടത്തിൽനിന്നും വെള്ളം പോകുന്നതിന്നു വെട്ടുന്ന ചെറിയ ചാലിന്നാണ് അററക്കിഴായ എന്നു പറയുന്നതു്. അററത്തുള്ള (കണ്ടത്തിന്റെ) കിഴായ എന്നാണ് അതിന്റെ വിഗ്രഹം. കിഴായ എന്നാലോ? വാസ്തവത്തിൽ ശരിയായ രൂപം കിഴായ എന്നല്ല കുഴവായ് എന്നാണ്. പണ്ടുകാലത്തു പാൽ കറക്കുന്നതിന്നു് ഉപയോ

ഗിച്ചിരുന്ന മുളംകുഴലിനെയാണു് 'കുഴ' എന്നു പറയുന്നതു്. കുഴയുടെ വായാണു് കുഴവായ് (ഝ). ഉച്ചാരണസൌകൎയ്യത്തിനുവേണ്ടി കുഴവായ് കിഴായയായി. കന്നുകാലികൾക്കു് എണ്ണയും മററും കൊടുക്കാനുള്ള ഒരു ഉപകരണമെന്ന നിലയിൽ കിഴായ കൃഷിക്കാൎക്കിടയിൽ ഇന്നും പ്രസിദ്ധമാണു്. അതിനെ അനുസ്മരിച്ചാണു് കണ്ഠത്തിൻെറ അററത്തുള്ളതും വെള്ളംപോകുന്നതുമായ ചാലിന്നു് അറക്കിഴായ എന്നു നാമകരണം ചെയ്തതു്.

9. ബിയാസ്.

ഏതു സ്കൂൾകുട്ടിക്കും അറിയാം ബിയാസ് സിന്ധുനദിയുടെ പോഷകനദികളിലൊന്നാണെന്നു്. എന്നാൽ ഏതെല്ലാം രാസവികാരങ്ങൾക്കു (ഭാഷാശാസ്ത്രപരം) അധീനമായാണു് അതു് ഇന്നത്തെ രൂപത്തിലായിത്തീൎന്നതെന്നു ഭാഷാശാസ്ത്രഗവേഷകന്മാൎക്കു അറിഞ്ഞുകൂടു. വൈദികസൂക്തങ്ങളിലെ വിഖ്യാതമായ 'വിപസ്സാ'ണു് ഈ ബിയാസ്. ഭാരതീയന്മാർതന്നെ പിൽക്കാലത്തു വിപസ്സിനെ വിപാസയാക്കി മാററി. അലക്സാണ്ടരുടെ ആൾക്കാർ അതിനെ ഹിഫസിസ് എന്നു വിളിച്ചു. പ്ലിനി അതിന്നു നല്കിയ നാമം ഹിഫസിസ് എന്നായിരുന്നു. യവനരുടെ ഹിഫസിസിൽനിന്നാണു് ഇംഗ്ലീഷുകാരുടെ ബിയാസ് നാമ്പെടുത്തതു്. നാട്ടുകാർ പ്രസ്തുത നദിയെ ബേജ എന്നും വിളിക്കാറുണ്ടു്. വൈദികകാലത്തു് ആരംഭിച്ച വിപസ്സിൻെറ പ്രശസ്തി 1846 വരെ—അക്കൊല്ലത്തിൽ പ്രസ്തുത നദിയുടെ തീരത്തുവെച്ചാണു് സർ ഹെൻറി ഹാർഡിഞ്ചും ശിഖരുമായി യുദ്ധമുണ്ടായതു്—ചരിത്രവിദ്യാൎത്ഥികളുടെ ശ്രദ്ധയെ ആകൎഷിച്ചു നിലകൊണ്ടു.

# ആദിമരേഖകൾ.

ലോകത്തിൽവെച്ച് ഏററവും പഴയരേഖകൾ ഹിന്ദു ആൎയ്യന്മാരുടെ ഋഗ്വേദമാണെന്നാണ് ഒരുകാലത്ത് വിശ്വസിച്ചിരുന്നത്. ആൎയ്യന്മാർ ബി. സി. 2000-നോടടുത്തകാലത്ത് സിന്ധുനദീതീരങ്ങളിൽ ഉപനിവേശിച്ചിരിക്കണമെന്നും അതിനെത്തുടൎന്ന് (ബി. സി. 1820-860) വൈദികസൂക്തങ്ങളെല്ലാം വിരചിച്ചിരിക്കണമെന്നുമാണ് പാശ്ചാത്യപണ്ഡിതന്മാരുടെ സിദ്ധാന്തം. ടിലാക്കും അദ്ദേഹത്തിന്റെ അനുയായികളും ചുരുങ്ങിയപക്ഷം ഋഗ്വേദത്തിലെ ചില സൂക്തങ്ങളെങ്കിലും ആൎയ്യന്മാർ തങ്ങളുടെ ആദിമനിവാസസ്ഥലത്തുവെച്ചുതന്നെ വിരചിച്ചിരിക്കുമെന്ന് വാദിക്കുന്നു; എന്നാൽ പാശ്ചാത്യപണ്ഡിതന്മാരുടെ വാദകോലാഹലങ്ങൾക്കിടയിൽ ടിലാക്പ്രഭൃതികളുടെ അഭിപ്രായങ്ങൾ മിക്കവാറും അരണ്യരോദനമായിത്തീരുകയാണുണ്ടായത്. പിന്നീട് പാശ്ചാത്യരിൽ ചിലർതന്നെ വേദങ്ങൾ ബി. സി. 2500—1800-നിടയിൽ എഴുതിക്കൂട്ടപ്പെട്ടിട്ടില്ലെന്ന് അഭിപ്രായപ്പെട്ടുതുടങ്ങി. വേദങ്ങളുടെ കാലം ഏതുതന്നെ ആയാലും, മനുഷ്യവൎഗ്ഗത്തിന്റെ ആദിമരേഖകൾ അവയല്ലെന്നുള്ള സംഗതി ഇപ്പോൾ എല്ലാവരും സമ്മതിക്കും.

പുരാതനമിശ്രദേശത്തു് (ഈജിപ്റ്റ്) നടത്തിയ ഗവേഷണങ്ങളുടെ ഫലമായിട്ടാണു് വേദങ്ങളെക്കാൾ പ്രാചീനങ്ങളായ രേഖകൾ കണ്ടുപിടിപ്പാൻ കഴിഞ്ഞതു്. 19-ാംശതകത്തിൻെറ ഉത്തരാർദ്ധത്തിൽ ഈജിപ്റ്റിൽനിന്നു് പെപ്പറസ് (Papyras) എന്നു പറയുന്ന ഒരു തരം പുൽച്ചുരുളുകൾ കണ്ടുകിട്ടുകയുണ്ടായി. കൂടാതെ, പ്രസ്തുതശതകത്തിൻെറ പൂർവ്വാർദ്ധത്തിൽ മെസപ്പൊട്ടാമിയക്കടുത്ത സ്ഥലങ്ങളിൽ ഉൽഖനനം ചെയ്തതിൻെറ ഫലമായി, പഴയ ബാബിലോണിയയുടെ അവശിഷ്ടങ്ങളും പല വിചിത്രരേഖകളുമടങ്ങിയ ചെട്ടെറെ മൺപലകകളും കണ്ടെടുപ്പാൻ കഴിഞ്ഞു. 1921-ൽ സിൻഡിലെ മോഹൻജൊദാരോവിൽനിന്നും അതിപ്രാചീനകാലത്തു് എഴുതപ്പെട്ടവയെന്നു് വിശ്വസിക്കുന്ന ചില രേഖകൾ കണ്ടുകിട്ടുകയുണ്ടായി. ഈ മൂന്നു സ്ഥലത്തും എത്രയോ സഹസ്രാബ്ദം മുമ്പുതന്നെ വിശേഷാത്തരമായ പരിഷ്കാരം പ്രചരിച്ചിരുന്നുവെന്നുള്ളതിലേക്കു് അതാതു സ്ഥലത്തുനിന്നു് കണ്ടുകിട്ടിയ നഷ്ടശിഷ്ടങ്ങൾ തന്നെ മതിയായ തെളിവുകളാണു്. ഈ മൂന്നു പരിഷ്കാരങ്ങളുടെയും പ്രാചീനതയുടെ പൗർവ്വാപര്യം ഇനിയും നിരാക്ഷേപമായി സ്ഥാപിപ്പാൻ സാധിച്ചിട്ടില്ലെങ്കിലും ഏററവും പഴയതു് മോഹൻജോദാരോ പരിഷ്കാരമായിരിക്കണമെന്നും അതിനെ തുടൎന്നു് ബാബിലോണിയൻ പരിഷ്കാരം ഉദിച്ചുയൎന്നിരിക്കണമെന്നും അതായിരിക്കാം മിശ്രദേശപരിഷ്കാരത്തിന്നു് മാൎഗ്ഗപ്രദൎശനം ചെയ്തതെന്നുമുള്ള അഭിപ്രായത്തിനാണു് ഗവേഷകന്മാർ കൂടുതൽ പ്രാമാണ്യം കല്പിക്കുന്നതു്. എന്നാൽ ഇതെല്ലാം അയ്യായിരം കൊല്ലങ്ങൾക്കു മുമ്പു നടന്ന സംഗതികളെപ്പററിയുള്ള വെറും അഭ്യൂഹങ്ങൾ മാത്രമാണെന്ന വസ്തുത നാം വിസ്മരിക്കരുതു്.

ബാബിലോണിയയിലേയും മിശ്രദേശത്തെയും രേഖകളെപ്പററി മാത്രമേ വ്യക്തമായി എന്തെങ്കിലും അറിവാൻ സാധിച്ചിട്ടുള്ളു. ഇവയിൽ ബാബിലോണിയൻ രേഖകൾ മിക്കതും ഒരുതരം കളിമൺപലകകളിലാണെഴുതീട്ടുള്ളതു്. ചിലവ ശിലകളിലും ഇല്ലെന്നില്ല. ശിലാശാസനങ്ങൾ മററുള്ളവയെ അപേക്ഷിച്ചു നവീനങ്ങളാണു്. ഏററവും പ്രധാനപ്പെട്ട ശിലാശാസനത്തി[illegible] ക്കമേ ഉള്ളു. മിശ്രദേശീയ രേഖകൾ പെപ്പിറസ് എന്ന പുൽചുരുളുകളിലാണു് എഴുതപ്പെട്ടിട്ടുള്ളതെന്നു മുമ്പു പറഞ്ഞുവല്ലോ. ഈ ചുരുളുകൾ അവിടെ ഉണ്ടാകുന്ന ഒരുതരം പുൽത്തണ്ടുകൾ ഒന്നോടൊന്നു ചേർത്തുവെച്ചു് നിർമ്മിച്ചവയാണു്. ചില ചുരുളുകൾക്കു നൂറും നൂററമ്പതും അടി നീളം കാണുന്നു. ഇവയിൽ മിക്കതും 'പിരമിഡ്ഡു'കളേക്കാൾ പ്രാചീനങ്ങളാണു്. മനുഷ്യവർഗ്ഗത്തിന്റെ ഈ അമൂല്യരേഖകൾ കയറോമ്യൂസിയത്തിൽ പൊന്നുപോലെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

ആദിമരേഖകളെപ്പററിയുള്ള ഈ പ്രസംഗത്തിൽ അവ എഴുതാൻ ഉപയോഗിച്ചുപോന്ന ലിപികളെക്കുറിച്ചു കൂടി ചിലതു് പ്രസ്താവിക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ ആദ്യകാലത്തു് ഒരുതരം ചിത്രലിപികളാണു് എഴുതുന്നതിന്നു് ഉപയോഗിച്ചിരുന്നതെന്നു് ഊഹിക്കപ്പെടുന്നു. ഇവയുടെ ഉപജ്ഞാതാക്കന്മാർ ഇന്ത്യക്കാരോ ബാബിലോണിയക്കാരോ എന്ന സംഗതി സ്ഥാപിച്ചു കഴിഞ്ഞിട്ടില്ല. മിശ്രദേശക്കാർ ബാബിലോണിയക്കാരിൽ നിന്നു് പഠിച്ചതായിരിക്കേണമെന്നു് ഊഹിക്കുന്നു. ആദ്യകാലത്തു് ഓരോ വാക്കി

ന്നും ഓരോ ചിത്രമാണ് ഉപയോഗിച്ചിരുന്നത്. പിന്നീട് ഒരു വാക്ക തന്നെ അതിലെ അക്ഷരക്രമത്തിന്നനുസരിച്ച് പല ചിത്രം കൊണ്ടും വരച്ചു കാണിക്കുക എന്ന ഏൎപ്പാടായി. ഓരോ അക്ഷരത്തിന്നുമുള്ള ചിത്രങ്ങളെ യഥാക്രമം ചേൎത്തു വെച്ച് ഭാഷയിലെ ഏതുപദവും എഴുതി അറിയിപ്പാൻ കഴിഞ്ഞിരുന്നു. ദ്രമിഡ ഭാഷകളുടെ മൂലഭാഷയായ പഴന്തമിഴും, ഒരുപക്ഷെ ഇന്നത്തെ തമിഴ തന്നെയും ആദ്യകാലത്ത് ചിത്രലിപികളിൽ എഴുതിപ്പോന്നിരിക്കണമെന്ന് ചിലൎക്കഭിപ്രായമുണ്ട്. പദങ്ങളിൽ അക്ഷരസംഖ്യ ചുരുങ്ങിയിരിക്കുമെന്നുള്ളതാണ് ചിത്രലിപികളുപയോഗിച്ചിരുന്ന ഭാഷകളുടെ ഒരു പ്രത്യേകത. ഈ ചിത്രങ്ങളെ വളരെ പരിശുദ്ധമായിട്ടാണ് ഗണിച്ചിരുന്നത്. ചിത്രലിപികൾകൊണ്ടെഴുതുന്ന സമ്പ്രദായം സമയനഷ്ടത്തിന്ന് കാരണമായിത്തീൎന്നതിനാൽ പിൽകാലത്ത് ജനങ്ങൾ എഴുത്തിൽ അശ്രദ്ധയും ബദ്ധപ്പാടും കാണിപ്പാൻ തുടങ്ങി; എന്നാൽ ഈ അശ്രദ്ധ നിത്യോപയോഗത്തിന്നുള്ള സാധാരണരേഖകളെ മാത്രമേ ബാധിച്ചിരുന്നുള്ളു. മതസംബന്ധമായ രേഖകളെല്ലാം അവധാനപൂൎവ്വം ഭംഗിയേറിയ ചിത്രങ്ങളെക്കൊണ്ടുതന്നെ എഴുതിപ്പോന്നു.

ചിത്രലിപികളുടെ പരിണാമരൂപമാണ് ക്യൂണിഫോറം (Cuneiform) ലിപികൾ. ബദ്ധപ്പെട്ടെഴുതിയിരുന്നതുകൊണ്ട് ചിത്രങ്ങളുടെ സ്വഭാവം ഏറക്കുറെ മാറിവശാവുകയും ആ മാററം ഇങ്ങിനെയുള്ള ഒരു പ്രത്യേക ലിപിസമൂഹത്തിന്റെ ഉൽപത്തിക്കു കാരണമായിതീരുകയും ചെയ്തു. ഇവയ്ക്കു ബാബിലോണിയയിലാണ് അധികം പ്രചാരമുണ്ടായിരു

ന്നതു്. അവിടുന്നു കിട്ടിയ കളിമൺപലകകളിൽ കാണു ന്ന ലിഖിതങ്ങൾ ഏറിയ കൂറും ഈ ക്യൂണിഫോറം ലിപിക ളിലാണ്.

പ്രാചീനപരിഷ്കൃതരാജ്യങ്ങളുടെ അധഃപതനത്തോ ടുകൂടിത്തന്നെ ചിത്രലിപികൾ വായിക്കുന്ന സമ്പ്രദായവും മ നുഷ്യർ മറന്നുകഴിഞ്ഞിരുന്നു. അതിനാൽ ഇത്തരം രേഖ കൾ ഒന്നാമതു് കണ്ടെടുത്തകാലത്ത് അവയിലെ പ്രതിപാ ദ്യവിഷയമെന്താണെന്നുപോലും അറിവാൻ കഴിഞ്ഞിരുന്നി ല്ല. മിക്ക ഗവേഷകന്മാരും ഈ വരകളും കുറികളുമെല്ലാം പ്രാചീനജനത ഏതോ വിനോദത്തിന്നുവേണ്ടി വിരചിച്ചതാ കാമെന്നാണ് വിചാരിച്ചതു്. അങ്ങനെ ഇരിക്കെ ഈജിപ്തി നാട്ടുള്ള റോസെററ (Rosetta) എന്ന സ്ഥലത്തുനിന്ന് ഒരു പ്രാചീനശിലാശാസനം കണ്ടെത്തുന്നതിന്നിടയായി. ആ ശാസനത്തിൽ മൂന്നുതരം ലിപികൾ ഉപയോഗിച്ചിരുന്നു. ഇ വയിൽ ഒന്ന് ചിത്രലിപിയും മറെറാന്ന് അതിൻെറ സങ്കുചി തരൂപമായ ക്യൂണിഫോറം ലിപിയും മൂന്നാമത്തേതു് ഗ്രീക്കു ലിപിയുമായിരുന്നു. ഗ്രീക്കുലിപിയിലുള്ള ലേഖനം വായിച്ച വിദ്വാന്മാർ, മററു രണ്ടും അതേ സംഗതിയെ പരാമർശിച്ചു കൊണ്ടുള്ളതു തന്നെ ആയിരിക്കണമെന്ന് അഭിപ്രായപ്പെട്ടു. ഏറിയകാലത്തെ ഗവേഷണങ്ങളുടെ ഫലമായി ആ അഭി പ്രായം വാസ്തവമാണെന്ന് തെളിഞ്ഞു. അതിന്നനുസരിച്ച് ലിപിശാസ്ത്രജ്ഞന്മാർ ചിത്രലിപികൾക്കും ക്യൂണിഫോറം ലി പികൾക്കും ഒരു 'ചാർട്ട്' ഉണ്ടാക്കുകയും ആ ചാർട്ടിൻെറ സഹാ യത്തോടുകൂടി പെപ്പിറസ് ചുരുളുകളിന്മേലുള്ള ലിഖിതങ്ങൾ വായിക്കുകയും ചെയ്തു.

പുൽച്ചുരുളുകളിൽവെച്ച് ഏററവും പഴക്കംകൂടിയതു് 'പരേതന്മാരുടെ ഗ്രന്ഥം' എന്നു പറയുന്ന ഒന്നാണ്. മരിച്ചവരുടെ ശവം മറവുചെയ്യുമ്പോഴും, അവരുടെ ആത്മാവിന്റെ രക്ഷയ്ക്കുവേണ്ടി ശവപ്പെട്ടിയിൽ ഈ ഗ്രന്ഥവും നിക്ഷേപിക്കുക പതിവായിരുന്നു. പരേതന്റെ ആത്മാവിനെ ഉപദ്രവിപ്പാൻ ചെല്ലുന്ന സർപ്പങ്ങളും മററു ക്രൂരജന്തുക്കളും ഇതു കണ്ടാൽ അകന്നുകളയുമെന്നായിരുന്നു ഈജിപ്റ്റുകാരുടെ വിശ്വാസം. പല ശവക്കല്ലറകളിൽനിന്നും ഇത്തരം ഗ്രന്ഥങ്ങൾ കണ്ടുകിട്ടീട്ടുണ്ടു്. ഇവയിൽ ഏതാനും ഈശ്വരപ്രാർത്ഥനകളും മനോഹരമായ ചില ചിത്രങ്ങളും അടങ്ങിയിരിക്കുന്നു. ചിത്രങ്ങൾ മിക്കതും ഓരോ ദേവന്മാരുടേതാണ്. പ്രാചീനമിശ്രദേശീയർ ബഹുദൈവ വിശ്വാസികളായിരുന്നു.

സക്കാറാ (Sakkara) എന്ന സ്ഥലത്തുനിന്ന് കണ്ടുകിട്ടിയ ഒരു പെപ്പിറസ്സിൽ ആ കാലത്തെ കച്ചവടസമ്പ്രദായങ്ങളെപ്പററി പലതും പറഞ്ഞുകാണുന്നു. പട്ടണത്തിലെ ഒഴിഞ്ഞ ഒരു ഭാഗത്തുവെച്ചാണ് ക്രയവിക്രയം നടന്നിരുന്നതു്. അവിടെ ഭക്ഷണത്തിന്നും ഇതര കാര്യങ്ങൾക്കും ആവശ്യമുള്ള മിക്കസാധനങ്ങളും വിൽപ്പാനുണ്ടായിരിക്കും. നാണയങ്ങൾ നടപ്പില്ലാതിരുന്നതുകൊണ്ടു് സാമാനവിനിമയം മൂലമാണ് വ്യാപാരങ്ങൾ നടന്നിരുന്നതു്. കച്ചവടത്താവളങ്ങളിൽ ചിലപ്പോൾ യാദൃച്ഛികമായി ലഹളകൾ ഉണ്ടാകാറുണ്ടു്. ചില അവസരങ്ങളിൽ ഭരണാധികാരിതന്നെ വ്യാപാരകേന്ദ്രങ്ങളിൽക്കൂടി സഞ്ചരിക്കാറുണ്ടായിരുന്നു. ചില പുൽച്ചുരുളുകളിൽ ആ പുരാതനജനതയുടെ ഗാർഹികജീവിതരീതി രേഖപ്പെടുത്തിക്കാണുന്നു. വിദ്യാർത്ഥികൾ പാഠ

ശാലയിൽവെച്ച് എഴുതിയതും അധ്യാപകന്മാർ തെററുതീ ത്ത് അടയാളം വെച്ചതുമായ ചില ചുരുളുകൾ കണ്ടുകിട്ടീട്ടുണ്ട്. ഇവയിൽനിന്ന് അക്കാലത്തെ വിദ്യാഭ്യാസസമ്പ്രദായത്തെപ്പററിയും മററും പലതും ഗ്രഹിക്കാം.

ബാബിലോണിയയിൽ നിന്നുകിട്ടിയ ചില മൺപലകകളിൽ അവിടത്തെ പുരാതനരാജാക്കന്മാരുടെ പേരുകൾമാത്രം എഴുതിക്കാണുന്നു. മററു ചിലതിൽ സാമാനം ക്രയവിക്രയം ചെയ്യുന്നതിൻെറ കണക്കുകളാണുള്ളത്. വേറെചിലവ വസ്തുവകകൾ കൊള്ളുകയോ കൊടുക്കുകയോ ചെയ്യുന്നതിൻെറ ലക്ഷ്യങ്ങളാണ്. ബാബിലോണിയൻ രേഖകളിൽ ഏററവും പ്രധാനമായതു 'ഹമ്മുരബി' എന്ന അവിടത്തെ ഒരു പുരാതന (B. C 2000) രാജാവിൻെറ ശിലാലേഖനമാണ്. പൌരധർമ്മങ്ങളെക്കുറിച്ച് ഇതിൽ സവിസ്തരം ഉപന്യസിച്ചിട്ടുണ്ട്. പ്രാചീനചരിത്രപരമായി ഗവേഷണം നടത്തുന്നവർക്ക് ഈ രേഖകൾ അമൂല്യങ്ങളായ നിക്ഷേപങ്ങളാണ്.

# പഞ്ചതന്ത്രം

ഭാരതീയപുരാണഗ്രന്ഥങ്ങളിൽ ധാരാളം പ്രശസ്തിനേടിയ മൃതസഞ്ജീവനിയെക്കുറിച്ചു കേട്ടുകേൾപ്പിച്ച് പണ്ടൊരു വിദേശീയൻ അതു ഗ്രഹിക്കുന്നതിന്നുവേണ്ടി ഇന്ത്യയിൽ വരികയുണ്ടായത്രെ. പലേടത്തും അന്വേഷിച്ചിട്ടും ആയാൾക്കു അതിനെപ്പററി ഒരു വാലും തുമ്പും കിട്ടിയില്ല. അവസാനം ഒരു ഗുരുകുലത്തിലെ വൃദ്ധാചാര്യനെ സമീപിക്കുകയും അദ്ദേഹത്തിൽ നിന്നു 'പഞ്ചതന്ത്രം' പഠിച്ച് കൃതാൎത്ഥനായി സ്വദേശത്തെയ്ക്കു മടങ്ങിപ്പോവുകയും ചെയ്തതായി ഒരു പഴങ്കഥയുണ്ട്. ജീവിതസമരത്തിൽ മൃതപ്രായന്മാരായിത്തീൎന്നവരെ പുനരുജ്ജീവിപ്പിക്കുവാൻ പഞ്ചതന്ത്രത്തിന്നുള്ള പ്രാഗത്ഭ്യമാണ് ഈ പഴങ്കഥയിൽ പ്രകീർത്തിതമായിരിക്കുന്നത്.

കുഞ്ചൻനമ്പ്യാരോ, രാമപാണിവാദനോ, കുഞ്ചൻനമ്പ്യാരെന്നരാമപാണിവാദനോ ആരോ ആകട്ടെ, സംസ്കൃതത്തിൽ നിന്ന് ആ ഉൽകൃഷ്ടഗ്രന്ഥം (പഞ്ചതന്ത്രം) ഭാഷയിലേക്കു വിവൎത്തനം ചെയ്തു മഹാൻ, നിശ്ചയമായും, മഹത്തായ ഒരു സേവനമാണ് മലയാള സാഹിത്യത്തിന്നു ചെയ്തിട്ടുള്ളത്. മലയാളവും സംസ്കൃതവും തമ്മിൽ സാഹിത്യ

പരമായി വേഴ്ചതുടങ്ങിട്ടു കാലം വളരെയധികമായി. എന്നിട്ടും രണ്ടുമൂന്നു നൂററാണ്ടുമുമ്പു മാത്രമേ മലയാളത്തിന്നു് ആ വിശിഷ്ടഗ്രന്ഥം സിദ്ധിച്ചുള്ളൂ എന്ന സംഗതി അത്ഭുതകരമായിരിക്കുന്നു. പുരാതന കേരളത്തിലെ വിദ്യാഭ്യാസം സംസ്കൃതഭാഷയിലൂടെ ആയിരുന്നതിനാൽ പ്രാഥമിക വിദ്യാഭ്യാസ കാലത്തു തന്നെ സാധാരണ മലയാളികൾക്കു പഞ്ചതന്ത്രവുമായി പരിചയപ്പെടാൻ സാധിച്ചിരുന്നതുകൊണ്ടാകാം അതിനെ മലയാൺമയിലേയ്ക്കു വിവർത്തനം ചെയ്യാൻ ആരും മുതിരാഞ്ഞതു്. കുഞ്ചൻ നമ്പ്യാരുടെ രസികത്വത്തിന്നു് പ്രസ്തുതകൃതി ഒരൊന്നാംതരം വിഹാര രംഗമായി കണ്ടതു കൊണ്ടു അദ്ദേഹം മററൊന്നും നോക്കാതെ അതിൽ കൈവെച്ചതാവാം.

കൃസ്ത്യാനികളുടെ ബൈബിൾ കഴിച്ചാൽ ലോകത്തിലെ ഏററവുമധികം ഭാഷകളിൽ പ്രവേശം സിദ്ധിച്ച ഒരേ ഒരു ഗ്രന്ഥം പഞ്ചതന്ത്രം മാത്രമാണു്. ബൈബിളിൻെറ പ്രചാരാധിക്യത്തിൻെറ പിന്നിൽ പണത്തിൻെറയും സംഘടിത പരിശ്രമത്തിൻെറയും ഒരു ഗൂഢാലോചന കൂടി ഒളിഞ്ഞിരിപ്പുണ്ടെന്ന വസ്തുത വിസ്മരിപ്പാൻ വയ്യാ. എന്നാൽ പഞ്ചതന്ത്രത്തിന്നാകട്ടെ അത്തരത്തിലുള്ള യാതൊരാനുകൂല്യങ്ങളുമുണ്ടായിട്ടില്ല. എന്നിട്ടും അതു് മനുഷ്യൻെറ ഒഴിച്ചുകൂടാത്ത ഒരാവശ്യം പോലെ എററക്കുറെ എല്ലാ ഭാഷകളിലും വേഷം മാറി പ്രവേശിച്ചു.

പഞ്ചതന്ത്രം ആദ്യമായി വിവർത്തനം ചെയ്യപ്പെട്ടതു് ഏതു വിദേശ ഭാഷയിലേയ്ക്കാണെന്നു് നമുക്കു ഖണ്ഡിതമായി പറവാൻ കഴിയില്ല. അറിഞ്ഞേടത്തോളം ഏ. ഡി. ആ

റാം ശതകത്തിൽ തന്നെ അതു് ഇന്ത്യയിൽ നിന്നു പുറത്തു പോയിട്ടുണ്ടു്. പേഴ്സ്യയിലെ സസേനിയൻ രാജാവായ നുഷിർവാന്റെ (ഏ. ഡി. 531-579) കാലത്തു് പ്രസ്തുതകൃതി പാരസിക ഭാഷയിലേയ്ക്കു തർജ്ജിമ ചെയ്യപ്പെടുകയുണ്ടായി. പുരാതന കാലത്തു ഇന്ത്യ ലോകത്തിലെ പല രാജ്യങ്ങളുമായി സാംസ്കാരികബന്ധം പുലർത്തിപ്പോന്നിരുന്നു. അലക്സാണ്ടരും അനുയായികളും ഇന്ത്യയിൽ വന്നതിന്നു ശേഷമാണു് ഈ ബന്ധം സുദൃഢമായിത്തീർന്നതു്: അലക്സാണ്ട്റിയയിലും ബാഗ്ദാദിലും ഭാരതീയപണ്ഡിതന്മാൎക്കും സംസ്കൃത ഗ്രന്ഥങ്ങൾക്കും മാന്യസ്ഥാനം ലഭിച്ചിരുന്നുവെന്നതിലേയ്ക്കു ചരിത്രപരമായ തെളിവുകളുണ്ടു്. അതിപ്രാചീനകാലത്തുതന്നെ ഇന്ത്യയിൽ നിന്നു പേഴ്സ്യൻ ഉൾക്കടൽ, ചെങ്കടൽ, മദ്ധ്യധരണ്യാഴി ഇവ വഴിയ്ക്കു് പാശ്ചാത്യ രാജ്യങ്ങളുമായി ഗതാഗത ബന്ധം സ്ഥാപിക്കപ്പെട്ടിരുന്നു. അക്കാലത്തു സാംസ്കാരികമായും ചില വിനിമയങ്ങൾ നടന്നിരിക്കണം. പഞ്ചതന്ത്രത്തിലെ പുലിത്തോലിട്ടത്ത കഴുതയുടെയും മററും കഥ ഈസഫൽ ഭേദത്തോടുകൂടി പ്ലാറേറാവിന്റെ ചില പ്രസ്താവനകളിൽ നിന്നും വിവേചിച്ചെടുക്കാം. സോളമന്റെ നീതി നടത്തലിന്നു് ഉദാഹരണമായി ഉദ്ധരിക്കാറുള്ള രണ്ടു സ്ത്രീകളുടെയും കുട്ടിയുടെയും കഥ കൂടുതൽ സ്വാഭാവികമായ രീതിയിൽ ബൗദ്ധന്മാരുടെ ജാതകകഥകളിൽ കാണാം. സോളമൻ കുഞ്ഞിനെ പിളൎന്നു അവകാശവാദം ചെയ്യുന്ന സ്ത്രീകൾക്കു ഭാഗിച്ചു കൊടുപ്പാനാണല്ലോ ആജ്ഞാപിക്കുന്നതു്. ജാതക കഥകളിലാകട്ടെ രാജാവു്—വിശാഖൻ—കുട്ടിയെ അമ്മമാൎക്കു വിട്ടുകൊടുക്കുകയും അവർ ബലാൽക്കാരേണ അതിനെ അധീനപ്പെടുത്താൻ ശ്രമിക്കുമ്പോൾ വേ

ദന സഹിക്കാതെ കരഞ്ഞു നിലവിളിക്കുകയും കുട്ടിയുടെ വേദന കണ്ട് ശരിയായ അമ്മ ബലാൽക്കാരത്തിൽ നിന്നു സ്വയം വിരമിക്കുകയും ചെയ്തതായി പറയുന്നു.

പേഴ്സ്യനിൽ നിന്നാണ് യൂറോപ്പിലെയും ഏഷ്യാമൈനറിലെയും മിക്ക ഭാഷകളിലേയ്ക്കു പഞ്ചതന്ത്രം തർജ്ജമ ചെയ്യപ്പെട്ടതു്. സിറിയൻ ഭാഷയിലുള്ള തർജ്ജമ വളരെയധികം പഴക്കമുള്ളതാണ്. ഹിബ്രുഭാഷയിൽ നിന്നോ സംസ്കൃതത്തിൽ നിന്നോ ആകണം ആ വിവർത്തനം ഉണ്ടായിട്ടുള്ളതെന്നു ഊഹിക്കുന്നു. സിറിയൻ വർഗ്ഗക്കാർ അതിപുരാതന കാലത്തു തന്നെ ഇന്ത്യയുമായി, പ്രത്യേകിച്ചും കേരളവുമായി, ബന്ധപ്പെട്ടു പോന്നിരുന്നു. ഹിബ്രുവർഗ്ഗക്കാരുമായുള്ള അടുപ്പവും വളരെയധികം പഴക്കമുള്ളതാണ്. ഹിബ്രുഭാഷയിൽ നിന്നാണ് ലാററിനിലേയ്ക്കു പഞ്ചതന്ത്രം വിവർത്തനം ചെയ്യപ്പെട്ടതു്. പതിനഞ്ചാം ശതകത്തിൻെറ അന്ത്യപാദത്തിൽ പ്രസ്തുതകൃതി ലാററിനിൽ നിന്നു ജർമ്മനിലേയ്ക്കു തർജ്ജമചെയ്യപ്പെടുകയുണ്ടായി.

ഇംഗ്ലീഷിൽ പഞ്ചതന്ത്രത്തിന്നു പ്രവേശംസിദ്ധിച്ചതു്, 1775ൽ ആയിരുന്നു. ഫ്രഞ്ചുഭാഷയിൽ നിന്നാണ് ഇംഗ്ലീഷിലേയ്ക്കു ഈ കൃതി കടന്നുകൂടിയതു്. ഫ്രഞ്ചിലേയ്ക്കാകട്ടെ പേഴ്സ്യനിൽ നിന്നായിരുന്നു. പേഴ്സ്യനിൽ 'കടിലസ്ദമ' എന്ന പേരിലാണ് പഞ്ചതന്ത്രം അറിയപ്പെട്ടിരുന്നതു്. സംസ്കൃതത്തിലുള്ള മൂലകൃതിയുടെ കർത്താവു് വിഷ്ണുശർമ്മയാണ്. ചിലർ അദ്ദേഹത്തെ വിഷ്ണുഗുപ്തനെന്നും വിളിക്കുന്നു. ഏതായാലും അദ്ദേഹവും ചാണക്യനും ഒരാളാണെന്നു് പലർക്കും അഭിപ്രായമുണ്ട്. അർത്ഥശാസ്ത്രപ്രണേതാവായ കൗടില്യൻ

(കൗടല്യൻ) തന്നെയാണ് ചാണക്യനെന്ന്, അങ്ങനെയുമുണ്ട് ഒരു വാദം. ഇന്ത്യയിൽത്തന്നെ ഇത്രയും അഭിപ്രായ ഭേദമുള്ള സ്ഥിതിക്ക് വിഷയങ്ങളിൽ ഭിന്നാഭിപ്രായമുണ്ടാകുന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. പാരസികഭാഷയിൽ പഞ്ചതന്ത്രത്തിന്റെ കർത്താവ് 'പിൽപ്പെ' എന്ന പേരിലാണറിയപ്പെടുന്നത്. വിഷ്ണുശർമ്മയ്ക്ക് ഇത്രയും വ്യത്യസ്തമായ ഒരു നാമം നല്കാൻ അവർക്കെങ്ങനെ സാധിച്ചു എന്ന നമുക്കറിഞ്ഞുകൂടാ. പാരസികന്മാരെ അനുകരിച്ച് ഫ്രഞ്ചുകാരും മൂലഗ്രന്ഥകാരനു അതേ പേരുതന്നെ കൊടുത്തു. ഫ്രഞ്ചിൽ less-conceils-et-lesmaxims de-pilpay-philosophe Indian su-less divers itals de-lavie എന്ന പേരിലാണ് പഞ്ചതന്ത്രത്തിന്റെ തർജ്ജമ പുറത്തുവന്നത്. 1775ൽ ഫ്രഞ്ചിൽനിന്നു അതു ഇംഗ്ലീഷിലേയ്ക്കു അനുവാദം ചെയ്യപ്പെടുകയുണ്ടായി. അക്കൊല്ലം തന്നെ ഇംഗ്ലീഷുകാരുടെ ബുഭുക്ഷ ശമിപ്പിക്കുവാൻ അതിന്നു അഞ്ചു പതിപ്പുകൾ പുറപ്പെടുവിക്കേണ്ടിവന്നു വരെ!

ഇംഗ്ലീഷുകാർക്കു വളരെക്കാലത്തോളം ഫ്രഞ്ചിൽ നിന്നുള്ള തർജ്ജമയെ ആശ്രയിച്ചു കഴിച്ചുകൂട്ടേണ്ടിവന്നില്ല. 33 കൊല്ലം കഴിഞ്ഞപ്പോഴേക്കും—1787-ൽ സംസ്കൃതത്തിൽ നിന്നു നേരിട്ട് ഒരു വിവർത്തനം ഇംഗ്ലീഷിലുണ്ടായി. സർ. ചാൾസ് വിൽക്കിൻസായിരുന്നു വിവർത്തകൻ. ഈസ്ററിന്ത്യാ കമ്പനിയുടെ കീഴിൽ ഇന്ത്യയിൽ ഒരു ഉദ്യോഗസ്ഥനായി ജീവിച്ച് സംസ്കൃതത്തിൽ അപാരമായ പാണ്ഡിത്യം നേടിയ ഒരു ഗവേഷകനായിരുന്നു വിൽക്കിൻസ്. ഇന്ത്യയിൽ മുദ്രണവിദ്യ പ്രചരിപ്പിക്കുവാൻ അദ്ദേഹം വളരെയധികം പ്രയ

തിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിൽ മടങ്ങിച്ചെന്നതിന്ന ശേഷം ദേവനാഗരിലിപിയിൽ സംസ്കൃത ഗ്രന്ഥങ്ങൾ അച്ചടിക്കുവാൻ അദ്ദേഹം സ്വന്തമായൊരു മുദ്രാലയം ഏൎപ്പെടുത്തി. വിൽക്കിൻസ് തന്നെയാണ് അതിലേയ്ക്കു വേണ്ട അച്ചുകൾ കൊത്തിയുണ്ടാക്കിയതു്. പ്രസ്തുതമുദ്രണയന്ത്രത്തിൽ ആദ്യമായി അച്ചടിപ്പിച്ച സംസ്കൃത ഗ്രന്ഥം പഞ്ചതന്ത്രമായിരുന്നു. അങ്ങനെ വിൽക്കിൻസ് മൂലഗ്രന്ഥവും അതിൽ നിന്നു് നേരിട്ടൊരു വിവൎത്തനവും ഇംഗ്ലീഷുകാരുടെ മുമ്പാകെ സമൎപ്പിച്ചു.

ഫ്രഞ്ചുകാൎക്കും വളരെ കാലത്തോളം പേഴ്സ്യനിൽ നിന്നുള്ള പഴയ തൎജ്ജമയെത്തന്നെ ആശ്രയിച്ചു കഴിയേണ്ടിവന്നില്ല. പ്രസിദ്ധ സംസ്കൃത പണ്ഡിതനും ഗവേഷകനുമായിരുന്ന ബെൻഫേ, സംസ്കൃതത്തിൽ നിന്നുതന്നെ പഞ്ചതന്ത്രം ഫ്രഞ്ചുഭാഷയിലേയ്ക്കു തൎജ്ജമചെയ്തു. അതിൽ അദ്ദേഹം മൂലഗ്രന്ഥത്തിന്ന വിവിധഭാഷകളിലുണ്ടായിട്ടുള്ള വിവൎത്തനങ്ങളെ സംബന്ധിച്ചു് കിട്ടാവുന്നിടത്തോളം വിവരങ്ങൾ ശേഖരിച്ചു് ഗവേഷണപരമായ ഒരു മുഖവുരകൂടി എഴുതിച്ചേൎത്തിരുന്നു. ബെൻഫേയുടെ ആ ലേഖനം പാശ്ചാത്യരാജ്യങ്ങളിൽ പഞ്ചതന്ത്രത്തിന്റെ പ്രശസ്തി പൂൎവ്വാധികം വൎദ്ധിപ്പിച്ചു.

മദ്ധ്യേഷ്യയിലും പാശ്ചാത്യരാജ്യങ്ങളിലുമുള്ള പ്രാമാണപ്പെട്ട പല ഭാഷകളിലും പഞ്ചതന്ത്രത്തിന്ന തൎജ്ജമകളുള്ളതായി നാം കണ്ടുവല്ലോ. അതുപോലെ ടിബററൻ, ചൈനീസ് എന്നീ ഭാഷകളിലും പഞ്ചതന്ത്രം വിവൎത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയും ചീനയും തമ്മിൽ പുരാതനകാലം

മുതൽക്കേ സാംസ്കാരികവിനിമയം നടപ്പുണ്ടായിരുന്നു. സംസ്കൃതത്തിലെ ഒട്ടു വളരെ ഗ്രന്ഥങ്ങൾ, പ്രത്യേകിച്ചും ബുദ്ധമത സംബന്ധികളായവ ഹ്യൂയാൻസാങ്ങ് മുതലായ ചൈനീസ് പണ്ഡിതന്മാർ സ്വഭാഷക്കു സമ്മാനിച്ചു. 'ലളിത വിസ്തര'ത്തെപ്പോലുള്ള ചില ബുദ്ധമത ഗ്രന്ഥങ്ങൾക്കു ഭിന്ന കാലങ്ങളിലായി ചീന ഭാഷയിൽ മൂന്നും നാലും തർജ്ജമകളുണ്ടായതായറിയുന്നു.

പഞ്ചതന്ത്രത്തിലെ കഥകളിൽ പലതിന്റെയും ആകരം ബുദ്ധമതക്കാരുടെ 'ജാതക കഥ' കളാണെന്നാണ് പറയേണ്ടതു്. എങ്കിലും അവക്കു സർഗ്ഗീയതയും സമഗ്രതയും നൽകാൻ വിഷ്ണുഗുപ്തനു സാധിച്ചിട്ടുണ്ടെന്നുള്ളതു നിർവ്വിവാദമാണ്. ഇത്തരം കഥകൾ വിശ്വസാഹിത്യത്തിൽ പോലും വളരെ അപൂർവ്വമാണ്. പഞ്ചതന്ത്രത്തിലെ കഥകളോടു കിടപിടിക്കുന്ന മററുവല്ലതും പുരാതന വിശ്വസാഹിത്യത്തിലുണ്ടെങ്കിൽ അതു് ഈസോപ്പിന്റെ കഥകൾ മാത്രമാണ്. പേഴ്സ്യൻ ഭാഷയിൽ പഞ്ചതന്ത്രത്തെ അനുകരിച്ച് ലോക്മേനും ഇത്തരം ചില കഥകൾ നിബന്ധിച്ചതായറിയുന്നുണ്ട്. എന്നാൽ നിരീക്ഷണത്തിലും മനശ്ശാസ്ത്രപരിജ്ഞാനത്തിലും ഈസോപ്പും ലോക്മേനും വിഷ്ണു ഗുപ്തനെ സമീപിക്കുകപോലും ചെയ്യുന്നില്ല.

സംസ്കൃതഭാഷയിൽ ബാലസാഹിത്യം വളരെ വിരളമാണ്. പഞ്ചതന്ത്രം ബാലന്മാർക്കുവേണ്ടി, അവരുടെ മനശ്ശാസ്ത്രത്തെ തികച്ചും മാനിച്ച് എഴുതപ്പെട്ട ഒരു ഉത്തമ ഗ്രന്ഥമത്രെ. പണ്ടത്തെ വിദ്യാഭ്യാസ പദ്ധതിയിൽ പ്രസ്തുത കൃതിക്കു പ്രാമാണികമായ ഒരു പദവി തന്നെയാണ് നല്കപ്പെ

ട്ടിരുന്നത്. ജീവിതത്തിന്റെ പ്രായോഗിക വശത്തെയാണ് അതു കാര്യമായി ഉന്നം വെച്ചിട്ടുള്ളത്. അതോടൊപ്പം അന്തേവാസികളിൽ പ്രകൃതി പരിചയം, ഭൂതദയ മുതലായവയെയും അങ്കുരിപ്പിക്കുന്നു. അങ്ങനെയുള്ള ഒരു ഗ്രന്ഥം വിദ്യാഭ്യാസ മേഖലയിൽ സ്വാഗതാർഹമാകാതിരിപ്പാനിടയില്ലല്ലൊ. ജീവിത സമരത്തിൽ നൈരാശ്യം ബാധിച്ചു പിന്മാറിയവരെ വീണ്ടും ജീവിതത്തോടഭിമുഖീകരിപ്പിച്ച് വിജയശ്രീ ലാളിതരാക്കാൻ പററിയതാണ് പഞ്ചതന്ത്രമെന്ന പ്രാചീനന്മാരുടെ വിശ്വാസം തികച്ചും അർത്ഥവത്തുതന്നെ.

## ഇല്ലത്തുനിന്നു വിട്ടു;
## അമ്മാത്തെത്തിയതുമില്ല.

തലവാചകം വായിച്ചാൽ ഇതൊരു കഥയോ മറേറാ ആണെന്നു തോന്നും. കഥാകാരന്മാരുടെ എണ്ണം ഇപ്പോൾത്തന്നെ ഭയങ്കരമായ വിധം വർദ്ധിച്ചിരിയ്ക്കേ, ഇനിയും ഒരാൾകൂടി ആ ചേരിയിൽ കയറിക്കൂടി നിങ്ങളെ ബോറാക്കാൻ പുറപ്പെട്ടുകയാണെന്നു കരുതി പരിഭ്രമിയ്ക്കേണ്ട. കഥയൊന്നുമല്ല. കാര്യംതന്നെ. കാര്യം പറയുമ്പോൾ മുഖം തിരിക്കുന്നവരുണ്ടാകും. അവർ അങ്ങനെ ചെയ്തുകൊള്ളട്ടെ. എങ്കിലും ഉള്ളതു പറയാതെ കഴികയില്ലല്ലോ.

മേൽ കാണിച്ച തലവാചകം ഒരു പഴഞ്ചൊല്ലാണ്. പഴഞ്ചൊല്ലിൽ പതിരില്ലെന്നാണല്ലോ പഴമൊഴി. കേരളത്തിലെ ആളുകൾക്കിടയിലെന്നപോലെ പഴഞ്ചൊല്ലുകൾക്കിടയിലുമുണ്ട് ജാതിഭേദവും സമുദായഭേദവുമൊക്കെ. നമ്പൂതിരിമാരുടേയും അവരോടു കുറെയൊക്കെ അടുപ്പമുള്ളവരുടേയും ഇടയിലാണ് ഈ പഴഞ്ചൊല്ലിന്നു അധികം പ്രചാരം. ഇതിൻെറ ഉല്പത്തിയും അവർക്കിടയിൽ നിന്നുതന്നെ. "ഇല്ലവും" "അമ്മാത്തും," അന്യജാതിക്കാർക്കു പരിചിതമല്ല. അവർക്കു യഥായോഗ്യം "വീടും" "പുര"യും "ചാള"യുമാണ്

പാക്കാൻ. നായന്മാർക്ക് സ്വന്തം വീടുതന്നെയാണ് "അമ്മാത്തു്" മററുള്ളവർ അമ്മയുടെ പുരയിലേയ്ക്കോ ചാളയിലേയ്ക്കോ പോകും.

പഴഞ്ചൊല്ലിൽ പതിരില്ലെന്നതു് എത്ര പരമാർത്ഥമാണ്! സാമൂഹ്യവും സാംസ്കാരികവുമായ നമ്മുടെ പ്രവർത്തനങ്ങളിലേയ്ക്കുതന്നെ നോക്കൂ. ആ രണ്ടു രംഗത്തിലും നാം ഇല്ലത്തുനിന്നു വിട്ടു; എന്നാൽ അമ്മാത്തെത്തിയതുമില്ല. എന്നുവെച്ചാൽ, പഴയതൊക്കെ പരിത്യജിച്ചു; പുതുമയെ അതിൻെറ പൂർണ്ണരൂപത്തിൽ പുണരാനും കഴിഞ്ഞില്ലെന്നർത്ഥം. നമ്മുടെ ലക്ഷ്യമായ "പുതിയ സാമൂഹ്യവ്യവസ്ഥിതി" ഇന്നും ഭാവനയിൽ മാത്രമല്ലേ വിഹരിക്കുന്നതു്? ആർഷസംസ്കാരവും ഭാരതീയസംസ്കാരവുമൊക്കെ പരിത്യജിക്കാനല്ലാതെ, മാർക്സിസമാകുന്ന അമ്മാത്തെത്തിച്ചേരാൻ നമുക്കു കഴിഞ്ഞുവൊ?

ചരിത്രവും ഭാഷാശാസ്ത്രവുമാണ് ഇവിടെ ചിന്താവിഷയം. പണ്ടത്തെ ചരിത്രപരമായ വിശ്വാസങ്ങളിൽ പലതിൻെറയും അടിത്തറ പുഴക്കാൻ നമുക്കു സാധിച്ചു. പക്ഷെ, യാഥാർത്ഥ്യത്തിലെത്തിച്ചേരാൻ പലതിലും കഴിഞ്ഞതുമില്ല. ഭാഷാശാസ്ത്രത്തിലും അങ്ങനെത്തന്നെ. ഗവേഷണങ്ങൾ പഴയ വിശ്വാസങ്ങളെ ചോദ്യം ചെയ്തു. നൂതന വാദങ്ങൾ ഉന്നയിച്ചു. എന്നാൽ നാം എത്തിച്ചേർന്നതെവിടെയാണ്? മലയാളം സംസ്കൃതത്തിൽ നിന്നുണ്ടായതല്ലെങ്കിൽ പോട്ടെ. തമിഴിൻെറ മകളോ സഹോദരിയോ? സഹോദരിയാണെങ്കിൽ ജ്യേഷ്ഠയോ കനിഷ്ഠയോ? നമ്പൂതിരിമാർ ആര്യവർഗ്ഗീയരാണെന്നാണ് വിശ്വസിച്ചു പോരുന്നതു്. കുറെയൊക്കെ

പിൻതുണയുണ്ട് ആ വിശ്വാസത്തിന്ന്. മോഹൻജോദാരോവിൽനിന്നു കണ്ടെടുത്ത ചില തെളിവുകളിൽ നിന്ന് അവർ ദ്രവിഡവർഗ്ഗീയരാണൊ എന്ന ഒരു സംശയത്തിന്നു വഴിയുണ്ട്.

"ഇല്ലം" എന്നതു് നമ്പൂതിരിമാരുടെ ഗൃഹവാചിശബ്ദമാണെന്നു പറഞ്ഞുവല്ലൊ. ഇതു് ഒരു ദ്രാവിഡപദമാണ്. മാത്രമല്ല, ഏററവും പ്രാചീനവുമാണ്. എന്നുവെച്ചാൽ, തമിഴിനോളംതന്നെ പഴക്കമുള്ളതാണെന്നാർത്ഥം. ആധാരികാപ്രത്യയമായ "ഇൽ" എന്നാതിൻെറ ഉല്പത്തി "ഇല്ല"ത്തിൽ നിന്നാണെന്ന് കാൾഡ്വൽ പണ്ടേ പറഞ്ഞിട്ടുണ്ട്. ആധാരികയ്ക്കു മലയാളത്തിൽ "കൽ" (ഉം: പടിക്കൽ) "ആൽ" (നിർദ്ധാരണാർത്ഥത്തിൽ ഉം: നാലാലൊന്ന്.) ഇങ്ങനെ വേറെ രണ്ടു പ്രത്യയം കൂടി ഉണ്ട്. കൂടാതെ "ത്തു്" (ഉം: ഇരുട്ടത്തു്) എന്ന ഒരു ആഭാസരൂപവും ഇല്ലായ്കയില്ല. ഇപ്പറഞ്ഞ പ്രത്യയങ്ങളിലെല്ലാം വെച്ചു പഴയതു് "ഇൽ" തന്നെയാണ്. അപ്പോൾ അതിലും പഴക്കമുണ്ടാകണമല്ലൊ ഇല്ലത്തിന്ന്. സ്വതന്ത്രപദങ്ങൾ സംകോചിച്ചാണ് സംബന്ധവാചികളായ പ്രത്യയങ്ങളായിത്തീരുന്നതെന്നുള്ളതു് ഭാഷാശാസ്ത്രത്തിലെ ഒരു അനിഷേദ്ധ്യസിദ്ധാന്തമാകുന്നു.

ഇനി "അമ്മാത്തു്" എന്ന പദത്തിൻെറ ആഗമം ചിന്തിക്കാം. അമ്മ+ആം+തു്=അമ്മാത്തു്. ഇങ്ങനെയാണ് അതിൻെറ അപഗ്രഥനം. "ആം" എനാതിനു വീട് എന്നാണർത്ഥം. "ഒരാംപണി ചെയ്കാരവർ" എന്ന് എഴുത്തച്ഛൻ ഭാരതത്തിൽ പ്രയോഗിച്ചിരിക്കുന്നതു നോക്കുക. ചാത്തനാത്തു്, കോനാനാത്തു് എന്നീ വീട്ടുപേരുകളിലും "ആം" എ

ന്ന ഗൃഹവാചിശബ്ദം കാണാം. "വീട്" എന്ന പദം തുലോം നവീനമാണ്. ഇല്ലവും ആമവുമാണ് ഗൃഹവാചിശബ്ദങ്ങളിൽ ഏററവും പ്രാചീനങ്ങൾ. ഇന്നു "ആത്ത്ക്ക്" പോകുന്നതു തമിഴരാണെങ്കിലും പുരാതനകാലത്ത് മലയാളികളും "ആത്ത്ക്ക്"തന്നെയാണ് പോയിരുന്നത്. അങ്ങനെയാണ് ചാത്തനാത്തു, കോന്നനാത്ത്, കൂത്തനാത്ത്, പൊന്നാത്ത് തുടങ്ങിയ എത്രയോ വീട്ടുപേരുകളിൽ "ആം" കടന്നുകൂടിയത്.

സംസ്കൃതത്തിലെ "അംബ"യിൽ നിന്നല്ല ദ്രവിഡത്തിലെ "അമ്മ"യുടെ ആഗമം. നേരെമറിച്ച്, ദ്രവിഡത്തിലെ അമ്മയാണ് സംസ്കൃതത്തിൽ പുതുവേഷം പൂണ്ട് "അംബ"യായിത്തീന്നത്. അതു് അതിപുരാതന കാലത്തുതന്നെ സംഭവിച്ചുകാണണം താനും–ഇങ്ങനെ ദ്രവിഡത്തിലെ എത്രയോ പദങ്ങൾ ഓരോ കാലങ്ങളിലായി സംസ്കൃതത്തിലേയ്ക്കു എടുക്കപ്പെട്ടിട്ടുണ്ട്. അതിരിക്കട്ടെ. അമ്മയും ആമവും ശുദ്ധദ്രാവിഡപദങ്ങളാണെന്നു മാത്രം തൽക്കാലം കരുതിയാൽ മതി. "ഇല്ലം" അങ്ങനെയാണെന്നു ആദ്യമേ പറഞ്ഞു. ഈ മൂന്നു പദങ്ങളും അതിപ്രാചീനങ്ങളാണെന്നും ഓക്കുക. അവയുടെ ഹ്രസ്വതന്നെ പഴക്കത്തിന്നൊരു തെളിവാണ്. പഴക്കംകൂടുംതോറും പദങ്ങൾ, പ്രത്യേകിച്ചും നിത്യോപയോഗത്തിന്നുള്ളവ, ഹ്രസ്വങ്ങളായിരിയ്ക്കുമെന്നതു് ഭാഷാ ശാസ്ത്രത്തിലെ ഒരു നിയമമാണ്. കണ്ണ്, മൂക്ക്, നാവ്, മെയ്യ്, ഉയിർ, മുതലായവ ഇതിന്നുദാഹരണങ്ങളാണ്.

നമ്പൂതിരിമാർ നാം വിശ്വസിച്ചുപോരുന്നതുപോലെ ആര്യവർഗ്ഗക്കാരാണെങ്കിൽ അതിപ്രാചീനകാലം മുതല്ക്കു തന്നെ അവരുടെ ഗൃഹവാചിശബ്ദങ്ങൾ ശുദ്ധദ്രമിഡങ്ങളാവാ

നെന്താണ് കാരണം? അവരുടെ വ്യക്തിസംജ്ഞകളിൽ ഏറിയകൂറും, പ്രത്യേകിച്ചും പുരുഷന്മാരുടേവ, ആര്യഗോത്രബന്ധമുള്ളവയാണ്. സ്ത്രീ സംജ്ഞകളാകട്ടെ, ഭൂരിഭാഗവും അനാര്യങ്ങളുമാകുന്നു. ഇല്ലപ്പേരുകളും ഏതാണ്ടങ്ങനെതന്നെ. വ്യക്തികളുടെ വർണ്ണത്തിലുമുണ്ട് അനാര്യത്വത്തിന്റെ ലക്ഷണങ്ങൾ ധാരാളം. ഏതു വർഗ്ഗക്കാരും മൂലകുടുംബത്തിലെ നിത്യോപയോഗപദങ്ങളെ പാരമ്പര്യവഴിക്കു നിലനിർത്തിപ്പോരുന്നതു സാധാരണമാണ്. മലബാറിൽ മാപ്പിളമാർ വന്നുകൂടിയിട്ടു കാലം വളരെയായെങ്കിലും "ബാപ്പ"യേയും "ഉമ്മ"യേയുമല്ലാതെ അപ്പനേയും അമ്മയേയും അവർക്കു വലിയ പിടുത്തമില്ല. പട്ടന്മാർ ഇത്രകാലമായും മാപ്പിളമാരോളംതന്നെ കേരളീയത്വം നേടിക്കഴിഞ്ഞിട്ടില്ല, ഗാർഹികവൃത്തങ്ങളിൽ പ്രത്യേകിച്ചും.

നമ്പൂതിരിമാരുടെ പ്രാക്തന വർഗ്ഗീയസംസ്കാരത്തിന്റെ അവശിഷ്ടങ്ങളായി മുൻപറഞ്ഞ ഗൃഹവാചിശബ്ദത്തെയും മാതൃവാചിശബ്ദത്തെയും വ്യാഖ്യാനിക്കാമൊ? അങ്ങനെയാണെങ്കിൽ, അവർ ദ്രാവിഡവർഗ്ഗക്കാരാണെന്നു സമ്മതിക്കേണ്ടിവരും. പുരുഷന്മാരും സ്ത്രീകളും ഒരുപോലെ അങ്ങിനെ ആയിക്കൊള്ളണമെന്നില്ല. ഒന്നുകിൽ പുരുഷന്മാർ; അല്ലെങ്കിൽ സ്ത്രീകൾ. സ്ത്രീകളാവാനാണ്, അധികം യുക്തി. സമുദായശാസ്ത്രസംബന്ധികളായ ചില തെളിവുകളും അതിന്നു ഉപോൽബലകമായിട്ടുണ്ട്. ഇല്ലത്തു മൂത്ത പുരുഷൻമാത്രം സജാതിയ വിവാഹം ചെയ്യുക എന്ന സമ്പ്രദായം സമുദായത്തിൽ അക്കാലത്തു സ്ത്രീകളുടെ എണ്ണം വളരെ കുറവായിരുന്നുവെന്നു കാണിക്കുന്നു. പുരുഷന്മാർ ഉത്തരേ

ന്ത്യയിൽനിന്ന ഇവിടെ കുടിയേറിപ്പാർത്തവരാണെന്ന സിദ്ധാന്തിക്കുന്നപക്ഷം, അവരുടെ കൂട്ടത്തിൽ സ്ത്രീകൾ വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു എന്ന നിഗമനത്തിലാണ് നാം എത്തിച്ചേരുന്നത്.

അല്ലെങ്കിൽ വേണ്ട, സ്ത്രീകളും പുരുഷന്മാരും—ആദ്യകാലത്തെ നമ്പൂതിരിവർഗ്ഗം മുഴുവനും—ദ്രാവിഡഗോത്രക്കാരാണെന്ന വാദിച്ചാലെന്താണ് വിരോധം? അതിന്ന നിവൃത്തിയില്ല. അതിപ്രാചീനകാലത്തെ വൈദിക സംസ്കാരത്തിന്റെ അവശിഷ്ടങ്ങളിൽ ചിലതു ഇന്നും നമ്പൂതിരിമാർക്കിടയിൽ കാണുന്നുണ്ട്. ഒരു ഗവേഷകന്നും അവയെ അവഗണിച്ചു മുന്നോട്ടുപോവാൻ വയ്യാ. അതിനാൽ മറ്റെന്തെല്ലാം എതിർവ്വാദങ്ങളുണ്ടെങ്കിലും അവരുടെ ആര്യബന്ധം നിശ്ശേഷം വിഗണിപ്പാൻ വയ്യതന്നെ.

ഇതാണ് പഴഞ്ചൊല്ലിൽ പതിരില്ലെന്ന് ആദ്യമേ പറഞ്ഞതു്. പറഞ്ഞു പറഞ്ഞു നാം ഇല്ലത്തുനിന്ന വിട്ടു. അതായതു നമ്പൂതിരിമാർ തികച്ചും ആര്യവർഗ്ഗീയരാണെന്ന ആദിമവിശ്വാസത്തിൽനിന്ന അകന്നുപോന്നു. എന്നാൽ അവർ ദ്രാവിഡവർഗ്ഗക്കാരായിരിക്കണമെന്ന നമ്മുടെ പുതുവിശ്വാസമാകുന്ന അമ്മാത്തു് എത്തിച്ചേർന്നുവൊ? അതൊട്ടില്ലതാനും. ഗവേഷകൻ പട്ടാങ്ങുപറഞ്ഞ ആ പഴയ ഉണ്ണിനമ്പൂതിരിയെപ്പോലെ വഴിനടുവിൽ കിടന്നു വലയുകയാണ് ഇന്നും. കുറെക്കൂടി വെളിച്ചമുണ്ടെങ്കിലേ അമ്മാത്തെത്താൻ കഴിയൂ. ഭാഷാശാസ്ത്രം കാണിക്കുന്ന കൈത്തിരി തികച്ചും അതിന്ന പര്യാപ്തമല്ല.

അപ്പോൾ ഭാഷാശാസ്ത്രം, സമുദായശാസ്ത്രം, നരവംശശാസ്ത്രം ഇവയുടെ കൂട്ടുപിടിച്ചു നമുക്കു നമ്പൂതിരിമാരുടെ പ്രാക്തനചരിത്രത്തെക്കുറിച്ചു ഏതാണ്ട് ഇങ്ങനെ ഒരു നിഗമനത്തിലെത്തിച്ചേരാം: വൈദികകാലത്തോ അതിനടുത്തോ ഒരു കൂട്ടം ആര്യവർഗ്ഗീയർ കേരളത്തിൽ എത്തിച്ചേർന്നു. സാമൂഹ്യജീവിതത്തിലും സാംസ്കാരികരംഗങ്ങളിലും അവർ നേടിയ വന്നും മുന്നുംകൊണ്ട് ഇവിടുത്തെ പ്രബലവർഗ്ഗമായി. ഇന്നാട്ടിലെ പ്രമുഖസമുദായങ്ങളിൽനിന്നു സ്ത്രീകളെ സ്വീകരിച്ചു അവരുടെ സമുദായം വികസിപ്പിച്ചുതുടങ്ങി. വടക്കൻ ദിക്കുകളിൽനിന്നു പിൽക്കാലത്ത് ഓരോ അവസരങ്ങളിലായിവന്നവരും തങ്ങളുടെ ആഢ്യത്വം കരുതി നമ്പൂതിരിസമുദായക്കാരായി തങ്ങളെയും എണ്ണിപ്പോന്നു. ആദ്യം വന്നവരുടെ ആചാരക്രമങ്ങളെയും അന്തസ്സുകളെയും അവരും പരിപാലിച്ചുപോന്നു. നമ്പൂതിരിമാർക്കിടയിൽത്തന്നെ വേദപഠനം നിർബ്ബന്ധമായിട്ടുള്ളവരും ഇല്ലാത്തവരുമുണ്ട്. നിർബ്ബന്ധമായിട്ടുള്ളവരുടെ പാരമ്പര്യം ആദിമ ആര്യവർഗ്ഗീയരുടെതായിരിക്കണം. ഇവരിൽനിന്നാണ് സംസ്കൃതഭാഷയ്ക്കും ആര്യസംസ്കാരത്തിന്നും ഇന്നാട്ടിൽ പ്രചുരപ്രചാരം സിദ്ധിച്ചത്. ഏതായാലും, അവഗണിപ്പാനാവാത്ത ഒരു ആര്യദ്രാവിഡസാങ്കര്യം ഇവിടെ ആദിമകാലത്തേ സംഭവിച്ചു എന്നതു നിർവ്വിവാദമാണ്.

# ലിപികാര്യം.

കഴിഞ്ഞ അഞ്ചാറു പന്തീരാണ്ടുകളായി മലയാളത്തിൽ സാഹിത്യവ്യവസായം തഴച്ചു വളൎന്നുകൊണ്ടിരിക്കുകയാണ്. പുതുതായി ഉണ്ടാകുന്ന കൃതികളിൽ ഏതാണ്ടു അമ്പതു ശതമാനത്തിന്നെങ്കിലും അഖിലകേരള പ്രചാരം സിദ്ധിച്ചുവരുന്നുണ്ടാകണം. എഴുത്തച്ഛൻ, നമ്പ്യാർ, ചെറുശ്ശേരി, പൂന്താനം തുടങ്ങിയ പ്രാചീനകവികളുടെ കൃതികൾക്കാണെങ്കിൽ, വളരെക്കാലം മുമ്പു മുതല്ക്കേ കേരളത്തിൽ സാൎവ്വത്രികമായ പ്രചാരം ലഭിച്ചിട്ടുണ്ട്. കേന്ദ്രീകൃതസ്ഥാപനങ്ങളുടെ കീഴിലാണ് ഇന്നാട്ടിൽ വിദ്യാഭ്യാസം പ്രചരിച്ചു വരുന്നത്. സാംസ്കാരികകാൎയ്യങ്ങളിൽ കേരളീയർ ഇക്കാലത്തു പണ്ടത്തെക്കാളേറെ ഐക്യബോധത്തോടുകൂടി പ്രവൎത്തിച്ചു വരുന്നു. അഖിലകേരള വ്യാപ്തിയുള്ള സാംസ്കാരികസംഘടനകൾ തന്നെ നമുക്കുണ്ട്. മുദ്രണമന്ദിരങ്ങളും പ്രചാരപ്രാചുൎയ്യമുള്ള വൃത്താന്തപത്രങ്ങളും ആനുപാതികമായി നോക്കുമ്പോൾ അസൂയാൎഹമായ വിധം നമുക്കുണ്ട്. ഇതിന്നെല്ലാററിന്നും പുറമെ മലയാളികൾ ഐക്യകേരളപ്രശ്നവുമായി കെട്ടിമറിയാൻ തുടങ്ങിയിട്ടു പതിററാണ്ടിലേറെ കാലമായി.

## എന്നിട്ടും

വെറും ഒന്നേകാൽ കോടിയോളം ജനങ്ങൾ മാത്രം സംസാരിക്കുന്നതും ഭൂമിശാസ്ത്രപരമായി വേണ്ടേടത്തോളം ആനുകൂല്യങ്ങളുള്ളതുമായ മലയാളഭാഷയ്ക്കു എഴുത്തിലും ഉച്ചാരണത്തിലും ഐകരൂപ്യം നൽകാൻ നമുക്കു സാധിച്ചിട്ടില്ലെന്നുള്ളതു ഒരു വാസ്തവം മാത്രമാകുന്നു. വെറും വാസ്തവമെന്നല്ല, ലജ്ജാവഹമായ വാസ്തവമെന്നു വേണം പറയുക. ഏതാണ്ടു അമ്പതു കൊല്ലം മുമ്പാണ് മലയാളഭാഷയെ നിഷ്കൃഷ്ടവും ശാസ്ത്രീയവുമായി പരിശോധിച്ച കേരളപാണിനി തെക്കും വടക്കും മദ്ധ്യത്തിലുമുള്ള ഭാഷയുടെ വ്യത്യാസം ചൂണ്ടിക്കാണിച്ചു അതിനെ മൂന്നായി വിഭജിച്ചത്. അരനൂറ്റാണ്ടുകാലത്തെ അനുസ്യൂതമായ സാംസ്കാരികപ്രവർത്തനങ്ങൾക്കു ശേഷവും ആ വ്യത്യാസങ്ങൾ ഏറെക്കുറെ അതേ നിലയിൽ തന്നെ തുടർന്നുപോരുന്നു!

## ഉച്ചാരണഭേദം

നിങ്ങൾ വിഭിന്നഭാഗങ്ങളിലെ മലയാളികളുടെ ഉച്ചാരണം സൂക്ഷിച്ചു പരിശോധിച്ചിട്ടുണ്ടോ? പരിവർത്തനങ്ങൾക്കു വിധേയമാകാതെ മണ്ണും മൺവെട്ടിയുമായി കഴിയുന്ന സാധാരണക്കാരന്റെയോ അടുക്കളയിൽ ആഹാരസജ്ജീകരണ സാമഗ്രികളും അരുമക്കുഞ്ഞുങ്ങളുമായി കഴിയുന്ന സാധാരണക്കാരിയുടെയോ അല്ല, പുതുമയിൽ ജീവിച്ചും അനുനിമിഷം പുരോഗമിച്ചും വരുന്ന അഭ്യസ്തവിദ്യന്റെ ഉച്ചാരണരീതിക്കുതന്നെ എന്തന്തരമുണ്ട് ഓരോരിടങ്ങളിലും! ആളെ കാണാതെ ഉച്ചാരണം മാത്രം കേട്ടു വക്താവ് ഏതു നാട്ടുകാരനാണെന്നും മിക്കപ്പോഴും ഏതു ജാതിക്കാരനാണെ

ന്നും പറവാൻ സാധിയ്ക്കും. മലബാറിൽ തന്നെ ചാവക്കാട്ടുകാരന്റെയും പട്ടാമ്പിക്കാരന്റെയും കോഴിക്കോട്ടുകാരന്റെയും കുറുമ്പ്രനാട്ടുകാരന്റെയും കണ്ണൂക്കാരന്റെയും ഉച്ചാരണങ്ങൾക്കു ഉള്ളിൽക്കൊള്ളത്തക്ക വ്യത്യസ്തതകളുണ്ട്. ദേശ്യപദങ്ങളുടെയും ശൈലികളുടെയും കാര്യം ഇവിടെ ആലോചിച്ചിട്ടുതന്നെയില്ല. വെറും ഉച്ചാരണവ്യത്യാസം മാത്രമാണ് പറഞ്ഞത്.

ചുരുങ്ങിയ പരിശ്രമങ്ങൾ കൊണ്ടൊന്നും ഉച്ചാരണരീതി സമീകരിക്കുക സാദ്ധ്യമല്ല. അതൊരു വലിയ പ്രശ്നവുമല്ല. പദങ്ങൾ, ശൈലികൾ, ലിപികൾ ഇവയുടെ കാര്യം വളരെ പ്രധാനപ്പെട്ടതാണ്. പ്രത്യേകിച്ചും ലിപികളുടെ കാര്യം. എഴുതിയിട്ടുവേണമല്ലൊ വായിക്കുക. അതിനാൽ ലിപികൾക്കു സാർവ്വത്രികമായ ഐകരൂപ്യമുണ്ടാവയ കഴിയൂ. പുതുതായി എഴുതാൻ പഠിക്കുന്നവർ–കുട്ടികളും അന്യഭാഷക്കാരും–ലിപികൾക്കു ഐകരൂപ്യമില്ലെങ്കിൽ വളരെ വിഷമിക്കും.

## ലിപിഭേദം

സംവൃതചിഹ്നം ഉപയോഗിക്കണമോ വേണ്ടയോ? വേണമെങ്കിൽ ഏതെല്ലാം സന്ദർഭങ്ങളിൽ? ഇത്തരം കാര്യങ്ങളെപ്പററിയൊന്നും നാം ഇപ്പോൾ ആലോചിക്കേണ്ട. ധാരാളം വാദപ്രതിവാദങ്ങൾ കഴിഞ്ഞും ഖണ്ഡിതമായ ഒരു പ്രായോഗികരീതിയിലെത്തിച്ചേരാൻ കഴിഞ്ഞിട്ടില്ലാത്ത പ്രശ്നങ്ങളാണവ. വെറും സാധാരണ അക്ഷരങ്ങളുടെ കാര്യം മാത്രമെടുക്കുക. അവയിൽതന്നെ എന്തെല്ലാം കുഴപ്പങ്ങളുണ്ട്. ച്ച, ററ, ൻറ, ര്യ മുതലായ അക്ഷരങ്ങളുടെ ലിപിക

കൾക്കു തെക്കൻ ദിക്കുകളിലും വടക്കൻ ദിക്കുകളിലും വിന്യാസരീതിയിൽ വ്യത്യാസമുണ്ട്. ക്ല, പ്ല എന്നിങ്ങനെ വടക്കരെഴുതുമ്പോൾ തെക്കുള്ളവർ അവയെ ക്ള, പ്ള എന്നിങ്ങിനെ ചോടെ ളകാരം ചേർത്തു ഉപയോഗിക്കുന്നു. വ്വ, യ്യ എന്നിവക്കു വ്വ, യ്യ എന്നീ രൂപങ്ങൾ തിരുവിതാംകൂറിലടിക്കുന്ന പുസ്തകങ്ങളിൽ ധാരാളം കാണാം. ർക്കയെ ർക്ക യാക്കുന്നതിൽ വടക്കർക്കിടയിലും ഐകരൂപ്യമില്ല. 'വിജൃംഭണ'ത്തെ 'വിജ്റുംഭണ'മാക്കുന്നതു തെററാണെന്നുതന്നെ സമ്മതിക്കുക. താഴെ കാണിച്ച സമ്പ്രദായത്തിലുള്ള എഴുത്തു ഇപ്പോൾ ദേശഭേദമില്ലാതെ പ്രചരിക്കുന്നുണ്ട്.

| | |
|---|---|
| ഞ്ജ—ഞ്ജ | ക്ഷ്ണ—ക്ഷ്ണ |
| ജ്ഞ—ജ്ഞ | ന്ഥ—ന്ഥ |
| ഗ്ധ—ഗ്ധ | ഷ്ട്ര—ഷ്ട്ര |

ചില ഉദാഹരണങ്ങൾ കാണിച്ചുവെന്നേയുള്ളു. എല്ലാ കൂട്ടക്ഷരങ്ങളേയും ഇങ്ങിനെ വേർപിരിച്ചെഴുതുന്ന പതിവും ചിലർ സ്വീകരിയ്ക്കാതിരുന്നിട്ടില്ല

## വ്യത്യാസത്തിൻെറ കാരണം

വേണ്ടേടത്തോളം അച്ചുകളില്ലാത്ത മുദ്രണമന്ദിരങ്ങളാണ് ഇത്തരം കുഴപ്പങ്ങളിൽ ഭൂരിഭാഗവും സൃഷ്ടിക്കുന്നത്. ച്ച മുതലായ അക്ഷരങ്ങളുടെ ലിപികൾക്ക് കാണുന്ന രൂപഭേദം പരമ്പരായത്തമാണെന്നു കരുതുക. ററ. ൻറ ഇവയുടെ വിന്യാസത്തിൽ കാണുന്ന വ്യത്യാസം വായിക്കുമ്പോഴുള്ള കുഴപ്പം പരിഹരിപ്പാൻ കുറെയൊക്കെ സഹായിക്കുന്നുണ്ടെന്നു

ള്ളതും ശരിതന്നെ. എന്നാൽ മററുതരം വിന്യാസവൈക ല്യങ്ങളെ സാധുകരിപ്പാൻ ഒരു വഴിയും കാണുന്നില്ല. ലിപികൾ വളരെയധികം—ഏതാണ്ട് എണ്ണൂറോളം—വേണ്ടി വരുന്നതുകൊണ്ട് ചില്ലറ അച്ചുകൂടക്കാൎക്ക് അവയെ മുഴുവനും വേണ്ടടത്തോളം സംഭരിപ്പാൻ കഴിയുന്നില്ല. അതുകൊണ്ടു കൂട്ടക്ഷരങ്ങൾ ആവൎത്തിച്ചു വരുമ്പോൾ വൎണ്ണങ്ങളായി അവർ പിരിച്ചു വിന്യസിക്കേണ്ടി വരുന്നു.

അക്ഷരദാരിദ്ര്യം കൊണ്ടെന്നപോലെ സ്ഥലവും സമയവും ലഭിപ്പാൻവേണ്ടിയും വിന്യാസക്രമത്തിൽ വ്യത്യാസം വരുത്താറുണ്ട്. ററ, ൻറ ഇവയെ ഒന്നിൻെറ ചുവട്ടിൽ മറെറാന്നാക്കി എഴുതുന്നതുകൊണ്ട് സ്ഥലം ലാഭിക്കാമെന്നൊരു മെച്ചം കൂടിയുണ്ട്. സംവൃതചിഹ്നങ്ങൾ ഉപയോഗിക്കാതിരുന്നാൽ സമയം ലാഭിക്കാം. പത്രപ്രവൎത്തനംകൂടിയുള്ള പ്രസ്സുകാൎക്ക് സ്ഥലവും സമയവും ലഭിപ്പാൻ സാധിക്കുകയെന്നത് വലിയ നേട്ടമാണ്. ഇങ്ങനെ പലതരത്തിലുള്ള പ്രേരണകളും കൊണ്ടാണ് ലിപിവിന്യാസരീതിയിൽ ഇത്രയേറെ വൈവിദ്ധ്യം സംഭവിച്ചുകാണുന്നത്. കാരണങ്ങളെന്തെല്ലാമായാലും, ഈ വൈവിദ്ധ്യം ഇനിയും നിലനിൎത്തിക്കൊണ്ടുപോന്നുകൂടാ.

## വിഷമതകൾ.

ഗാന്ധിജി പറയുകയുണ്ടായി കുഞ്ഞുങ്ങൾ ആദ്യം സംസാരിപ്പാൻ പഠിക്കുകയും പിന്നീടു മാത്രം എഴുതാൻ ശീലിക്കുകയും ചെയ്യുന്നതാണ് നന്നായിരിക്കുക എന്നു. തൻെറ കൈയ്യെഴുത്തു മോശമായിപ്പോയതിൻെറ കാരണത്തെക്കൂടി ഉള്ളിൽ വെച്ചുകൊണ്ടാണ് അദ്ദേഹം അതു പറഞ്ഞത്. ദൌർഭാഗ്യവശാൽ നമ്മുടെ ശിക്ഷണക്രമം ഇന്നും പഴയ സമ്പ്രദായത്തിൽ തന്നെയാണ്. അതായത് ആദ്യം എഴുതാൻ പ

റിക്കുക, പിന്നെ സംസാരിപ്പാൻ പഠിക്കുക. അഞ്ചു വയസ്സു മാത്രം പ്രായമുള്ള ഒരിളം കുഞ്ഞിൻെറ മുമ്പിൽ നമുക്കു നിരത്തിവെപ്പാനുള്ള അക്ഷരചിത്രങ്ങൾ വളരെ അധികമാണ്. എത്രതന്നെ ക്ലേശിപ്പിച്ചു പഠിപ്പിച്ചാലും ഒന്നോ രണ്ടോ കൊല്ലംകൊണ്ടു ആ ലിപികളത്രയും സാംശയരഹിതമായവിധത്തിൽ ഇളം മനസ്സുകളിൽ ഇഴകിപ്പിടിക്കുന്നില്ല. മൂന്നു നാലു കൊല്ലത്തെ നിരന്തരസമ്പർക്കംകൊണ്ടു മാത്രമേ ബാലഹൃദയം ലിപികളുമായി തികച്ചും സാത്മ്യം നേടുന്നുള്ളൂ..

അങ്കുരാവസ്ഥയെ അതിക്രമിക്കാത്ത ഗ്രാഹ്യശക്തിയുടെ മുമ്പിലാണ് മററു പല അവ്യക്തതകളുമെന്നപോലെ ലിപികളുടെതായ അവ്യക്തതകളും അവ്യവസ്ഥതകളും നാം കാഴ്ചവെയ്ക്കുന്നത് എന്നോർക്കുമ്പോൾ കുഞ്ഞുങ്ങളോടു ഇനി ഇതിലും വലിയ ഒരു അനീതി വേറെ കാണിപ്പാനില്ലെന്നു തോന്നിപ്പോകുന്നു. അക്ഷരങ്ങളുടെ ആധിക്യംതന്നെ പ്രവിവക്ഷുക്കൾക്കു ഒരു ശാപമാണ്. ലിപിഭേദം കുരുനിന്മേൽ കുരു സൃഷ്ടിക്കുന്നതുപോലെയായിത്തീരുന്നു. മുതിന്നവർ വരുത്തിവെച്ച ഈ കുഴപ്പങ്ങളിൽ കുട്ടികളും പങ്കാളികളാകണമെന്നുണ്ടോ?

ഇനി പുതുതായി എഴുതാൻ പഠിക്കുന്ന വയോജനങ്ങളുടെ വിഷമതകളും ആലോചിച്ചുനോക്കുക. ബുദ്ധിയുടെ മററു ചില വശങ്ങൾക്കു വളച്ച് കിട്ടീട്ടുണ്ടെങ്കിലും, അവരെ സംബന്ധിച്ചേടത്തോളവും ഇതൊരു കുഴപ്പംതന്നെയാണ് പ്രായക്കൂടുതലുള്ളവർക്കു കാര്യഗ്രഹണസാമർത്ഥ്യം ഏറുമെന്നൊരു മെച്ചമുണ്ടെങ്കിൽ, ധാരണാശക്തി കുറവാണെന്നൊരു ന്യൂനതയുമുണ്ട്. തുടർച്ചയായി പുസ്തകങ്ങളോ പത്രങ്ങളോ ആയി പരിചയപ്പെടാത്ത പക്ഷം അക്ഷരങ്ങൾ മറന്നുപോയേയ്ക്കും. അതിനാൽ അവരുടെ മുമ്പിൽ സമർപ്പിക്കുന്നവയും

മങ്ങിയ ധാരണാശക്തിയെ മാനിക്കുന്ന തരത്തിലുള്ളവയായിരിക്കണം.

## അക്ഷരമാല.

ഒരു യാന്ത്രികയുഗത്തിലാണ് നാം ജീവിക്കുന്നത്. സ്വാഭാവികമായി ശ്രമം കുറഞ്ഞും വിശ്രമം ഏറിയുമാണ് ഇരിക്കേണ്ടത്. എന്നാൽ അനുഭവം മറിച്ചാണ്. യന്ത്രങ്ങളുടെ ആവിർഭാവം നൂതനപ്രശ്നങ്ങളെ സൃഷ്ടിച്ചു. യാന്ത്രികസംസ്കാരത്തോടു ഇണങ്ങിക്കഴിയുന്നവർക്ക് ആ പ്രശ്നങ്ങളെ അവഗണിച്ചു ജീവിപ്പാൻ വയ്യാ. അതിനാൽ ആശിച്ചേടത്തോളം വിശ്രമം ലഭിച്ചില്ലെന്നു മാത്രമല്ല, കൂടുതൽ അദ്ധ്വാനം വേണ്ടതായും വന്നു. ഈ നിലയിൽ ആധുനിക ജീവിതത്തിൻെറ മുദ്രാവാക്യങ്ങളിൽ മുഖ്യമായ ഒന്ന്, എല്ലാററിലും സമയത്തെ ചുരുക്കിയുപയോഗിക്കുക എന്നായിത്തീർന്നിരിക്കുന്നു. ഈ നിലയിൽ നോക്കുമ്പോൾ മലയാളത്തിലെ ഇന്നത്തെ അക്ഷരമാല തന്നെ ആകെയൊന്നു പരിഷ്കരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. തിരക്കുപിടിച്ച ഇന്നത്തെ പരിതസ്ഥിതിക്കു ഇണങ്ങിയതല്ല ഇത്രയേറെ അക്ഷരങ്ങളും അവയുടെ പെരുപ്പങ്ങളും. അക്ഷരങ്ങളുടെ എണ്ണക്കൂടുതൽ പണ്ഡിതന്മാരുടെ നെററി ചുളിപ്പിക്കുവാൻ തുടങ്ങിട്ടു കൊല്ലങ്ങൾ പലതു കഴിഞ്ഞു. ഇക്കാര്യത്തിൽ ധാരാളം നൂതനനിർദ്ദേശങ്ങളുമുണ്ടായിട്ടുണ്ട്. എന്നാൽ ഏതദ്വിഷയകമായി നാളിതുവരെ പ്രായോഗികരംഗത്തിൽ ഒരൊററ ഇഞ്ചുപോലും മുന്നോട്ടു നീങ്ങുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. ഉള്ള ലിപികൾക്കു ഐകരൂപ്യം വരുത്താൻപോലും കഴിയാത്ത നമുക്കുണ്ടോ ഒരു പുതിയ അക്ഷരസമാമ്നായം സ്വീകരിച്ചു പഠിക്കുന്നവരുടെയും എഴുതുന്നവരുടെയും ഭാരം ലഘൂകരിപ്പാനുള്ള സന്മനസ്സ്? ഇക്കാര്യത്തിൽ പരിഷ്കാരം കുറഞ്ഞവരെന്നു പരാതിപ്പെടുന്ന

നമ്മുടെ പൂർവ്വികന്മാരാണ് കുറെ ഭേദമെന്നു തോന്നുന്നു. അവർ കാലത്തിന്നനുസരിച്ച ഗ്രന്ഥാക്ഷരവും വട്ടെഴുത്തും കോലെഴുത്തും മലയാളലിപിയും മാറി മാറി പഠിക്കുവാനും പ്രചരിപ്പിക്കുവാനും മടിച്ചില്ല.

## പൊതുലിപി.

അക്ഷരങ്ങളുടെ എണ്ണം കുറയ്ക്കണമെന്നതുപോലെത്തന്നെ പ്രധാനമാണ് ഭാരതീയഭാഷകൾക്കു ഒരു പൊതുലിപി വേണമെന്നുള്ളതും. പ്രാദേശികത്വത്തിന്റെ വരമ്പുകൾ ഇടിഞ്ഞുവീണുതുടങ്ങിയ ഇക്കാലത്തു ഏകലോകസംസ്കാരവും ഏക ലോകഗവർമ്മേണ്ടും സ്വപ്നം കണ്ടുകൊണ്ടിരിക്കുന്ന ഈ യാന്ത്രികയുഗത്തിൽ ഭാരതീയഭാഷകൾക്കു ഒരു പൊതുലിപി വേണമോ വേണ്ടയോ എന്ന കാര്യത്തിൽ ആർക്കും അഭിപ്രായഭേദമുണ്ടാവാൻ വഴിയില്ല. അതുപോലെത്തന്നെ പ്രാധാന്യമർഹിക്കുന്ന ഒരു പ്രമേയമാണ് ദ്രമിഡഭാഷകൾക്കു —ദക്ഷിണേന്ത്യൻ ഭാഷകൾക്കു— ഒരു പൊതുലിപി വേണമെന്നുള്ളതും. ഈ രണ്ടു പ്രശ്നങ്ങളും പ്രായോഗികരൂപം കൈക്കൊള്ളണമെങ്കിൽ നാം പല വിട്ടുവീഴ്ചകൾക്കു സന്നദ്ധരാകേണ്ടിവരും. അവിടെ പഴമയോടുള്ള ആദരത്തിന്നും പുതുമയോടുള്ള വിദ്വേഷത്തിന്നും സ്ഥാനമില്ല. കാലത്തിന്നനുസരിച്ച വളർച്ചയ്ക്കും വികാസത്തിന്നും വേണ്ടതു കൈക്കൊള്ളാനുള്ള സന്നദ്ധതയാണാവശ്യം. സ്ഥാപിതതാല്പര്യങ്ങളുടെയും ഗതാനുഗതികത്വത്തിന്റെയും പേരിൽ ഇന്നു നാം ഇഷ്ടപ്പെടാത്തതേവയോ അവയെ വെറും ആവശ്യത്തിന്റെ പേരിൽ നാളെ ആളുകൾ സ്വീകരിക്കും. അതുകൊണ്ടു കാലംകൊണ്ടുവരുന്ന ആവശ്യങ്ങളുടെ മുമ്പിൽ ഹ്രസ്വദൃഷ്ടിയോടുകൂടി വിലങ്ങടിച്ചുനിന്നിട്ടു ഫലമൊന്നുമില്ല.

# നാണയവ്യവസ്ഥയുടെ പ്രാചീനത.

ഭൗതികജീവിതത്തെ ആനന്ദമയമാക്കുന്നതിന് ഏതൊരു വ്യക്തിക്കും ധനം കൂടിയേ കഴിയൂ. ധനമെന്നതു് വ്യാപകമായ അർത്ഥത്തിൽ നമ്മുടെ ജീവിതാവശ്യങ്ങളുടെ ആകത്തുകയാണ്. അത്തരം ആവശ്യങ്ങളെ സ്വാധീനത്തിലാക്കുവാനുള്ള ഒരു ഉപകരണമത്രെ പണം അഥവാ നാണയം. 'പണം' എന്ന പദത്തിന് മതിപ്പ് എന്നും 'നാണയ'മെന്നതിന് വിശ്വാസം എന്നുമാണ് സാധാരണ ഭാഷയിൽ അർത്ഥം. കൊള്ളക്കൊടുക്കുന്നവരുടെ മതിപ്പിനെയും വിശ്വാസത്തെയും ആശ്രയിച്ചാണ് നാണയ (പണ)ത്തിന്റെ വില (മൂല്യം) സ്ഥിതിചെയ്യുന്നതു്. കള്ളനാണയങ്ങൾക്കു ശരിയായ നാണയങ്ങളെ അപേക്ഷിച്ചു വില കുറയാനുള്ള കാരണം കൈമാറ്റം ചെയ്യുന്നവർക്ക് അവയിൽ വിശ്വാസം ഇല്ലാത്തതാകുന്നു.

ആധുനിക രാഷ്ട്രീയ ചിന്തകന്മാരുടെ അഭിപ്രായത്തിൽ ഒരു രാജ്യത്തിന്റെ ഭൗതികമായ പുരോഗതി മിക്കവാറും അവിടത്തെ നാണയവ്യവസ്ഥയെ ആശ്രയിച്ചിരിക്കുന്നതു്. അതിനാൽ രാജ്യഭരണമീമാംസയിൽ ഈ നാണയവ്യവസ്ഥയ്ക്കു സമുന്നതമായ ഒരു സ്ഥാനം ലഭിച്ചിരിക്കുന്നു.

രാഷ്ട്രതന്ത്രത്തിന്നും നാണയ വ്യവസ്ഥക്കും തമ്മിലുള്ള ഈ ദൃഢബന്ധത്തെ അപലപിക്കുന്ന ചില ചിന്തകന്മാരും അടുത്തകാലത്തുണ്ടായിട്ടില്ലെന്നില്ല. കമ്മ്യൂണിസ്റ്റ്കാർ പ്രായേണ ഈ വകുപ്പിൽ പെട്ടവരാണ്. നാണയം രാഷ്ട്രത്തിലെ വ്യക്തികളുടെ ഇടയിൽ ഉച്ചനീചത്വങ്ങളെ ഉല്പാദിപ്പിക്കുകയും വളർത്തിക്കൊണ്ടുവരികയും ചെയ്യുന്നുവെന്നാണ് അവരുടെ വാദം. മാർക്സിന്റെ വർഗ്ഗീയകലഹം, ചരിത്രത്തിന്റെ ഭൗതികവ്യാഖ്യാനം എന്നീ സുപ്രസിദ്ധസിദ്ധാന്തങ്ങൾ മേൽ പറഞ്ഞ തത്വത്തിന്റെ വികസിതമോ പരിണതമോ ആയരൂപങ്ങളല്ലാതെ മറെറാന്നുമല്ല.

ലോകത്തിൽ നാണയ വ്യവസ്ഥ ആദ്യമായി ആരംഭിച്ചതു് എന്നാണെന്നു ഖണ്ഡിതമായി പറവാൻ പ്രയാസമാണ്. ചില അപരിഷ്കൃതവർഗ്ഗക്കാരുടെ ഇടയിൽ ഇന്നും ധനവിനിമയസമ്പ്രദായം—ഒരു സാധനത്തെ മറെറാരു സാധനം പകരം കൊടുത്തു വാങ്ങുക—കാണുന്നതുകൊണ്ടു് മനുഷ്യവർഗ്ഗത്തിന്റെ ആദിമദശയിൽ ജീവിതാവശ്യങ്ങൾ നിർവ്വഹിച്ചു പോന്നതു് വിനിമയരീത്യാ ആയിരിക്കണമെന്നും ആ സമ്പ്രദായത്തെ പിന്തുടരുന്നതിലുള്ള അസൗകര്യങ്ങൾ അനുഭവിച്ചറിഞ്ഞതാകണം നരവർഗ്ഗം ഇന്നത്തെ രീതിയിൽ വ്യവസ്ഥിതമായ നാണയനിർമ്മിതിക്കു മുതിർന്നതെന്നുമാകുന്നു ധനശാസ്ത്രകാരന്മാരുടെ അഭിപ്രായം. നാണയങ്ങളുടെ നിർമ്മിതി, പരിണാമം, നിയന്ത്രണം ഇവയുടെ ചരിത്രത്തിൽ അനുക്രമമായി വന്നുചേർന്ന പരിഷ്കാരങ്ങൾ ഈ അഭിപ്രായത്തിനു തികച്ചും അനുകൂലമായിട്ടാണിരിക്കുന്നതു്.

നാണയമായി ലോഹങ്ങൾക്കു പകരം ആദ്യകാലത്തു് ഓരോ രാജ്യക്കാരും ഓരോതരം പദാർത്ഥങ്ങളാണ് ഉപയോ

ഗിച്ചു പോന്നതു്. കവിടി, ഉററക്കിട്ടതോൽ, പശു, ചായ, ആന വാലിന്മേലുള്ള രോമം മുതലായി ഓരോ കാലത്തു് പലതും നാണയമായി പ്രചരിച്ചിരുന്നു. സോളമൻ ദ്വീപുകളിൽ ഇന്നും കവിടിനാണയങ്ങൾ പ്രചാരത്തിലുണ്ടു്. ചീനക്കാർ പുരാതനകാലത്തു് ചായയും കവിടിയും നാണയമായി ഉപയോഗിച്ചിരുന്നു. അന്നു് അവിടെ ഒരാൾ ധനികനെന്നു പരിഗണിക്കപ്പെടണമെങ്കിൽ ഒരുലക്ഷം 'കവിടിപ്പണ'മെങ്കിലും ആയാളുടെ അധീനത്തിലുണ്ടായേതീരൂ. ആര്യവർഗ്ഗക്കാർ അനാദികാലത്തു് വിനിമയത്തിനുള്ള സാങ്കേതികവസ്തു (നാണയം) വായി പരിഗണിച്ചിരുന്നതു് പശുക്കളെയാണു്. സംസ്കൃതത്തിലെ പശുശബ്ദമാണു് ഇംഗ്ലീഷിൽ ധനം എന്ന അർത്ഥത്തിൽ Fee ആയി പരിണമിച്ചതെന്നു് ഭാഷാശാസ്ത്രഗവേഷകന്മാർ സ്ഥാപിച്ചിട്ടുണ്ടു്. ഇംഗ്ലീഷിലെ Cattle എന്ന പദത്തിനും Chattel, Capital എന്നീ ധനവാചിശബ്ദങ്ങൾക്കും തമ്മിൽ പ്രകടമായ ബന്ധമുണ്ടെന്നും ആ ബന്ധത്തിന്നു അവലംബം ആടുമാടുകളെ വിനിമയ വസ്തു (നാണയം) വായി ഉപയോഗിച്ചു പോന്ന സംസ്കാരമല്ലാതെ മറെറാന്നുമല്ലെന്നും അവർ അഭിപ്രായപ്പെടുന്നു.

ലോഹനാണയങ്ങൾ ഒന്നാമതായി പ്രചരിച്ചതു് ചീനാരാജ്യത്താണു്. അക്കാലത്തെ നാണയങ്ങൾ ആധുനികകാലത്തെ നാണയങ്ങളെപ്പോലെ വർത്തുളാകാരത്തിലോ ചതുരാകൃതിയിലോ ഉള്ളവയായിരുന്നില്ല. അവയുടെ സ്വരൂപം പ്രായേണ വാങ്ങുന്ന വസ്തുവിന്റെ സ്വരൂപം തന്നെയായിരുന്നു. എന്നുവെച്ചാൽ പശുവിനെ വാങ്ങാൻ പശുവിന്റെ ആകൃതിയിലുള്ള ലോഹശകലം കൊടുക്കേണ്ടിയിരുന്നു

വെന്നത്രേ. ലോകത്തിൽ വെച്ച് ഏറ്റവും പഴയ നാണയങ്ങൾ പ്രചരിച്ചിരുന്നതു് ദക്ഷിണേന്ത്യയിലായിരുന്നുവത്രെ. പുരാതന റോമൻ സാമ്രാജ്യത്തിന്റെ പ്രധാന നാണയങ്ങൾ ചെമ്പുകൊണ്ടുണ്ടാക്കപ്പെട്ടവയായിരുന്നു. ഇന്ത്യയിൽ വൈദികകാലത്തുതന്നെ പല സ്വർണ്ണനാണയങ്ങൾ പ്രചരിപ്പിച്ചതായി കാണുന്നുണ്ട്. യഹൂദവർഗ്ഗക്കാരും ഇന്ത്യയിൽ ക്രിസ്ത്വബ്ദാരംഭത്തിന്നു മുമ്പുതന്നെ വെള്ളിപ്പണം നടപ്പാക്കിയിരുന്നു. ബാബിലോണിയക്കാരാണു് വെള്ളി ആദ്യമായി നാണയനിർമ്മാണത്തിന്നു ഉപയോഗിച്ചുപോന്നതെന്നു വിശ്വസിക്കുന്നു. അവരുടെ നാണയങ്ങൾ ഇന്ത്യയിലും പ്രചരിക്കാതിരുന്നില്ല. മോഹൻ—ജോ—ദാറോവിൽനിന്നു് ചില ബാബിലോണിയൻ നാണയങ്ങളും കണ്ടുകിട്ടീട്ടുണ്ട്.

നാണയവ്യവസ്ഥയിലെ പ്രധാനഭേദങ്ങളാണല്ലോ നോട്ടുകളും പ്രോനോട്ടുകളും. ഇത്തരം കടലാസ്സുനാണയങ്ങൾ ഇന്നു എല്ലാ രാജ്യങ്ങളിലും പ്രചരിക്കുന്നുണ്ട്. ഇവയുടെ ഉല്പത്തിയും പ്രാചീനമാണ്. മറ്റേതിനെക്കാളും, കടലാസ്സുനാണയങ്ങളും ആദ്യമായി നടപ്പിൽ വന്നതു് ചൈനയിലാണെന്നു പറയപ്പെട്ടിരിക്കുന്നു. അവിടെ ബി. സി. 2-ാം ശതകത്തിൽപോലും 'നോട്ടുകൾ' നടപ്പിലിരുന്നതായി തെളിഞ്ഞിട്ടുണ്ട്. കടലാസ്സിന്നു പകരം ഒരുതരം മാനിന്റെ തോലാണ് ചൈനക്കാർ നോട്ടുണ്ടാക്കുവാൻ ഉപയോഗിച്ചിരുന്നതു്. പ്രോനോട്ടിന്മേൽ പണം കടം കൊടുക്കുന്ന സമ്പ്രദായം ഹിബ്രുവംശക്കാരുടെ ഇടയിൽ സാധാരണമായിരുന്നു. ബാബിലോണിയക്കാരാണ് ഈ പ്രസ്ഥാനത്തിന്റെ ഉപ

ങ്ങളൊതാക്കുന്നോരെന്നു വിശ്വസിച്ചുവരുന്നു. പരിഷ്കൃതരീതിയിൽ നടത്തപ്പെട്ടിരുന്ന ബേങ്കുകൾതന്നെ പുരാതന ബാബിലോണിയയിൽ അപൂർവ്വമായിരുന്നില്ല. അവിടെനിന്നു ഉൽഖനനം ചെയ്തെടുത്ത പ്രാക്തനവസ്തുക്കളുടെ ശേഖരത്തിൽ ഒരു 'പ്രോനോട്ടും' കാണുകയുണ്ടായി. ഇതു എഴുതപ്പെട്ടിരിക്കുന്നതു് ഒരു കളിമൺപലകയിലാണു്. കളിമൺപലകകളാണല്ലോ ആ പുരാതന മനുഷ്യവർഗ്ഗം എഴുതുന്നതിന്നുള്ള 'കടലാസ്സാ'യി ഉപയോഗിച്ചുവന്നതു്. മേൽപറഞ്ഞ പ്രോനോട്ടിലെ വാചകം ഇതാണു:

'ആഡാദിന്റെ മകനായ മാസ്, സൂര്യദേവതയുടെ ക്ഷേത്രത്തിലെ പുരോഹിതനിൽനിന്നു് രണ്ടു ഷെക്കൽ (ബാബിലോണിയയിൽ പ്രചരിച്ചിരുന്ന ഒരു പുരാതന വെള്ളിനാണ്യം) കടംവാങ്ങിയിരിക്കുന്നു. പ്രസ്തുതസംഖ്യയ്ക്കു, ആയാൾ സൂര്യദേവന്നു അവകാശപ്പെട്ട പലിശ കൊടുക്കേണ്ടതാണു്. കൊയ്ത്തുകാലത്തു് മുതലും അതിന്മേലുണ്ടാകുന്ന മുൻപറഞ്ഞ പലിശയുംകൂട്ടി ആയാൾ തിരികെ കൊടുക്കേണ്ടതാകുന്നു.'

അസ്സീറിയയിൽനിന്നും ഇത്തരം കടപത്രങ്ങളായ കളിമൺപലകകൾ കണ്ടുകിട്ടീട്ടുണ്ടു്. അതിനാൽ ഈ സമ്പ്രദായം സെമിററിക്‌വർഗ്ഗക്കാരുടെ ഇടയിൽ സാർവ്വത്രികമായിരുന്നുവെന്നുവേണം വിചാരിക്കുക. യഹൂദരുടെ ധനാർജ്ജനവ്യഗ്രത സുപ്രസിദ്ധമാണല്ലോ. ഈ വിഷയത്തിൽ അവരുടെ പിന്നിൽ അതിപ്രാചീനമായ ഒരു ചരിത്രമാണുള്ളതെന്നു നമുക്കു മേൽക്കാണിച്ച ഉദാഹരണത്തിൽനിന്നു് ഊഹിക്കാം. ക്ഷേത്രസ്വത്തിന്റെ പ്രാചീനതയും മുൻപറഞ്ഞ രേഖയിൽ

നിന്നു ഏറെക്കുറെ ഊഹിച്ചുകൂടായ്കയില്ല ബാബിലോണിയയിലെ ബാങ്കുകാർ പ്രോനോട്ടിന്മേൽ മാത്രമല്ല കടംകൊടുത്തിരുന്നതു്. പിന്നയോ? ഇന്നത്തെ പരസ്പരസഹായസംഘക്കാരെപ്പോലെ വളൎന്നുവരുന്ന വിളകളിന്മേലും മററുതരം ഈടുകളിന്മേലും അവർ കടംകൊടുത്തുപോന്നതായി കാണുന്നു. ഇത്തരം കടങ്ങൾക്കും അധമൎണ്ണന്മാർ പലിശ കൊടുക്കേണ്ടതുണ്ടായിരുന്നു. ഈ നിലയിൽ നോക്കുമ്പോൾ, മുതലാളിവൎഗ്ഗത്തെ സൃഷ്ടിപ്പാൻ ഉപകരിക്കുന്ന പലിശയേൎപ്പാടിന്നു്, ചുരുങ്ങിയതു അയ്യായിരംകൊല്ലത്തെ പഴക്കം കല്പിക്കേണ്ടിവരുന്നു.

# പദനിഷ്പത്തി*

ആധുനികവിജ്ഞാനീയങ്ങളിൽ അത്രയേറെ പ്രായമില്ലാത്ത ഒന്നാണ് ഭാഷാശാസ്ത്രം. എങ്കിലും, പ്രായത്തിൽ കവിഞ്ഞ വളൎച്ച നേടാൻ ഈ ശാസ്ത്രത്തിന്നു കഴിഞ്ഞിട്ടുണ്ട്. പതിനേഴാം നൂററാണ്ടിന്റെ ഉത്തരാൎദ്ധമാണ് ഇതിന്റെ ഉല്പത്തികാലം. മനുഷ്യൻ ദേശകാലാതിൎത്തികളെ അതിലംഘിപ്പാൻ തുടങ്ങിയതോടു കൂടിയാണ് ഈ വിജ്ഞാനീയം ഉലപ്പിരിഞ്ഞതു്, അതായതു് യാന്ത്രികപരിഷ്കാരത്തിന്റെ ആവിർഭാവത്തിന്നു ശേഷമുണ്ടായ ഉപനിവേശ സമ്പ്രദായത്തെ തുടൎന്ന്, അതുവരെക്കും പ്രാദേശിക പരിമിതികളിൽ അന്തരിതങ്ങളായി വൎത്തിച്ചിരുന്ന നരവൎഗ്ഗങ്ങൾ തമ്മിൽ അടുക്കാനും ആശയവിനിമയം ചെയ്യാനും തുടങ്ങിയതിന്നുശേഷമെന്നൎത്ഥം. വാണിജ്യത്തിന്നും മതപ്രചാരണത്തിന്നും വേണ്ടി മറുനാടുകളിൽ ചെന്ന പാശ്ചാത്യർ അതതിടങ്ങളിലെ ഭാഷയെയും സംസ്കാരത്തെയുംപററി ഗവേഷണം നടത്താനാരംഭിച്ചു. ജനതയുമായി ഇടപെടുന്നതിന്നു ഭാഷാജ്ഞാനം അനിവാൎയ്യമാകയാൽ ഭാഷകൾ പഠിക്കേണ്ടതു് അവരു

---

* സമസ്തകേരള സാഹിത്യപരിഷത്തിന്റെ 24-ാം വാൎഷിക സമ്മേളനത്തിൽ (തിരുവനന്തപുരം) ഭാഷ, ശാസ്ത്രം, ഗവേഷണം ഇവയ്ക്കുള്ള പ്രത്യേക സമ്മേളനത്തിൽ വായിച്ചതു്.

ടെ ഒഴിച്ചുകൂടാത്ത ഒരാവശ്യവുമായിത്തീൎന്നു. പൗരസ്ത്യരെ അപേക്ഷിച്ചു പ്രായോഗിക കാൎയ്യങ്ങളിൽ കൂടുതൽ ശാസ്ത്രീയവീക്ഷണം പുലൎത്തിപ്പോരുന്ന അവർ, ഭാഷാപഠനത്തിലും അതേ സമ്പ്രദായം തന്നെ അവലംബിച്ചിതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. ഏതായാലും തങ്ങൾക്കു പരിചയപ്പെടാനിടയായ മിക്ക ഭാഷകളെയും അവർ ശാസ്ത്രീയമായി അപഗ്രഥിച്ചു പരിശോധിച്ചു. ഈ പരിശോധനയുടെയും പഠനത്തിന്റെയും ഫലമായാണു് ഇന്നു നാം അറിയുന്ന തരത്തിലുള്ള ഫിലോളജി അഥവാ ഭാഷാശാസ്ത്രം ആവിർഭവിച്ചതു്.

ഇത്തരം പരിശോധനകളും പഠനങ്ങളും ലോകത്തിന്റെ നാനാഭാഗത്തുമുള്ള പ്രാദേശിക ഭാഷകളെ ആധികരിച്ചും ഉണ്ടായിട്ടുണ്ടു്. ജീവൽ ഭാഷകൾ മാത്രമല്ല, മൃതഭാഷകളും നിഷ്കൃഷ്ട പഠനത്തിന്നു വിധേയമായി. ഇങ്ങനെ ബഹുമുഖമായി വികസിച്ചുകൊണ്ടിരുന്ന ഭാഷാശാസ്ത്രപരമായ പഠനങ്ങൾ ലോകത്തിന്റെ നാനാഭാഗത്തും ചിന്നിച്ചിതറിക്കിടക്കുന്ന ഭാഷകളിൽ നിന്നു, സജാതീയങ്ങളെയും അവയിൽ പ്രവൎത്തിക്കുന്ന സമാനധൎമ്മങ്ങളെയും വിവേചിച്ചറിവാൻ സഹായിച്ചു. ഭാഷകളുടെ സാമാന്യധൎമ്മങ്ങളിൽ നിന്നു വിശേഷധൎമ്മങ്ങൾ വിവേചിച്ചറിവാൻ തുടങ്ങിയതോടുകൂടി ഈ വിജ്ഞാനീയത്തിൽ ഭാഷാതാരതമ്യശാസ്ത്രം (Comparative Philology) എന്ന ഒരു പുതിയ ശാഖ പൊട്ടിപ്പുറപ്പെട്ടു. ഈ ശാഖ ഭാഷകളുടെ ഗോത്രബന്ധത്തെയും സാങ്കൎയ്യത്തെയും നിൎവ്വചിച്ചു. നരവൎഗ്ഗങ്ങളുടെ പ്രാക്തനചരിത്രത്തിലേക്കു ധാരാളം വെളിച്ചം ചിതറാൻ ഏതൽപരമായ ഗവേ

ഷണങ്ങൾക്ക സാധിച്ചിട്ടുണ്ട് എന്നും കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ.

പഠനത്തിന് ഏകാഗ്രതയും ശാസ്ത്രീയതയും ഏറുന്നതോടുകൂടി വിചാരമണ്ഡലം കൂടുതൽ സൂക്ഷ്മമായിത്തീരുന്നതു സ്വാഭാവികമാണല്ലോ. പദങ്ങൾ, പ്രകൃതികൾ, പ്രത്യയങ്ങൾ, ആദ്യയങ്ങൾ (Prefix) ഇവയും ക്രമേണ ചിന്താവിഷയങ്ങളായിത്തീർന്നു. ഇവയെ അധികരിച്ചും താരതമ്യപരിശോധനയുണ്ടാകാതിരുന്നില്ല. അങ്ങനെ സിദ്ധിച്ച ജ്ഞാനം ഒരു ഉപവിജ്ഞാനീയമായി വികസിച്ചിട്ടുണ്ട്. ഭാഷാശാസ്ത്രത്തിലെ ഈ ശാഖയെ 'പദനിരുക്തിപ്രകരണം' (Etymology) എന്നു പറയുന്നു. പദങ്ങൾ അങ്ങനെ നിഷ്പാദിപ്പിക്കപ്പെടുന്നു എന്നതാണ് ഈ ശാസ്ത്രശാഖയുടെ വിചാരമണ്ഡലം. ലിപിവിജ്ഞാനീയം, അക്ഷരസമാമ്നായം തുടങ്ങി ഭാഷാശാസ്ത്രത്തോടു ബന്ധപ്പെട്ട പ്രകരണങ്ങൾ വേറെയും ചിലതുണ്ട്.

ഭാഷാവിജ്ഞാനീയത്തിന്റെ ഉപജ്ഞാതാക്കൾ പാശ്ചാത്യരാണെന്ന പരമാർത്ഥം വിസ്മരിച്ചുകൂടാ. അവരുടെ സിദ്ധാന്തങ്ങളെ കേന്ദ്രീകരിച്ച പ്രാദേശിക പണ്ഡിതന്മാർ പിൽക്കാലത്ത് ഈ ശാസ്ത്രത്തിലെയ്ക്കു ധാരാളം മുതൽ കൂട്ടിട്ടുണ്ടെന്നുള്ളതു ശരിതന്നെ. എങ്കിലും മൗലികകാര്യങ്ങളിൽ പാശ്ചാത്യപണ്ഡിതന്മാരുടെ അഭിപ്രായങ്ങൾക്ക ഇന്നും പ്രാമാണികത്വമുണ്ടെന്നു സമ്മതിച്ചേ കഴിയൂ. വാസ്തവത്തിൽ അവർ പണിതുവെച്ച അടിത്തറകളിൽ നൂതനസൗധങ്ങൾ കെട്ടിപ്പൊക്കുകമാത്രമാണ് പല പ്രാദേശികപണ്ഡിതന്മാരും ചെയ്തതു്. അല്പം അഭിമാനക്ഷയത്തോടുകൂടിയാണെ

ങ്കിലും, നമുക്കു ഇതു സമ്മതിച്ചുകൊടുക്കാതിരിപ്പാൻ നിവ്വാഹമില്ല.

പ്രാക്തനനരവൎഗ്ഗങ്ങളുടെ ചരിത്രത്തിലേയ്ക്കെന്നപോലെ, നശിച്ചുപോവുകയോ പരിണാമവിധേയമാവുകയോ ചെയ്ത ഭാഷാസ്വരൂപങ്ങളിലേയ്ക്കും ഏതദ്വിജ്ഞാനീയപരമായ ഗവേഷണങ്ങൾ കുറെയൊക്കെ വെളിച്ചം ചിതറീട്ടുണ്ട്. ഇൻഡോ യൂറോപ്യൻ ഗോത്രത്തിന്റെ മൂലഭാഷയെപ്പററി ഇന്നു നാം പുലത്തിപ്പോരുന്ന അറിവത്രയും ഇത്തരം ഗവേഷണംമൂലം സിദ്ധിച്ചിട്ടുള്ളതാണ്. ആ തായ്മൊഴി എന്നോ കുററിയററു പോയിരിക്കുന്നു. അതിലെ പദങ്ങളോ ചൊല്ലുകളോ ഒന്നുംതന്നെ അവശേഷിച്ചിട്ടില്ല. അങ്ങനെയൊന്നുണ്ടായിരുന്നു എന്നതുതന്നെയും ഒരു സങ്കല്പം മാത്രമാണ്. എങ്കിലും, ഗോത്രഭാഷകളിൽ കാണുന്ന പദങ്ങളുടെ പരിണാമവിശേഷങ്ങളെയും പ്രക്രിയാരീതികളെയും അവലംബിച്ചു ആ മൂലഭാഷയുടെ സ്വരൂപവും സ്വഭാവവും ഏതാണ്ട് ഇന്നതാണെന്ന് ഇപ്പോൾ ഏറെക്കുറെ ഊഹിപ്പാൻ കഴിഞ്ഞിട്ടുണ്ട്.

ഭാഷാവിജ്ഞാനീയപരമായ ഗവേഷണങ്ങൾ ഇൻഡോയൂറോപ്യൻ ഗോത്രത്തെ പുരസ്കരിച്ചെന്നപോലെ മറെറാരു ഗോത്രത്തെ മുൻനിത്തിയും അത്ര ദൂരം പുരോഗമിച്ചിട്ടില്ലെന്ന യാഥാത്ഥ്യം മറച്ചുവച്ചിട്ടു ഫലമില്ല. ഗവേഷകന്മാർ പ്രായേണ യൂറോപ്യരായതുകൊണ്ടും പ്രസ്തുത ഗോത്രത്തിൽപെട്ട പ്രാമാണികഭാഷകളിൽ ഭൂരിഭാഗവും യൂറോപ്യൻ രാജ്യങ്ങളിൽ ചിന്നിച്ചിതറിക്കിടക്കുന്നതുകൊണ്ടുമാണ് ഈ വിഷയത്തിൽ അത്രയും പുരോയാനംചെയ്യാൻ സാധി

ച്ചതു്. യൂറോപ്പിലെ, പ്രത്യേകിച്ചും ജൎമ്മനിയിലെ പല സൎവ്വകലാശാലകളും സംസ്കൃതത്തെ താലോലിപ്പാൻ തുടങ്ങിയതോടുകൂടി കൂടുതൽ അടിസ്ഥാനപരമായ നിലയിൽത്തന്നെ ഈ വിഷയത്തിൽ ഗവേഷണം നടത്താൻ പാശ്ചാത്യപണ്ഡിതന്മാൎക്കു സൗകര്യം ലഭിച്ചു.

സംസ്കൃതത്തിൽനിന്നു ഓരോ കാലത്തായി ഭ്രംശിച്ചുണ്ടായ പ്രാകൃതങ്ങളിൽനിന്നും ജനിച്ച പാലി, ഹിന്ദി (വ്രജഭാഷ) ബങ്കാളി, ഗുജറാത്തി തുടങ്ങിയ പ്രാദേശിക ഭാഷകളെയോ ദക്ഷിണേന്ത്യയിലെ ദ്രാവിഡഗോത്ര ഭാഷകളെയോ പററി അത്ര വിശദവും വിശ്വാസ്യവുമായ ഗവേഷണം നടത്തപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞുകൂടാ. ദ്രവിഡ ഭാഷകളെ ഒന്നാമതായി ശാസ്ത്രീയരീതിയിൽ അപഗ്രഥിച്ചു പരിശോധിച്ചതു് ബിഷപ്പ് കാൾഡ്വെലാണു്. കാൾഡ്വെലിൻെറ പഠനം തമിഴൊഴിച്ചുള്ള ദ്രാവിഡഭാഷകളെ സംബന്ധിച്ചേടത്തോളം, അതിരും വരമ്പും നിൎണ്ണയിപ്പാനല്ലാതെ അകം പരിശോധിച്ചു കരൾ മിടിപ്പുകൾ വിവേചിച്ചറിവാൻ സമൎത്ഥമായിട്ടുണ്ടെന്നു സമ്മതിച്ചുകൂടാ. എങ്കിലും ആ പണ്ഡിതവൃദ്ധനെ കൃതജ്ഞതയോടുകൂടിയേ നമുക്കു സ്മരിപ്പാനാവൂ.

ദ്രവിഡഗോത്രഭാഷകളെപ്പററി നമുക്കിനിയും ധാരാളം ഗവേഷണം നടത്തേണ്ടതായിട്ടുണ്ടു്. അതു് ഒരു സ്വതന്ത്രഗോത്രമോ, അതല്ല തുറേനിയൻ ഗോത്രത്തിൻെറ ഒരു അകന്ന ശാഖയോ? സ്വതന്ത്രഗോത്രമാണെങ്കിൽ അതിൻെറ, തായ്മൊഴി അഥവാ മൂലദ്രവിഡഭാഷ എങ്ങനെയുള്ളതായിരുന്നു? മലയാളത്തിനും തമിഴിനും തമ്മിലുള്ള യഥാൎത്ഥബന്ധമെന്തു്? സ്വതന്ത്രഭാഷകളാണെങ്കിൽ, മലയാളം ജ്യേഷ്ഠസഹോ

രിയോ കനിഷ്ഠസഹോദരിയോ? സ്വതന്ത്രമായിത്തീൎന്നശേഷം മലയാളം ഏതെല്ലാം പരിതസ്ഥിതികളിലൂടെയാണു് ആധുനികസ്ഥിതിയിലെത്തിച്ചേൎന്നതു്? തൂറേനിയൻ ഭാഷകൾ സംസാരിക്കുന്നവരും ബ്രാഹൂയിയടക്കമുള്ള ദ്രവിഡഭാഷകൾ സംസാരിക്കുന്നവരും തമ്മിൽ നരവംശശാസ്ത്രപരമായി വല്ല അടുപ്പവുമുണ്ടോ? ഇല്ലെങ്കിൽ അതിന്റെ പിന്നിലുള്ള ചരിത്രവസ്തുതകളെന്തെല്ലാമാണു്?—ഇങ്ങനെ എത്രയോ പ്രശ്നങ്ങൾക്കു നാം ശാസ്ത്രീയമായി ഗവേഷണദ്വാരാ സമാധാനം കണ്ടെത്തേണ്ടിയിരിക്കുന്നു.

ഭാഷാശാസ്ത്രത്തോടു് ഏററവുമധികം ബന്ധപ്പെട്ടു കിടക്കുന്ന ഒരു വിഷയമാണു് ചരിത്രം. ഭാഷയെന്നതു് ഒരു ജനതയുടെ വികാരവിചാരങ്ങളുടെ ശാശ്വതമായ ഊററുവെപ്പാകുന്നു. ഭാഷയ്ക്കു മാനസികപ്രക്രിയകളോടു്—അവയാണല്ലോ വികാരവിചാരങ്ങളായി രൂപം പൂണുന്നതു്—ഉള്ള ബന്ധം അഭേദ്യമാണു്. ഈ വസ്തുത ഉള്ളിലുറപ്പിച്ചുവേണം ഭാഷാവിജ്ഞാനീയസരണിയിലൂടെ സഞ്ചരിക്കുക. ഭാഷാശാസ്ത്രഗവേഷകൻ ഒരു ചരിത്രപണ്ഡിതനല്ലെങ്കിൽ, ചരിത്രവിദ്യാൎത്ഥിയെങ്കിലുമായിരിക്കുന്നതു് ആവശ്യമാണു്. ദേശചരിത്രത്തിലെന്നപോലെ സംസ്കാരചരിത്രത്തിലും അയാൾ അഭിരുചിയുള്ളവനായിരിക്കണം.

ഭാഷയുടെ ഉല്പത്തിയെപ്പററി പണ്ഡിതന്മാർ പറയുന്ന അഭിപ്രായങ്ങൾ എങ്ങനെയുമാകട്ടെ അതിനു മനശ്ശാസ്ത്രത്തോടുള്ള ബന്ധം നിഷേധിപ്പാനാവില്ല. ഇന്നു കാണുന്ന നിലയിൽ മിക്ക ഭാഷകളുടെയും മൌലികഘടകം ധാതുക്കളാണെന്ന കാൎയ്യത്തിൽ വാദത്തിനു വഴിയില്ല. ധാതുക്കളെ

ല്ലാതെ കേവലരൂപത്തിൽ തന്നെയുള്ള നാമങ്ങളുമുണ്ടല്ലോ ധാരാളം. അവയ്ക്കു ധാതുക്കളുമായെന്താണു് ബന്ധം എന്നൊരു ചോദ്യത്തിനു് ഇവിടെ വഴിയുണ്ടു്. ഇതിനു സമാധാനം പറഞ്ഞുവേണം മുന്നോട്ടുപോകുക.

ഒരു ഭാഷയിൽ പ്രചാരത്തിലുള്ള പദങ്ങളെല്ലാം ആ ഭാഷയുടെതന്നെ മൂലസ്വത്താണെന്ന തെറ്റായ ധാരണയിൽനിന്നാണു് ഈ ചോദ്യത്തിന്റെ ഉല്പത്തി. മൂലസ്വത്തല്ലാത്ത ഘൃത്രമോ പദങ്ങളും പ്രയോഗങ്ങളും ഓരോ ഭാഷയിലും ധാരാളമുണ്ടു്. അന്യഭാഷക്കാരുമായി ഇടപഴകുമ്പോൾ ആ ഭാഷയിൽനിന്നു ആവശ്യമുള്ള പദങ്ങളെ ആദ്യം കടമായും പിന്നീടു സ്വന്തമാക്കിയും ഉപയോഗിക്കുന്ന സമ്പ്രദായം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ഭാഷകൾ ഉത്ഭവിച്ചു വളരാൻ തുടങ്ങിയ മുതല്ക്കുതന്നെ ഇത്തരം വിനിമയങ്ങൾ സാർവ്വത്രികമായി സംഭവിച്ചിട്ടുണ്ടു്. അങ്ങനെ ഓരോ പദങ്ങൾക്കും കണ്ണെത്താത്ത കാലം തുടങ്ങിയുള്ള ഒരു നീണ്ട ചരിത്രമുണ്ടു്. ഇന്നു നാം ഉപയോഗിക്കുന്ന പദങ്ങളിൽ മലയാളത്തിനു മാത്രം അവകാശപ്പെട്ട മൂലസ്വത്തെന്നു പറയാവുന്നവയായി ഒരു പതിനഞ്ചു ശതമാനമെങ്കിലും കാണുമോ എന്നു സംശയമാണു്. മനുഷ്യൻ വളരുന്നതോടൊപ്പം, ഭാഷയും വളരുകയും പുതിയ പദങ്ങളെക്കൊണ്ടു അതിന്റെ ആകെയുള്ള മുതൽക്കൂട്ടു വർദ്ധിക്കുകയും ചെയ്യുന്നുണ്ടു്. പദങ്ങളെ സംബന്ധിച്ച ഈ മൗലികതത്ത്വം മനസ്സിലാക്കാഞ്ഞാൽ ഭാഷാശാസ്ത്രപാന്ഥന്മാർ പലപ്പോഴും വഷളാകും.

ഒന്നുരണ്ടുദാഹരണങ്ങളെക്കൊണ്ടു് ഈ വസ്തുതകൂടി വിശദമാക്കാം: മലയാളത്തിൽ നാം നിത്യവും ഉപയോ

ഗിച്ചുപോരുന്ന പദങ്ങളാണ് അലുക്ക്, വാശി ഇവരണ്ടും. ഏതു ധാതുക്കളിൽ നിന്നാണ് ഇവയുടെ ഉല്പത്തി? മലയാളത്തിലോ സംസ്കൃതഭാഷകളിലോ ഇവയുടെ പ്രകൃതികാണുന്നില്ല. ഈ കാരണാൽ ധാതുജങ്ങളല്ലാതെയും പദങ്ങൾ ഉണ്ടാകാം എന്ന നിഗമനത്തിന്നു തെളിവല്ല. വാസ്തവത്തിൽ ഈ രണ്ടു പദങ്ങളും ദ്രാവിഡഭാഷകളുടെ സമ്പത്തല്ല. അവ യഥാക്രമം അറബിയിൽ നിന്നും പേഴ്സ്യനിൽ നിന്നും കടന്നുവന്നു മലയാളികളായി മാറിയവയാണ്. അവയുടെ ധാതുവറിയുന്നതിന്നു അറബിയിലും പേഴ്സ്യനിലും വേണം അന്വേഷണം നടത്തുക. ഭാരതീയ ജ്യോതിർവിത്തുക്കൾ സാധാരണ ഉപയോഗിച്ചുപോരുന്നതും സംസ്കൃതത്തിന്റെ ശബ്ദകോശത്തിൽ സ്ഥാനം പിടിച്ചിട്ടുള്ളതുമായ പണപരം, ദ്രേക്കാണം, ഹോര തുടങ്ങിയ പദങ്ങൾ പാണിനിക്കുമുമ്പോ പിമ്പോ സമാഹരിക്കപ്പെട്ട ഒരൊറ്റ ധാതുവിൽനിന്നും നിഷ്പാദിപ്പിക്കപ്പെടാവുന്നവയല്ല. യവനരിൽ നിന്നു കടം വാങ്ങിയ ഈ പദങ്ങളുടെ ധാതുക്കളെറിയണമെങ്കിൽ, ഗ്രീക്കുഭാഷയിൽ വേണം പരിശോധന നടത്തുക. റൈസ് (അരി) എന്ന ഇംഗ്ലീഷ് വാക്കിന്റെ നിരുക്തം നോക്കിയാൽ അതേതു മൂലപ്രകൃതിയിൽ നിന്നുണ്ടായതാണെന്നു ഇംഗ്ലീഷുകാരനു പറവാൻ കഴിയില്ല. ഗ്രീക്കിലെ 'ഉരുസോൺ' ഇംഗ്ലീഷിൽ റൈസായി മാറിയതെന്ന ജ്ഞാനംകൊണ്ടു അവനു സംതൃപ്തനാകേണ്ടിയിരിക്കുന്നു. ഉരുസോണിന്റെ ധാതു ഗ്രീക്കുഭാഷയിലും കാണുകയില്ല. കാരണം അതു പ്രസ്തുത ഭാഷയുടെ മൂലസ്വത്തല്ല. തമിഴിലെ 'അരിശി'യാണ് ഗ്രീക്കുഭാഷയിൽ ഉരുസോണായി മാറിയതു്. ഗ്രീക്കുകാരും ദക്ഷിണേന്ത്യയുമായി വാണിജ്യം നടന്നിരുന്ന പുരാതനകാലത്താണെന്ന വാസ്തവം ചരിത്രപ്ര

സിദ്ധമാണല്ലൊ. ആ യവനവണിക്കുകളാണ് തങ്ങൾക്കു അജ്ഞാതമായ തമിഴരുടെ അരിശിയെ ഉരൂസാക്കി മാററിയതു്. അപ്പോൾ ഇംഗ്ലീഷിലെ റൈസിന്റെ ധാതുവന്വേഷിച്ചു് ഇംഗ്ലീഷിലും ഗ്രീക്കിലുമല്ല തമിഴിലാണ് ഗവേഷണം നടത്തേണ്ടതെന്നു വരുന്നു.

ആശയവിനിമയമാണ് ഭാഷയുടെ സർവ്വപ്രധാനമായ ഉദ്ദേശ്യം. പദസമ്പത്തു ചുരുക്കമായിരുന്ന ആദ്യകാലത്തു് മനുഷ്യൻ ശബ്ദങ്ങളോടൊപ്പം അംഗചലനങ്ങളുടേയും കൂട്ടുപിടിച്ചു് ഈ ആവശ്യം അപൂർണ്ണമായ നിലയിലെങ്കിലും സാധിച്ചുപോന്നിരിക്കും. ശബ്ദങ്ങളെ ഈ ആവശ്യത്തിനുപയോഗിക്കാമെന്നു അവൻ പ്രകൃതിയിലെ മററു ജീവികളിൽനിന്നു മനസ്സിലാക്കിയതാവാനേ വഴിയുള്ളു. ഒരു പ്രത്യേക വിവക്ഷയോടുകൂടി ഒരുവൻ പുറപ്പെടുവിച്ച ശബ്ദത്തെ അതുപോലുള്ള സന്ദർഭത്തിൽ അന്യരും പുറപ്പെടുവിക്കുകയും ക്രമേണ അതു നിയമിതാർത്ഥത്തിൽ സമുദായത്തിന്റെ പൊതുസ്വത്തായിത്തീരുകയും ചെയ്തിരിക്കണം.

ആദിമഭാഷയുടെ സ്വരൂപത്തെപ്പററി ഒരു ലഘുവിവരണം ഇവിടെ ആവശ്യമാണ്. ആശയം പരിമിതമായതുകൊണ്ടു് പദങ്ങളുടെ എണ്ണവും അക്കാലത്തു വളരെ കുറവായിരുന്നു. ഏകവർണ്ണകങ്ങളോ ദ്വിവർണ്ണകങ്ങളോ അപൂർവ്വമായിമാത്രം ത്രിവർണ്ണകങ്ങളോ ആയിരുന്നു മിക്ക പദങ്ങളും. ഇന്നത്തെപ്പോലെ സംബന്ധവാചികളോ പ്രത്യയാദ്യയങ്ങളോ ആയ പദങ്ങൾ അന്നുണ്ടായിരുന്നില്ല. എല്ലാ പദങ്ങളും സ്വതന്ത്രങ്ങളായിരുന്നു. ഇത്തരം സ്വതന്ത്രപദങ്ങളിൽനിന്നാണ് ഇന്നു നിരർത്ഥകങ്ങളായി തോന്നുന്ന പ്രത്യയങ്ങളുടെ

ഉല്പന്നി. തേഞ്ഞുമാഞ്ഞു മൗലികാർത്ഥം നിശ്ശേഷം നശിച്ചു കേവലം സംബന്ധവാചികളോ മറേറാ ആയിമാറിയ ഇത്തരം പ്രത്യയങ്ങളുടെ പ്രാഗ്രൂപങ്ങൾ കണ്ടെത്തുവാനും ഊഹിച്ചുറപ്പാൻ ഭാഷാശാസ്ത്രജ്ഞന്മാർക്കു കഴിഞ്ഞിട്ടുണ്ട്. ഭാഷാതാരതമ്യശാസ്ത്രത്തിന്റെയും പ്രകൃതിയുടെയും വെളിച്ചത്തിൽ കൂടി വേണം അന്ധകാരനിബിഡവും ദുർഗ്ഗമവുമായ ഈ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുക.

ഭാഷാപ്രപഞ്ചത്തിനു പൊതുവെ മനശ്ശാസ്ത്രത്തോടുള്ള ബന്ധം ഇതിനു മുമ്പു ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ അവസരത്തിൽ പദാർത്ഥത്തിനും മനശ്ശാസ്ത്രവുമായുള്ള ബന്ധം കുറെക്കൂടി നിഷ്കൃഷ്ടമായി പരിശോധിക്കേണ്ടിയിരിക്കുന്നു. ഒരു വസ്തുവിനെ പറ്റി ഒരു സംജ്ഞയെ കല്പിക്കുകയാണെന്നിരിക്കട്ടെ. നമ്മുടെ മനസ്സിൽ എന്തെല്ലാം മാനസികപ്രക്രിയകളാണ് ഉണ്ടാകുന്നത്?

ഒരു സംഗതി ആദ്യമേ പറഞ്ഞുവയ്ക്കാം: പദങ്ങൾ, പ്രത്യേകിച്ചും നാമങ്ങൾ, വസ്തുക്കളെയോ വസ്തുസ്ഥിതികളെയോ അല്ല. ആ വസ്തുക്കളോ വസ്തുസ്ഥിതികളോ ദ്രഷ്ടാവിന്റെ മനോമണ്ഡലത്തിൽ ഉളവാക്കിയ പ്രതികരണങ്ങളെയാണ് പ്രതിനിധാനം ചെയ്യുന്നത്. ആ പ്രതികരണങ്ങളുടെ ആകെത്തുകയത്രെ പദനിഷ്ഠമായ പ്രതികരണത്തിന്റെ പ്രധാനവക്യം. അർത്ഥം മാത്രമേ ഓരോ പദത്തിന്റെയും സൂക്ഷ്മവും വിശദവുമായ അംശങ്ങളെയും പ്രകാശിപ്പാൻ കഴിയൂ. പദം കുറിക്കുന്ന വസ്തുവിനെയോ വസ്തുസ്ഥിതിയെയോ മാത്രം ആശ്രയിച്ചുകൊണ്ടുള്ള പദാർത്ഥവ്യത്യാസം സ്ഥൂലമാണ്. പ്രതികരണങ്ങളെ സംബന്ധിച്ച അന്വേഷണത്തിന്, സജീവമാ

യ മനുഷ്യമനസ്സിൻെറ ബഹുമുഖമായ പ്രവൎത്തനങ്ങളെ നമുക്കു നോക്കിക്കാണാം. പദനിരുക്തിപ്രകരണത്തിന്നു ചരിത്രത്തോടു സവിശേഷബന്ധമുണ്ടെന്നു പറഞ്ഞതു് പദനിഷ്പത്തി പരിശോധനയിലൂടെ ഗ്രഹിപ്പാൻ കഴിയുന്ന മാനസികാംശത്തെ മുൻനിൎത്തിയാകുന്നു.

ഇനി നമുക്കു് ഒരു വസ്തുവിൻെറ നാമകരണത്തിന്നു മുന്നു ദ്രഷ്ടാവിൽ പ്രവൎത്തിച്ച മാനസികപ്രക്രിയകളെന്തെല്ലാമെന്നു പരിശോധിക്കാം:—ഇന്ദ്രിയദ്വാരാ ലഭിക്കുന്ന വസ്തുബോധമാണല്ലോ ജ്ഞാനം. വസ്തുബോധത്തിൻെറ ആദ്യത്തെ പടി ഇന്ദ്രിയവേദനം (Sensation) ആകുന്നു. നിശ്ചലമായ ഒരു ജലാശയത്തിൽ കല്ലിട്ടുമ്പോൾ ചലനമുണ്ടാകുന്നതുപോലെ സ്വസ്ഥിതിയിലിരിക്കുന്ന മനസ്സിൽ ഇന്ദ്രിയാൎത്ഥങ്ങളുമായുള്ള ബന്ധം—കാഴ്ച, സ്പൎശം, കേൾവി, രുചി, ഘ്രാണം മുതലായവ—ചലനമുളവാക്കുന്നു. മനസ്സിൽ മുമ്പുതന്നെ ലയിച്ചു കിടക്കുന്ന സംസ്കാരങ്ങളോടു ഇന്ദ്രിയം പുതുതായി നിവേദനം ചെയ്ത വസ്തുതയുമായി പൊരുത്തപ്പെടുത്തലാണു് രണ്ടാമത്തെ മാനസികപ്രക്രിയ. നാം ഒരു ശബ്ദം കേൾക്കുകയാണെന്നിരിക്കട്ടെ ശബ്ദങ്ങളുടെ വൈവിധ്യത്തെ സംബന്ധിച്ച പല അറിവുകളും തീരുമാനിക്കപ്പെട്ട നിലയിൽ നമ്മുടെ മനസ്സിൽ സംസ്കാരരൂപേണ ലയിച്ചുകിടക്കുന്നുണ്ടു്. അതായതു് പലതരം മൃഗങ്ങളുടെ, പക്ഷികളുടെ പരിചയസീമയിൽപ്പെട്ട മനുഷ്യരുടെ, വാഹനങ്ങളുടെ എന്നുവേണ്ട മുമ്പു കേട്ട എല്ലാററിൻേറയും എന്നൎത്ഥം. ഇന്ദ്രിയം പുതുതായി നിവേദിച്ച ഈ ശബ്ദം അവയിലേതിൻേറതാണെന്നു് സംസ്കാരത്തിൻെറ കലവറയിൽ പരതിനോക്കുകയായി. വ

സ്ഥൂലബോധജന്യമായ ഈ മനോവ്യാപാരത്തെ Perception എന്നു വിളിക്കുന്നു. പക്ഷിയുടേതോ മൃഗത്തിന്റേതോ എന്തിന്റേയാണു് ആ നൂതനശബ്ദമെന്നു താരതമ്യപ്പെടുത്തി മനസ്സുടനെ ഒരു തീരുമാനത്തിലെത്തുന്നു. അതീതസംസ്കാരങ്ങളുടെ വെളിച്ചത്തിൽ നടത്തുന്ന ഈ തീരുമാനത്തിനു Conception എന്നാണു് മനശ്ശാസ്ത്രപ്രസിദ്ധമായ സംജ്ഞ. അതിനുശേഷം നാം ഭാഷയുടെ സഹായമവലംബിച്ചു് ആ ശബ്ദത്തിനു ഒരു പേരു കൊടുക്കുകയായി, വിമാനത്തിന്റെ ഇരമ്പം എന്നു്. ഇന്ദ്രിയം, ഭാവന (Imagination) ബുദ്ധി (Intellect) ഭാഷ ഇവയാണു് സംജ്ഞാകരണത്തിനു സഹായിച്ച ഉപാധികൾ. ഉച്ചവും അവ്യക്തവും അനുസ്യൂതവുമായിട്ടുള്ള ശബ്ദവിശേഷത്തെയാണല്ലോ ഇരമ്പമെന്നു പറയുന്നതു്. കടലിരമ്പം, കമ്പോളത്തിൽനിന്നു കേൾക്കുന്ന ആളിരമ്പം, ഇതൊക്കെ പ്രസിദ്ധമാണു്. ഒച്ച, ഒലി, അലച്ച്, മുരൾച്ച (ഈറി) മുതലായ ശബ്ദവിശേഷങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമാണു് ഇരമ്പം. ഇന്ദ്രിയവേദനാനന്തരം ഭാവന ഈ ശബ്ദങ്ങളോടെല്ലാം പുതുതായി കേട്ടതിനെ താരതമ്യപ്പെടുത്തുന്നു. അതിനുശേഷമാണു് കേട്ടതു ഒച്ചയും ഒലിയുമൊന്നുമല്ലെന്നും, ഇരമ്പമാണെന്നും തീരുമാനിക്കുന്നതു്. അടുത്ത അവസരത്തിൽ 'ഇരമ്പ'ത്തെ ചുഴന്നായി ചിന്ത. കടലിരമ്പം കടലിൽനിന്നേ കേൾക്കാൻ നിവൃത്തിയുള്ളു. അടുത്തു കടലില്ല; അതുകൊണ്ടു അതാവാൻ വഴിയില്ല. കമ്പോളത്തിൽനിന്നുള്ള ആളിരമ്പമാണെങ്കിൽ, ആകാശത്തിൽനിന്നു കേൾക്കാൻ നിവൃത്തിയില്ല. അതിനാൽ ഇക്കേട്ടതു് നിശ്ചയമായും വിമാനത്തിന്റെ ഇരമ്പംതന്നെ ആയിരിക്കണം—മി

ന്നൽവേഗത്തിൽ കഴിഞ്ഞു മനോമണ്ഡലത്തിലുണ്ടായ ഈ ചലനങ്ങൾ.

പദങ്ങൾ വസ്തുക്കളെയല്ല, ആ വസ്തുക്കൾ മനസ്സിലുളവാക്കുന്ന ചലനത്തിന്റെ പ്രതികരണത്തെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നു പറഞ്ഞുവല്ലൊ. കഴിഞ്ഞ ഖണ്ഡികയിൽ വിവരിച്ച മനശ്ശാസ്ത്രതത്വങ്ങളെ മുൻനിർത്തി പദനിരുക്തി പ്രകരണത്തെ ചെയ്യുക കുറെക്കൂടി തുറന്നു ചെല്ലുക. പാമ്പ് എന്ന പദത്തിന്റെ നിരുക്തി പരിശോധിക്കുക. ഇന്ന് അതു ഉരഗസാമാന്യവാചിയാണ്, ചേര്യും മൂർഖനും മണ്ഡലിക്കും പെരുമ്പാമ്പിനും പൊതുപേരാണ്. പാമ്പിനെ ആദ്യം കാണുകയും അതിന്നു പ്രസ്തുത നാമം നൽകുകയും ചെയ്ത വ്യക്തിയുടെ മനോമണ്ഡലത്തിൽ ആ ജീവി ഉളവാക്കിയ ഭാവനാവിശേഷത്തെക്കൂടി ആ പേരിൽ നിന്നു ഗ്രഹിക്കാം. പാ (വേഗത്തിൽ ഓടുക, ഉം. പായുന്നു, പായും, പാച്ചൽ) എന്ന ഒരു ധാതുവിൽനിന്നാണ് ഈ പദത്തിന്റെ ഉല്പത്തി. തന്നെ കണ്ടപ്പോൾ പ്രസ്തുത ജീവി അതിവേഗത്തിൽ ഓടിയ വസ്തുതയാണ് ഇവിടെ ദ്രഷ്ടാവിന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞതു്. അതിനാൽ ആ ജീവിക്ക് ആയാൾ പായുന്നതു് എന്ന അർത്ഥത്തിൽ 'പായ്പ്' എന്നു നാമകരണം ചെയ്തു. (മനുഷ്യനുമായി ഏററുമുട്ടുമ്പോൾ പാമ്പുകൾ പാഞ്ഞുപോകുന്നതു സാധാരണമാണല്ലൊ.) ഈ രൂപം ഒരു കാലത്തു് ഭാഷയിലുണ്ടായിരുന്നുവെന്നു ഹിപ്പാനല്ലാതെ ഉദാഹരണപുരസ്സരം തെളിയിപ്പാൻ യാതൊരു മാർഗ്ഗവുമില്ല. പഴഞ്ചൊല്ലുകളോ സാഹിത്യമോ ആവിർഭവിക്കൊള്ളുന്നതിന്നു മുമ്പുതന്നെ ആ രൂപം നശിച്ചു

പോയിരിക്കണം. ഉച്ചാരണപരമായ സൗകര്യത്തെ മുൻനിർത്തി ആദിരൂപമായ പായ്പ് അചിരേണ (പാൻപ്, പാംപ്, പാമ്പ്) പാമ്പായി മാറി. യകാരം നകാരമായും (ഉം–വിലസിയ=വിലസിന, യാൻ=നാൻ, യമൻ=നമൻ) നകാര ചില്ല് അനുസ്വാരമായും (ഉം:കടൻ=കടം, ഫലൻ=ഫലം) മാറുന്നതു മലയാളത്തിൽ സാധാരണമാണ്. ഈ ഉദാഹരണത്തിൽനിന്നു പദം വസ്തുവിനെയല്ല, ആ വസ്തു ദ്രഷ്ടാവിലുളവാക്കിയ ഇന്ദ്രിയവേദനാജന്യമായ പ്രതീതിയെയാണ് കുറിക്കുന്നതെന്നു വ്യക്തമായല്ലൊ. സംസ്കൃതത്തിലെ ഫണി, ജിഹ്മഗം, ദ്വിജിഹ്വൻ, ഉരഗം, പവനാശനൻ, ചക്ഷുശ്രവണൻ എന്നീ സർപ്പവാചി ശബ്ദങ്ങളും പരിശോധിച്ചു നോക്കുക. ഫണി എന്നു നാമകരണം ചെയ്ത ആളുടെ ഭാവനയിൽ പാമ്പിൻെറ പാച്ചിലല്ല, അനന്യ ജന്തുസാധാരണമായ പത്തിയാണ് ആഴത്തിൽ പതിഞ്ഞതു്. അതിൻെറ അനുജ്ജുവായ ചലനവിശേഷമത്രെ ജിഹ്മഗമെന്ന സംജ്ഞ നല്കിയ ദ്രഷ്ടാവിൻെറ ദൃഷ്ടിയിൽ കാര്യമായി പതിഞ്ഞതു്. ദ്വിജിഹ്വത്വം (നാവിൻെറ പിളർപ്പ്) ആണ് മൂന്നാമത്തെ ആളെ ആകർഷിച്ചതു്. മാറിടംകൊണ്ടുള്ള ഇഴഞ്ഞു നടത്തവും വളരെ ദിവസം ആഹാരം കഴിക്കാതെ വായുകൊണ്ടു മാത്രം ജീവിപ്പാനുള്ള കഴിവും കാഴ്ചയ്ക്കും കേൾവിക്കുമായി ഒരേ ഇന്ദ്രിയം മാത്രമുള്ളതും യഥാക്രമം മററു മൂന്നുപേരെയും ആകർഷിച്ചു. പാമ്പിൻേറതായ ഈ എല്ലാ പേരുകളും ഓരോരുത്തരിലുമുളവാക്കിയ പ്രതികരണം എത്ര വ്യത്യസ്തങ്ങളായിരിക്കുന്നു എന്നു നോക്കുക.

ദ്രവിഡഭാഷകളിൽ ലിംഗവചനവിഭക്തികൾക്ക വെവ്വേറെ പ്രത്യയങ്ങളുണ്ട്. സ്വതന്ത്രപദങ്ങൾ ഉപയോഗാധിക്യംകൊണ്ടു തേഞ്ഞു് അർത്ഥദ്യോതകങ്ങളല്ലാതായി മാറിയ ഈ പ്രത്യയങ്ങൾ നാമങ്ങളോടു പൗർവ്വാപര്യക്രമത്തിൽ ചേർന്നിരിക്കും. ഈ പൗർവ്വാപര്യക്രമത്തിൽനിന്നു, ലിംഗവചനവിഭക്തികളുടെ വിവക്ഷ ദ്രവിഡഭാഷകളിൽ ഉണ്ടായിരുന്നില്ലെന്നും പിന്നീട്ട് അനുക്രമം വന്നുചേർന്നതാണെന്നും വേണം വിചാരിക്കുക. പരിഷ്കാരം വർദ്ധിക്കുംതോറുമാണല്ലോ ഏതിൻേറയും വിശദാംശങ്ങളിലേയ്ക്കു പ്രവേശിക്കുക. ലിംഗവിവക്ഷയില്ലാത്ത ദ്രവഡത്തിലെ അതിപ്രാചീനപദങ്ങൾ മലയാളത്തിൽ തന്നെ ഇന്നും അവശേഷിച്ചു കാണുന്നുണ്ട്. ഉദാഹരണത്തിന് 'ആൾ' എന്ന പദം നോക്കുക. പുരുഷനും സ്ത്രീയും ആൾതന്നെയാണ്. പിന്നീടു ലിംഗവിവക്ഷയുണ്ടായതിന്നു ശേഷമാണ് പുരുഷനെ കുറിപ്പാൻ ആളിൽനിന്ന് 'ആൺ' എന്ന പദം നിഷ്പാദിപ്പിച്ചതു്. അതോടുകൂടി 'ആൾ' സ്ത്രീവാചിയായിത്തീർന്നു. ആഖ്യാതങ്ങളുടെ അവസാനത്തിലും (ഉം:—വന്നാൾ, പോയാൾ) ചില നാമങ്ങൾക്കുശേഷവും (ഉം:—മങ്കയാൾ, കുമാരിയാൾ) കാണുന്ന ആൾ എന്ന പ്രത്യയസ്ഥാനീയപദത്തിൻേറ ഉല്പത്തി ഇങ്ങനെയാകുന്നു.

നാമപദങ്ങളിൽ ലിംഗവചനപ്രത്യയങ്ങൾ അനുക്രമമായി സംശ്ലേഷിക്കുന്നതിന്നു ഒന്നു രണ്ടു് ഉദാഹരണം നോക്കുക.

1. മുക്കുവന്മാരുടെ.

മുങ്—ധാതു (വെള്ളത്തിൽ ആഴുക.)

മൂക്ക്—ങകാരത്തിന്ന ഖരാദേശം വന്ന് മുങ് ആദ്യം മുക് എന്നായി. ഭാഷയിൽ ഏകമാത്രകങ്ങളായ പദങ്ങൾ ഇല്ലാത്തതിനാൽ ('പദമില്ലൊററമാത്രയിൽ' എന്ന കേരളപാണിനീയവചനം ഓർമ്മിക്കുക) മുക്, മൂക്ക് എന്നിങ്ങനെ രൂപതപത്താടുകൂടിയതായി.

ഉ—ഉച്ചാരണ സൗകൎയ്യത്തിന്നുവേണ്ടി ചേക്കുന്ന ഒരു സ്വരം.

വ്—ഇടനില അഥവാ ല്ലെങ്കിൽ ആഗമം (സന്ധി കാൎയ്യം)

അൻ—പുല്ലിംഗപ്രത്യയം.

മാർ—ബഹുവചനപ്രത്യയം.

ഉടെ—വിഭക്തിപ്രത്യയം. സംബന്ധികാവിഭക്തി.

2. വമ്പന്മാരിൽ.

വൽ—ധാതു (വലിയതെന്നൎത്ഥം.)

വൻ—ധാതുവിൻെറ അന്ത്യത്തിലുള്ള ലകാരത്തിന്ന് നകാരാദേശം വന്ന രൂപം.

പ്—കൃതി കൃൽപ്രത്യയം.

അൻ—പുല്ലിംഗപ്രത്യയം.

മാർ—ബഹുവചനപ്രത്യയം.

ഇൽ—വിഭക്തിപ്രത്യയം. ആധാരികാവിഭക്തി.

ഭാഷയിലെ പദങ്ങളെ പററി നിരുക്തിപരമായി ഇതുവരെയ്ക്കും ആരെങ്കിലും സൎവ്വേചെയ്തിട്ടുണ്ടോ എന്നു സംശയമാണ്. ഗുണ്ടൎട്ടുമാത്രമാണ് ഈ വഴിക്കു കുറെയെങ്കിലും സഞ്ചരിച്ചിട്ടുള്ളത്. ഒരു സംഗതി ആദ്യമേ പറഞ്ഞുകൊള്ളു

ട്ടെ. പുഷ്പാസ്തൃമായ ഒരു മാർഗ്ഗമല്ല ഇതു്. എത്രയോ കല്ലും
മുള്ളും ചവിട്ടിമെതിച്ചുവേണം ഓരോ കാലടിയും മുന്നോട്ടു
വെയ്ക്കുക. അതിപ്രാചീനമായ ഒരു ഭാഷയാണു് മലയാളം.
കിട്ടാവുന്നേടത്തോളം തെളിവുകളെ മുൻനിർത്തി നോക്കുമ്പോ
ഠം തമിഴിന്റെ ജ്യേഷ്ഠസഹോദരിയാണു് മലയാളമെന്നു ഊ
ഹിപ്പാനാണു് വഴിയുള്ളതു്. ദക്ഷിണേന്ത്യൻ ഭാഷകളിൽ
തെലുങ്കാണു് മലയാളത്തേക്കാഠം കൂടുതൽ പ്രായമുള്ളതെന്നാ
ണല്ലോ കരുതിപ്പോരുന്നതു് 'സ്വരാനുസംവാദന'ത്തിന്റെ
പ്രവർത്തനം തെലുങ്കിൽ കൂടുതലായി കാണുന്നുവെന്നതാണു്
ഈ നിഗമനത്തിന്റെ പശ്ചാത്തലം. എന്നാൽ മലയാള
ത്തിലും പ്രസ്തുതനയം ഒരു വ്യാകരണകാര്യമെന്നേടത്തോളമി
ല്ലെങ്കിലും സാമാന്യമായി പ്രവർത്തിച്ചു കാണുന്നുണ്ടെന്നു് ഭാ
ഷാമർമ്മജ്ഞന്മാക്കറിയാം.

മൂവായിരം കൊല്ലം മുമ്പുതന്നെ മലയാളികഠം മറുനാ
ടൻ ഭാഷക്കാരുമായി ബന്ധപ്പെടാൻ തുടങ്ങീട്ടുണ്ടു്. ഈ ബ
ന്ധം മലയാളഭാഷയുടെ പദസമ്പത്തിനെ ഒട്ടും ബാധിച്ചിട്ടി
ല്ലെന്നു് എങ്ങനെയാണു് വിശ്വസിക്കുക? അങ്ങനെ അനാദി
കാലം മുതല്ക്കു അന്യഭാഷകളിൽ നിന്നു സംക്രമിച്ച പദങ്ങ
ളെ വേർതിരിച്ചെടുക്കേണ്ടതും ആവശ്യമാണു്. ഇതും അത്ര
എളുപ്പമുള്ള പണിയല്ല. അടുത്തകാലത്തു് അങ്ങനെ മല
യാളത്തിൽ കടന്നുകൂടിയ ഏതാനും പദങ്ങളുടെ ഒരു പട്ടിക
ശേഷഗിരിപ്രഭു (വ്യാകരണമിത്രം) ശേഖരിച്ചിട്ടുണ്ടു്. ആ
വഴിക്കു ഇനിയും ഒട്ടുവളരെ ഗവേഷണം നടത്തേണ്ടതായിരി
ക്കുന്നു.

കേരളത്തിന്നു സമഗ്രമായ ഒരു ചരിത്രമില്ലെന്നു പലരും ആവലാതിപ്പെടുന്നുണ്ടല്ലോ. ഭാഷാശാസ്ത്രപരമായ ഗവേഷണംകൂടി വികസിച്ചാൽ മാത്രമേ ഈ ആവലാതിക്കു പരിഹാരം കാണ്മാൻ കഴിയൂ. ഇതുവരെ ചെയ്ത ചർച്ചകളിൽ ഭാഷക്കു മാനസിക ജീവിതത്തോട്—വികാരവിചാരങ്ങളോടുള്ള ബന്ധം ഒന്നുരണ്ടിടത്തു ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. ആ വഴിയും വിജനമാക്കിയിട്ടുകൂടാ.

# ഈജിപ്തും കേരളവും

പരശുരാമന്റെ കാലത്തിന്നു മുമ്പുള്ള കേരളത്തിന്റെ ചരിത്രത്തെക്കുറിച്ചു നമുക്കു യാതൊന്നും അറിഞ്ഞുകൂടാ. പരശുരാമനാണ് കേരളത്തെ സമുദ്രത്തിൽ നിന്നു സമുദ്ധരിച്ചതെന്ന ഐതിഹ്യം, അദ്ദേഹത്തിന്റെ കാലം മുതൽക്കുമാത്രമേ മലനാട്ടിന്ന് ഒരു ചരിത്രം ആരംഭിക്കുന്നുള്ളു എന്ന വിശ്വാസത്തിൽ നമ്മെ അടിയുറപ്പിച്ചിരിക്കുന്നു. ഈ ഐതിഹ്യത്തിൽ സ്വീകാര്യമായി വല്ലതുമുണ്ടെങ്കിൽ അത് ആൎയ്യവൎഗ്ഗക്കാരിൽ ആദ്യമായി കേരളത്തിൽ പ്രവേശിച്ചതു പരശുരാമനായിരിക്കണമെന്നുമാത്രമാണ്. ആൎയ്യന്മാരുമായി ഇടപഴകുന്നതിന്നു എത്രയോ മുമ്പുതന്നെ ഇവിടുത്തെ പൂൎവ്വനിവാസികളായ നായന്മാർ പരിഷ്ക്കാരത്തിൽ തുലോം മുന്നണിയിൽ വൎത്തിച്ചിരുന്നുവെന്നു വിശ്വസിപ്പാൻ മതിയായ തെളിവുകളുണ്ട്; എന്നാൽ ഇവരുടെ ആദിമനിവാസസ്ഥാനം ഏതായിരുന്നുവെന്നോ ഏതു കാലത്താണ് ഇവിടെ ഉപനിവേശിച്ചതെന്നോ ഉള്ള സംഗതി ഇന്നും വാദവിഷയമായിരിക്കുന്നതേയുള്ളു. നായന്മാൎക്കുമുമ്പ് ഇവിടെ അധിവസിച്ചിരുന്നവരും, ഇന്നത്തെ ചെറുമക്കൾ വേട്ടുവർ തുടങ്ങിയവരുടെ പൂൎവ്വപിതാക്കന്മാരുമായ ചരിത്രാതീത്കാലവൎഗ്ഗക്കാർ ഇ

വിടെ കടന്നുകൂടിയത് എവിടെ നിന്നാണ്? ഏതു കാലത്താണ്?

പെട്രി തുടങ്ങിയ ഗവേഷകന്മാരുടെ അനന്യസ്പൃതപരിശ്രമത്തിന്റെ ഫലമായി പുറത്തുവന്ന വസ്തുതകളുടെ വെളിച്ചത്തിൽ പുരാതന കേരളത്തിന്റെ അന്ധകാരമയമായ ആദിമചരിത്രത്തിലേക്കു ഒന്നു കണ്ണോടിച്ചു നോക്കുന്നതു ചരിത്രപിപാസുക്കൾക്കു രസകരമായിരിക്കും. ഈജിപ്തിലെ പ്രാകൃതസമ്പ്രദായങ്ങളിൽ ചിലതിനെല്ലാം എന്തുകൊണ്ടോ കേരളത്തിലും സ്ഥാനം ലഭിച്ചുകാണുന്നുണ്ട്. കേവലം യാദൃച്ഛികമെന്നു പറഞ്ഞു നിരസിപ്പാൻ വയ്യാത്തവിധം അവയും തമ്മിൽ അതിയായ അടുപ്പമുണ്ടെന്നുള്ള വസ്തുത വിസ്മരിക്കത്തക്കതല്ല. ഒന്നാമതായി നമുക്കു മലനാട്ടിന്റെ പാരമ്പര്യസ്വത്തായ മന്ത്രവാദമെടുത്തു നോക്കുക. ഇതിന് ഇവിടത്തെ പരിഷ്കൃതങ്ങളും അപരിഷ്കൃതങ്ങളുമായ എല്ലാ സമുദായങ്ങളുടെ ഇടയിലും പ്രചാരമുണ്ട്. അങ്ങേത്തലയ്ക്കൽ കല്ലടിക്കോട്ട് കരിനീലിയും ഇങ്ങേത്തലയ്ക്കൽ കല്ലൂർ നമ്പൂതിരിയും മന്ത്രവാദത്തിൽ വിശ്വസിക്കുന്നവരും അതനുസരിച്ചു പ്രവർത്തിക്കുന്നവരുമാണ്. മന്ത്രവാദത്തെസ്സംബന്ധിച്ചിടത്തോളം കല്ലടിക്കോടിനുള്ള പ്രാധാന്യവും പ്രാമാണ്യവും അനിഷേധ്യമത്രേ. ലോകത്തിൽ മന്ത്രവാദത്തിന്റെ—ആഭിചാരം, രോഗംമാററൽ, അത്ഭുതങ്ങൾ കാണിക്കൽ ഇതെല്ലാം ഇതിലുൾപ്പെടും—ഉപജ്ഞാതാക്കന്മാർ ഈജിപ്തുകാരാണെന്നു ചരിത്രകാരന്മാർ ഒരുപോലെ അഭിപ്രായപ്പെടുന്നു. പണ്ടത്തെ ഫറവമാരിൽ പലരുടെയും ശവകുടീരങ്ങളിൽ നിന്നു 'രക്ഷകൾ' മാത്രമല്ല, ദുർദ്ദേവതകളെയും പിശാചുക്കളെ

യും അകറ്റാൻ വേണ്ടി എഴുതിവെച്ച മാന്ത്രികലിഖിതങ്ങളും ധാരാളം കണ്ടുകിട്ടീട്ടുണ്ട്. അവിടുത്തെ പുരോഹിതന്മാരാണ് മന്ത്രവിദ്യയെ പ്രവൃദ്ധമാക്കിയത്. വൈദ്യന്മാർ ഔഷധങ്ങളോടൊപ്പം തന്നെ അതിനെയും മാനിച്ചിരുന്നു. ചില രോഗങ്ങൾ മന്ത്രവാദം കൊണ്ടുമാത്രമാണ് മാററിയിരുന്നത്.

മരണശേഷം ശവശരീരം പെട്ടികളിലാക്കി മറവുചെയ്യുന്ന സമ്പ്രദായം ഈജിപ്ഷ്യൻകാരുടെ ഇടയിൽ സാർവ്വത്രികമായിരുന്നു. ആധുനികന്മാർക്ക് പിരമിഡുകളിൽനിന്നു കണ്ടുകിട്ടീട്ടുള്ള ശവങ്ങളിൽ ഏറിയകൂറും രാജാക്കന്മാരുടെയും രാജ്ഞിമാരുടെയുമാണ്. സാധാരണന്മാരുടെ മൃതദേഹങ്ങൾ നിക്ഷേപിച്ചിരുന്നത് ഒരു പക്ഷെ മൺപാത്രങ്ങളിലായിരിക്കാം. പെട്ടികൾതന്നെ മൺപാത്രങ്ങളുടെ പരിഷ്കൃതാവസ്ഥയായിക്കൂടായ്കയില്ല. കേരളത്തിലും ഒരു കാലത്തു ശവങ്ങൾ പാത്രങ്ങളിലാക്കി കുഴിച്ചുമൂടുക സാധാരണമായിരുന്നു. 'നന്നങ്ങാംകുഴികൾ' എന്ന പേരിലാണ് അത്തരം ശവപാത്രങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നറിയപ്പെടുന്നത്. കാലനില്ലാത്ത ഒരു കാലത്ത് പത്തും ആയിരവും വയസ്സു ചെന്ന ആളുകളെ അന്യർക്ക് ഉപദ്രവകരമായിത്തീർന്നപ്പോൾ ജീവനോടുകൂടി അടക്കം ചെയ്ത പാത്രങ്ങളാണ് ആ നന്നങ്ങാംകുഴികൾ എന്നത്രെ പഴമക്കാരുടെ വിശ്വാസം. ഇതിൽ നിന്നു എന്തെങ്കിലും അനുമേയമായിട്ടുണ്ടെങ്കിൽ അതു ആദിമകേരളീയർക്ക് അഥവാ കേരളത്തിലെ ഒരു വർഗ്ഗക്കാർക്ക് ആര്യവർഗ്ഗക്കാരെപ്പോലെ ശവം ദഹിപ്പിക്കുന്ന പതിവുണ്ടായിരുന്നില്ലെന്നും, ഈജിപ്തുകാരെപ്പോലെ കാലാന്തരത്തിൽ മൃതദേഹ-

ത്തിന്നു കേടുതട്ടരുതെന്ന വിശ്വാസത്തോടുകൂടിയോ മറേറാ അവർ അതിനെ പാത്രങ്ങളിലാക്കി ഭൂമിയിൽ നിക്ഷേപിച്ചു പോന്നുവെന്നും മാത്രമാണ്. മരിച്ചാലും ജീവൻ നശിക്കുന്നില്ലെന്നും ക്ഷുൽപിപാസാവിവശമാകുമ്പോൾ അതു ഭൌതികപിണ്ഡത്തിൽ പ്രവേശിച്ചു ശവകുടീരത്തിൽ വെച്ചിട്ടുള്ള ഭക്ഷണസാധനങ്ങളും പാനീയവും അനുഭവിക്കുന്നുവെന്നും ഈജിപ്തുകാർ വിശ്വസിച്ചിരുന്നു.

കാവുകളിലും മററും വൈക്കോൽക്കാളകളെ കെട്ടിയുണ്ടാക്കി എഴുന്നെള്ളിക്കുന്ന പതിവ് കേരളത്തിലെ ചില അധഃകൃതജാതിക്കാരുടെ ഇടയിൽ ഇന്നും ഇല്ലായ്കയില്ല. പുരാതന ഈജിപ്തിലും ഈ സമ്പ്രദായമുണ്ടായിരുന്നു. പിശാചുക്കളുടെ ബാധയുണ്ടാകാതിരിപ്പാനാണ് അവർ ഇങ്ങിനെ ചെയ്തിരുന്നത്. ഇതു തികച്ചും അനാര്യമാണെന്നുള്ളതിലേയ്ക്കു ദ്രവിഡദൈവങ്ങളുടെ ആരാധനാസ്ഥലങ്ങളിൽ മാത്രം കാണുന്നത് ഒരു തെളിവാണ്. ഈജിപ്തിലെ രാജാക്കന്മാർ നീതിന്യായം നടത്തിയിരുന്നതു് ക്ഷേത്രസന്നിധിയിൽ വെച്ചാണ്. കേരളത്തിലും കാവുവട്ടങ്ങളിൽ വെച്ചാണ് അടുത്തകാലംവരെയ്ക്കും നാട്ടുപ്രമാണികൾ കൂട്ടംകൂടി കാര്യങ്ങൾ തീർപ്പുചെയ്തു പോന്നത്. എല്ലാവർക്കും എത്തിച്ചേരാനുള്ള സൌകര്യത്തിന്നുപുറമെ രക്ഷാശിക്ഷകൾ നടത്തുന്നതിൽ ഈശ്വരാനുകൂല്യംകൂടി ഉണ്ടാകുമെന്ന വിചാരമാണ് അവരെ ക്ഷേത്രസന്നിധിയിലേക്കു ആകർഷിച്ചത്. ഈജിപ്തിലെ ഭരണാധികാരികളുടെ ഉദ്ദേശവും അതുതന്നെയായിരുന്നു.

പുരാതനമിസ്രയിമിലെ ജനങ്ങൾ പലതരം ജീവികളുടെ കൂട്ടത്തിൽ പൂച്ചയെയും ദിവ്യത്വം കല്പിച്ച് ആരാധിച്ചുപോന്നതായി കാണുന്നുണ്ട്. ആര്യവർഗ്ഗക്കാർക്ക് ആദ്യകാലത്ത് ഈ ജീവി അപരിചിതമായിരുന്നെന്നും യൂറോപ്പിലേയ്ക്ക് ഇതു പ്രവേശിച്ചതുതന്നെ ഏ. ഡി. 4-ാംശതകത്തിലാണെന്നും മാക്സ്മുള്ളർ അഭിപ്രായപ്പെടുന്നു. സംസ്കൃതത്തിലെ മാർജ്ജാരവിഡാലാദിശബ്ദങ്ങളോടു സാദൃശ്യം വഹിയ്ക്കുന്ന ഒരു പദം ലാററിൻ, ഗ്രീക്ക് തുടങ്ങിയ മററ് ആര്യഗോത്രഭാഷകളിൽ കാണുന്നില്ലെന്നതാണ് അദ്ദേഹം ഇതിലേക്കു തെളിവായികൊണ്ടു വരുന്നത്. മലയാളത്തിലെ പൂച്ച എന്ന പദം തമിഴിലെ പൂന, പൂവ, പൂഞ്ഞ ഇവയിലേതെങ്കിലും ഒന്നിൻെറ തത്ഭവമായിരിക്കണം. ഏതായാലും പൂച്ചയെ പരലോകവുമായി ബന്ധപ്പെടുത്തി അതിനു ദിവ്യത്വം കല്പിച്ചുകൊണ്ടുള്ള ഒരു കഥ കേരളത്തിലെ പഴമക്കാരുടെ ഇടയിലും ഇല്ലായ്കയില്ല. മരണശേഷം സ്വർഗ്ഗത്തിലോ നരകത്തിലോ എത്തുന്നതിനു മുമ്പായി പരേതന് ഒരു നൂൽപ്പാലം കടന്നുപോകേണ്ടതുണ്ടെന്നും, ആ അപകടഘട്ടത്തിൽ സഹായിയ്ക്കുന്നതു പൂച്ചയാണെന്നും, അതിനാൽ ആ ജീവിയെ ഉപദ്രവിക്കരുതെന്നുമാണ് ആ കഥയുടെ ചുരുക്കം. കേരളീയർക്കു പൂച്ചയെസ്സംബന്ധിച്ച ഈ ആദരമനോഭാവം ആര്യവർഗ്ഗക്കാരായ നമ്പൂതിരിമാരിൽനിന്നു സിദ്ധിച്ചതാവാനിടയില്ല.

ഈജിപ്തിലെ പണ്ടത്തെ പെപ്പിറസ് ചുരുളുകളെപ്പററി കേട്ടിട്ടുള്ളവർക്ക് ആദ്യമായി ഓർമ്മയിൽ വരുന്നത് നമ്മുടെ പുൽപ്പായകളാണ്. പുൽത്തണ്ടുകൾ പരസ്പരം കൂട്ടി

ച്ചേർത്താണ് അവർ 'ഹിറോഗ്ലിഫിക്' ലിപികൾ എഴുതാനുള്ള പെപ്പിറസ്സ് ഉണ്ടാക്കിയിരുന്നത്. പക്ഷെ ഒരു വ്യത്യാസമുണ്ട്, അവർ ഇടയിൽ പശ വെച്ചാണ് പുൽത്തണ്ടുകൾ കൂട്ടിച്ചേർത്തിരുന്നത്. നമ്മുടെ കുറവന്മാരാകട്ടെ നൂലിന്റെ സഹായത്താൽ അവയെ സംയോജിപ്പിയ്ക്കുന്നു. ഈജിപ്തുകാർ പലതരം ചായങ്ങളെക്കൊണ്ടാണ് പെപ്പിറസ് ചുരുളുകളിൽ അർത്ഥവാചികളായ ചിത്രങ്ങൾ വരച്ചിരുന്നത്. പുൽപ്പായകളിൽ ചിത്രമെഴുതുന്ന പതിവില്ലെങ്കിലും പലതരം ചായങ്ങളെക്കൊണ്ട് അവയെ കമനീയമാക്കാൻ ഏതദ്ദേശീയർക്ക് അറിയാം.

മറ്റൊന്ന്: നാഗാരാധന അനാര്യകേരളത്തിന്റെ പാരമ്പര്യസ്വത്താണ്. നാഗപടവും (ഒരു പഴയ ആഭരണം) നാഗഫണധർമ്മില്ലവും കേരളീയസ്ത്രീകളുടെ ഇടയിൽ ഇന്നും ചുരുക്കമായിട്ടെങ്കിലും കാണാം. ഈജിപ്തിലെ ഫറോവമാർ നാഗഭക്തന്മാരായിരുന്നു. പടം വിരുത്തിയ പാമ്പ് മിശ്രദേശക്കാരുടെ ഒരു രാജമുദ്രയാണ്. ഇന്ത്യയിൽതന്നെ സർപ്പാരാധകന്മാരായി വേറെയും പല വർഗ്ഗക്കാരുണ്ടെന്നുള്ളതു ശരിതന്നെ. സർപ്പപരമായ ഈ സംസ്കാരങ്ങൾക്കു വല്ല ഏകമൂലകതയുമുണ്ടോ? ഒന്നു തീർച്ചയാണ്: അതിപ്രാചീനവർഗ്ഗക്കാരിലാണ് സർപ്പാരാധന സാർവ്വത്രികമായി കാണുന്നത്.

പാത്രനിർമ്മാണസമ്പ്രദായത്തിലും കേരളീയരും മിശ്രദേശക്കാരും തമ്മിൽ ആത്യന്തികമായ സാദൃശ്യം കാണുന്നുണ്ട്. വലിയ മൺപാത്രങ്ങൾ നിർമ്മിച്ചശേഷം അവയ്ക്കു ചുറ്റും നനച്ച വെണ്ണീറുകൊണ്ടു വരയും കുറിയും ഇടുന്നത്

ഈജിപ്തിൽ സാധാരണമായിരുന്നു. അയ്യായിരവും ആറായിരവും കൊല്ലത്തെ പഴക്കമുള്ള അത്തരം പാത്രങ്ങൾ പിരമിഡ്ഡുകളിൽനിന്നു കണ്ടുകിട്ടീട്ടുണ്ട്. ആകൃതിയിലും അവയ്ക്കു കേരളക്കരയിലെ മൺപാത്രങ്ങളോടു വലിയ സാദൃശ്യമുണ്ട്. മൺചരാതുകളുടെ കണ്ടുപിടുത്തക്കാരും ഈജിപ്തുകാർ തന്നെയാണെന്നാണ് വിശ്വസിച്ചു വരുന്നത്. മലനാട്ടിലും ഒരു കാലത്ത് അതേ മാതൃകയിലുള്ള മൺചരാതുകൾ പ്രചരിച്ചിരുന്നു. കൽച്ചരാതുകൾക്കു ക്ഷേത്രങ്ങളിലും മററും പ്രചാരം ലഭിച്ചതു പിൽക്കാലത്തായിരിയ്ക്കണം.

ഇത്തരം സാദൃശ്യങ്ങൾ നിസ്സാരങ്ങളെന്നു പറഞ്ഞു നിഷേധിക്കാവുന്നവയല്ല; ഒരു പക്ഷെ ഇവയിൽ ചിലതു യാദൃച്ഛികമായുണ്ടായതാവാം. അതിപുരാതനമായ ഒരു കാലത്ത് ആഫ്രിക്കയും ഇന്ത്യയും തമ്മിൽ സ്ഥലാത്മകമായ ബന്ധമുണ്ടായിരുന്നുവെന്നു ഭൂഗർഭശാസ്ത്രജ്ഞന്മാർക്ക് അഭിപ്രായമുണ്ട്. ഭയങ്കരമായ ഏതോ ഭൂസംപ്ലവത്തിൻെറ ഫലമായി ആ കര കടലിൽ അമർന്നുപോയതായിരിക്കണമെന്ന് അവർ സിദ്ധാന്തിക്കുന്നു. അങ്ങനെയാണെങ്കിൽ ആ ചരിത്രാതീതകാലത്ത് ആഫ്രിക്കയിൽനിന്ന് ഒരു കൂട്ടം ജനങ്ങൾ കേരളക്കരയിൽ പ്രവേശിച്ചിരിക്കണമെന്ന ഊഹം അസംഗതമാകാനിടയില്ല. കേരളത്തിലെ ചില ജാതിക്കാരുടെ—പ്രത്യേകിച്ചും അധഃകൃതജാതിക്കാരുടെ—ഇടയിൽ നീഗ്രോരക്തത്തിൻെറ കലർപ്പുള്ളതായി നരവംശശാസ്ത്രം തെളിയിക്കുന്നു. കാർത്തേജിൻെറയും പാലസ്റ്റീൻെറയും പ്രാബല്യദശയിൽ കേരളീയർ ആ രാജ്യങ്ങളുമായി കച്ചവടം നടത്തിപ്പോന്നുവെന്നുള്ളതിലേയ്ക്കു ലക്ഷ്യങ്ങളുണ്ട്. ഈജിപ്തി

ലെ ഒന്നാമത്തെ പിരമിഡ്ഡിൻെറ നിമ്മാതാവ് ഖുഫു എന്ന അപരനാമത്താൽ കൂടി അറിയപ്പെടുന്ന ചെയോപ്സ് ആണ്. അദ്ദേഹത്തിൻെറ ഭരണകാലം ബി. സി. മൂവായിരത്തിന്നു മുമ്പായിരുന്നു. ചെയോപ്സിൻെറ ശവപ്പെട്ടി ചന്ദനമരംകൊണ്ടത്രെ നിമ്മിച്ചിരിക്കുന്നത്. ഇതിൽനിന്ന് അക്കാലത്തുപോലും കേരളവും ഈജിപ്തും തമ്മിൽ വാണിജ്യബന്ധമുണ്ടായിരുന്നുവെന്ന് അനുമിക്കാം. ബാഹ്യങ്ങളും ആന്തരങ്ങളുമായ ഇത്തരം തെളിവുകളിൽ നിന്ന് ഈ രണ്ടു രാജ്യങ്ങാംക്കും തമ്മിൽ കാണുന്ന സാംസ്കാരികബന്ധത്തിൻെറ പിന്നിൽ അനിഷേധ്യങ്ങളായ ചില ചരിത്രസത്യങ്ങാം മറഞ്ഞു കിടക്കുന്നുണ്ടെന്നു വേണം വിശ്വസിക്കുക.

# താലവ്യകവർഗ്ഗം

വ്യാകരണത്തിന്റെ പിടിയിൽ പെടാത്തവയായി ഭാഷയിൽ പല ഉച്ചാരണവികലതകളുമുണ്ട്. വാമൊഴിയിൽ മാത്രമേ അധികാരം ചെലുത്തുന്നുള്ളുവെങ്കിൽ അവയെ അങ്ങനെതന്നെ വിട്ടുകളയാമായിരുന്നു. എല്ലാ ഭാഷകളിലും അത്തരം വികലതകൾ സാധാരണമാണെന്നോർത്തു സമാധാനിയ്ക്കുകയും ചെയ്യാം. എന്നാൽ അവ വാമൊഴിയിൽനിന്നു വരമൊഴിയിലേയ്ക്കു വലിഞ്ഞുകയറി പ്രക്രിയാദിവ്യാകരണകാര്യങ്ങളിൽ സ്വാധീനതയുപയോഗിയ്ക്കുമ്പോഴാണ് ശാസ്ത്രീയമായ ഒരു പശ്ചാത്തലത്തിൽ അവയെയും പ്രതിഷ്ഠിയ്ക്കേണ്ടതിന്റെ ആവശ്യകത അനുഭവപ്പെടുന്നത്. സംവൃതസ്വരത്തിന്നു അങ്ങനെ ഒരു ശാസ്ത്രീയപ്രതിഷ്ഠ സിദ്ധിയ്ക്കുകയും, ലിപിവിന്യാസത്തിൽ ചില വ്യവസ്ഥകളെല്ലാം ഏർപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ അച്ചടിശാലക്കാരുടെ അനവധാനതകൊണ്ടോ എന്തോ, അടുത്ത കാലത്ത് ആ വ്യവസ്ഥകൾക്കു അല്പാല്പം ശൈഥില്യം സംഭവിച്ചതുപോലെ തോന്നുന്നു. അല്ലെങ്കിൽ ഇക്കാര്യത്തിൽ അവരെ പഴിച്ചിട്ടു ഫലമില്ല. അവരെ അനുസരിപ്പിയ്ക്കുമാറ് അനുദിനം അഭിജ്ഞന്മാർ അധികമധികം ലിപികളുടെ ആവശ്യകത ചൂണ്ടിക്കാണിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾത്തന്നെ

മലയാളഭാഷ ലിപികളുടെ ആധിക്യംകൊണ്ടു അവശയായിതീൎന്നിരിക്കുകയാണ്. ആ അവശതയെ അവഗണിച്ച് ഭാഷയുടെ തലയിൽ ഇനിയും കനത്ത ലിപിഭാണ്ഡങ്ങൾ വെച്ചുകെട്ടുകയാണെങ്കിലോ?

ഉച്ചാരണവൈകല്യത്തിൽനിന്നു കവിഞ്ഞ് വ്യാകരണകാൎയ്യങ്ങളിൽ കൈചെലുത്തിക്കഴിഞ്ഞവയാണ് മലയാളത്തിൽ ഗ ഒഴിച്ചുള്ള എല്ലാ കവൎഗ്ഗീയാക്ഷരങ്ങളും. കവൎഗ്ഗം പ്രകൃത്യാ കണ്ഠ്യമാണ്. സംസ്കൃതത്തിൽ കണ്ഠ്യേതരമായ ഒരു ഉച്ചാരണമേ അവയ്ക്കില്ല. എന്നാൽ മലയാളത്തിൽ കണ്ഠ്യത്തെക്കൂടാതെ താലവ്യച്ഛായയിൽ ഉച്ചരിക്കപ്പെടുന്ന ഒരു കവൎഗ്ഗംകൂടിയുണ്ട്. ഇതു ഭാഷയുടെ പൂൎവ്വസ്വത്താണെന്നു തോന്നുന്നു. ചിരപരിചയംകൊണ്ടു മലയാളികൾ സംസ്കൃതപദങ്ങളുച്ചരിക്കുമ്പോഴും ചിലപ്പോൾ കവൎഗ്ഗത്തെ താലവ്യച്ഛായയിൽ ആക്കാറുണ്ട്. ശുദ്ധസംസ്കൃതക്കാർ നിശ്ചയമായും അതൊരു അബദ്ധോച്ചാരണമായിത്തന്നെ കരുതും. താഴെ കാണിച്ച സംസ്കൃതപദങ്ങളിൽ ക ഖ ഘ എന്നീ കവൎഗ്ഗാക്ഷരങ്ങളുടെ ഉച്ചാരണത്തിലുള്ള വ്യത്യാസം നോക്കുക:

| കണ്ഠ്യോച്ചാരണം. | താലവ്യോച്ചാരണം. |
|---|---|
| ലോകം | അധികം. |
| ഝല്ലകം | വ്യളീകം. |
| നഖം | ശിഖ |
| മുഖം | മേഖല. |
| ഘനം | പരിഘ. |
| അഘം | മേഘം |

ദ്വിതീയസ്തംഭത്തിൽ കാണിച്ചതരത്തിലുള്ള ഉച്ചാരണം മലയാളികൾക്കുമാത്രമുള്ളതാണ്. അലസതാജന്യമാ

യ ഈ ഉച്ചാരണരീതി പൂർവ്വസ്വരമായ താലവ്യത്തിൽനിന്നു വലിഞ്ഞു കയറിയതാകണമെന്നാണു് കേരളപാണിനിയുടെ അഭിപ്രായം. കേരളപാണിനീയത്തിൽ (പീഠിക) തദ്ഭവോപവർഗ്ഗം, വർണ്ണവികാരങ്ങൾ എന്നീ പ്രകരണങ്ങളിൽ ഇതിനെപ്പററി പ്രസ്താവിച്ചിട്ടുണ്ടു് താലവ്യസ്വരത്തിന്റെ ഈ അതിപ്രസരത്തിന്നു് എന്താണു് പ്രസക്തി? അനുനാസികാതിപ്രസരം മലയാളികളുടെ അനുനാസികപ്രിയതയുടെ ഫലമായി സംഭവിക്കുന്നതാണെങ്കിൽ, എന്തുകൊണ്ടു താലവ്യാതിപ്രസരവും താദൃശമായ ഒരു രുചിവിശേഷത്തിന്റെ സന്താനമായിക്കൂടാ? താഴെ കാണിച്ച ഏതാനും ഉദാഹരണം നോക്കുക:

| | |
|---|---|
| തൃതീയ | ത്രിതീയ |
| ചിങ്ങം | ചിങ്ങ്യം |
| നാരായണി | നാരായിണി |
| ഇഷ്ടക | ഇഷ്ടിക |
| കർക്കടകം | കർക്കിടകം |
| നിച്ചലം | നച്ചല്യം |
| അങ്ങനെ | അങ്ങിനെ |
| പുത്തരി | പുത്തിരി |

ഇവയിൽനിന്നു വാമൊഴിയിൽ താലവ്യസ്വരത്തിന്നുള്ള സ്വാധീനശക്തി വേണ്ടത്ര വിശദമാകുന്നുണ്ടു്. ദ്രമിയൻഗോത്രത്തിൽപ്പെട്ട ഭാഷകളുടെ സാമാന്യധർമ്മമായ സ്വരാവാസം പാദാനയത്തിന്റെ പ്രവർത്തനംകൊണ്ടും ഇത്തരം ഉദാസീനമായ ഉച്ചാരണശൈലി ഉണ്ടായിക്കൂടായ്കയില്ല. എന്നാൽ പ്രസ്തുതനയം എല്ലാ സ്വരങ്ങളെയും ഒരുപോലെ ബാ

ധിക്കേണ്ടതാണല്ലോ. താലവ്യേതരസ്വരങ്ങൾ ഇത്രതന്നെ വിപരിണാമാധീനമായിക്കാണുന്നില്ല. അതിനാൽ ഇതു പ്രാക്തനമായ ഏതോ രുചിവിശേഷത്തിൻെറ അവശിഷ്ടമാണെന്നു വിചാരിപ്പാനേ വഴി കാണുന്നുള്ളു. മലയാളികൾക്കെന്നപോലെ തമിഴർക്കും താലവ്യഭ്രമം കലശലാണ്. മലയാളത്തിലെ മിക്ക അകാരാന്തശബ്ദങ്ങളും തമിഴിൽ ഐകാരാന്തങ്ങളാകുന്നു. അതുകൊണ്ടും തൃപ്തിപ്പെടാത്ത ഗ്രാമ്യഭാഷയിൽ കുളന്തായ് (കുളന്ത) പുള്ളായ് (പിള്ള) എന്നിങ്ങനെയുള്ള ശിഥിലോച്ചാരണം തമിഴരുടെ ഇടയിൽ ഒട്ടും അപൂർവ്വമല്ല. മലയാളികൾ,

| | |
|---|---|
| റബ്ബാൻ | റപ്പായി(യ്) |
| അന്തപ്പൻ | അന്തപ്പായി(യ്) |
| കുട്ടൻ | കുട്ടായി |
| കറപ്പൻ | കറപ്പായി |
| വേലൻ | വേലായി |
| ഉണ്ണി | ഉണ്ണായി |

എന്നിങ്ങനെ പല നാമപദങ്ങളെയും താലവ്യഭ്രമംകൊണ്ടു വികസിപ്പിയ്ക്കുകയോ വിരൂപമാക്കുകയോ ചെയ്തിരിക്കുന്നു. പതിനൊന്നാം ശതകത്തിൽ കേരളത്തിൽ വന്ന വിദേശീയനായ ഇസപ്പ്റബ്ബാൻ എന്ന വർത്തകവര്യന്ന് 'കോശ്രീപാക്കര ഇരവിവർമ്മൻ തിരുവടി' കൊടുത്ത താമ്രശാസനത്തിൽ അദ്ദേഹത്തിൻെറ പേരിനെ താലവ്യസംയോഗം കൂടാതെതന്നെ രേഖപ്പെടുത്തിയതായി കാണുന്നുണ്ട് എന്നുകൂടി കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ

ശുദ്ധമലയാളപദങ്ങളിൽ കവർഗ്ഗത്തിൻെറ കണ്ഠ്യേതരമായ ഉച്ചാരണം ഖരങ്ങളിലും അനുനാസികങ്ങളിലും ഒരു

പോലെ കാണുന്നുണ്ട്. കകാരം ഒററക്കു നില്ക്കുമ്പോഴും ഇരട്ടിക്കുമ്പോഴും അനുനാസികത്തോടു (ങ്ക) ചേരുമ്പോഴും പലേടത്തും താലവ്യധ്വനി വലിഞ്ഞുകയറുന്നു. ങകാരം ദ്വിത്വത്തോടുകൂടിയല്ലാതെ തനിയേ നില്ക്കാറില്ലല്ലോ. ഇരട്ടിച്ച ങകാരംതന്നെ 'ങ്ക' എന്നതിന്നു അനുനാസികാതിപ്രസരംകൊണ്ടു വരുന്ന രൂപഭേദമാണ് ഏറിയ കൂറും. ശുദ്ധമായ 'ങ്ങ'യും അപൂർവ്വമല്ല. ഏതായാലും ഈ രണ്ടു വകുപ്പിൽ ചേർന്നവയും, താലവ്യബാധയിൽനിന്നു തീരെ വിമുക്തമാണെന്നു പറഞ്ഞുകൂടാ. ക്ക, ങ്ക, ങ്ങ ഈ മൂന്നിന്നും താലവ്യസംയോഗം കൊണ്ടുണ്ടാകുന്ന ഉച്ചാരണഭേദം നോക്കുക:

| കണ്ഠ്യോച്ചാരണം | താലവ്യോച്ചാരണം |
|---|---|
| പൊക്കം | മിക്കതും |
| മറക്കുന്നു | മറക്കുന്നു(ആച്ഛാദനം ചെയ്യുക.) |
| തിങ്കൾ | നിങ്കൾ |
| പങ്കജം | എങ്കൾ |
| മാങ്ങ | തേങ്ങ |
| അങ്ങനെ | മുരിങ്ങ |

കവർഗ്ഗത്തിന്നടുത്തു മുമ്പ് താലവ്യസ്വരം വന്നാലാണ് ആ അക്ഷരങ്ങൾക്ക് താലവ്യസ്പർശമുണ്ടാകുന്നതെന്ന വാദം പലേടത്തും ശരിയാകാമെങ്കിലും എല്ലായിടത്തും സ്വീകാര്യമായി വരുന്നില്ല. അങ്ങനെയാണെങ്കിൽ തികവ്, മിക്വ്, മേക്ക്, തിക്ക്, പെങ്ങൾ, വിങ്ങൽ മുതലായ പദങ്ങളിലെ കകാരങകാരങ്ങൾ താലവ്യച്ഛായയിൽ ഉച്ചരിക്കപ്പെടേണ്ടതാണല്ലോ. താലവ്യസ്പർശം തീരെ ഇല്ലാത്തിടത്തും അപൂർവ്വമായി ഉച്ചാരണസൌകര്യത്തിന്നുവേണ്ടി താലവ്യസ്വരം കടന്നുകൂടുന്നതിന് ഉദാഹരണമില്ലായ്കയില്ല.

| | |
|---|---|
| അങ്ങനം | അങ്ങനെ |
| ഇങ്ങനം | ഇങ്ങനെ |
| അവിടം | അവിടെ |

മേൽക്കാണിച്ചവയ്ക്കു പുറമേ കാട്ടിലെ, രാജ്യത്തെ തുടങ്ങിയ ആധാരികാഭാസങ്ങളും നിരണംകൃതികളിൽ സാർവ്വത്രികമായിക്കാണുന്ന 'ഏ' എന്ന കേവലനിപാതവും മലയാളികളുടെ താലവ്യാഭിരുചിക്കു ഉദാഹരണങ്ങളായി ഉദ്ധരിക്കാവുന്നവയാണ്. ഏതായാലും താലവ്യത്തിന്റെ ഈ അതിപ്രസരം കവർഗ്ഗാക്ഷരങ്ങളെ മാത്രമേ ബാധിച്ചുകാണുന്നുള്ളു. അവയെ ഈ ബാധയിൽനിന്നു മോചിപ്പിക്കുകയെന്നത് ഇനി ദുഷ്കരവുമാണ്.

# "ശേഷം പ്രയോഗാൽ ജ്ഞേയം"

ലീലാതിലകത്തിലെ സന്ധിപ്രകരണത്തിൻെറ അവസാനത്തിൽ നിബന്ധിച്ചിട്ടുള്ള ഒരു സൂത്രമാണു് "ശേഷം പ്രയോഗാൽജ്ഞേയം" എന്നതു്. ഉപപത്തി ഉണ്ടാക്കാവുന്ന മിക്ക സന്ധികളേയും സാമാന്യം വ്യാപകവും വ്യുൽപാദകവുമായ വിധത്തിൽ സൂത്രബദ്ധങ്ങളാക്കിയശേഷം സാമാന്യനിയമങ്ങൾക്ക വിധേയകങ്ങളാകാത്തവയോ അവ്യുൽപന്നങ്ങളോ ആയ സന്ധികളെ പരാമർശിച്ചു കല്പിച്ചിട്ടുള്ളതാണു് ഈ സൂത്രം. സൂത്രദ്വാരാ നിർദ്ദേശിക്കാത്ത ബാക്കിയുള്ള സന്ധികളെല്ലാം പ്രയോഗത്തിൽനിന്നു മനസ്സിലാക്കണമെന്നാണു് ഇതിൻെറ അർത്ഥം.

പുതിയ + ചൂതു് = പുതുച്ചൂതു്.

നെടിയ + കമുകു് = നെട്ടക്കമുകു്: നെടുംകമുകു്.

മൂൻറു് + ആറു് = മൂവ്വാറു്.

പന്തിരണ്ടു് + അടി = പന്തീരടി.

മൂടന്ത + തേങ്ങ = മൂടന്തേങ്ങ.

കന്നിൽ + കാൽ = കററുകാൽ

ഇരുപതു് + അടി = ഇരുപതിററടി.

എന്നിങ്ങനെ അത്തരം സന്ധികൾക്ക് ചില ഉദാഹരണങ്ങളും ആചാര്യൻ കൊടുത്തിട്ടുണ്ട്. ഇവയിൽ ചിലതിൻെറ പ്രക്രിയ ദുരൂഹമാണെന്നതു ശരിതന്നെ. അവ വ്യാകരണവിധികളെ അതിലംഘിച്ച് പ്രയോഗ സൌകര്യത്തെമാത്രം ലാക്കാക്കി രൂപപ്പെടുത്തപ്പെട്ടവയാണ്. വൈയാകരണന്ന് അവയെ സംബന്ധിച്ചേടത്തോളം മൌനമവലംബിപ്പാനേ നിർവ്വാഹമുള്ളു.

പുതുച്ചൂത്, നെട്ടക്കമുക് (നെടുംകമുക്) എന്നീ സന്ധികളിലെ പൂർവ്വപദങ്ങൾ യഥാക്രമം പുതിയ നെടിയ എന്നിങ്ങനെയാണെന്നുള്ള ആചാര്യൻെറ അഭിപ്രായം ചിന്തനീയമാണ്. പുതുച്ചൂതിലെ പൂർവ്വപദം പുതു എന്നതന്നെയാകുന്നു. പുതുമഴ, പുതുക്കലം തുടങ്ങിയ പദങ്ങളിൽനിന്നു ഈ സംഗതി വ്യക്തമാകുന്നുണ്ട്. പുത്=നൂതനമായ എന്ന ഒരു ധാതുവിൽ നിന്നാണ് പുതു എന്നതിൻെറ ഉല്പത്തി. അതിൻെറ അവസാനത്തിൽ കാണുന്ന ഉകാരം സന്ധിയിൽ ഉച്ചാരണ സൌകര്യത്തിന്നുവേണ്ടി ചേർത്തതാകുന്നു. ഒരു പക്ഷെ അതു ധാത്വന്തത്തിലുള്ള സംവൃതം വികസിച്ചു വിവൃതമായതാകാനും വഴിയുണ്ട്. സന്ധിയുക്കുമ്പോൾ ധാത്വന്തത്തിലുള്ള സംവൃതങ്ങൾ വിവൃതങ്ങളായി (ഉ) പരിണമിക്കുന്നതിന്നു വേറെയും ഉദാഹരണങ്ങളുണ്ട്.

ചെറ്—ചെറുപയറ്

നെട്—നെട്ടമരം

ഉന്ത്—ഉന്തുവണ്ടി

ഏറ്—ഏറുവാതം.

മേൽകാണിച്ചവ നോക്കുക. പുതിയ, നെടിയ ഇടങ്ങിയ പദങ്ങളിൽ ധാതുക്കൾക്കുശേഷം കാണുന്ന ഇയ എന്നതു ഭേദകപ്രത്യയമാണ്. പുത് ധാതുവിന്നു സന്ധിയിൽ വരുന്ന രൂപഭേദം ഇതുകൊണ്ടുമായില്ല. ധാത്വന്തത്തിലുള്ള തകാരത്തിന്നു നകാരാദേശം വന്നു ചിലപ്പോൾ അതു പുൻ എന്നായിത്തീരുന്നു. പുതുനെല്ല് പുന്നെല്ലായിത്തീൎന്നതു് ഇങ്ങനെയാണ്. കൂവളത്തിൻവേർ കൂവളത്തുംവേരാകുന്നതു പോലെ പുൻ എന്നതിലെ നകാരത്തിന്നു വീണ്ടും മകാരാദേശം (അനുസ്വാരം) വന്നു. അതു പും എന്നാകുന്നതും അപൂൎവ്വമല്ല. 'പുത്തരി' എന്ന പദത്തിന്റെ നിരുക്തി ഇങ്ങനെയത്രേ. പുത് + അരി എന്ന രൂപം മേൽ കാണിച്ചവിധം പുൻ + അരി, പും + അരി എന്നിങ്ങനെ മാറിവന്ന്.

പ്രത്യയസ്വരമേൽക്കുമ്പോ-
ളിരട്ടിച്ചു തകാരമാം.

(കേ. പാ. 25.3)

എന്ന സൂത്രത്തിന്റെ വ്യാപ്തിയിൽ ഒതുങ്ങുമാറ്, കപികുലം + അരചൻ കപികുലത്തരചനായതുപോലെ, പിന്നെ 'പുത്തരി'യായിത്തീരുന്നു.

നെട്ടക്കമുക്, നെടുംകമുക് ഇവയിലെ പൂൎവ്വപദം നെട് എന്ന ധാതുവിന്നു വന്നുചേൎന്ന രൂപപരിണാമമാണ്. പ്രസ്തുത ധാതുവിനോട് ഉയരമുള്ളവൻ എന്ന അൎത്ഥത്തിൽ പുല്ലിംഗപ്രത്യയമായ അൻ ചേൎത്തു ആദ്യം നെട്ടൻ എന്ന രൂപമുണ്ടാക്കി. പ്രകൃതിയുടെ അവസാനത്തിലുള്ള റകാര ടകാരങ്ങൾ ഇരട്ടിക്കുമെന്ന നിയമത്തിന്നനുസരിച്ചാണ് നെട് + അൻ എന്നതു് ടകാരദ്വിത്വത്തോടുകൂടി നെട്ടനായി

ത്തീൎന്നത്. നെട്ടനായ(ഉയരമുള്ള)കമുക് എന്നു അൎത്ഥത്തി ലാണ് നെട്ടക്കമുക് എന്നു പറഞ്ഞുവരുന്നതു്. നെടും കമു കിൻെറ വ്യുൽപത്തിയാകട്ടെ മറെറാരു തരത്തിലാണ്. ആ ദ്യമേ ധാതുവിൻെറ അവസാനത്തിലുള്ള സംവൃതം പുളുച്ചൂ തിലെന്നപോലെ വിവൃതമായിത്തീരുന്നു. അങ്ങനെ നെട+ കമുക് എന്നത് ഉച്ചാരണസൌകൎയ്യം പ്രമാണിച്ച് നെടും കമുക് എന്നായിത്തീൎന്നു. മലയാളികൾക്ക് അനുനാസിക ത്തോടുള്ള പ്രത്യേകപ്രതിപത്തിയുടെ ഫലമാണ് ഇടയിൽ കാണുന്ന അനുസ്വാരം.

ശ്രുതിമാധുൎയ്യാൎത്ഥമായും

നാഗമം ചിലെടങ്ങളിൽ

എന്ന കേരളപാണിനീയകാരിക ഇവിടെ അനുസ്മരി ക്കുന്നതു നന്ന്. മലയാളികളുടെ അനുനാസിക പ്രതിപ ത്തിക്ക്,

പുളി + കുരു = പുളിങ്കുരു

പുഴ + തോണി = പുഴന്തോണി

മല + പാമ്പ് = മലമ്പാമ്പ്

കല + കൊമ്പ് = കലങ്കൊമ്പ്

എന്നു തുടങ്ങിയ ഉദാഹരണങ്ങൾ നോക്കിയാൽ മതി. ഈ ന്യായമനുസരിച്ചാണ് നെട + കമുക് നെട്ടക്കമുകാകാതെ നെടും കമുകായതെങ്കിൽ പുളുച്ചൂത് എന്തുകൊണ്ട് പുളും ചൂതായില്ല എന്നൊരു ചോദ്യത്തിന്നു ഇവിടെ പ്രസക്തിയു ണ്ട്. ശരിതന്നെ. നെടുംപുര, കുറുമ്പടി, നറുംപാൽ എന്നീ രൂപങ്ങളെപ്പോലെ പുളുഞ്ചൂത് അല്ലെങ്കിൽ പുളുചൂത് എ

ന്ന രൂപം തന്നെയാണ് മലയാളത്തിന്ന സവ്വഥാ യോജിച്ച ത്. മറിച്ചുകാണുന്നതു് ഒരു വിലക്ഷണതയായിട്ട വേണം വിചാരിക്കുക. എന്നാൽ ഈ രൂപവൈലക്ഷണ്യത്തിന്ന വല്ല ഉപപത്തിയുമുണ്ടോ എന്നു ചോദിക്കുകയാണെങ്കിൽ അ തിന്നുമുണ്ട് സമാധാനം. പൂവ്വപദം ഉകാരത്തിലവസാനി ക്കുമ്പോൾ ഉത്തരപദാദിയിൽ വരുന്ന ദൃഢവണ്ണം ഇരട്ടിക്കു ന്നത് മലയാളത്തിൽ അപൂവ്വമാണെങ്കിൽ തമിഴിൽ സുലഭ വും സുന്ദരവുമാണ്. മാട്ടുപ്പൊങ്കൽ, ആറുപ്പാശി, പാറു ച്ചിട്ട് എന്നിങ്ങനെയുള്ള ദ്വിത്വസന്ധികൾ തമിഴിൽ സാ വ്വത്രികമാണ്. തമിഴരുമായുള്ള സമ്പക്കംകൊണ്ട് മലയാ ളത്തിലും പുതുച്ചൂതിനെപ്പോലുള്ള ചില വികല സൃഷ്ടികളു ണ്ടായെന്നു വിചാരിപ്പാനേ വഴിയുള്ളു.

മൂവ്വാറ് എന്ന സന്ധിയിലെ പൂവ്വപദം ലീലാതില കകത്താവ് നിർദ്ദേശിക്കുന്നതുപോലെ മൂന്നറ് (മൂന്ന്) എന്ന ല്ല; മൂ എന്നുമാത്രമാണ് സംഖ്യാവാചിശബ്ദങ്ങളുടെ അവ സാനത്തിൽ ത് എന്നൊരു വണ്ണം പ്രായേണ കാണുന്നത് നപുംസകപ്രത്യയമാകുന്നു. ഒന്ന്, രണ്ട്, അഞ്ച് എന്നിവയു ടെ അവസാനത്തിൽ ഉള്ള ന്, ട്, ച്, എന്നിവ സന്ധിയി ൽ തകാരത്തിന്നു സംഭവിക്കുന്ന രൂപഭേദങ്ങളാണ്. നാല് ആറ്, ഏഴ് ഇവയിൽ നപുംസകപ്രത്യയമായ തകാരം ചേ ന്നിട്ടില്ല. അല്ലെങ്കിൽ പാണിനിയുടെ സവ്വലോപിപ്രത്യയം പോലെ ഈ തകാരവും പ്രകൃതിയോടുചേൎന്നലോപിച്ചുപോ യതാണെന്നും വരാം. അല്ലാതെ ഒരേ ജാതി പദങ്ങളിൽ ചിലതിൽ കാണാനും ചിലതിൽ കാണാതിരിക്കാനും കാര ണമില്ലല്ലോ. ഏതായാലും മൂവ്വാറിലെ പൂവ്വപദം മൂ എന്നുമാ

ത്രമാണെന്നാ ഇവിടെ വിവക്ഷയുള്ളു, മൂലോകം, മൂവരചർ മുതലായ മററു സന്ധികളിൽ നിന്നും ഈ സംഗതി വ്യക്തമാകുന്നുണ്ട്. മൂ എന്നതു ഹ്രസ്വാന്തമായും ചില സന്ധികളിൽ കാണ്മാം. മുക്കണ്ണൻ, മുപ്പിരി മുതലായവയുടെ സ്വഭാവം നോക്കുക. ഇത്തരം സന്ധികൾ 'ഏഴശബ്ദസ്യാദേർഹ്രസ്വശ്ച' എന്ന ലീലാതിലകത്തിലെ പൂർവ്വോക്തമായ ഒരു സൂത്രത്തിന്നു അപവാദമായിട്ടാണിരിക്കുന്നതെന്നുകൂടി കൂട്ടത്തിൽ പറഞ്ഞു കൊള്ളട്ടെ പ്രസ്തുതസൂത്രം ഏഴശബ്ദത്തിൻെറ മാത്രം ആദ്യവർണ്ണത്തിന്നാണല്ലോ ഹ്രസ്വം വിധിക്കുന്നത്. എന്നാൽ മൂന്നു, ആറു ഈ ശബ്ദങ്ങളുടെ ദീർഘസ്വരത്തിന്നും സന്ധിയിൽ ചിലേടത്ത് ഹ്രസ്വം കാണാം. മുക്കണ്ണൻ, മുപ്പിരി എന്നീ ഉദാഹരണങ്ങൾക്കു പുറമെ അറുമുഖൻ, അറുനാഴി എന്നിവയും നോക്കുക ഇങ്ങനെ മൂ എന്നോ മു എന്നോ ഉള്ള പൂർവ്വപദത്തിന്നുശേഷം സ്വരം വന്നതുകൊണ്ടാണ് സന്ധിയിൽ മൂവ്വാറ് എന്നോ മൂവാറ എന്നോ ആയിത്തീന്നത്.

ഇനി പന്തിരണ്ട് + അടി=പന്തീരടി എന്ന സന്ധിയുടെ യുക്തി നോക്കാം രണ്ടിൻെറ ഭേദകരൂപമാണ് ഇരു എന്നത്. ര. റ. ല ഇവ കൊണ്ടാരംഭിക്കുന്ന പദത്തിന്നു മുമ്പിൽ ഏതെങ്കിലും സ്വരം ഉച്ചാരണസൌകര്യത്തിന്നുവേണ്ടി ചേക്കണമെന്ന് തമിഴിൽ സാവ്വത്രികമായും മലയാളത്തിൽ വൈഭാഷികമായും ഒരു വിധിയുണ്ട്. ഇതനുസരിച്ചാണു രണ്ടിൻെറ ഇരു, ഇരട്ട എന്നീ രൂപാന്തരങ്ങളിൽ ഇകാരം സ്ഥലം പിടിച്ചു കാണുന്നത്. ഒരു ഇരു എന്നീ ഭേദകങ്ങൾ ബാഹുല്യേന ഓരു, ഈരു എന്നിങ്ങനെയും പ്രയോഗിക്കാറുണ്ട്.

ഓരാണ്ടു ലങ്കതന്നിലിരുന്ന സീതതന്നെ
ഓരാതെകൈക്കൊണ്ടതു നന്നല്ല രഘൂത്തമൻ.

(ഉത്തരരാമായണം)

കണ്ടോരു നേരത്തു കാർമുകിൽവർണ്ണനെ
മണ്ടിയണഞ്ഞൊന്നു പൂണ്ടുതാവൂ!

(കൃഷ്ണഗാഥ)

ഈരേഴുലകിന്നുമീശനതാകിയ
വീരൻ വാരാന്നിധിയുടെ മദ്ധ്യേ

(കാർത്തവീര്യാർജ്ജുനവിജയം)

എന്നീ അധികൃതപ്രയോഗങ്ങൾ നോക്കുക. പൂർവ്വപദം പ ന്തീര് (രു) ആണെങ്കിൽ സന്ധിക്കുമ്പോൾ പന്തീരടി എന്നാണല്ലോ ശരിക്കു വരേണ്ടത്. പന്തിരണ്ടടിയെന്നതിനേക്കാൾ പന്തീരടിയെന്ന പദത്തിന്നു പ്രയോഗസൌകര്യം കൂടും താനും.

മൂടന്ത + തേങ്ങ എന്നല്ല, 'മൂടന്തേങ്ങ'യിലെ പദങ്ങൾ; ഉപയോഗശൂന്യമായത് കൊള്ളരുതാത്തത് എന്ന അർത്ഥത്തിലുള്ള മൂട് എന്ന ധാതുവാണ് പ്രസ്തുതസന്ധിയിൽ പൂർവ്വപദമായിരിക്കുന്നത്. മലമ്പാമ്പ്, കലങ്കൊമ്പ് എന്നിവയിൽ സന്ധിക്കുമ്പോൾ ഉച്ചാരണസുഖത്തിന്നുവേണ്ടി ഇടയിൽ അനുനാസികം വന്നുകൂടിയതുപോലെയാണ് മൂട + തേങ്ങ എന്നതിലും മദ്ധ്യത്തിൽ നകാരം വന്നു മൂടന്തേങ്ങ എന്നായിത്തീർന്നത്. മൂടങ്കാൽ, മൂടമ്പച്ച് മുതലായ മററു ഉദാഹരണങ്ങളും ഊഹിക്കുക. മൂടധാതുവിൻെറ കൃതിക്രദ്രൂപമാണ് മൂടന്ത് എന്നത്. അതിൻെറ തദ്ധിതമത്രേ മൂടന്തൻ.

കററുകാൽ എന്നതിന്റെ ഘടകങ്ങൾ കററ് + കാൽ എന്നാകുന്നു. ലീലാതിലകകാരന്റെ അഭിപ്രായം കന്നിൻ + കാൽ ആണെന്നാണ്. കററ് എന്ന പദത്തിന്റെ നിരുക്തി കൽ + ത് എന്നാണ്. കല്ലുപോലുള്ള ജീവി എന്ന അർത്ഥത്തിലായിരിക്കണം പോത്തു മുതലായവയെ പുരാതനന്മാർ കന്ന് എന്നു വിളിച്ചുപോന്നത്. വർണ്ണസാമ്യം. മഴയും വെയിലും സഹിപ്പാനുള്ള കഴിവ് തുടങ്ങിയ ധർമ്മങ്ങൾ കന്നുകളെ കാണുമ്പോൾ അവരിൽ കല്ലിന്റെ പ്രതീതി ജനിപ്പിച്ചിരിക്കാം. കൽ + ത് എന്നതു സന്ധിയിൽ കൻറ് എന്നാകുന്നു. ചെൻറു, നിൻറു എന്നിവ അനുനാസികാതിപ്രസരംകൊണ്ടു ചെന്നു, നിന്നു എന്നിങ്ങനെ രൂപാന്തരപ്പെട്ടതുപോലെ കൻറ് എന്നത് കന്ന് എന്നായിത്തീർന്നു. കേവലകൃതികൾ പ്രയോജകങ്ങളാകുമ്പോൾ ധാത്വന്തത്തിലുള്ള അനുനാസികം ഖരമായി (ഉം: പൊങ്ങുന്നു. പൊക്കുന്നു) മാറുന്ന നിയമമനുസരിച്ച് കൻറു കററുവാകുന്നതിൽ യാതൊരു യുക്തിഭംഗവുമില്ല. എഴുനിൻറു എന്നത് എഴുനററു (എഴുനീററു, എഴുന്നേററു) എന്നും ഒൻറു, ഇരണ്ടു എന്നിവ ഒററ, ഇരട്ട എന്നും ഖരാദേശത്തോടുകൂടി ധാരാളം പ്രചരിക്കുന്നുണ്ടല്ലോ. ആ നിലയിൽ കൻറു, കററുവായതാകാനാണ് അധികം യുക്തി. കററുവാഴ, കററുവാണിയം തുടങ്ങിയ പദങ്ങളുടെ നിരുക്തിയും ഇങ്ങനെതന്നെ.

ഇരുപത് + അടി എന്നത് എങ്ങനെയാണ് ഇരുപതി (തീ) റാടിയാകുന്നത്? ഇതിന്റെ യുക്തി ദുരധിഗമമായിരിക്കുന്നു. പൂർവ്വപദത്തിന്റെയും ഉത്തരപദത്തിന്റെയും മദ്ധ്യത്തിൽ കാണുന്ന റ കേവലറകാരത്തിന്റെ ഇരട്ടിപ്പല്ല;

അത് വർത്സ്യറകാരം ഇരട്ടിച്ചുണ്ടായതാണ്. പതിനഞ്ച് പതിനാറ് തുടങ്ങിയ പദങ്ങളുടെ ഇടയിൽ കാണുന്ന വർത്സ്യനകാരത്തിന്നും പതിററഞ്ച് പതിറാറ് ഇവയുടെ ഇടയിൽ കാണുന്ന വർത്സ്യറകാരത്തിന്നും തമ്മിൽ വല്ല ബന്ധവുമുണ്ടോ? കേവലകൃതികളിലെ അനുനാസികങ്ങൾ പ്രയോജകകൃതികളിൽ ഖരങ്ങളായി മാറുമെന്നു ഇതിന്നുമുമ്പ് പറഞ്ഞിട്ടുണ്ട്. പതിനഞ്ച്, പതിനാറു മുതലായവ ഒരു വസ്തുസ്ഥിതിയുടെ കേവലാവസ്ഥയാണ്. പതിററഞ്ച്, പതിറാറ് എന്നെല്ലാം പറയുമ്പോൾ അവയിൽ ഒരു പ്രയോജകാംശംകൂടി അടങ്ങീട്ടുണ്ടെന്നു കാണാം. എന്നു വെച്ചാൽ പതിററഞ്ച് എന്നതിന്ന് പത്ത് അഞ്ച് എന്നല്ല പത്തിനെ അഞ്ചുകൊണ്ടു പെരുക്കിയാൽ കിട്ടുന്നത് എന്നാണ് അർത്ഥം അപ്പോൾ അതിൽ ഒരു പരപ്രേരണ കൂടി അടങ്ങുന്നു. ഈ നയത്തിന്റെ അതിപ്രസരമാണോ പതിററടി, ഇരുപതററടി എന്ന പദങ്ങളിലെല്ലാം കാണുന്നത്? അങ്ങിനെയാണെങ്കിൽ ആ അതിപ്രസരത്തിന്നു പിന്നിൽ അനവധാനതയല്ലാതെ യാതൊരു തത്വമല്ല. പതിററടിയിലും ഇരുപതിററടിയിലും വസ്തുസ്ഥിതിയുടെ കേവലതയല്ലാതെ പ്രയോജകാംശം അശേഷം അടങ്ങീട്ടില്ലല്ലോ. അതിനാൽ ഈ സന്ധിയുടെ പ്രക്രിയ ഇനിയും അന്വേഷിച്ചറിയേണ്ടതായിട്ടാണിരിക്കുന്നത്.

# ബാലസാഹിത്യം

| | | | |
|---|---|---|---|
| ഇവാനും സ്വർണ്ണക്കുഞ്ചിരോമക്കുതിരയും | —കെ. എസ്. വേണുഗോപാൽ | 0 | 75 |
| ഒരു കൊമ്പൻമീശയും രണ്ടു ചോരക്കണ്ണുകളും | —മിസിസ് പാവുണ്ണി, തൈക്കാട് | 0 | 75 |
| കഥാമാല | —കുഞ്ഞിരാമൻനായർ | 0 | 60 |
| ഗുരുവും ശിഷ്യന്മാരും | – കെ. കേശവൻനായർ | 1 | 25 |
| ബാലസാഹിത്യം ഒന്നാം ഭാഗം | „ | 0 | 60 |
| രണ്ടാം ഭാഗം | „ | 0 | 60 |
| മൂന്നാം ഭാഗം | „ | 0 | 60 |
| അലാഡിനും അത്ഭുതവിളക്കും | „ | 0 | 60 |
| അംഗുഷ്ഠബാലൻ | „ | 0 | 60 |
| ഇബ്രാഹിമും ജമീലയും | „ | 0 | 60 |
| ഗോപാലനും പശുപാലനും | „ | 0 | 60 |
| സിൻഡറില | „ | 0 | 60 |
| നിദ്രയിലാണ്ട സുന്ദരി | „ | 0 | 60 |
| വിറകുവെട്ടിയുടെ മകൾ | „ | 0 | 60 |
| വെളുത്ത പൂച്ച | „ | 0 | 60 |
| രാക്ഷസനെ കൊന്ന ജാക്ക് | „ | 0 | 60 |
| ഫോർച്ച്യുനാട്ടസ് | „ | 0 | 60 |
| നീലപ്പക്ഷി | „ | 0 | 60 |
| കാക്കത്തമ്പുരാട്ടി | „ | 0 | 60 |
| കുട്ടികളുടെ ക്രൂസ്സോ | —സി. എം. രാജൻ | 1 | 00 |

**കെ. ആർ. ബ്രദേഴ്സ്,**

**PHONE:** Office 2634. Residence 4806. **കോഴിക്കോട്.**

**(Agents to Kerala Govt. Publications)**

251

# രാഷ്ട്രവും ഗവേഷണവും

R BROS

ഉള്ളാട്ടിൽ
ഗോവിന്ദൻകുട്ടിനായർ

K VASU